പുതിയ പതിപ്പ്

തുഹ്ഫത്തുൽ മുജാഹിദീൻ

ശൈഖ് സൈനുദ്ദീൻ മഖ്ദൂം

പരിഭാഷയും വിശദീകരണവും

സി. ഹംസ

ഉള്ളടക്കം

പ്രസാധകക്കുറിപ്പ് 7

അവതാരിക 9

ഗ്രന്ഥകർത്താവിനെപ്പറ്റി 18

പരിഭാഷകക്കുറിപ്പ് 27

മുഖവുര 33

ഭാഗം ഒന്ന്

ജിഹാദിനുള്ള പ്രചോദനങ്ങളും
അതിനെ സംബന്ധിച്ച നിർദ്ദേശങ്ങളും 41

ഭാഗം രണ്ട്

മലബാറിലെ ഇസ്ലാംമത പ്രചരണാരംഭ ചരിത്രം 56

ഭാഗം മൂന്ന്

മലബാറിലെ ഹിന്ദുക്കളുടെ ചില വിചിത്രസമ്പ്രദായങ്ങൾ 63

ഭാഗം നാല്

പോർച്ചുഗീസുകാരുടെ മലബാറിലേയ്ക്കുള്ള വരവും
തുടർന്നുള്ള ദുഷ്ട ചെയ്തികളും 72

അദ്ധ്യായം ഒന്ന്

പോർച്ചുഗീസുകാരുടെ മലബാർ പ്രവേശനം;
മുസ്ലിംകളോടും സാമൂതിരിയോടും അവർക്കുണ്ടായ
എതിർപ്പ്; കൊച്ചി, കണ്ണൂർ, കൊല്ലം എന്നിവിടങ്ങളിൽ
കോട്ട കെട്ടിയതും ഗോവാ തുറമുഖം പിടിച്ചതും 72

അദ്ധ്യായം രണ്ട്

പോർച്ചുഗീസുകാർ മലബാറിൽ ചെയ്ത അക്രമങ്ങൾ 80

അദ്ധ്യായം മൂന്ന്

സാമൂതിരി - പോർച്ചുഗീസ് സന്ധിയും
കോഴിക്കോട് പോർച്ചുഗീസ് കോട്ട നിർമ്മാണവും 83

അദ്ധ്യായം നാല്

സാമൂതിരി-പോർച്ചുഗീസ് മത്സരവും
കോഴിക്കോട് കോട്ട പിടിച്ചതും 87

അദ്ധ്യായം അഞ്ച്

രണ്ടാം സാമൂതിരി - പോർച്ചുഗീസ് സന്ധിയും
ചാലിയം പോർച്ചുഗീസ് കോട്ട നിർമ്മാണവും 92

അദ്ധ്യായം ആറ്

മൂന്നാം സാമൂതിരി - പോർച്ചുഗീസ് സന്ധി 95

അദ്ധ്യായം ഏഴ്

ബഹാദൂർശാ പോർച്ചുഗീസുകാരുമായി സന്ധി
ചെയ്തതും ചില തുറമുഖങ്ങൾ അവർക്ക് നൽകിയതും 96

അദ്ധ്യായം എട്ട്

സുലൈമാൻപാശ ഡ്യൂവിലും അയൽദേശങ്ങളിലും
നടത്തിയ സന്ദർശനം 99

അദ്ധ്യായം ഒൻപത്

നാലാം സാമൂതിരി - പോർച്ചുഗീസ് സന്ധി 101

അദ്ധ്യായം പത്ത്

വീണ്ടും സാമൂതിരി-പോർച്ചുഗീസ് ഭിന്നത 102

അദ്ധ്യായം പതിനൊന്ന്

അഞ്ചാം സാമൂതിരി - പോർച്ചുഗീസ് സന്ധി 105

അദ്ധ്യായം പന്ത്രണ്ട്

സാമൂതിരി - പോർച്ചുഗീസ് മത്സര കാരണവും
പോർച്ചുഗീസുകാരെ ആക്രമിക്കാൻ
കപ്പലുകൾ പുറപ്പെട്ടതും 110

അദ്ധ്യായം പതിമൂന്ന്

ചാലിയം കോട്ട ജയിച്ചടക്കുന്നതിൽ കലാശിച്ച യുദ്ധം 116

അദ്ധ്യായം പതിനാല്

ചാലിയം കോട്ട നഷ്ടപ്പെട്ടതിനുശേഷം
പോർച്ചുഗീസുകാരുടെ സ്ഥിതി 119

കുറിപ്പുകൾ 125

അനുബന്ധം -1

കേരള വർത്തമാനം - ഒരു വാമൊഴി ചരിത്ര രേഖ 163

അധിക വായനയ്ക്ക് 174

പ്രസാധകക്കുറിപ്പ്

കേരളചരിത്രത്തെ സംബന്ധിച്ച് ആദ്യമായി രചിക്കപ്പെട്ട ഗ്രന്ഥമാണ് 'തുഹ്ഫത്തുൽ മുജാഹിദീൻ'. ചരിത്ര ഗ്രന്ഥം എന്നതിനോടൊപ്പം കേരളത്തിന്റെ ഏറ്റവും ധീരവും സാഹസികവും ദേശാഭിമാനപരവുമായ ഒരു ചരിത്രഘട്ടത്തെ ഉള്ളടക്കമാക്കിക്കൊണ്ടുള്ളത് എന്ന സവിശേഷത കൂടി ഇതിനുണ്ട്. പോർച്ചുഗീസ് സാമ്രാജ്യാധിനിവേശത്തെ മുസ്ലിംകൾ സാമൂതിരിയുടെ പിൻബലത്തോടെയും ചിലപ്പോൾ പിൻബലമില്ലാതെയും എതിർത്ത ഘട്ടത്തിൽ അതിനു പിന്നിൽ പ്രത്യയശാസ്ത്രപരവും പ്രചോദനപരവുമായ പങ്ക് നിർവഹിച്ച ഒരു സമരസാഹിത്യ കൃതിയായി തുഹ്ഫ വിലയിരുത്തപ്പെടുന്നു. കൂടാതെ ഇസ്ലാം മതവും അതിനുമുമ്പ് ജൂത-ക്രൈസ്തവ മതങ്ങളും കേരളത്തിൽ വന്നതും പ്രചരിച്ചതുമായ ചരിത്രവും അക്കാലത്ത് ഇവിടെ നിലനിന്നിരുന്ന സാമൂഹികാവസ്ഥയും ഇതുൾക്കൊള്ളുന്നു. ഇക്കാരണങ്ങളാൽ എല്ലാ കാലത്തും സമൂഹത്തിൽ നിലനിൽക്കേണ്ടതായ ജീവസ്സുറ്റ ഒരടിസ്ഥാന ഗ്രന്ഥമാണ് തുഹ്ഫ. എന്നത്തെയും തലമുറകൾക്ക് ഇതിൽ നിന്ന് അറിവും പ്രചോദനവും ലഭിക്കാനുണ്ട്.

ഇങ്ങനെയെല്ലാമാണെങ്കിലും ഈ ചിരന്തനകൃതിക്ക് പൂർണവും നേരേയുള്ളതുമായ ഒരു പരിഭാഷയോ, അറബിവായനക്കാർക്കും വിദ്യാർത്ഥികൾക്കും ചരിത്ര ഗവേഷകർക്കും പ്രയോജനപ്പെടുത്താൻ കഴിയുംവിധത്തിൽ മൂലഗ്രന്ഥത്തിന്റെ പരിഷ്കൃതവും മുദ്രിതവുമായ

കോപ്പിയോ പ്രസിദ്ധീകൃതമായിട്ടുണ്ടായിരുന്നില്ല അടുത്തകാലഘട്ടം വരെ. ഈയൊരു കുറവ് നികത്തുകയാണ് ജ. സി.ഹംസ സാഹിബ് മതിയായ വിശദീകരണക്കുറിപ്പുകൾ സഹിതം ഭംഗിയായി നിർവഹിച്ചുതന്ന പ്രസ്തുത ഗ്രന്ഥത്തിന്റെ മലയാള പരിഭാഷ 11. 03. 1995നും തുടർന്ന് അദ്ദേഹം തന്നെ എഡിറ്റ് ചെയ്ത് അറബിയിൽ കുറിപ്പുകൾ നൽകിയ അറബിമൂലം 30. 10. 1996നും ആദ്യമായി പ്രസിദ്ധപ്പെടുത്തുകമൂലം അൽഹുദ ചെയ്തത്. ഈ രണ്ടു മഹൽസംരംഭങ്ങൾക്കും പ്രോത്സാഹജനകമായ പ്രതികരണമാണ് കേരളീയ വായനക്കാരിൽ നിന്ന് ലഭിച്ചുകൊണ്ടിരുന്നത്.

മലയാള പരിഭാഷ കേരളത്തിലെ ചരിത്രപണ്ഡിതമൂർദ്ധന്യരുടെയും വായനാസമൂഹത്തിന്റെയും അനൽപമായ പ്രശംസക്ക് പാത്രീഭവിക്കുകയുണ്ടായി. പലരും താന്താങ്ങളുടെ പ്രസിദ്ധീകരണങ്ങളിൽ അതിന് റിവ്യൂ എഴുതി. ചില സോഷ്യൽ ആക്ടീവിസ്റ്റുകളൊക്കെ തങ്ങളുടെ നവകൊളോണിയൽ വിരുദ്ധ പോരാട്ടത്തിന് ആയുധമാക്കാനുള്ള തുഹ്ഫയുടെ യോഗ്യത കണ്ടറിഞ്ഞ് അതിനെ കേന്ദ്രീകരിച്ച് സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുകവരെ ചെയ്തുകൊണ്ടിരിക്കുന്നു. ഇതെല്ലാം പ്രദാനം ചെയ്യുന്ന ചാരിതാർത്ഥ്യമുൾക്കൊണ്ടുകൊണ്ടാണ് തുഹ്ഫ പരിഭാഷയുടെ ഈ അഞ്ചാംപതിപ്പ് ഞങ്ങൾ പ്രസിദ്ധപ്പെടുത്തുന്നത്.

പരിഭാഷകനോടും മുൻപതിപ്പുകൾ കൈനീട്ടി സ്വീകരിച്ച കേരളീയ വായനക്കാരോടും മൂലഗ്രന്ഥം തേടിക്കണ്ടെത്തിത്തന്ന പരേതനായ കെ.കെ. മുഹമ്മദ് അബ്ദുൽകരീം സാഹിബ്, ഒന്നാം പതിപ്പിന്റെ അവതാരികകാരനായ മുൻകാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസ്ലർ ശ്രീ. കെ.കെ.എൻ. കുറുപ്പ് എന്നിവരോടുമുള്ള അകൈതവമായ കൃതജ്ഞത ഇവിടെ ആവർത്തിച്ചു രേഖപ്പെടുത്തട്ടെ.

പ്രസാധകർ

കോഴിക്കോട്

03. 01. 2012

അവതാരിക

കേരളീയരായ ചരിത്രഗവേഷകർക്കും വിദ്യാർത്ഥികൾക്കുമിടയിൽ മാത്രമല്ല, പോർച്ചുഗീസ് കോളനിവൽക്കരണത്തിന്റെ പഠനരംഗങ്ങളിൽ വ്യാപരിക്കുന്ന ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള പണ്ഡിതന്മാർക്കിടയിലും ശ്രദ്ധേയമായിട്ടുള്ള ഒരു അറബി ചരിത്രഗ്രന്ഥമാണ് ശൈഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമന്റെ തുഹ്ഫത്തുൽ മുജാഹിദീൻ. കേരളക്കരയിൽ ആധിപത്യം സ്ഥാപിക്കുവാൻ പരിശ്രമിച്ച പോർച്ചുഗീസുകാർക്കെതിരായി ഒരു നൂറ്റാണ്ടുകാലം ഇവിടെ നടന്ന ചെറുത്തുനിൽപ്പിന്റെയും അതിനു നേതൃത്വം വഹിച്ച മുസ്‌ലിം സമൂഹത്തിന്റെയും ചരിത്രപരമായ വിവരണമാണ് ഈ പ്രാമാണിക ഗ്രന്ഥം. തനിക്കു നേരിട്ടനുഭവപ്പെട്ടതും വിശ്വാസയോഗ്യമായ മാർഗത്തിലൂടെ ലഭിച്ചതും ആയ വസ്തുതകളാണ് ഈ ഗ്രന്ഥത്തിൽ അദ്ദേഹം പ്രതിപാദിച്ചിട്ടുള്ളത്.

കേരളത്തിന്റെ മധ്യകാലീന നാവിക പാരമ്പര്യത്തിന്റെയും ആ പാരമ്പര്യം കെട്ടിപ്പടുത്ത കുഞ്ഞാലി മരയ്ക്കാന്മാരുടെയും ചരിത്രം, അതായതു 1498 മുതൽ 1583 വരെ ഇവിട നടന്ന പോർച്ചുഗീസ് ആക്രമണങ്ങളുടെയും അവയ്ക്കെതിരായുള്ള പ്രത്യാക്രമണങ്ങളുടെയും ചരിത്രം പ്രതിപാദിക്കുന്ന അപൂർവ്വമായ ഒരു ഗ്രന്ഥമെന്ന നിലയിൽ ഇതിന്റെ പ്രാധാന്യം പണ്ഡിതന്മാർ അംഗീകരിച്ചതാണ്. അതുകൊണ്ടു തന്നെയാണ് ഈ ഗ്രന്ഥത്തിന്റെ പ്രാധാന്യം മുഹമ്മദ് ഖാസിം ഫിരിശ്ത്ത തന്റെ ചരിത്രത്തിന്റെ രണ്ടാം ഭാഗത്തു

(See History of the Rise of Mohamedan Power in India till the year 1612) എഴുതിച്ചേർത്തതും അതു ആണ്ടേർസൻ തന്റെ കുറിപ്പുകളോടെ ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തതും. ഗ്രന്ഥത്തിലെ മലബാർ ആക്രമണങ്ങളുടെ വിവരണമുൾക്കൊള്ളുന്ന നാലാം ഭാഗം ഡിലോപ്പ് പോർച്ചുഗീസ് ഭാഷയിലേക്ക് വിവർത്തണം ചെയ്തിരുന്നു. ഗ്രന്ഥം പൂർണ രൂപത്തിൽ ഇംഗ്ലീഷിലേക്കു മദ്രാസ് ഗവൺമെന്റിൽ പരിഭാഷകനായിരുന്ന ലഫ്. എം.ജെ. റൗലണ്ട്സൻ 1833ൽ വിവർത്തനം ചെയ്യുകയുണ്ടായി. അദ്ദേഹത്തിനു പുറമേ അമർസൺ, ജയിംസ് ബ്രിഗ്ഗ്സ്, റോക്സ് തുടങ്ങിയവരും ഈ ഗ്രന്ഥം ഇംഗ്ലീഷിലേക്കു വിവർത്തനം ചെയ്തു. മദ്രാസ് സർവ്വകലാശാലയിൽ നിന്നും 1942ൽ എസ്. മുഹമ്മദ് ഹുസൈൻ നയ്നാർ വേണ്ടത്ര അടിക്കുറിപ്പുകളോടെ മറ്റൊരു ഇംഗ്ലീഷ് വിവർത്തനവും പുറത്തുകൊണ്ടുവന്നു. ഹക്കീം ഷംസുള്ളാ ഖാദിരി ഹൈദരാബാദിൽ നിന്നും 1931ൽ ഈ അറബിക് ഗ്രന്ഥം പ്രസിദ്ധീകരിച്ചിരുന്നു. അദ്ദേഹം തന്നെ ചില ഭാഗങ്ങൾ ഉർദുവിലും പ്രസിദ്ധീകരിക്കുകയുണ്ടായി. അതിനു മുമ്പ് ലിസ്ബണിലും അറബി ഭാഷയിൽ തന്നെ ഈ ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടിരുന്നു.

ലാറ്റിൻ, ഫ്രഞ്ച്, സ്പാനിഷ്, ചെക്ക് തുടങ്ങിയ ഭാഷകളിലും കർണ്ണാടകം, തമിഴ് തുടങ്ങിയ ഇന്ത്യൻ ഭാഷകളിലും ഈ ഗ്രന്ഥത്തിന്റെ വിവർത്തനം വന്നിരുന്നു. മലയാളത്തിലേക്കു ഇതിന്റെ വിവർത്തനം മുമ്പേ തന്നെ വേലായുധൻ പണിക്കശ്ശേരി(കേരളം പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ, കോട്ടയം 1963) ചെയ്യുകയുണ്ടായി. മറ്റൊരു വിവർത്തനം ശ്രീ. കെ. മൂസ്സാൻ കുട്ടി മൗലവി(തിരൂരങ്ങാടി) ആദ്യം അറബി മലയാളത്തിലും(1936ൽ) പിന്നീട് മലയാള ലിപിയിലും പ്രസിദ്ധം ചെയ്തതാണ്.

ഇതെല്ലാം തന്നെ ഒരു ചരിത്രഗ്രന്ഥമെന്ന നിലയിൽ തുഹ്ഫത്തുൽ മുജാഹിദീന്റെ പ്രശസ്തി വ്യക്തമാക്കുന്നു. ഈ ഗ്രന്ഥം കേരളത്തിൽ അതെഴുതപ്പെട്ടതു മുതൽ കയ്യെഴുത്തു പ്രതികളായി ഇസ്ലാമിക പഠന കേന്ദ്രങ്ങളിൽ പ്രചരിപ്പിക്കപ്പെട്ടിരുന്നു. ഗ്രന്ഥകർത്താവായ ശൈഖ് സൈനുദ്ദീൻ മഖ്ദൂം മഅ്ബരിയെപ്പറ്റി ജീവചരിത്രപരമായ അറിവു വളരെയൊന്നും നമുക്ക് ലഭിക്കുന്നില്ല.

പൊന്നാനിയിലെ മഖ്ദൂം കുടുംബവും അവർ വളർത്തിയെടുത്ത ഇസ്‌ലാമിക വിജ്ഞാന പാരമ്പര്യവും ആയിരുന്നു പണ്ഡിതനും ദാർശനികനും ചരിത്രകാരനുമായ സൈനുദ്ദീന്റെ പൈതൃകം. അദ്ദേഹത്തിന്റെ പിതാമഹനായ സൈനുദ്ദീൻ മഖ്ദൂം ഒന്നാമൻ കേരള മുസ്‌ലിം സമൂഹത്തിന്റെ രാഷ്ട്രീയവും വൈജ്ഞാനികവുമായ പൈതൃകത്തെ വളർത്തിയെടുത്ത മറ്റൊരു വ്യക്തിയായിരുന്നു. അദ്ദേഹത്തിന്റെ ജീവിത കാലത്തായിരുന്നു പോർച്ചുഗീസുകാർ കേരളക്കരയിലെത്തിയത്. ഈ വിദേശികൾക്കെതിരായി ഒരു 'ജിഹാദ്' നടത്തേണ്ട ആവശ്യകത ചൂണ്ടിക്കാണിച്ചുകൊണ്ടു അദ്ദേഹം രചിച്ച 'തഹ്‌റീസു അഹ്‌ലിൽ ഈമാനി അലാ ജിഹാദി അബദത്തിസ്സുൽബാനി' എന്ന അറബി വിപ്ലവ കാവ്യം പ്രത്യേകം സ്മരണീയമാണ്. ചരിത്രകാരനായ സൈനുദ്ദീൻ രണ്ടാമന്റെ അമ്മ മയ്യഴിക്കു സമീപമുള്ള ചോമ്പായി(ചോമ്പാല)ക്കാരിയായിരുന്നു. ഇവിടുത്തെ കുഞ്ഞിപ്പള്ളിയിലാണ് അമ്മയുടേയും മകന്റെയും ഖബറുകൾ എന്നു വിശ്വസിക്കപ്പെടുന്നു.

ബീജാപ്പൂർ സുൽത്താനായ അലി ആദിൽശായും(ഭരണകാലം 1557 മുതൽ 1580 വരെ) സൈനുദ്ദീനും തമ്മിൽ വലിയ സൗഹാർദ്ദം നിലനിന്നിരുന്നു. പോർച്ചുഗീസുകാർക്കെതിരായി ഇന്ത്യാ സമുദ്രത്തിൽ ഒരു ശാക്തികച്ചേരി കെട്ടിപ്പടുക്കാനാവശ്യമായ കത്തിടപാടുകൾ മറ്റു മുസ്‌ലിം ഭരണാധികാരികളുമായി നടത്തുവാൻ കോഴിക്കോടിന്റെ ഭരണാധികാരിയായ സാമൂതിരിയെ സഹായിച്ചതു സൈനുദ്ദീൻ ആണെന്നു വിശ്വസിച്ചുവരുന്നു. തന്റെ ചരിത്രഗ്രന്ഥം അദ്ദേഹം സമർപ്പണം ചെയ്തിട്ടുള്ളതു ബീജാപ്പൂർ സുൽത്താന്റെ പേരിലായിരുന്നു. മുഖവുരയിൽ അദ്ദേഹം എഴുതി: "ഭരണാധികാരികളിൽ അതിവിശിഷ്ടനും രാജാക്കന്മാരിൽ അത്യാദരണീയനും സത്യനിഷേധികളോടുള്ള യുദ്ധം ആനന്ദമായെടുക്കുന്നവനും യുദ്ധം ചെയ്ത് അല്ലാഹുവിന്റെ വചനത്തെ ഉയർത്തിക്കാണിക്കുന്നത് അലങ്കാരമായി ഗണിക്കുന്നവനുമായ സുൽത്താൻ അലി ആദിൽശായ്ക്ക് ഒരു തിരുമുൽക്കാഴ്ചയായിട്ടാണ് ഞാൻ ഈ പുസ്തകം സമർപ്പിക്കുന്നത്."

പോർച്ചുഗീസുകാർക്കെതിരായ ചെറുത്തുനിൽപ്പിനും പ്രതിരോ

ധത്തിനും ആത്മീയവും മതപരവുമായ ഒരു പരിവേഷം കൂടി കൊടുക്കുകയെന്ന ലക്ഷ്യം വെച്ചെഴുതിയ ഈ ഗ്രന്ഥത്തിൽ നാലു ഭാഗങ്ങളാണുള്ളത്. കേരളത്തിന്റെ ചരിത്രം സംബന്ധിച്ചും ഇസ്‌ലാമിക രാഷ്ട്രീയ ദാർശനിക പാരമ്പര്യം സംബന്ധിച്ചും ഈ നാലുഭാഗങ്ങൾക്കും തുല്യ പ്രാധാന്യം കാണാവുന്നതാണ്. ഗ്രന്ഥകർത്താവിന്റെ ആമുഖമായ ആദ്യത്തെ അധ്യായത്തിൽ പോർച്ചുഗീസുകാർക്കെതിരായി മുസ്‌ലിംകളെ സമര സന്നദ്ധരാക്കേണ്ടിയിരിക്കുന്നതിന്റെ കാരണം വിവരിക്കുന്നു. ഒന്നാം ഭാഗത്ത് ജിഹാദിനുള്ള പ്രചോദനങ്ങളും അതിനെ സംബന്ധിച്ച നിർദ്ദേശങ്ങളും നൽകിയിരിക്കുന്നു.

ഭാഗം രണ്ടിൽ മലബാറിലെ ഇസ്‌ലാം മത പ്രചാരണാരംഭ ചരിത്രം സംക്ഷിപ്തമായി പ്രതിപാദിക്കുന്നു. ഭാഗം മൂന്നു കേരളക്കരയിലെ അഥവാ മലബാറിലെ ഹിന്ദുക്കളുടെ വിചിത്ര സമ്പ്രദായങ്ങൾ വിവരിക്കുന്നു. കേരള ചരിത്രത്തെ സംബന്ധിച്ചു ഏറ്റവും പ്രാധാന്യം അർഹിക്കുന്ന ഭാഗമാണിത്. ഇവിടുത്തെ ജാതി വ്യവസ്ഥയും ഭരണ സമ്പ്രദായവും ദായക്രമവും ആചാരാനുഷ്ഠാനങ്ങളും വിവരിക്കുന്ന ഈ ഭാഗം പിന്നീട് കേരളത്തെപ്പറ്റി എഴുതപ്പെട്ട ചരിത്രപഠനങ്ങളിൽ ധാരാളം ഉപയോഗിക്കപ്പെട്ട വസ്തുതകളുൾക്കൊള്ളുന്നു. ഒരു പ്രാദേശിക ചരിത്രകാരന്റെ ചരിത്ര നിരീക്ഷണങ്ങളെന്ന നിലയിൽ അവ പ്രത്യേകം ശ്രദ്ധേയങ്ങളാണ്.

ഗ്രന്ഥത്തിന്റെ നാലാം ഭാഗം പോർച്ചുഗീസുകാരുടെ മലബാറിലേക്കുള്ള വരവും തുടർന്നുള്ള ദുഷ്ട ചെയ്തികളും അടിസ്ഥാനമാക്കിയുള്ളതാണ്. ഈ ഭാഗം പതിനാല് അധ്യായങ്ങളിലായി വിഭജിച്ചിരിക്കുന്നു. അവ പോർച്ചുഗീസുകാരുടെ മലബാർ പ്രവേശനം തൊട്ട് ഇവിടെ നടന്ന ആക്രമണങ്ങളുടേയും പ്രത്യാക്രമണങ്ങളുടേയും ചരിത്രം അവതരിപ്പിച്ചിരിക്കുന്നു. ഈ ചരിത്രാനുഭവങ്ങളുടെ വിവരണം ചാലിയം കോട്ട സാമൂതിരിയും മുസ്‌ലിംകളും പിടിച്ചടക്കിയതോടു കൂടി അവസാനിപ്പിച്ചിരിക്കുന്നുവെങ്കിലും ഉപസംഹാരമെന്ന നിലയിൽ ചാലിയം കോട്ട നഷ്ടപ്പെട്ടതിനു ശേഷമുള്ള പോർച്ചുഗീസുകാരുടെ സ്ഥിതി കൂടി വിവരിക്കുന്നു. സാമൂതിരിയും പോർച്ചുഗീസുകാരും നടപ്പിലാക്കിയ പുതിയ കരാറി

നേയും 1580ൽ പോർച്ചുഗലും സ്പെയിനും സംയോജിപ്പിക്കപ്പെട്ട ശേഷം ഇന്ത്യയിലേക്കു നിയോഗിക്കപ്പെട്ട പുതിയ വൈസ്രോയിയുടെ ആഗമനത്തേയും സൂചിപ്പിച്ചുകൊണ്ടു ഗ്രന്ഥം അവസാനിപ്പിച്ചിരിക്കുന്നു. ഒരുപക്ഷേ, പിന്നീടുള്ള സംഭവങ്ങൾ വിവരിക്കുവാൻ ഗ്രന്ഥകർത്താവു ജീവിച്ചിരുന്നില്ലെന്നു കരുതേണ്ടിയിരിക്കുന്നു.

അക്കാലത്തെ ആസ്ഥാന ചരിത്രകാരന്മാരുടെ രചനാരീതി പിന്തുടർന്നു കൊണ്ട് പ്രധാന സംഭവങ്ങൾ നടന്ന വർഷങ്ങളെ പ്രത്യേകം എടുത്തുകാണിച്ചു കൊണ്ടു ആ സംഭവങ്ങളെ വിവരിക്കുന്ന രചനാരീതിയാണ് സൈനുദ്ദീൻ ഈ ഗ്രന്ഥത്തിൽ പിന്തുടർന്നിട്ടുള്ളത്. ഒരു സമൂഹത്തിന്റെ ചരിത്രബോധത്തെയും ചരിത്ര പാരമ്പര്യത്തെയും അതിന്റെ തനതായ രൂപത്തിൽ രേഖപ്പെടുത്തുവാൻ അദ്ദേഹം പ്രയത്നിച്ചു. ആ പ്രയത്നമാകട്ടെ കേരളത്തിന്റെ 'തുസിഡൈഡ്സ്' എന്നു വിളിക്കപ്പെടുന്നതിനു അദ്ദേഹത്തെ എല്ലാ വിധത്തിലും അർഹനാക്കുന്നു. താൻ കൂടി ഉൾപ്പെട്ട ഇസ്ലാമിക സമൂഹം ഏതു സാമൂഹിക രാഷ്ട്രീയ പരിതസ്ഥിതിയിലാണ് ജീവിക്കുന്നതെന്നു വസ്തുനിഷ്ഠമായി പ്രതിപാദിക്കുന്ന ശാസ്ത്രീയമായ ചരിത്ര രചനയുടെ ഒരന്തർമുഖം അദ്ദേഹത്തിനു ലഭിച്ചിരുന്നു.

പോർച്ചുഗീസുകാർക്കെതിരായ ചെറുത്തുനിൽപ്പിന്റെ പ്രധാന നായകത്വം വഹിച്ച കുഞ്ഞാലി മരയ്ക്കാന്മാർ നടത്തിയ നാവിക യുദ്ധങ്ങളുടെ സംക്ഷിപ്തമായ പ്രതിപാദനം ഈ ഗ്രന്ഥത്തിന്റെ പ്രത്യേകതയാണ്. പ്രത്യേകിച്ചും കൊച്ചിയിൽ നിന്നും ആ കുടുംബം 1524ൽ കോഴിക്കോട്ടേഴ്ക്കു തങ്ങളുടെ വാസസ്ഥാനം മാറ്റിയതു മുതൽക്കുള്ള വസ്തുതകൾ ഈ ഗ്രന്ഥത്തിൽ വിവരിക്കുന്നു. അലി ഇബ്രാഹീം മരയ്ക്കാർ, മരുമകൻ കുട്ടി ഇബ്രാഹീം മരയ്ക്കാർ തുടങ്ങിയവർ ഗുജറാത്തിലേക്കു നടത്തിയ 1530-31 ലെ നാവിക വാണിജ്യ യാത്രയും പോർച്ചുഗീസുകാരിൽ നിന്നു അവർക്കുണ്ടായ നാശനഷ്ടവും 1533 ൽ അവർക്കെതിരായി കുഞ്ഞാലി മരയ്ക്കാരും സഹോദരൻ അഹമ്മദ് അലി മരയ്ക്കാരും മറ്റൊരു സൈനിക നീക്കത്തിനു നടത്തിയ ശ്രമവും 1537-38ൽ അലി ഇബ്രാഹീം മരയ്ക്കാരും

അഹമ്മദ് മരയ്ക്കാരും സഹോദരൻ കുഞ്ഞാലി മരയ്ക്കാരും മറ്റും കൂടി നടത്തിയ മറ്റൊരു ചെറുത്തുനിൽപ്പും സിലോണിൽ വെച്ചു ചതിയിൽ അലി ഇബ്രാഹീം മരയ്ക്കാർക്കുപറ്റിയ അപമൃത്യവും, 1568ൽ കുട്ടി പോക്കരുടെ നേതൃത്വത്തിൽ ചാലിയത്തിനടുത്തു നടന്ന പ്രത്യാക്രമണവും ആ യുദ്ധത്തിൽ അവർ നൂറോളം പോർച്ചുഗീസു പടയാളികളെ തടവുകാരാക്കിയതും 1570ൽ കുട്ടിപ്പോക്കർ മംഗലാപുരത്തിനടുത്തുള്ള പോർച്ചുഗീസുകോട്ടകൾ ആക്രമിച്ചതും ഈ ഗ്രന്ഥത്തിൽ വിവരിക്കപ്പെട്ട സംഭവ പരമ്പരകളാണ്.

ഇന്ത്യാ സമുദ്രത്തിന്റെ സ്വാതന്ത്ര്യം എന്ന വിലയേറിയ സങ്കൽപ്പത്തിന്റെ പേരിൽ ഒരു നൂറ്റാണ്ടുകാലം നടത്തിയ ഈ കടൽയുദ്ധങ്ങളും ചെറുത്തുനിൽപ്പും കാരണം കേരളക്കരയിൽ പോർച്ചുഗീസുകാർക്കു തങ്ങളുടെ ആധിപത്യം സ്ഥാപിക്കുവാൻ കഴിഞ്ഞില്ല. കണ്ണൂർ, കൊച്ചി തുടങ്ങിയ കേന്ദ്രങ്ങളിൽ തങ്ങളുടെ കോട്ടകളും ഫാക്ടറികളും സ്ഥാപിക്കുവാൻ മാത്രമായിരുന്നു അവർക്ക് കഴിഞ്ഞത്. മലയാള ഭാഷയുടെ വളർച്ചയും വികാസവും മറ്റും നടന്നതു ഈ സ്വതന്ത്രമായ രാഷ്ട്രീയ പശ്ചാത്തലത്തിലായിരുന്നു. പോർച്ചുഗീസു ആധിപത്യം മലബാറിൽ ഉറപ്പിക്കപ്പെട്ടിരുന്നുവെങ്കിൽ ഗോവയിൽ കൊങ്കണി ഭാഷയ്ക്കും സംസ്കാരത്തിനും സംഭവിച്ച തകർച്ച ഇവിടെയും സംഭവിക്കുമായിരുന്നു. "അങ്ങനെയായിരുന്നുവെങ്കിൽ ഇങ്ങനെയാകുമായിരുന്നു"വെന്ന ചരിത്രത്തിന്റെ ഗുണപാഠത്തിലേക്കു ഇതൊരു ചൂണ്ടുപലകയാണ്.

സൈനുദ്ദീൻ തന്റെ ഗ്രന്ഥം അവസാനിപ്പിച്ച കാലത്തിനുശേഷവും ഒരു വ്യാഴ വട്ടത്തിലധികം കാലം പോർച്ചുഗീസുകാർക്കെതിരായ അനേകം കടൽ യുദ്ധങ്ങൾ ഇവിടെ നടന്നു. കുഞ്ഞാലി മരയ്ക്കാർ പരമ്പരയിലെ മൂന്നാമനായ പട്ടുമരയ്ക്കാർ തന്റെ ആസ്ഥാനം കടത്തനാട്ടിലെ(വടകര) കോട്ടപ്പുഴയുടെ അഴിമുഖമായ കോട്ടക്കൽ പ്രദേശത്തേക്കു മാറ്റുവാൻ നിർബന്ധിതനായി. സാമൂതിരിയുടെ അനുവാദത്തോടുകൂടെ പോർച്ചുഗീസുകാർ പൊന്നാനിയിൽ 1586ൽ തങ്ങളുടെ കോട്ട കെട്ടിയുറപ്പിച്ച പരിതഃസ്ഥിതിയിലായിരുന്നു മരയ്ക്കാന്മാർ തങ്ങളുടെ ആസ്ഥാനം വടക്കോട്ട് മാറ്റിയത്.

പട്ടു മറയ്ക്കാരുടെ മരുമകനായ മുഹമ്മദ് കുഞ്ഞാലി മരയ്ക്കാർ നാലാമൻ 1595ൽ കോട്ടക്കൽ പ്രദേശത്തെ മരയ്ക്കാർ കോട്ടയുടെ അധിപനായി. സാമൂതിരിയെ 1599ൽ പോർച്ചുഗീസുകാർ സ്വപക്ഷത്തേക്കു കൊണ്ടുവരികയും ഒരു സംയുക്താഭിമുഖ്യത്തിൽ മരയ്ക്കാരുടെ നാവികപ്പടയെ തകർക്കുകയും ചെയ്തു. തന്റെ കോയ്മയായ സാമൂതിരിയുടെ മുമ്പാകെ കീഴടങ്ങിയ കുഞ്ഞാലി മരയ്ക്കാരെ പോർച്ചുഗീസു ക്യാപ്റ്റൻ ആൻഡ്രെ ഫുർതാഡോ തങ്ങൾ ചെയ്ത വാഗ്ദത്തത്തിന്നെതിരായി തട്ടിയെടുക്കുകയും ഗോവയിലേക്കു കൊണ്ടുപോയി 1600 ഏപ്രിൽ മാസത്തിൽ തൂക്കിലിടുകയും ചെയ്തു. വിദേശാധിപത്യത്തിനെതിരായി കേരളത്തിൽ നടന്ന നാവികമായ ചെറുത്തുനിൽപ്പിന്റെ ഒരധ്യായം അങ്ങനെ അവസാനിച്ചു.

കേരളത്തിലെ മുസ്‌ലിം സമുദായം ഈ ചെറുത്തുനിൽപ്പിന്റെ കഥ തങ്ങളുടെ കൂട്ടായ്മയുടെ ഒരു സമൂഹ സ്മൃതിയായി നൂറ്റാണ്ടുകളായി ഇവിടെ നിലനിർത്തി. കോട്ടുപ്പള്ളിമാലയെന്ന നേർച്ചപ്പാട്ടിലൂടെ അനുസ്മരിക്കപ്പെടുന്ന കുഞ്ഞാലി മരയ്ക്കാർ ഈ കുഞ്ഞാലി മരയ്ക്കാന്മാരുടെ ചരിത്രത്തിൽ നിന്നും അടർത്തിയെടുത്ത ഒരു ശഹീദിന്റെ ഓർമ്മയുടെ കഥയാണ്. അതാകട്ടെ ജനസമൂഹത്തിന്റെ ഒരു നേർച്ചയിലൂടെ വർഷം തോറും ഈ ചരിത്രസ്മരണ പുതുക്കുന്നു. തുഹ്ഫത്തുൽ മുജാഹിദീനിൽ ചിത്രീകരിക്കപ്പെട്ട ചെറുത്തുനിൽപ്പിന്റെ കഥ തന്നെ വാമൊഴിയുടെ രൂപത്തിൽ ഒരു കെസ്സായി മുസ്‌ലിം സമൂഹത്തിൽ പ്രചരിപ്പിക്കപ്പെട്ടിരുന്നു. വാമൊഴിയായി പ്രചരിപ്പിക്കപ്പെട്ട ഈ കഥ 1793ൽ കോഴിക്കോടു വലിയ ഖാസിയിൽ നിന്നും ബ്രിട്ടീഷുകാർ ഒരു താളിയോലയിൽ എഴുതിക്കുകയുണ്ടായി. ആ രേഖ കേരള വർത്തമാനം എന്ന പേരിൽ ലണ്ടനിലെ ഇന്ത്യാ ഓഫീസ് ലൈബ്രറി ആന്റ് റിക്കാർഡ്സിൽ സൂക്ഷിച്ചുവെച്ചിരിക്കുന്നു. ലണ്ടനിലെ ഗവേഷണത്തിനിടയിൽ ഈ ലേഖകനു ആ രേഖ പകർത്തിയെടുക്കാൻ കഴിഞ്ഞതു ഒരനുബന്ധരേഖയായി ഈ ഗ്രന്ഥത്തിൽ ചേർത്തിരിക്കുന്നു(ഇതു വിജ്ഞാന കൈരളിയിൽ മുമ്പ് പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. വാള്യം XXV, ലക്കം 9, സപ്തംബർ: 1994). സൈനുദ്ദീന്റെ വിവരണവും തല

മുറകളായി പ്രചരിപ്പിച്ചുവന്ന പോർച്ചുഗീസു ആഗമനം സംബന്ധിച്ച ഈ കെസ്സും പരസ്പരം താരതമ്യപഠനം നടത്തുവാൻ സഹായിക്കുമെന്നതിനാലാണിതു ചെയ്തിട്ടുള്ളതും.

അതുപോലെ മുസ്ലിംകളും നായർ പടയാളികളും കുഞ്ഞാലി മരയ്ക്കാരുടെ നാവികപ്പടയും ഒത്തുചേർന്നു ചാലിയത്തെ പോർച്ചുഗീസു നാവികക്കോട്ട ആക്രമിക്കുകയും അതു കീഴടക്കിയതിനു ശേഷം തട്ടിത്തകർക്കുകയും ചെയ്ത ശ്രദ്ധേയമായ ചരിത്ര സംഭവത്തെ അനുസ്മരിച്ചുകൊണ്ടു പതിനാറാം നൂറ്റാണ്ടിന്റെ അവസാനം ഖാസി മുഹമ്മദ് എന്ന കോഴിക്കോട്ടുകാരനായ ഒരു കവി ഫത്ഹുൽ മുബീൻ എന്ന കാവ്യം അറബിയിൽ രചിക്കുകയുണ്ടായി. അതിന്റെ കയ്യെഴുത്തു പ്രതികളും മലബാറിൽ പ്രചരിപ്പിച്ചിരുന്നു. ഇതെല്ലാം ഒരു സമൂഹത്തിൽ അതിന്റെ പ്രവർത്തനങ്ങളുടെ ചരിത്രസ്മൃതി നിലനിർത്തുവാൻ വേണ്ടിയാണ്.

സൈനുദ്ദീന്റെ ചരിത്രഗ്രന്ഥം ഈ അവസരം മലയാളത്തിലേക്കു വിവർത്തനം ചെയ്തിട്ടുള്ള ഗ്രന്ഥകാരനെ ഇവിടെ പരിചയപ്പെടുത്തേണ്ടതു ഒരാവശ്യമായി തോന്നുന്നു. കേരളത്തിലെ അറബി പണ്ഡിതന്മാർക്കിടയിൽ അറിയപ്പെടുന്ന ഒരു വ്യക്തിത്വമാണ് ശ്രീ. സി. ഹംസ മാസ്റ്റർ. ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഉയർന്ന പടികൾ അദ്ദേഹത്തിനു ചവിട്ടിക്കയറുവാൻ കഴിഞ്ഞിട്ടില്ലെങ്കിലും സ്വപ്രയത്നത്താൽ അറബി, പേർഷ്യൻ, ഉർദു, ഇംഗ്ലീഷ്, ഹിന്ദി, മലയാളം തുടങ്ങിയ ബഹുഭാഷകളിൽ ആവശ്യമായ പാണ്ഡിത്യം നേടുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. കേരളത്തിൽ അറബി കയ്യെഴുത്തു പ്രതിയായി പ്രചരിച്ചുവരുന്ന ഒരു പകർപ്പിൽ നിന്നുമാണ് ഈ ഗ്രന്ഥം അദ്ദേഹം വിവർത്തനം ചെയ്തിട്ടുള്ളത്. ഓജസ്സുറ്റ മലയാള ശൈലിയിൽ ഈ ഗ്രന്ഥം അദ്ദേഹത്തിനു അവതരിപ്പിക്കുവാൻ കഴിഞ്ഞുവെന്നതു അദ്ദേഹത്തിന്റെ പാണ്ഡിത്യം വ്യക്തമാക്കുന്നു. ഇപ്പോൾ മലപ്പുറം ജില്ലയിലെ അരീക്കോട്ടു പ്രവർത്തിക്കുന്ന ഇസ്ലാമിക് ഫൗണ്ടേഷൻ എന്ന സ്ഥാപനത്തിനു കീഴിൽ പ്രസാധന ജോലിയിലും സാമൂഹ്യ പ്രവർത്തനത്തിലുമാണ് അദ്ദേഹം ഏർപ്പെട്ടിട്ടുള്ളത്.

പണ്ഡിതനായ മുർത്തസാ മുത്വഹ്ഹരിയുടെ തൗഹീദിന്റെ

പ്രപഞ്ച വീക്ഷണം, മനുഷ്യനും മതവിശ്വാസവും, മനുഷ്യന്റെ അന ശ്വരതയും പാരത്രിക ജീവിതവും, ഡോ. അലി ശരീഅത്തിയുടെ കർബലയുടെ ചരിത്രവും തത്വശാസ്ത്രവും വിവരിക്കുന്ന രക്ത സാക്ഷ്യം, ഖൊമൈനിയുടെ ഇസ്ലാമിക ഗവൺമെന്റ്, അന്ത്യമൊഴി എന്നീ ഗ്രന്ഥങ്ങളും ഈ ഗ്രന്ഥകാരന്റെ മറ്റു പ്രധാന വിവർത്തന ങ്ങളാണ്. ഖുർആനിലെ ത്വാഹ, അമ്പിയ(പ്രവാചകന്മാർ), നഹ്ൽ(തേനീച്ച) മർയം(മേരി) എന്നീ അധ്യായങ്ങൾ വിവർത്തന രൂപത്തിൽ വ്യാഖ്യാനങ്ങളോടെ പ്രത്യേകം പുസ്തകങ്ങളായും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഇസ്ലാമിന്റെ ദാർശ നികവും ചരിത്രപരവുമായ വിഷയങ്ങളിലുള്ള തന്റെ പാണ്ഡിത്യം ഉപയോഗപ്പെടുത്തിക്കൊണ്ടു മലയാള ഭാഷയിലെ ഇസ്ലാമിക പഠ നങ്ങളെ ശക്തമാക്കുന്ന ഈ ഗ്രന്ഥകാരൻ പ്രത്യേകം പ്രോത്സാഹ നങ്ങളർഹിക്കുന്നു. അദ്ദേഹത്തിന്റെ ഈ പരിശ്രമങ്ങൾ, പ്രത്യേകിച്ചു തുഹ്ഫത്തുൽ മുജാഹിദീൻ ഗ്രന്ഥം ആവശ്യമായ കുറിപ്പുകളോടു കൂടെ മലയാളത്തിൽ പരിചയപ്പെടുത്തുകയെന്ന ഈ സംരംഭം, തികച്ചും പ്രശംസയർഹിക്കുന്നു. അതും പ്രത്യേകിച്ചു ഒരു സമൂഹ ത്തിന്റെ ദേശ സ്നേഹത്തേയും ഈ നാടിനുവേണ്ടി അവർ നട ത്തിയ ആത്മത്യാഗത്തേയും ചോദ്യം ചെയ്യുവാൻ ചിലരെങ്കിലും മുന്നോട്ടുവരുന്ന ഈ ഘട്ടത്തിൽ, ചരിത്രപരമായ ഒരു ദൗത്യത്തിന്റെ പൂർത്തീകരണത്തിലേക്കുള്ള ഒരു കാൽവെപ്പാണിതെന്നു പറയാം. കൂടാതെ പുത്തൻ കോളനി വ്യവസ്ഥയെന്ന തത്വശാസ്ത്രത്തെ ചെറുക്കുവാനുള്ള ഒരു രാഷ്ട്രീയ തത്വശാസ്ത്രം കൂടി ഈ ഗ്രന്ഥം ഉൾക്കൊള്ളുന്നതിനാൽ ഇതിന്റെ വിവർത്തനത്തിനു അതിയായ കാലിക പ്രാധാന്യവുമുണ്ട്.

ഡോ. കെ.കെ.എൻ. കുറുപ്പ്

കോഴിക്കോട് സർവകലാശാല

26. 01 1995

ഗ്രന്ഥകർത്താവിനെപ്പറ്റി

ശൈഖ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമനാണ് തുഹ്ഫത്തുൽ മുജാഹിദീന്റെ കർത്താവ്. ഇദ്ദേഹത്തിന്റെ പിതാമഹനാണ് ഹദീസ് പണ്ഡിതനും ഗ്രന്ഥകാരനും കവിയും സാമ്രാജ്യത്വ വിരോധിയുമായിരുന്ന ശൈഖ് സൈനുദ്ദീൻ മഖ്ദൂം ഒന്നാമൻ. മഖ്ദൂം എന്നത് ഇവരുടെ കുടുംബ നാമമാണ്.

യമനിലെ മഅ്ബറിലാണ് മഖ്ദൂം കുടുംബത്തിന്റെ വേരുകൾ. അവിടെ നിന്നവർ തമിഴ്നാട്ടിലെ കീളക്കര, കായൽപട്ടണം തുടങ്ങിയ പ്രദേശങ്ങളിലെത്തി. മധുര, തഞ്ചാവൂർ, തിരുച്ചിറപ്പള്ളി, നാഗൂർ മുതലായ സ്ഥലങ്ങളിൽ ഇസ്‌ലാം പ്രചരിച്ചതിൽ ഈ കുടുംബത്തിന് വലുതായ പങ്കുണ്ട്.

ഹിജ്റ ഒമ്പതാം ശതകത്തിന്റെ ആരംഭത്തിലാണ് മഖ്ദൂം കുടുംബം പൊന്നാനിയിൽ വന്നു താമസമാക്കിയത്. ശൈഖ് സൈനുദ്ദീൻ ഇബ്രാഹീം ഇബ്നു അഹ്മദാണ് പൊന്നാനിയിൽ വന്ന ആദ്യത്തെ മഖ്ദൂം. ഇദ്ദേഹം സൈനുദ്ദീൻ ഒന്നാമന്റെ പിതൃസഹോദരനാണ്. അറബികളുമായി പൂർവ ബന്ധമുണ്ടായിരുന്ന പൊന്നാനി മഖ്ദൂംകുടുംബത്തിന്റെ മതപരവും വൈജ്ഞാനികവുമായ പ്രവർത്തനങ്ങളെത്തുടർന്നാണ് കേരള മുസ്‌ലിംകളുടെ മക്ക എന്ന അപരനാമം സിദ്ധിക്കാൻ അർഹമായത്. കേരളത്തിലെ മുസ്‌ലിംകളുടെ മത നേതൃത്വം പൊന്നാനിക്കാവുകയും ചെയ്തു. പൊന്നാനിയിലെ ചരിത്രപ്രസിദ്ധമായ വലിയ ജുമുഅത്ത് പള്ളി നിർമിച്ചതും അവിടെ മതാധ്യാപനമാരംഭിച്ചതും ശൈഖ് സൈനുദ്ദീൻ ഒന്നാമനാണ്.

സൈനുദ്ദീൻ ഒന്നാമന്റെ മൂന്നാമത്തെ പുത്രനാണ് പണ്ഡിതനായ

ശൈഖ് മുഹമ്മദ് അൽ ഗസ്സാലി. വടക്കേ മലബാറിലെ 'ഖാളിൽഖു ളാത്തും' മുഫ്ത്തിയുമായിരുന്നു ഇദ്ദേഹം. മാഹിക്കടുത്ത ചോമ്പാ ലിലെ വലിയ ജുമുഅത്ത് പള്ളി നിർമ്മിച്ചതിദ്ദേഹമാണ്. ഈ പള്ളി യിലെ ആദ്യകാല ഖാസിയും ഖത്തീബും ഇദ്ദേഹം തന്നെയായിരു ന്നു. ചോമ്പാലിലെ വലിയകത്ത് തറകെട്ടി തറവാട്ടിൽ നിന്നുള്ള സാധ്വിയും മതഭക്തയുമായ ഒരു വനിതയായിരുന്നു ശൈഖ് ഗസ്സാലിയുടെ ഭാര്യ. ഈ ദമ്പതികളുടെ സീമന്ത പുത്രനായി ശൈഖ് സൈനുദ്ദീൻ രണ്ടാമൻ ഹിജ്റ 938ൽ ചോമ്പാലിൽ ജനിച്ചു. ചിലർ ഇദ്ദേഹം ജനിച്ചത് പൊന്നാനിയിൽ തന്നെയാണെന്നും രേഖപ്പെ ടുത്തിയിട്ടുണ്ട്. കൃത്യമായ തെളിവ് ലഭിക്കാത്തതാണ് ഈ അഭി പ്രായ വ്യത്യാസത്തിനു കാരണം.

മതപരമായ പശ്ചാത്തലത്തിൽ തനിക്കു ലഭിച്ച സംസ്കാരം ഉൾക്കൊണ്ടുകൊണ്ടും വിജ്ഞാനം നുകർന്നുകൊണ്ടും സൈനു ദ്ദീൻ വളർന്നു. മാതാപിതാക്കളിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസം നേടിയ ശേഷം പൊന്നാനി ജുമുഅത്ത് പള്ളിയിലെ ദർസിലാണ് ചരിത്രപുരുഷൻ പഠിക്കാൻ ചേർന്നത്. തന്റെ പിതൃ സഹോദരനും മഹാപണ്ഡിതനുമായ ശൈഖ് അബ്ദുൽ അസീസ് മഖ്ദൂം അവർക ളായിരുന്നു അവിടെയദ്ദേഹത്തിന്റെ പ്രധാന ഗുരു. പൊന്നാനിയിലെ പഠനകാലത്ത് അദ്ദേഹം ഖുർആൻ മുഴുവൻ ഹൃദിസ്ഥമാക്കി 'ഹാഫിസ്' എന്ന ബഹുമതി നേടി. ഒപ്പം മറ്റു വിജ്ഞാനങ്ങളും അഭ്യസിച്ചു.

ശൈഖ് സൈനുദ്ദീന്റെ വിജ്ഞാനതൃഷ്ണ പൊന്നാനിയിലെ മതാധ്യാപന കേന്ദ്രത്തിന് ശമിപ്പിക്കാൻ കഴിയുന്നതിലും എത്രയോ അധികമായിരുന്നു. അദ്ദേഹം ഒരു ചരക്കു കപ്പലിൽ കയറി മക്ക ത്തേക്ക് പോയി. ഹജ്ജ് നിർവ്വഹണവും ഉന്നത പഠനവുമായിരുന്നു ലക്ഷ്യം. ഹജ്ജും മദീനാ സന്ദർശനവും കഴിഞ്ഞ് പത്ത് വർഷം അദ്ദേഹം മക്കയിൽ താമസിച്ചു. അങ്ങനെ ഇസ്ലാമിലെ വിവിധ വിജ്ഞാന കലകളിൽ അവിടത്തെ പണ്ഡിതാഗ്രേസരരിൽ നിന്നും വ്യുൽപത്തി നേടി. ഹദീസ് സാഹിത്യത്തിലുള്ള അഗാധ പാണ്ഡിത്യം മൂലം വിശുദ്ധ ഹറമിലെ പണ്ഡിതന്മാർ അദ്ദേഹത്തെ 'മുഹദ്ദിസ്' എന്നു വിളിച്ചു. ശാഫിഈ കർമശാസ്ത്ര സരണിയിലെ

വിശ്വപ്രസിദ്ധ പണ്ഡിതനും 'തുഹ്ഫ' എന്ന ബൃഹത്തായ നിയമശാസ്ത്ര ഗ്രന്ഥത്തിന്റെ കർത്താവുമായ ഇമാം ശിഹാബുദ്ദീൻ അഹ്മദ് ഇബ്നു ഹജർ അൽ ഹൈത്തമി അൽമക്കി(റ) ഹറമിലെ അദ്ദേഹത്തിന്റെ പ്രമുഖ ഗുരുവായിരുന്നു. കൂടാതെ, ശൈഖുൽ ഇസ്ലാം ഇസ്സുദ്ദീൻ ഇബ്നു അബ്ദുൽ അസീസ് അസ്സുമരി, അല്ലാമാ വജീഹുദ്ദീൻ അബ്ദുർറഹ്മാൻ ഇബ്നു സിയാദ്, ശൈഖുൽ ഇസ്ലാം അബ്ദുർറഹ്മാൻ ഇബ്നുസ്സഫ എന്നിവരും ഹറം ശരീഫിലെ അദ്ദേഹത്തിന്റെ ഗുരുവര്യന്മാരിൽ ഉൾപ്പെടുന്നു.

അബുൽ ഹസൻ അസ്സിദ്ദീഖ് അൽ ബകരിയിൽ നിന്നാണ് ശൈഖ് സൈനുദ്ദീൻ തസവ്വുഫ്(ആധ്യാത്മജ്ഞാനം) സ്വായത്തമാക്കിയത്. ശൈഖ് ബകരി അദ്ദേഹത്തിന് പതിനൊന്ന് 'ഖിർഖ'(ദർവീശിന്റെ സ്ഥാനവസ്ത്രം) നൽകിയത്രെ. അന്നുതൊട്ട് ശൈഖ് സൈനുദ്ദീൻ ഖാദിരിയ്യാ ത്വരീഖത്തിന്റെ ശൈഖാ(ഗുരു)യിത്തീർന്നു.

മക്കയിലെ പഠനം പൂർത്തിയാക്കി പൊന്നാനിയിൽ മടങ്ങിയെത്തിയ ശൈഖ് സൈനുദ്ദീൻ മതത്തെയും വിജ്ഞാനത്തെയും പരിപുഷ്ടിപ്പെടുത്തുന്നതിൽ വ്യാപൃതനായി. മഖ്ദൂം സ്ഥാനത്തിരുന്നു അദ്ദേഹം സമുദായ പരിഷ്ക്കരണത്തിന് യത്നിച്ചു. തന്റെ പിതൃവ്യനും ഗുരുനാഥനും ശൈഖ് സൈനുദ്ദീൻ മഖ്ദൂം ഒന്നാമന്റെ ദ്വിതീയ പുത്രനുമായിരുന്ന ശൈഖ് അബ്ദുൽ അസീസ് മഖ്ദൂമിന്റെ ജീവിത കാലത്തുതന്നെ കഥാപുരുഷൻ പൊന്നാനി ജുമുഅത്ത് പള്ളിയിൽ മുദരിസായിരുന്നു. തുടർന്ന് 36 വർഷം അദ്ദേഹമവിടെ ദർസ് നടത്തി. പണ്ഡിതനും അധ്യാപകനുമെന്നതിനു പുറമേ ഉജ്ജ്വലനായ വാഗ്മി കൂടിയായിരുന്നു ശൈഖ് സൈനുദ്ദീൻ.

വിശ്വപ്രസിദ്ധരായ മുസ്ലിം പണ്ഡിതരുമായി ശൈഖ് സൈനുദ്ദീനുണ്ടായിരുന്ന ദൃഢബന്ധം അദ്ദേഹത്തിന്റെ മാഹാത്മ്യം വിളിച്ചോതുന്നതാണ്. ഈ പണ്ഡിതന്മാരിൽ ഏറ്റവും പ്രമുഖനായ വ്യക്തിയാണ് ഹറമിൽ ശൈഖിന്റെ ഗുരുവര്യനായിരുന്ന അല്ലാമാ ഇബ്നു ഹജറുൽ ഹൈത്തമി. ഇദ്ദേഹം പൊന്നാനിയിൽ വന്ന് സ്മര്യപുരുഷന്റെ കൂടെ കുറച്ചു കാലം താമസിക്കുകയുണ്ടായത്രെ. ഇബ്നു ഹജറുൽഹൈത്തമിയുടെ ഒരു ഫത്വയുടെ കൈയെഴുത്ത്

പ്രതി ചാലിയത്തെ മൗലവി ശിഹാബുദ്ദീൻ അഹ്മദ് കോയയുടെ ലൈബ്രറിയിലുണ്ട്. അതദ്ദേഹം പൊന്നാനിയിലായിരിക്കുമ്പോൾ എഴുതിയതാണെന്നാണനുമാനം. ശൈഖ് സൈനുദ്ദീൻ നിരന്തര ബന്ധം പുലർത്തിയിരുന്ന മറ്റു ചില പ്രമുഖ പണ്ഡിതർ അദ്ദേഹത്തിന്റെ സഹപാഠികളും സുഹൃത്തുക്കളുമാണ്. അവരുമായി അദ്ദേഹം ആശയ വിനിമയം നടത്തിക്കൊണ്ടിരിക്കുമായിരുന്നു. അറബിയിൽ കവിതാ രൂപത്തിലാണ് അദ്ദേഹം പലപ്പോഴും അവർക്ക് കത്തെഴുതിയിരുന്നത്. ഇമാം മുഹമ്മദ് റംലി, ഇമാം മുഹമ്മദ് ഖത്തീബ് അശ്ശിർവീനി എന്നിവർ അവരിൽ പ്രമുഖരാണ്.

ശൈഖ് സൈനുദ്ദീന്റെ സുഹൃത്തുക്കളും സഹപാഠികളും ആരെല്ലാമായിരുന്നുവെന്ന് കൃത്യമായറിയില്ല. സയ്യിദ് അബൂബക്കർ ഇബ്നു സാലിം അൽ ഹള്റമി, ശൈഖ് അഹ്മദ് ഇബ്നു സയ്യിദ് ശൈഖ് ഹൈദ്രൂസി(അഹ്മദാബാദ്), അല്ലാമാ സയ്യിദ് അബ്ദുൽ ഖാദിർ ഹൈദ്രൂസി(അഹ്മദാബാദ്), ഇമാം മുല്ലാ അലിയ്യുൽ ഖാരി, അല്ലാമാ ശൈഖ് ഇബ്നു അബ്ദുല്ല അസ്സ്വഖാഫ് അൽ ഹള്റമി, അല്ലാമാ സയ്യിദ് അബ്ദുറഹ്മാൻ ഇബ്നു സയ്യിദ് ശിഹാബുദ്ദീൻ അൽ ഹള്റമി, അല്ലാമാ സയ്യിദ് അബ്ദുറഹ്മാൻ ഇബ്നു സയ്യിദ് ശിഹാബുദ്ദീൻ അൽ ഹള്റമി, കോഴിക്കോട് ഖാസിയും പ്രസിദ്ധ കവി ഖാസി മുഹമ്മദിന്റെ പിതാവുമായിരുന്ന അല്ലാമാ അബ്ദുൽ അസീസ്, ശൈഖ് അബ്ദുൽ ഖാദിർ സാനി (പുറത്തിയിൽ-കണ്ണൂർ), ശൈഖ് അബുൽ വഫാ മുഹമ്മദ് ഇബ്നു അലാഉദ്ദീൻ അൽ ഹിമ്മസി(കോഴിക്കോട് അപ്പവാണിഭ ശൈഖ്), ശൈഖ് ഖുത്ബുസ്സമാൻ സയ്യിദ് ശാഹുൽ ഹമീദ് മീറാൻ സാഹിബ്(നാഗൂർ) തുടങ്ങിയ മഹാ പണ്ഡിതരും സൂഫിവര്യരുമടങ്ങുന്ന വ്യക്തിത്വങ്ങളുമായി ശൈഖ് സൈനുദ്ദീൻ സൗഹൃദം നിലനിർത്തിയിരുന്നു. കൂടാതെ, വലിയ വലിയ രാഷ്ട്ര നായകന്മാരിലേക്കും ഭൗതിക ജീവിതത്തിലെ ഉന്നത വ്യക്തിത്വങ്ങളിലേക്കും അദ്ദേഹത്തിന്റെ സമ്പർക്കമേഖല നീണ്ടിരുന്നതായി കാണാം. മുഗൾ ചക്രവർത്തി അക്ബർ ശാഹ്, ബീജാപ്പൂരിലെ സുൽത്താന്മാരായിരുന്ന ഇബ്രാഹീം അലി ആദിൽശാഹ്, മുഹമ്മദ് അലി ആദിൽശാഹ് എന്നിവരുമായി അടുത്ത ബന്ധമാണ് ശൈഖിനുണ്ടായിരുന്നത്. പോർച്ചുഗീസ് സാമ്രാജ്യ ശക്തിക്കെതിരിൽ സൈനിക സഹായ

ത്തിനുള്ള അഭ്യർത്ഥനയുമായി ഈജിപ്ത്, തുർക്കി മുതലായ മുസ്‌ലിം രാജ്യങ്ങളിലേക്ക് ശൈഖ് സൈനുദ്ദീനെയാണ് സാമൂതിരി അയച്ചിരുന്നത്. മുസ്‌ലിം രാഷ്ട്രത്തലവന്മാർക്ക് സാമൂതിരിക്കു വേണ്ടി അറബിയിൽ കത്തിടപാട് നടത്തിക്കൊടുത്തിരുന്നതും അദ്ദേഹമായിരുന്നു. അക്കൂട്ടത്തിൽ ഒരു കത്ത് താൻ കണ്ടെടുത്തതായി ഡോ. മുഹമ്മദ് ഹമീദുല്ല രേഖപ്പെടുത്തിയിട്ടുണ്ട്(അറബികളുടെ കപ്പലോട്ടം എന്ന കൃതി കാണുക).

മുസ്‌ലിം ലോകത്തിന്റെ വിജ്ഞാന മണ്ഡലത്തിലേക്ക് ശൈഖ് സൈനുദ്ദീൻ ഒന്നാമനെപ്പോലെത്തന്നെ മഹത്തായ പല സംഭാവനകളും അർപ്പിച്ചിട്ടുള്ള വ്യക്തിയാണ് ശൈഖ് സൈനുദ്ദീൻ രണ്ടാമനും. വിവിധ വിഷയങ്ങളിൽ ധാരാളം ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. 'ഫത്ഹുൽ മുഈൻ ഫീ ശറഹി ഖുർറത്തിൽ ഐൻ' എന്ന കർമ്മശാസ്ത്ര ഗ്രന്ഥം പ്രസിദ്ധമാണ്. കേരളത്തിലെ പള്ളി ദർസുകളിലും അറബിക്കോളേജുകളിലും ഇന്നും ഈ ഗ്രന്ഥം പാഠപുസ്തകമാണ്. ഹിജ്റ 983ൽ എഴുതിയ ഈ ഗ്രന്ഥം പൊന്നാനി, തിരൂരങ്ങാടി, സിങ്കപ്പൂർ, ജാവ, മലേഷ്യ മുതലായ ദിക്കുകളിൽ നിന്ന് പല തവണ മുദ്രണം ചെയ്യപ്പെട്ടിട്ടുണ്ട്. ശാഫിഈ കർമ്മശാസ്ത്ര സരണിയുടെ അടിസ്ഥാനത്തിൽ ഗ്രന്ഥകർത്താവ് ആദ്യം 'ഖുർറത്തുൽ ഐൻ' എന്ന ലഘുകൃതി രചിക്കുകയും പിന്നീടത് വിസ്തൃതമാക്കി 'ഫത്ഹുൽ മുഈൻ' എന്ന തലക്കെട്ട് കൊടുക്കുകയുമാണ് ചെയ്തത്. ഈ ഗ്രന്ഥത്തിൽ ശൈഖ് സൈനുദ്ദീൻ തന്റെ വന്ദ്യഗുരു ഇബ്നുഹജറുൽ ഹൈത്തമിയെ ശൈഖുനാ എന്ന സ്ഥാനപ്പേരിൽ പലേടത്തായി ഉദ്ധരിക്കുന്നതു കാണാം. പല പണ്ഡിതന്മാരും ഈ ഗ്രന്ഥത്തിന് വ്യാഖ്യാനം രചിച്ചിട്ടുണ്ട്. അല്ലാമാ അലി ബാസബ്രിയുടേതാണ് ആദ്യത്തേത്. അത് പക്ഷെ മുദ്രണം ചെയ്യപ്പെട്ടിട്ടില്ല. മൗലവി അഹ്മദ് ശീറാസി എഴുതിയ വ്യാഖ്യാനത്തിന്റ കൈയെഴുത്ത് പ്രതി നാദാപുരം ജുമാ മസ്ജിദിൽ ഇപ്പോഴുമുണ്ട്. ഹിജ്റ 1310ൽ അന്തരിച്ച സയ്യിദ് ബകർ ഇബ്നു സയ്യിദ് മുഹമ്മദ് ദിംയാത്തിന്റെ 'ഇആനത്തുത്ത്വാലിബീൻ' എന്ന നാല് വാള്യമുള്ള ബൃഹദ് വ്യാഖ്യാനം ഹിജ്റ 1300ലാണ് അദ്ദേഹം എഴുതിത്തീർത്തത്. കൂടാതെ, അല്ലാമാ സയ്യിദ് അലി ഇബ്നു സയ്യിദ് അഹ്മദ് അസ്സഖാഫ്, താനൂരിലെ ശൈഖ് അബ്ദുൽ ഖാദിർ എന്നിവരും 'ഫത്ഹുൽ

മുഈനി'ന് വ്യാഖ്യാനമെഴുതിയിട്ടുള്ളവരാണ്. ഫത്ഹുൽ മുഈനിന്റെ അവതരണ ശൈലി നാട്ടിലും പുറത്തുമുള്ള പല പണ്ഡിതരുടെയും കവികളുടെയും പ്രശംസ പിടിച്ചുപറ്റിയിട്ടുള്ളതാണ്.

'ഇർശാദുൽ ഇബാദാ'ണ് ശൈഖിന്റെ മറ്റൊരു വിശിഷ്ട ഗ്രന്ഥം. മലബാറിൽ നിന്നും ഈജിപ്തിൽ നിന്നും പല തവണ പ്രസിദ്ധീകൃതമായിട്ടുള്ള ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം 'തസ്വവ്വുഫാ'ണ്. ഇത് പള്ളിദർസുകളിൽ പഠിപ്പിക്കാറുണ്ട്. കൂടാതെ, 'അൽ അജ്വിബത്തുൽ അജീബ', 'അഹ്കാമുന്നികാഹ്', 'അൽ മൻഹജുൽ വാളിഹ്' എന്നിവയും അദ്ദേഹത്തിന്റെ പ്രധാന രചനകളാണ്. 'അൽ അജ്വിബത്തുൽ അജീബ' പൊന്നാനിയിൽ നിന്നും തിരൂരങ്ങാടിയിൽ നിന്നും പല തവണ മുദ്രിതമായി പുറത്തിറങ്ങിയിട്ടുള്ളതാണ്.

ശൈഖ് സൈനുദ്ദീന്റെ മരണ തീയതി കൃത്യമായറിയാൻ വഴിയില്ല. ഈജിപ്ഷ്യൻ ചരിത്രകാരനും പ്രമുഖ മതപണ്ഡിതനുമായിരുന്ന ശൈഖ് മുഹമ്മദ് അബ്ദുൽ മുൻഇം അന്നുമൈരി തന്റെ 'താരീഖുൽ ഇസ്‌ലാം ഫിൽ ഹിന്ദ്' എന്ന ഗ്രന്ഥത്തിൽ സൈനുദ്ദീൻ രണ്ടാമൻ ഹിജ്റ 991ൽ ഇഹലോകവാസം വെടിഞ്ഞുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഹിജ്റ 978ലാണെന്നാണ് ജോർജ് സൈദാന്റെ 'താരീഖു അദബില്ലുഗത്തിൽ അറബിയ്യ' എന്ന പ്രസിദ്ധ ഭാഷാ ചരിത്രഗ്രന്ഥത്തിൽ കാണുന്നത്. ഏതായാലും ചോമ്പാലുമായി ശൈഖ് സൈനുദ്ദീനുള്ള ബന്ധം സുവിദിതമാണ്. അതിന് വ്യക്തവും അനിഷേധ്യവുമായ തെളിവുണ്ട്. കേരളത്തിലെ പ്രമുഖ അറബി സാഹിത്യകാരനും ഗ്രന്ഥകാരനുമായിരുന്ന മൗലവി അഹ്മദ് കോയ ശാലിയാത്തി ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു: "ചോമ്പാൽകാരനായ ശൈഖ് അഹ്മദ് സൈനുദ്ദീൻ മഖ്ദൂം ഇബ്നു മുഹമ്മദ് അൽ ഗസ്സാലി അല്ലാമാ ഇബ്നു ഹജർ അൽ ഹൈത്തമിയുടെ ശിഷ്യനാണ്. ബട്ക്കൽ(ബർക്കൂർ) സ്വദേശി അല്ലാമാ ഇസ്മായീലുസ്സുക്‌രി അദ്ദേഹത്തിന്റെ ആദ്യകാല ഗുരുനാഥന്മാരിൽപ്പെടുന്നു. ചോമ്പാൽ എന്ന മലയാള സ്ഥല നാമത്തിന്റെ അറബീകരണമാണ് 'ജൗബാൽ'. അത് മാഹിക്കടുത്താണ്. അവിടെയുള്ള പള്ളിയുടെ അരികിൽ കാണുന്ന ഖബറുകൾ മലബാർ തീരത്ത് ആദ്യകാലത്ത് വന്ന 'താബിഉ'കളുടേതാണ്. ഇതെല്ലാം വിശ്വസ്തരായ

പണ്ഡിതന്മാർ പറഞ്ഞുതന്നതാണ്. ഹിജ്റ 1332ൽ ഞാൻ ചോമ്പാൽ സന്ദർശിച്ചു. പിന്നീട് 1337ൽ അല്ലാമാ ഇസ്മായീലുസ്സുക്രിയുടെ ഖബറും ഞാൻ സന്ദർശിക്കുകയുണ്ടായി"(അൽ ബയാനുൽ മൗസൂഖ്: പേ: 30).

ശൈഖ് സൈനുദ്ദീന്റെയും പത്നിയുടെയും ഖബറിടം ചോമ്പാൽ കുഞ്ഞിപ്പള്ളിക്ക് തെക്ക് കിഴക്കായിട്ടാണുള്ളത്. പത്നിയുടെ പേര് വ്യക്തമല്ല. അബൂബക്കർ, അബ്ദുൽ അസീസ്, ഫാത്തിമ എന്നീ മൂന്ന് സന്തതികളാണ് സൈനുദ്ദീൻ മഖ്ദൂം രണ്ടാമനുണ്ടായിരുന്നത്.

'തുഹ്ഫത്തുൽ മുജാഹിദീൻ' ശൈഖ് സൈനുദ്ദീൻ രണ്ടാമന്റെ രചനകളുടെ കൂട്ടത്തിൽ ഏറ്റവും കൂടുതൽ പ്രചാരം നേടിട്ടുള്ളതാണ്. കേരളത്തിന്റെ ആദ്യത്തെ ചരിത്ര ഗ്രന്ഥമാണിത്. ശാസ്ത്രീയമായ രീതിയിൽ ചരിത്ര രചന നിർവ്വഹിക്കാനുള്ള അക്കാലത്തെ ക്ലേശം ആലോചിക്കുമ്പോൾ വിശേഷിച്ചും തുഹ്ഫത്തുൽ മുജാഹിദീന്റെ നിർമിതി അന്നത്തെ നിലയ്ക്ക് മഹത്തായൊരു കൃത്യം തന്നെയായിരുന്നു.

പറങ്കികൾക്കെതിരിൽ മുസ്ലിംകളെ സമര സന്നദ്ധരാക്കുകയാണ് തുഹ്ഫത്തുൽ മുജാഹിദീൻ രചിച്ചതിന്റെ ഉദ്ദേശ്യമെന്ന് ഗ്രന്ഥകർത്താവ് തന്നെ മുഖവുരയിൽ വ്യക്തമാക്കിയിരിക്കുന്നു. ജിഹാദിന്റെ തത്ത്വശാസ്ത്രം വിവരിക്കുകയും ഖുർആൻ സൂക്തങ്ങളും നബി വചനങ്ങളുമുദ്ധരിച്ച് മുസ്ലിംകളെ അതിൽ ഭാഗഭാക്കാകാൻ തയ്യാറാക്കുകയും ചെയ്യുന്ന ഭാഗം ഒന്നാമതായി ചേർത്തിരിക്കുന്നത് അതുകൊണ്ടാണ്. ശൈഖ് സൈനുദ്ദീൻ മഖ്ദൂം എന്ന ധീര ദേശാഭിമാനിയായ വിപ്ലവകാരിയെയാണ് ഇവിടെ നാം കാണുന്നത്. താൻ ജീവിക്കുന്ന കാലഘട്ടത്തിലെ യാഥാർഥ്യങ്ങളോട് നിർഭയം പ്രതികരിക്കേണ്ട ഒരു പണ്ഡിതന്റെ ഉത്തരവാദിത്വം അദ്ദേഹം സമർഥമായി നിർവ്വഹിക്കുകയാണ് ഇതിലൂടെ ചെയ്തത്. പോർച്ചുഗീസ് മഹാശക്തിയെ ചെറുക്കാൻ തന്റെ ജനതയ്ക്ക് അദ്ദേഹം പ്രത്യയശാസ്ത്രം നൽകി.

കേരളത്തിൽ ഇസ്ലാം മതം എത്തിയതിന്റെയും പ്രചരിച്ചതിന്റെയും ആദ്യകാല ചരിത്രവും ഇവിടത്തെ ഹൈന്ദവർ വെച്ചുപുലർത്തിയിരുന്ന ആചാരവിശ്വാസങ്ങളും ജീവിതരീതിയും സംബ

ന്ധിച്ച വിവരവും അറിയാൻ തുഹ്ഫത്തുൽ മുജാഹിദീനാണ് ആശ്രയം. ഇത്തരം വിഷയങ്ങളാണ് ഗ്രന്ഥത്തിന്റെ രണ്ടും മൂന്നും ഭാഗങ്ങളിലെ പ്രതിപാദ്യം. നാലാം ഭാഗമാണ് ഏറ്റവും പ്രാമുഖ്യമർഹിക്കുന്നത്. പോർച്ചുഗീസധിനിവേശത്തെ സാമൂതിരിയും കുഞ്ഞാലി മരയ്ക്കാർമാരും ചേർന്ന് ചെറുത്ത ഇതിഹാസ സമാനമായ ചരിത്രമാണ് പതിനാലധ്യായങ്ങളുള്ള ഈ ഭാഗത്തിൽ. ലോക മുസ്ലിം ചരിത്രത്തിൽ തന്നെ തിളക്കമാർന്ന അധ്യായങ്ങളാണ് കുഞ്ഞാലിമാർ രചിച്ചത്. ഇന്ത്യൻ സ്വാതന്ത്ര്യ സമരം ആരംഭിക്കുന്നതു തന്നെ കുഞ്ഞാലി മരയ്ക്കാർ പറങ്കികളുമായി നടത്തിയ തുറന്ന സമരത്തെ വർണിച്ചു പാടുന്ന ഗാഥയോടു കൂടിയത്രേ. ഇത് ആ ചരിത്രാധ്യായങ്ങളുടെ അപൂർവ്വതയ്ക്ക് തെളിവാണ്.

തുഹ്ഫത്തുൽ മുജാഹിദീൻ അറബി ഭാഷയിൽ ഒന്നാമതായി അച്ചടിച്ചത് ലിസ്ബണിൽ നിന്നാണ്. അതിന്റെ ഒരു പ്രതി ഈജിപ്തിലെ അൽ അസ്ഹർ യൂനിവേഴ്സിറ്റി ലൈബ്രറിയിലുണ്ട്. പോർച്ചുഗീസുകാരുടെ മലബാറിലേയ്ക്കുള്ള വരവും തുടർന്നുള്ള ചരിത്രവും പ്രതിപാദിക്കുന്ന നാലാം ഭാഗം മാത്രം പോർച്ചുഗൽ ഭാഷയിലേക്കു പ്രൊ. മി. ഡിലോപ്പ് വിവർത്തനം ചെയ്യുകയുണ്ടായി. ലാറ്റിൻ, ഫ്രഞ്ച്, ജർമ്മൻ, സ്പാനിഷ്, ചെക്ക് ഭാഷകളിൽ ഈ ഗ്രന്ഥത്തിന് തർജമകൾ വന്നുകഴിഞ്ഞിട്ടുള്ളതാണ്. ഇംഗ്ലീഷിൽ ഇതിനു ഒന്നിലേറെ തർജമകളുണ്ട്. മദ്രാസ് സെന്റ് ജോർജ് കോട്ടയിലെ പേർഷ്യൻ പരിഭാഷകനായിരുന്ന മേജർ റൗലണ്ട്സന്റെ പൂർണ രൂപത്തിലുള്ള തർജമ 1898ൽ ഇംഗ്ലണ്ടിൽ നിന്നു പ്രസിദ്ധപ്പെടുത്തി. അമേർസൻ, ജയിംസ് ബ്രിഗ്സ്, റോക്സ്, പ്രൊ. മുഹമ്മദ് ഹുസൈൻ നൈനാർ എന്നിവരുടേതാണ് മറ്റ് ഇംഗ്ലീഷ് തർജമകൾ. ചില പാശ്ചാത്യർ തുഹ്ഫത്തിന്റെ കർത്താവ് ടുണീഷ്യനോ ചൈനനോ എന്ന് സംശയം പ്രകടിപ്പിച്ചിരിക്കുന്നത് വിചിത്രമാണ്.

ഉർദു, പേർഷ്യൻ, ഗുജറാത്തി, കന്നട, തമിഴ് ഭാഷകളിലേയ്ക്കു തുഹ്ഫത്തുൽ മുജാഹീദിൻ നേരത്തെ വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. കേരളത്തിൽ ഇതിനാദ്യമായി വിവർത്തനം തയ്യാറാക്കിയത് പരേതനായ കെ. മൂസാൻ കുട്ടി മൗലവി (തിരൂരങ്ങാടി)യാണ്, 1936-ൽ. അത് അറബി മലയാളത്തിലായിരുന്നു. അതിന്റെ ഒന്നാം

പതിപ്പിൽ കെ.എം. മൗലവിയുടെ അഭിപ്രായവും വക്കം എം. അബ്ദുൽ ഖാദിറിന്റെ അവതാരികയും ചേർത്തിട്ടുണ്ട്. പിന്നീട് മലയാള ലിപിയിൽ തന്നെ തിരൂരങ്ങാടിയിൽ നിന്നിത് പലതവണ പ്രസിദ്ധപ്പെടുത്തുകയുണ്ടായി. പക്ഷേ, ജിഹാദിനെക്കുറിച്ച് പറയുന്ന 'അഹ്കാമുൽ ജിഹാദ്' എന്ന ഭാഗം ബ്രിട്ടീഷ് ഭരണകാലത്ത് ആരും തന്നെ അറബി മൂലത്തിലോ പരിഭാഷയിലോ ഉൾപ്പെടുത്താൻ ധൈര്യപ്പെട്ടില്ല. സ്വാതന്ത്ര്യത്തിന് ശേഷമേ അത് ഉൾപ്പെടുത്തി വന്നുള്ളൂ.

മൂസാൻ കുട്ടി മൗലവിയുടെ പരിഭാഷയിൽ ജിഹാദിന്റെ ഭാഗമില്ലാത്തതിനാൽ അത് പൂർണമല്ല. പൂർണമായ പരിഭാഷ പുറത്തിറക്കിയത് ശ്രീ. വേലായുധൻ പണിക്കശ്ശേരിയാണ്. അത് പക്ഷേ, പല ഭാഗത്തും നേർക്കുനേരെയുള്ള പരിഭാഷയായി തോന്നുന്നില്ല. അതിനും പുറമെ, അതിൽ ചില തെറ്റുകൾ കാണുന്നുമുണ്ട്. പരിഭാഷകന് മൂല ഭാഷയായ അറബിയിൽ പരിജ്ഞാനമില്ലാത്തതായിരിക്കാം തെറ്റുകൾ വരാൻ കാരണം. ഇത്തരം കാരണങ്ങളാൽ ജ. സി. ഹംസ സാഹിബിന്റെ പുനർവിവർത്തനം തികച്ചും പ്രസക്തമാണ്. സൈനുദ്ദീൻ മഖ്ദൂമിന്റെ കൈയെഴുത്തു പ്രതിയുടെ പകർപ്പ് ആധാരമാക്കിയാണ് ഹംസ സാഹിബ് ഇത് നിർവ്വഹിച്ചിരിക്കുന്നത്. മൂലവുമായി ഒത്തുവായിച്ചപ്പോൾ വിവർത്തനം കുറ്റമറ്റതായി കണ്ടു. ഭാഷ മനോഹരമായും. അറബിയുൾപ്പെടെ അഞ്ചാറു ഭാഷകളിൽ പ്രാവീണ്യമുള്ള വ്യക്തിയാണ് ഹംസ സാഹിബ്. പ്രബുദ്ധരായ കേരളീയർ തങ്ങളുടെ പൂർവ്വ ചരിത്രത്തിലേക്കു വെളിച്ചം വീശുന്ന തുഹ്ഫത്തുൽ മുജാഹിദീന്റെ ഈ ഉത്തമ പരിഭാഷ കൈനീട്ടി സ്വീകരിക്കുമെന്നുറപ്പാണ്. വിവർത്തകനും പ്രസാധകർക്കും അഭിനന്ദനങ്ങൾ..

കൊണ്ടോട്ടി
08. 02. 1995

കെ.കെ. മുഹമ്മദ് അബ്ദുൽ കരീം

പരിഭാഷകക്കുറിപ്പ്

സ്വന്തം നാടിന്റെ ചരിത്രമറിയാനുള്ള മലയാളിയുടെ ജിജ്ഞാസയ്ക്കു മുമ്പിൽ ഒന്നാമതായി തുറന്നു കാണിക്കാനുള്ള പുസ്തകമാണ് 'തുഹ്ഫത്തുൽ മുജാഹിദീൻ'. ഇതിന്റെ കർത്താവായ ശൈഖ് സൈനുദ്ദീൻ രണ്ടാമൻ കേരളത്തിലെ 'തുസിഡൈഡ്സ്' ആയി വിശേഷിപ്പിക്കപ്പെടുന്നു. ഗ്രീക്ക് ചരിത്രകാരനായ തുസിഡൈഡ്സ് (ഇദ്ദേഹം ജീവിച്ചത് ക്രി. മു. 471നും 400നും ഇടയ്ക്കാണെന്നു കരുതപ്പെടുന്നു) തന്റെ നായകത്വത്തിലുള്ള നാവിക സേന ആംഫിപോളിസ് യുദ്ധത്തിൽ (ക്രി.മു. 424) പരാജയപ്പെട്ടതിനെത്തുടർന്ന് ആഥൻസുകാരാൽ നാടു കടത്തപ്പെട്ടപ്പോൾ ചരിത്രപഠനത്തിന് ജീവിതം സമർപ്പിക്കുകയാണുണ്ടായത്. അങ്ങനെയാണദ്ദേഹം 'ഹിസ്റ്ററി ഓഫ് ദ പെലൊപോനേഷ്യൻ വാർ' എന്ന ഗ്രന്ഥം രചിച്ചത്. സംഭവങ്ങൾ നേരിട്ടനുഭവിച്ചും അന്വേഷിച്ചറിഞ്ഞും കൃത്യമായും വസ്തുനിഷ്ഠമായും രേഖപ്പെടുത്തുകയാണ് തുസിഡൈഡ്സിന്റെ രചനാ രീതി. നാട്ടുകാരാൽ ബഹിഷ്കരിക്കപ്പെട്ട അദ്ദേഹം സ്വരാജ്യത്തോടോ ശത്രുക്കളോടോ ചായ്‌വില്ലാതെ നിഷ്പക്ഷമായി സംഭവങ്ങൾ രേഖപ്പെടുത്തി. ഗ്രീസിന്റെ ചരിത്ര പശ്ചാത്തലം സംക്ഷിപ്തമായി വിവരിക്കുകയും യുദ്ധ കാരണങ്ങൾ ആഴത്തിലും പരപ്പിലും പഠിച്ചറിയുകയും സമര ഘട്ടങ്ങളെ ഉഷ്ണകാലം, ശൈത്യകാലം എന്നിങ്ങനെ കാലാനുസാരേണ അപഗ്രഥിക്കുകയുമാണ് തുസിഡൈഡ്സ് ചെയ്തത്. 27 വർഷത്തെ യുദ്ധം മുഴുവൻ പഠനവിധേയമാക്കി രേഖപ്പെടുത്താനായിരുന്നു അദ്ദേഹം പദ്ധതിയിട്ടി

രുന്നത്. പക്ഷേ, പൂർത്തിയാക്കാൻ ആയുസ്സുണ്ടായില്ല. കൊല്ലപ്പെട്ട താണെന്നും പറയപ്പെടുന്നു. ചരിത്രത്തെ മനഃശാസ്ത്രപരമായും സാമ്പത്തിക ശാസ്ത്രപരമായും സാമൂഹികമായും അപഗ്രഥിച്ച ഒന്നാമത്തെ ചരിത്രകാരൻ തുസിഡൈഡ്സാണത്രെ.

ശൈഖ് സൈനുദ്ദീന്റെ ചരിത്ര പഠനത്തിലും തുസിഡൈഡ്സി ന്റേതു പോലെയുള്ള ഒരു രീതി കാണുന്നു. യുദ്ധചരിത്രമാണ് സൈനുദ്ദീനും രേഖപ്പെടുത്തിയിരിക്കുന്നത്. ലോകശക്തിയായിരുന്ന പോർച്ചുഗീസുകാരെ മലബാർ മുസ്ലിംകൾ നേരിട്ടു ചെറുത്തതാണ് തുഹ്ഫത്തുൽ മുജാഹിദീന്റെ പ്രധാന പ്രതിപാദ്യം. അതിന്റെ മുമ്പായി കേരളത്തിന്റെ ചരിത്ര പശ്ചാത്തലവും ഇവിടെ ഇസ്ലാം പ്രവേശിക്കുകയും പ്രചരിക്കുകയും ചെയ്തതിന്റെ ചുരുക്കവും അക്കാലത്ത് നിലവിലിരുന്ന ഹൈന്ദവ മത വിശ്വാസാചാരങ്ങളു മെല്ലാം അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. യുദ്ധഘട്ടങ്ങളിലൂടെ ജീവിച്ചും അതിന്റെ ഓരോ ഗതിവിഗതികളും നിരീക്ഷിച്ചുമാണ് ശൈഖ് സൈനുദ്ദീൻ സംഭവങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്. പോർച്ചുഗീസ് ആക്രമണ ചരിത്രം മുഴുവനായി രേഖപ്പെടുത്താൻ സൈനുദ്ദീനും കഴിഞ്ഞില്ല. തുസിഡൈഡ്സിനെപ്പോലെ തന്നെ. ഇടയ്ക്കുവെച്ചദ്ദേഹം പരലോകപ്രാപ്തനായി. ഇങ്ങനെ പല നിലയ്ക്കും തുസിഡൈഡ്സിനോട് തികഞ്ഞ സാമ്യമാണ് ശൈഖ് സൈനുദ്ദീനുള്ളത്. യുദ്ധത്തിൽ സൈനുദ്ദീൻ സ്വരാജ്യത്തിന്റെയും സമുദായത്തിന്റെയും പക്ഷത്തായിരുന്നുവെങ്കിലും, ലോഗൻ മല ബാർ മാന്വലിൽ എടുത്തുപറഞ്ഞിട്ടുള്ളതുപോലെ, സംഭവങ്ങളുടെ വിവരണത്തിൽ അദ്ദേഹം ഒരു ചായ്‌വും പ്രകടിപ്പിച്ചിട്ടില്ല.

തുഹ്ഫത്തുൽ മുജാഹിദീൻ അറബിയിലാണ് രചിക്കപ്പെട്ടത്. മല യാളത്തിൽ ഇതിന് രണ്ടു പരിഭാഷകൾ നേരത്തെ ഇറങ്ങിയിട്ടുണ്ട്. ഇതറിയാമായിരുന്നിട്ടും മൂന്നാമതൊന്നിന് വകയുണ്ടെന്നു തോന്നിയ തിന്റെ കാരണം വിവരിക്കണമല്ലോ. ജ. മൂസാൻ കുട്ടി മൗലിയുടേ താണ് ആദ്യമിറങ്ങിയ പരിഭാഷ. അതിൽ ജിഹാദിനെ സംബന്ധി ക്കുന്ന ഭാഗം ഒഴിവാക്കിയിരിക്കുന്നു. അതിനാൽ അത് അപൂർണ്ണ മാണ്. രണ്ടാമത്തെ പരിഭാഷ ശ്രീ. വേലായുധൻ പണിക്കശ്ശേരിയു ടേതാണ്. അതിന്റെ രണ്ടാം പതിപ്പ്(1983) മൂലകൃതിയുമായി ഒത്തു

വായിച്ചപ്പോൾ ചില വൈകല്യങ്ങൾ കണ്ടു. അറബി ഭാഷയും ഇസ്‌ലാമിക സംസ്കാരവും സ്വന്തമായുൾക്കൊള്ളാത്ത ഒരാളുടെ പരിശ്രമമായതിനാൽ അതിന്റെ സ്വാഭാവികത അംഗീകരിക്കാം. എങ്കിലും അവ തിരുത്തപ്പെടേണ്ടതുണ്ട്.

ഗ്രന്ഥകർത്താവിന്റെ മുഖവുരയിൽ "മലബാറിൽ ഭരണം നടത്തിയിരുന്ന അമുസ്‌ലിം ഭരണാധികാരികൾ തങ്ങളുടെ പൂർവ്വിക മതാചാരങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെയാണ് ജീവിച്ചുപോന്നിരുന്നതെങ്കിലും മുസ്‌ലിംകൾക്കവരുടെ ഭാഗത്തുനിന്ന് കാര്യമായ എന്തെങ്കിലും എതിർപ്പോ ദ്രോഹമോ ഏൽക്കേണ്ടി വന്നിരുന്നില്ല" എന്ന് പരിഭാഷപ്പെടുത്തേണ്ട ഭാഗം ശ്രീ പണിക്കശ്ശേരി, മുസ്‌ലിംകൾ അവരുടെ പഴയ ആചാരങ്ങളിൽ നിന്നു വ്യതിചലിക്കാതെ എല്ലാം കൃത്യമായി അനുഷ്ഠിച്ചിരുന്നതുകൊണ്ട് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അവരിൽ വർഷിച്ചിരുന്നുവെന്ന് (പേ: 28) പരിഭാഷപ്പെടുത്തിയിരിക്കുന്നത് തെറ്റും തെറ്റിദ്ധാരണാജനകവുമാണ്. ഇസ്‌ലാമിൽ വന്ന മുസ്‌ലിംകൾ അവരുടെ പഴയ ആചാരങ്ങൾ വെച്ചു പുലർത്തിയിരുന്നുവെന്നു പറയുന്നതിനർഥം അവർ ഹൈന്ദവാചാരങ്ങൾ തുടർന്നും അനുഷ്ഠിച്ചുവന്നുവെന്നായിരിക്കും. ഇതൊരുദാഹരണം. 73ാം പേജിൽ "സാമൂതിരിയും മലബാറിലെ ശക്തി കുറഞ്ഞ ഏതെങ്കിലും രാജാവും തമ്മിൽ യുദ്ധമുണ്ടായാൽ ആ രാജാവ് സാമൂതിരിക്ക് ഭൂസ്വത്തോ അധികാരം തന്നെയോ അടിയറ വെച്ചുകൊണ്ടാണ് അതൊത്തുതീർപ്പാവുക പതിവ്" എന്നെഴുതേണ്ടതിനു പകരം 'സാമൂതിരി ആ രാജാവിന് സ്വത്തോ ഭരണാധികാരം തന്നെയോ അങ്ങോട്ടു കൊടുക്കുകയാണ് പതിവ്' എന്നെഴുതിയിരിക്കുന്നത് വേറൊരു തെറ്റാണ്. 41ാം പേജിൽ അല്ലാഹുവിന്റെ വചനം പ്രവാചകന്റെ ചോദ്യമായിരിക്കുന്നതും 53ാം പേജിൽ നസാഈ നാസറായിരിക്കുന്നതും തെറ്റിനുദാഹരണങ്ങളാണ്. ഇങ്ങനെ എടുത്തെഴുതാൻ ഇനിയും ഉദാഹരണങ്ങളുണ്ട്. ഇതൊന്നും അച്ചടിത്തെറ്റാവാനിടയില്ല. മുഖവുരയിൽ, ഗ്രന്ഥകർത്താവ് ഗ്രന്ഥം അലി ആദിൽ ശാഹിന്റെ "തൃപ്പാദങ്ങളിൽ തിരുമുൽക്കാഴ്ചയായി സമർപ്പിക്കുന്ന"തായി ശ്രീ. പണിക്കശ്ശേരിയുടെ പരിഭാഷയിൽ കാണാം. മൂലത്തിൽ അങ്ങനെയില്ല. ഖുർആൻ സൂക്തങ്ങളും നബിമൊഴികളുമുൾക്കൊള്ളുന്ന മഹദ് ഗ്രന്ഥം ഒരു രാജാ

വിന്റെ പാദങ്ങളിൽ സമർപ്പിക്കുന്നത് ഇസ്ലാമിക സംസ്കാരത്തിൽ മര്യാദകേടാണ്. ശ്രീ പണിക്കശ്ശേരിക്ക് 'ആദിൽ ശാഹിന്റെ തൃക്കരങ്ങളിൽ' എന്നു വേണമെങ്കിൽ എഴുതാമായിരുന്നു. കൂടാതെ പലേടത്തും നേർക്കുനേരെയുള്ള പരിഭാഷയല്ല ശ്രീ പണിക്കശ്ശേരി നൽകിയിരിക്കുന്നത്. വാചകങ്ങൾ കൂടുകയും കുറയുകയും ചെയ്തിട്ടുണ്ട്. ഇതുപോലെയുള്ള കാരണങ്ങളാലാണ് ഈ ചിരന്തനകൃതിക്ക് തെറ്റില്ലാത്തതും മൂലത്തിന്റെ ഏറെക്കുറെ അനുപദമായിട്ടുള്ളതുമായ ഒരു പരിഭാഷയ്ക്കു വകയുണ്ടെന്നു തോന്നിയത്.

ഈ പരിഭാഷക്കാധാരം ജ. പയ്യോളി പരീക്കുട്ടി മുസ്ലിയാരവർകൾ മൂലഗ്രന്ഥത്തിൽ നോക്കിപ്പകർത്തിയ കൈയെഴുത്തു പ്രതിയാണ്. ചരിത്ര പണ്ഡിതനും ഗ്രന്ഥകാരനും ഒരമൂല്യ ഗ്രന്ഥശേഖരത്തിന്റെ ഉടമയുമായ ജ. കെ.കെ. മുഹമ്മദ് അബ്ദുൽ കരീം(കൊണ്ടോട്ടി) അവർകളാണ് പ്രസ്തുത കൈയെഴുത്തു പ്രതി ലഭ്യമാക്കിത്തന്നത്. ഗ്രന്ഥകർത്താവിന്റെ ഒരു ജീവചരിത്രക്കുറിപ്പും ഇതിൽ ചേർക്കാൻ അദ്ദേഹം തയ്യാറാക്കിത്തന്നു. അദ്ദേഹത്തോടുള്ള കൃതജ്ഞയും കടപ്പാടും എഴുതി പ്രകടിപ്പിക്കാവുന്നതിലും എത്രയോ ഏറെയാണ്.

കോഴിക്കോട് സർവ്വകലാശാലയിലെ ചരിത്ര വിഭാഗം മേധാവി ഡോ. കെ.കെ.എൻ. കുറുപ്പിനോട് എനിക്കുള്ള നന്ദി നിസ്സീമമാണ്. പണ്ഡിതോചിതമായ അദ്ദേഹത്തിന്റെ അവതാരിക ഈ എളിയ ശ്രമത്തിന് അംഗീകാരവും അലങ്കാരവും നേടിത്തന്നിരിക്കുന്നു. ഒരവതാരികക്കു വേണ്ടി ഈ വിനീതൻ സമീപിച്ചപ്പോൾ കൃത്യാന്തര ബാഹുല്യത്തിനിടയിലും സ്വന്തമായൊരു കർത്തവ്യം നിറവേറ്റുന്നതിൽ കാണിക്കുന്ന താൽപര്യത്തോടെയാണ് അദ്ദേഹമത് ചെയ്തുതന്നത്. കൂടാതെ, ഇതിലേക്കാവശ്യമായ ചിത്രങ്ങൾ, ഭൂപടം, അധിക വായനക്കുള്ള പുസ്തകങ്ങളുടെ ഒരു പട്ടിക, അവസാനം ചേർത്തിരിക്കുന്ന അനുബന്ധം എന്നിവയും അദ്ദേഹത്തിന്റെ സംഭാവനയാണ്. ശ്രീ. കുറുപ്പിനോടുള്ള കടപ്പാട് ഈയുള്ളവന്റെ കൃതജ്ഞതാനിർഭരമായ മനസ്സ് എന്നുമെന്നും സൂക്ഷിക്കും.

ഉത്തമ കൃതികൾ കൊണ്ട് കൈരളിയുടെ സാംസ്കാരിക മേഖലയെ പരിപുഷ്ടമാക്കിക്കൊണ്ടിരിക്കുന്ന കോഴിക്കോട്ടെ അൽഹു

ദയാണ് ഈ കൃതിയുടെ പ്രസാധനച്ചുമതല സസന്തോഷം ഏറ്റെടുത്തിരിക്കുന്നത്. അൽഹുദാ കുടുംബത്തിലെ ഒരംഗത്തെപ്പോലെയുള്ള ഞാൻ അതിന്റെ ഭാരവാഹികളോട് എങ്ങനെ നന്ദി പറയും!

ഇതിന്റെ അവസാന ഭാഗത്ത് സാമാന്യം നീണ്ട വിശദീകരണക്കുറിപ്പുകൾ നൽകിയിരിക്കുന്നതു കാണാം. ഇതീ പരിഭാഷയുടെ സവിശേഷതയാണ്. ശ്രീ.പണിക്കശ്ശേരിയുടെ വിവർത്തനത്തിലുമുണ്ട് കുറിപ്പുകൾ. അത് പക്ഷെ ഇത്ര നീണ്ടതല്ല. എങ്കിലും പ്രയോജനപ്രദങ്ങളാണ്. ശൈഖ് സൈനുദ്ദീന്റെ പല വിവരണങ്ങളും ഹ്രസ്വവും അവ്യക്തവുമാണെന്നു പറയേണ്ടതുണ്ട്. ആ കാലഘട്ടത്തിൽ കഴിയുന്നതിന്റെ പരമാവധിയാണത്. വലിയ വലിയ യുദ്ധസംഭവങ്ങളിലേക്കു സൂചനകളേ അദ്ദേഹം തരുന്നുള്ളൂ. കുറിപ്പുകൾ ഇത്തരം സൂചനകളുടെ വിശദാംശങ്ങളിലേക്കു വെളിച്ചം വീശാൻ കുറച്ചൊക്കെ സഹായകമായിരിക്കും. കേരള ചരിത്രവുമായി ബന്ധപ്പെട്ട കുറിപ്പുകൾ തയ്യാറാക്കാൻ അവലംബിച്ചത് പ്രധാനമായും സർദാർ കെ.എം. പണിക്കരുടെ ഹിസ്റ്ററി ഓഫ് കേരള, ലോഗന്റെ മലബാർ മാന്വൽ, പി.എ. സെയ്തു മുഹമ്മദിന്റെ കേരള മുസ്‌ലിം ചരിത്രം, പി.കെ. മുഹമ്മദ് കുഞ്ഞിയുടെ മുസ്‌ലിമീങ്ങളും കേരള സംസ്കാരവും, ഡി.സി. ബുക്സ് പ്രസിദ്ധപ്പെടുത്തിയ നാലു വാല്യങ്ങളുള്ള അഖില വിജ്ഞാന കോശം, മൗലാനാ അത്ഹർ മുബാറക്പൂരിയുടെ ഖിലാഫത്തെ റാശിദ ഔർ ഹിന്ദുസ്താൻ എന്നീ ഗ്രന്ഥങ്ങളെയാണ്. ഇസ്‌ലാം മത ചരിത്രത്തോടും തത്ത്വശാസ്ത്രത്തോടും ബന്ധപ്പെട്ട കുറിപ്പുകൾക്ക് അവലംബിച്ചത് ഇമാം ഇബ്നു കസീറിന്റെ തഫ്സീറുൽ ഖുർആനിൽ അളീം, സയ്യിദ് സാബിഖിന്റെ ഫിഖ്ഹുസ്സുന്ന, ഇബ്നു സഅദിന്റെ ത്വബഖാത്ത്, ഇബ്നു ഹജറിന്റെ അൽ ഇസ്വാബ, എം.എം. അഅ്സമിയുടെ സ്റ്റഡീസ് ഇൻ ഏർളി ഹദീസ് ലിറ്ററേച്ചർ, തോമസ് ആർണോൾഡിന്റെ ദ പ്രീച്ചിംഗ് ഓഫ് ഇസ്‌ലാം എന്നീ ഗ്രന്ഥങ്ങളാണ്.

ഗ്രന്ഥകർത്താവ് ഹിജ്റ വർഷത്തെ അടിസ്ഥാനപ്പെടുത്തിയാണ് സംഭവങ്ങളുടെ തിയ്യതി കൊടുത്തിരിക്കുന്നത്. വായനക്കാരുടെ സൗകര്യാർഥം ഒപ്പം ബ്രാക്കറ്റിൽ ഇംഗ്ലീഷ് വർഷം കൂടി കൊടു

ത്തിട്ടുണ്ട്. സ്ഥല നാമങ്ങളിൽ പലതും പുതിയ രൂപത്തിൽ കൊടുക്കാൻ ശ്രമിച്ചിരിക്കുന്നതും വായനക്കാരുടെ സൗകര്യമോർത്താണ്.

തുഹ്ഫത്തുൽ മുജാഹിദീനു ശേഷം പിൽക്കാലത്ത് ഒട്ടേറെ ഗ്രന്ഥങ്ങൾ കേരള ചരിത്രത്തെക്കുറിച്ചും പോർച്ചുഗീസ് അധിനിവേശ കാലഘട്ടത്തെക്കുറിച്ചും മലയാളത്തിലും മറ്റു ഭാഷകളിലും ഇറങ്ങിയിട്ടുണ്ട്. മലയാളത്തിലിറങ്ങിയതിൽ ഗുണ്ടർട്ടിന്റെ കേരളപ്പഴമ പോലെ ഗവേഷണപരങ്ങളായ ഗ്രന്ഥങ്ങളും, കേരളോൽപത്തി പോലെ ഐതിഹ്യങ്ങളും ചരിത്രാംശങ്ങളും കലർന്നവയും, ചരിത്രാഖ്യായികകളും പെടും. എന്തു തന്നെയായാലും തുഹ്ഫത്തുൽ മുജാഹിദീനുള്ള പ്രാഥമ്യവും പ്രാധാന്യവും എക്കാലത്തും നിലനിൽക്കും. അതിനാൽ ഈ പരിഭാഷ കേരളീയരായ സഹൃദയർ സസന്തോഷം സ്വീകരിക്കുമെന്നുറച്ചു വിശ്വസിക്കുന്നു. നമ്മുടെ നാട്ടിലെ പള്ളി ദർസുകളിലും മതപാഠ ശാലകളിലും ഈ കൃതി (ഇതിന്റെ മൂലം) പാഠപുസ്തകങ്ങളിൽ പ്രാധാന്യപൂർവ്വം ഉൾപ്പെടുത്തുന്നത് നന്ന്. കേരളത്തിലേക്ക് ഇസ്ലാം ആദ്യമായി വന്നതും പ്രചരിച്ചതും അനന്തരമുള്ള മുസ്ലിംകളുടെ ഇവിടത്തെ ചരിത്രവും മുസ്ലിം വിദ്യാർഥികൾ വിശേഷിച്ചും അറിഞ്ഞിരിക്കേണ്ടത് ആവശ്യമാണല്ലോ.

അരീക്കോട് — സി. ഹംസ

03. 03. 1995

മുഖവുര

മഹാകാരുണ്യവാനും കരുണാവാരിധിയുമായ അല്ലാഹുവിന്റെ നാമത്തിൽ ആരംഭിക്കുന്നു.

സകല സ്തോത്രങ്ങളും അല്ലാഹുവിനാകുന്നു. അവൻ ഇസ്‌ലാം മതത്തെ ഇതര മതങ്ങളേക്കാൾ ഉത്തുംഗമാക്കുകയും അതിന്റെ അനുയായികളെ കാലക്രമത്തിൽ കൂടുതൽ കൂടുതൽ പ്രതാപശാലികളാക്കുകയും ചെയ്തു. സത്യമതത്തിലേക്കുള്ള മാർഗ്ഗം വെട്ടിത്തെളിയിച്ച പ്രവാചക പുംഗവരിലും അവിടുത്തെ കുടുംബത്തിലും[1] സഹാക്കളിലും സന്തതി പരമ്പരകളിലും അല്ലാഹുവിന്റെ അനുഗ്രഹവും ശാന്തിയും സദാ വർഷിക്കട്ടെ!

അല്ലാഹു മനുഷ്യർക്ക് ജീവിതാവശ്യങ്ങൾ പൂർത്തിയാക്കാൻ വേണ്ട എല്ലാ സജ്ജീകരണങ്ങളും ഏർപ്പെടുത്തിയതിനോടൊപ്പം ഏറ്റവും വലിയ അനുഗ്രഹമായ ബുദ്ധിയും വിവേചന ശക്തിയും പ്രദാനം ചെയ്തിട്ടുമുണ്ട്. ജീവിതത്തിൽ ഉൽകൃഷ്ട വിജയം കരസ്ഥമാക്കാനുള്ള മാർഗ്ഗം ഏതെന്ന് അവൻ അവർക്ക് വിവരിച്ചുകൊടുക്കുകയും ചെയ്തു. ഇതിനുവേണ്ടി അസംഖ്യം പ്രവാചകന്മാരെ അവൻ നിയോഗിക്കുകയുണ്ടായി. സന്മാർഗ്ഗത്തിൽ സഞ്ചരിക്കുന്നവർക്ക് സന്തോഷകരമായ പരിണതിയെക്കുറിച്ചുള്ള മുന്നറിവ് നൽകുകയും ദുർമാർഗ്ഗത്തിൽ ജീവിക്കുന്നവരെ ഭയപ്പെടുത്തുകയും ജനങ്ങൾക്ക് അല്ലാഹുവിനെ സംബന്ധിച്ച യഥാർഥ ജ്ഞാനം പകർന്നുകൊടുക്കുകയും ചെയ്ത നേതാക്കളും വഴികാട്ടികളുമായിരുന്നു ആ പ്രവാചകന്മാർ.

മുസ്‌ലിംകൾക്ക് ഇതര സമുദായങ്ങൾക്കില്ലാത്ത ഒരു സവിശേഷ ബഹുമതി അല്ലാഹു നൽകിയിട്ടുണ്ട്. സർവ്വ സൃഷ്ടികളിലും ഉത്തമരായ മുഹമ്മദ് നബി(സ)യുടെ അനുയായികളാവാൻ അവസരം നൽകിയതാണത്. ഇതുമൂലം മറ്റെല്ലാ സമുദായങ്ങളേക്കാളും മുസ്‌ലിംകൾ ഉൽകൃഷ്ടരാണ്.[2] "നിങ്ങൾ മാനവരാശിക്കുവേണ്ടി എഴുന്നേൽപ്പിക്കപ്പെട്ട അത്യുത്തമ സമുദായമാകുന്നു"[3]വെന്ന് മുസ്‌ലിം സമുദായത്തോടാണ് അല്ലാഹു പറഞ്ഞത്. ഒരു നബിവചനത്തിൽ ഇങ്ങനെ

കാണാം: "ഞാൻ ആദം സന്തതികളുടെ നേതാവാകുന്നു. ഇത് അഹന്തയല്ല".[4] മുഹമ്മദ് നബി(സ) ആദം സന്തതികളുടെ ഒന്നടങ്കം നേതാവാണെന്നതിനർഥം അവിടുന്ന് അവരിൽ ശ്രേഷ്ഠത കൂടിയ ആളാണ് എന്നാണ്. സമുദായത്തിന്റെ മഹത്വം പ്രവാചകന്റെ മഹത്വത്തിന്റെ അനന്തരഫലമാകുന്നു. അങ്ങനെയാണ് മുസ്‌ലിംകൾ ഇതര സമുദായങ്ങളേക്കാൾ ഉൽകൃഷ്ടരായത്.

പ്രവാചകർ(സ) ഇപ്രകാരം പറഞ്ഞതായി അവിടുത്തെ സഹചാരിയായിരുന്ന മിഖ്ദാദി(റ)നെ[5] ഉദ്ധരിച്ചുകൊണ്ട് ഇമാം അഹ്മദ്(റ)[6] നിവേദനം ചെയ്തിരിക്കുന്നു: "ഭൂമുഖത്ത് സ്ഥിതി ചെയ്യുന്ന ഒരു മന്ദിരത്തിലേക്കും ഒരു കൂടാരത്തിലേക്കും അല്ലാഹു ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കാതിരിക്കുകയില്ല. അങ്ങനെ ചിലർ അന്തസ്സോടു കൂടി അതിന്റെ വക്താക്കളായിത്തീരുകയും ചിലർക്ക് അതിനോട് വിധേയത്വം പ്രകടിപ്പിച്ച് ജീവിക്കേണ്ടിവരികയും ചെയ്യുന്നതാണ്."[7] എല്ലാവരും അല്ലാഹുവിന് കീഴ്പ്പെടുന്ന അവസ്ഥ സംജാതമാകുമെന്ന് ചുരുക്കം.

ഭൂമിയിൽ ജനവാസമുള്ള മിക്ക രാജ്യങ്ങളിലും ഇതിനകം ഇസ്‌ലാം മതം എത്തിക്കഴിഞ്ഞു. പല രാജ്യങ്ങളിലും അതിന് ഖഡ്ഗമുപയോഗിക്കേണ്ടതായും നിർബന്ധം ചെലുത്തേണ്ടതായും വന്നിട്ടുണ്ട്.[8] എന്നാൽ ഇതൊന്നും കൂടാതെ പ്രബോധനം കൊണ്ടുമാത്രം ഇസ്‌ലാം പ്രചരിച്ചിട്ടുള്ള സ്ഥലങ്ങളും കുറവല്ല.

ഇന്ത്യയിലെ മലബാർ[9] പ്രദേശക്കാർ മാന്യന്മാരാണ്. ഏതെങ്കിലും തരത്തിലുള്ള നിർബന്ധത്തിനോ ഭീഷണിക്കോ മറ്റോ വഴങ്ങിയല്ല അവർ ഇസ്‌ലാം സ്വീകരിച്ചത്. ഇസ്‌ലാമിന്റെ മഹത്വമുൾക്കൊണ്ട് സ്വമേധയാ സ്വീകരിച്ചതാണ്. വിദേശികളായ ഒരു സംഘം മുസ്‌ലിംകൾ മലബാർ തുറമുഖങ്ങളിൽ വന്ന് സ്ഥിരതാമസമാക്കിയതിനെത്തുടർന്നായിരുന്നു അത്. തുറമുഖവാസികൾ ദിനേനയെന്നോണം ഇസ്‌ലാമിൽ ചേർന്നുകൊണ്ടിരുന്നു. താമസിയാതെ ഇസ്‌ലാമിന്റെ പ്രചാരം നാട്ടിലാകെ ശക്തിപ്പെടുകയും മുസ്‌ലിംകളുടെ അംഗസംഖ്യ വർദ്ധിക്കുകയും മലബാറിന്റെ നഗരങ്ങളിൽ മുസ്‌ലിം അധിവാസം അരങ്ങേറുകയും ചെയ്തു. അക്കാലത്ത് മലബാറിൽ ഭരണം നടത്തിയിരുന്ന അമുസ്‌ലിം ഭരണാധികാരികളുടെ

ഭാഗത്തുനിന്നു കാര്യമായ എന്തെങ്കിലും എതിർപ്പോ ദ്രോഹമോ മുസ്‌ലിംകൾക്ക് ഏൽക്കേണ്ടിവന്നിരുന്നില്ല. ആ ഭരണാധികാരികളാകട്ടെ, തങ്ങളുടെ പൂർവ്വിക മതാചാരങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെയാണ് ജീവിച്ചുപോന്നത്.[10]

മുസ്‌ലിംകൾ അങ്ങനെ അല്ലാഹുവിന്റെ വിശാലമായ അനുഗ്രഹങ്ങൾക്ക് പാത്രീഭൂതരായി ജീവിതം നയിച്ചുകൊണ്ടിരുന്നു. എന്നാൽ ഈയവസ്ഥ അധികകാലം നീണ്ടില്ല. മുസ്‌ലിംകൾ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ മറന്നും അവനെ ധിക്കരിച്ചും പാപപങ്കിലമായ ജീവിതം നയിച്ചപ്പോൾ അല്ലാഹു യൂറോപ്യന്മാരായ പോർച്ചുഗീസ് നികൃഷ്ടന്മാർക്ക് അവരുടെ മേൽ ആധിപത്യം നൽകി.[11]

പോർച്ചുഗീസുകാർ മുസ്‌ലിംകളുടെ ഭൂപ്രദേശങ്ങൾ കൈയേറുകയും അവരെ നാനാ പ്രകാരത്തിൽ മർദ്ദിക്കുകയും ചെയ്തു. മുസ്‌ലിംകൾക്കു നേരെ അവർ പരസ്യമായി നടത്തിയ നിന്ദ്യവും നീചവുമായ അക്രമ പ്രവൃത്തികൾക്ക് കൈയും കണക്കുമില്ല. പോർച്ചുഗീസുകാരുടെ ഈ തേർവാഴ്ച എൺപതിൽ പരം[12] വർഷം നീണ്ടപ്പോൾ മുസ്‌ലിംകളുടെ അവസ്ഥ അങ്ങേയറ്റം ദയനീയമായിത്തീരുകയും അവർ ദരിദ്രരും ബലഹീനരും പതിതരുമായി മാറുകയും ചെയ്തു. ഈ ദുരവസ്ഥയിൽ നിന്ന് കരകേറുവാനുള്ള യാതൊരു മാർഗ്ഗവും അവർക്ക് കണ്ടെത്താനായില്ല. സൈനികവും സാമ്പത്തികവുമായ ശക്തിയോടും പ്രതാപത്തോടും കൂടി ലോകത്തിന്റെ പല ഭാഗങ്ങളിൽ വാണരുളുന്ന മുസ്‌ലിം സുൽത്താന്മാരോ പ്രഭുക്കന്മാരോ മലബാർ മുസ്‌ലിംകളെ ബാധിച്ച ആപത്തിൽ നിന്നവരെ രക്ഷപ്പെടുത്താൻ മുന്നോട്ടുവന്നതുമില്ല. മതകാര്യങ്ങളിൽ താൽപര്യം കുറഞ്ഞവരും പരലോകത്തേയ്ക്കാൾ ഇഹലോകത്തെ സ്നേഹിക്കുന്നവരുമായ ആ സുൽത്താന്മാർക്കും പ്രഭുക്കന്മാർക്കും അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യാനോ ധനം ചെലവഴിക്കാനോ കഴിയാത്തതാണ് കാരണം.

ഈ പശ്ചാത്തലത്തിലാണ് ഞാനീ പുസ്തകം രചിക്കുന്നത്. സത്യവിശ്വാസികളെ കുരിശുപൂജകരായ[13] പോർച്ചുഗീസുകാർക്കെതിരിൽ യുദ്ധത്തിനിറങ്ങാൻ പ്രേരിപ്പിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് ഞാനിത് രചിച്ചത്. പോർച്ചുഗീസുകാർ മുസ്‌ലിം

പ്രദേശങ്ങൾ കടന്നാക്രമിക്കുക നിമിത്തം അവരോട് യുദ്ധം ചെയ്യേണ്ടത് ഓരോ മുസ്‌ലിമിന്റെയും വ്യക്തിപരമായ ബാധ്യതയായിത്തീർന്നതാണ് ഇതിന്റെ നിർമ്മിതിയുടെ സന്ദർഭം. നിരവധി മുസ്‌ലിംകളെ അവർ വധിച്ചു. ബന്ധനസ്ഥരാക്കിയവരുടെ എണ്ണം തിട്ടപ്പെടുത്താൻ കഴിയാത്തത്രയാണ്. കുറേ പേരെ നിർബന്ധിച്ച് ക്രിസ്തുമതത്തിലേക്കു പരിവർത്തനം ചെയ്യിക്കുകയും ചെയ്തു. മുസ്‌ലിം സ്ത്രീകളെ പിടിച്ചുകൊണ്ടുപോയി തടവിൽ പാർപ്പിച്ച് അവരിൽ ക്രിസ്ത്യൻ സന്താനങ്ങളെ ഉൽപ്പാദിപ്പിക്കുക അവരുടെ പതിവാണ്. ആ സന്താനങ്ങൾ വലുതായിട്ട് അവരെക്കൊണ്ട് മുസ്‌ലിംകളെ ഉപദ്രവിപ്പിക്കുകയും അവരോട് യുദ്ധം ചെയ്യിക്കുകയുമാണ് ഇതിന്റെ പിന്നിലെ അവരുടെ ലക്ഷ്യം.

ഈ പുസ്തകത്തിന് 'തുഹ്ഫത്തുൽ മുജാഹിദീൻ ഫീ ബഅ്സി അഖ്ബാരിൽ ബുൽത്തുഗാലിയ്യീൻ'(പോരാളികൾക്ക് പോർച്ചുഗീസുകാരുടെ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു പാരിതോഷികം) എന്നാണ് ഞാൻ നാമകരണം ചെയ്തിരിക്കുന്നത്. പോർച്ചുഗീസുകാർ ഇന്നാട്ടിൽ ചെയ്തുകൂട്ടിയ ക്രൂരകൃത്യങ്ങളിൽ ഏതാനും ചിലതിന്റെ വിവരണം ഇതിന്റെ പ്രതിപാദ്യമാണ്. കൂടാതെ, മലബാറിൽ ഇസ്‌ലാം മതം പ്രവേശിച്ചതിന്റെയും പ്രചരിച്ചതിന്റെയും ചരിത്രം, ജിഹാദിനെ സംബന്ധിച്ചുള്ള ചില നിർദ്ദേശങ്ങളും ഖുർആനും നബിചര്യയും അതിനു നൽകുന്ന പ്രാധാന്യവും, മലബാറിലെ ഹിന്ദുക്കളുടെ വിചിത്രമായ ചില സമ്പ്രദായങ്ങൾ എന്നിവയും ഉള്ളടക്കത്തിൽപ്പെടുന്നു.

ഭരണാധികാരികളിൽ അതിവിശിഷ്ടനും രാജാക്കന്മാരിൽ അത്യാദരണീയനും സത്യനിഷേധികളോടുള്ള യുദ്ധം ആനന്ദമായെടുക്കുന്നവനും യുദ്ധം ചെയ്ത് അല്ലാഹുവിന്റെ വചനത്തെ ഉയർത്തിക്കാണിക്കുന്നത് അലങ്കാരമായി ഗണിക്കുന്നവനുമായ സുൽത്താൻ അലി ആദിൽശായ്ക്ക് ഒരു തിരുമുൽക്കാഴ്ചയായിട്ടാണ് ഞാൻ ഈ പുസ്തകം സമർപ്പിക്കുന്നത്."[14]

അല്ലാഹുവിന്റെ സേവകരെ സേവിക്കാനായി തന്റെ ഉൽകൃഷ്ട ദേഹത്തെ ഉഴിഞ്ഞിടുകയും അല്ലാഹുവിന്റെ ശത്രുക്കളെ നശിപ്പിക്കാൻ നിശ്ചയദാർഢ്യത്തോടെ പൊരുതുകയും ചെയ്യുന്ന മഹാനാണ് സുൽത്താൻ അലി ആദിൽശാ. അദ്ദേഹം മതത്തെ ജീവിപ്പിക്കുന്നു.

അവിശ്വാസത്തെയും ദുർമാർഗ്ഗത്തെയും ഭൂമിയിൽ നിന്ന് തുടച്ചുനീക്കാൻ പ്രയത്നിക്കുന്നു. പണ്ഡിതന്മാരെയും സജ്ജനങ്ങളെയും സ്നേഹിക്കുന്നതും ദുർബലരെയും നിരാംലബരെയും സഹായിക്കുന്നതും അദ്ദേഹം ജീവിത ലക്ഷ്യമായിട്ടാണെടുത്തിരിക്കുന്നത്. യൗവനത്തിൽ തന്നെ പ്രശസ്ത വിജയങ്ങളിലൂടെ അനശ്വര കീർത്തി സമ്പാദിച്ച സുൽത്താൻ. കാലം കടഞ്ഞെടുത്ത രാജാവ്. എന്നും അദ്ദേഹത്തിന് എമ്പാടും അസൂയാലുക്കളുണ്ടായിട്ടുണ്ട്. പക്ഷേ, അസൂയാലുക്കളുടെ എല്ലാ കുതന്ത്രങ്ങളെയും തോൽപ്പിച്ചു കൊണ്ട് അദ്ദേഹം പ്രശസ്തിയിൽ നിന്നു പ്രശസ്തിയിലേയ്ക്കുയർന്നു.

ആദിൽശായുടെ ദാനധർമ്മങ്ങൾ എമ്പാടും വാഴ്ത്തപ്പെടുന്നു. അദ്ദേഹത്തിന്റെ ഗുണമഹിമകളെക്കുറിച്ചുള്ള വാർത്തകളാലും പ്രകീർത്തനങ്ങളാലും അന്തരീക്ഷം സുരഭിലമാണ്. ആ ഗാംഭീര്യം എത്രയെത്ര പ്രതാപശാലികളെയാണ് നമ്രശിരസ്കരാക്കിയിരിക്കുന്നത്! അറബികളും അറബേതരരുമായ എല്ലാ വമ്പന്മാരും അദ്ദേഹത്തിന്റെ ശക്തിമാഹാത്മ്യങ്ങളുടെയും ആക്രമണമുന്നേറ്റങ്ങളുടെയും മുമ്പിൽ വെറും നിസ്സാരന്മാർ!

അങ്ങേയറ്റം ഉദാരമതിയാണ് സുൽത്താൻ അലി ആദിൽശാ. വിദൂര ദിക്കുകളിലെ പണ്ഡിത വരേണ്യരിലേക്ക് അദ്ദേഹത്തിന്റെ ഉദാരഹസ്തം നീളുന്നു. ഒപ്പം വലിയ ക്ഷമാലുവുമാണ്. പൂർവ്വികരായ ചില തത്ത്വദർശികളുടെ ക്ഷമാശീലം വിശ്രുതമാണ്. അതിനെയെല്ലാം കവച്ചുവയ്ക്കുന്നതാണ് സുൽത്താന്റെ ക്ഷമാശീലം.

വിജയങ്ങളുടെ ഒട്ടേറെ ചരിത്രങ്ങൾ സുൽത്താനെക്കുറിച്ച് പറയാനുണ്ട്. എന്നാൽ ജേതാവായ സുൽത്താൻ കളങ്കമേശാത്ത കർമ്മയോഗി കൂടിയാണ്. അദ്ദേഹത്തിന്റെ യുദ്ധ വിജയങ്ങളെക്കുറിച്ചുള്ള ഗീതങ്ങൾ ഗ്രാമങ്ങളിലും പട്ടണങ്ങളിലും വിശ്രുതമാണ്. അദ്ദേഹത്തിന്റെ സ്വഭാവ വിശേഷങ്ങളും ഗുണമഹിമകളുമാകട്ടെ എല്ലാ ഭൂഖണ്ഡങ്ങളിലും പ്രസിദ്ധവുമാണ്.

സത്യവിരോധികളെയും അസാന്മാർഗ്ഗികളെയും ഉന്മൂലനം ചെയ്യുന്നതിനു വേണ്ടി സുൽത്താൻ കഠിനമായി പരിശ്രമിക്കുന്നു. നീതിയുടെയും നന്മയുടെയും കൊടിക്കൂറകൾ അദ്ദേഹത്തിന്റെ രാജ്യത്തിലുടനീളം പാറിക്കളിക്കുന്നു. ഔദാര്യാനുഗ്രഹങ്ങളുടെ ഹസ്ത

ങ്ങൾ സുൽത്താൻ തുറന്നിടുകയും ചെയ്യുന്നു. ഇതെല്ലാറ്റിനോടു മൊപ്പം ഭക്തിപാരവശ്യത്താൽ വിങ്ങിവിലപിക്കുന്ന ഒരു രാജാവ് കൂടിയാണ് ആദിൽശാ.

കിഴക്കും പടിഞ്ഞാറും ആദിൽശായുടെ ഗുണമഹത്വങ്ങൾക്കു സാക്ഷിയാണ്. മനുഷ്യനും ജിന്നും[15] അദ്ദേഹത്തിന്റെ മഹത്വങ്ങളിൽ ആകൃഷ്ടരായി അദ്ദേഹത്തിനു സേവനം ചെയ്യാൻ ആഗ്രഹിക്കുന്നു.

പണ്ഡിതന്മാരെ സ്നേഹിക്കുന്നത് ആദിൽശായുടെ പ്രകൃതിയിൽ ലീനമായ ഒരു ഗുണമാണ്. പണ്ഡിതന്മാരുടെ സ്ഥാനത്തെ ഉന്നതമായി കാണുന്നതും അവരുടെ വാക്കുകളെ വിലമതിക്കുന്നതും മതത്തിനോടുള്ള അനുസരണയായിട്ടാണ് സുൽത്താൻ മനസ്സിലാക്കുന്നത്.

ഇതാണ് സുൽത്താൻ അലി ആദിൽശാ. അദ്ദേഹത്തിന്റെ പ്രതാപം കൊണ്ട് അല്ലാഹു മതത്തിന്റെ സ്തംഭങ്ങളെ ഉയർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്യട്ടെ! അക്രമത്തിന്റെയും ദുർമാർഗ്ഗത്തിന്റെയും ശക്തികളെ അദ്ദേഹത്തെക്കൊണ്ട് അവൻ തകർക്കട്ടെ! അവരുടെ സൈന്യങ്ങളെ ശിഥിലമാക്കുകയും നശിപ്പിക്കുകയും ചെയ്യട്ടെ! കിഴക്കും പടിഞ്ഞാറുമുള്ള രാജ്യങ്ങളുടെയും കടലിന്റെയും കരയുടെയും അറബികളുടെയും അനറബികളുടെയുമെല്ലാം ആധിപത്യം അല്ലാഹു അദ്ദേഹത്തിനു നൽകട്ടെ! പ്രവാചകന്റെ(സ)യും കുടുംബത്തിന്റെയും മഹത്വം കൊണ്ട് അദ്ദേഹത്തിന്റെ ഭരണാധികാരത്തെയും അതുവഴി ലഭിക്കുന്ന നീതി, നന്മ, ഔദാര്യാനുഗ്രഹങ്ങൾ എന്നിവയെയും അല്ലാഹു മുഴുവൻ ലോകത്തിനും എന്നെന്നും ലഭ്യമാക്കട്ടെ!

ഈ പുസ്തകം നാല് ഭാഗമായും അതിൽ നാലാം ഭാഗം പതിനാല് അധ്യായമായും തിരിച്ചിരിക്കുന്നു.

ഭാഗം ഒന്ന്:	ജിഹാദിനുള്ള പ്രചോദനങ്ങളും അതിനെ സംബന്ധിച്ച ചില നിർദ്ദേശങ്ങളും.
ഭാഗം രണ്ട്:	മലബാറിലെ ഇസ്ലാം മത പ്രചരണാരംഭ ചരിത്രം.

ഭാഗം മൂന്ന്:	മലബാറിലെ ഹിന്ദുക്കളുടെ ചില വിചിത്ര സമ്പ്രദായങ്ങൾ
ഭാഗം നാല്:	പോർച്ചുഗീസുകാരുടെ മലബാറിലേയ്ക്കുള്ള വരവും തുടർന്നുള്ള ദുഷ്ട ചെയ്തികളും.
അധ്യായം ഒന്ന്:	പോർച്ചുഗീസുകാരുടെ മലബാർ പ്രവേശനം; മുസ്ലിംകളോടും സാമൂതിരിയോടും അവർക്കുണ്ടായ എതിർപ്പ്; കൊച്ചി, കണ്ണൂർ, കൊല്ലം എന്നിവിടങ്ങളിൽ കോട്ട കെട്ടിയതും ഗോവാ തുറമുഖം പിടിച്ചടക്കിയതും.
അധ്യായം രണ്ട്:	പോർച്ചുഗീസുകാർ മലബാറിൽ ചെയ്ത അക്രമങ്ങൾ.
അധ്യായം മൂന്ന്:	സാമൂതിരി പോർച്ചുഗീസുകാരുമായി സന്ധിയിൽ ഏർപ്പെട്ടതും തുടർന്ന് പോർച്ചുഗീസുകാർ കോഴിക്കോട് കോട്ട കെട്ടിയതും.
അധ്യായം നാല്:	സാമൂതിരിയും പോർച്ചുഗീസുകാരും തമ്മിലുണ്ടായ മത്സരവും കോഴിക്കോട് കോട്ട പിടിച്ചതും.
അധ്യായം അഞ്ച്:	സാമൂതിരിയും പോർച്ചുഗീസുകാരും തമ്മിൽ രണ്ടാമത് സന്ധിയുണ്ടാക്കിയതും പോർച്ചുഗീസുകാർ ചാലിയത്ത് കോട്ട കെട്ടിയതും.
അധ്യായം ആറ്:	പോർച്ചുഗീസുകാരുമായി സാമൂതിരിയുണ്ടാക്കിയ മൂന്നാം സന്ധി.

അധ്യായം ഏഴ്:	ഗുജറാത്തിലെ ബഹാദുർശാ ഇബ്നു മുസഫ്ഫർ പോർച്ചുഗീസുകാരുമായി സന്ധി ചെയ്തതും സുൽത്താൻ ചില തുറമുഖങ്ങൾ അവർക്ക് നൽകിയതും.
അധ്യായം എട്ട്:	തുർക്കി ഖലീഫ സുലൈമാൻ ശായുടെ ഈജിപ്തിലെ ഗവർണർ സുലൈമാൻ പാശ ഡ്യൂവിലും അയൽദേശങ്ങളിലും സന്ദർശനം നടത്തിയതും വിജയം കൂടാതെ മടങ്ങിയതും.
അധ്യായം ഒമ്പത്:	സാമൂതിരിയും പോർച്ചുഗീസുകാരും തമ്മിൽ നടന്ന നാലാം സന്ധി.
അധ്യായം പത്ത്:	സാമൂതിരിയും പോർച്ചുഗീസുകാരും തമ്മിൽ വീണ്ടും ഭിന്നത.
അധ്യായം പതിനൊന്ന്:	സാമൂതിരിയുടെയും പോർച്ചുഗീസുകാരുടെയുമിടയിൽ നടന്ന അഞ്ചാം സന്ധി.
അധ്യായം പന്ത്രണ്ട്:	സാമൂതിരിയുടെയും പോർച്ചുഗീസുകാരുടെയും മത്സര കാരണവും പോർച്ചുഗീസുകാരെ ആക്രമിക്കാൻ കപ്പലുകൾ പുറപ്പെട്ടതും.
അധ്യായം പതിമൂന്ന്:	ചാലിയം കോട്ട ജയിച്ചടക്കിയതും പ്രവാചകരു(സ)ടെയും കുടുംബത്തിന്റെയും മഹത്വം കൊണ്ട് മുസ്‌ലിംകളെ അല്ലാഹു സഹായിച്ചതും ഇസ്‌ലാമിന് പ്രതാപം കൈവന്നതും.
അധ്യായം പതിനാല്:	ചാലിയം കോട്ട നഷ്ടപ്പെട്ടതിനു ശേഷം പോർച്ചുഗീസുകാരുടെ സ്ഥിതി.

ഗ്രന്ഥകർത്താവ്

ഭാഗം ഒന്ന്

ജിഹാദിനുള്ള പ്രചോദനങ്ങളും അതിനെ സംബന്ധിച്ച നിർദ്ദേശങ്ങളും

അവിശ്വാസികൾ[16] അവരുടെ പ്രദേശങ്ങളിൽ തന്നെ കഴിയുന്ന അവസ്ഥയിൽ ജിഹാദ്[17] കൂട്ടായ ബാധ്യത മാത്രമാണ്. മുസ്‌ലിംകളിൽ ആരെങ്കിലും ആ കൃത്യം നിർവ്വഹിച്ചാൽ മതി, എല്ലാവരുടെയും ബാധ്യത തീരും. ആരും നിർവ്വഹിച്ചില്ലെങ്കിൽ എല്ലാവരും കുറ്റക്കാരാവുകയും ചെയ്യും.[18] എന്നാൽ അവിശ്വാസികൾ മുസ്‌ലിം പ്രദേശങ്ങളിൽ കടന്നാക്രമണം നടത്തിയാലോ? നാം ഇപ്പോൾ അത്തരം ഒരു സാഹചര്യത്തെയാണ് നേരിട്ടുകൊണ്ടിരിക്കുന്നത്. അങ്ങനെയുള്ള സാഹചര്യങ്ങളിൽ അവരോട് യുദ്ധത്തിലേർപ്പെടേണ്ടത് കഴിവുള്ളവരും പ്രായപൂർത്തിയെത്തിയവരുമായ എല്ലാ മുസ്‌ലിം സ്ത്രീ-പുരുഷന്മാരുടെയും വ്യക്തിപരമായ ബാധ്യതയാണ്.[19] അടിമയ്ക്ക്[20] യജമാനന്റെയോ ഭാര്യക്ക് ഭർത്താവിന്റെയോ അധമർണ്ണന് ഉത്തമർണ്ണന്റെയോ മക്കൾക്ക് മാതാപിതാക്കളുടെയോ സമ്മതം അതിന് ലഭിക്കേണ്ടതില്ല. ആക്രമിക്കപ്പെട്ട പ്രദേശത്തിലെ നിവാസികൾ ഒന്നടങ്കം അവിശ്വാസികളോട് പോരാട്ടത്തിലേർപ്പെടണം. അവർക്ക് പ്രതിരോധിക്കാൻ കഴിയാതെവരികയാണെങ്കിൽ അടുത്ത പ്രദേശക്കാർ അവരുടെ കൂടെ ചേർന്ന് അവിശ്വാസികളെ ചെറുക്കണം(യാത്രയിൽ നമസ്കാരം ചുരുക്കി നിർവ്വഹിക്കാൻ നിബന്ധന ചെയ്യപ്പെട്ടിട്ടുള്ള ദൂരത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന സ്ഥലമാണ് ഇവിടെ ഒരു പ്രദേശമായി ഗണിക്കപ്പെടുന്നത്)[21]. അവരെ

ക്കൊണ്ടും കഴിയില്ലെങ്കിൽ അതിനടുത്തേയ്ക്കും അപ്പുറത്തേയ്ക്കും ഈ കടമ നീണ്ടുകൊണ്ടിരിക്കും.

മുസ്‌ലിംകളുടെ പടത്തലവൻ (അമീർ) പടയാളികളുമായി യുദ്ധകാര്യങ്ങൾ കൂടിയാലോചിക്കേണ്ടതാണ്.(22) അനന്തരം അദ്ദേഹം പടയണി സജ്ജമാക്കണം. യുദ്ധംകഴിഞ്ഞതിനുശേഷം യുദ്ധാർജ്ജിത സ്വത്തുക്കൾ(23) ശേഖരിക്കേണ്ടതും വീതിക്കേണ്ടതുമെല്ലാം പടത്തലവൻ തന്നെ. വധിക്കപ്പെട്ട അവിശ്വാസിയുടെ ദേഹത്തിൽ നിന്നു ലഭിച്ച വസ്ത്രം, ബൂട്ട്സ്, അരപ്പട്ട, പണസ്സഞ്ചിയും അതിലുള്ള പണവും, വള, യുദ്ധായുധങ്ങൾ, സവാരി മൃഗവും അതിന്റെ ജീനിയും കടിഞ്ഞാണും ഇവ അയാളെ വധിച്ചയാൾക്ക് നൽകണം. അനന്തരം അഞ്ച് സമ ഓഹരികളായി യുദ്ധാർജ്ജിത സ്വത്തുക്കൾ ഭാഗിക്കണം. അവയിൽ ഒരു ഭാഗം വീണ്ടും അഞ്ചു ഭാഗങ്ങളാക്കണം. ഈ അഞ്ചിൽ ഒരു ഭാഗം അതിർത്തി ഭദ്രമാക്കൽ, കോട്ട, പാലം, പള്ളി എന്നിവയുടെ നിർമ്മാണം തുടങ്ങി മുസ്‌ലിംകളുടെ പൊതു താൽപര്യങ്ങൾക്ക് വിനിയോഗിക്കുന്നതിനും ഖാസിമാർ, ഇമാമുകൾ എന്നിവർക്ക് ശമ്പളം കൊടുക്കുന്നതിനും വേണ്ടി നീക്കിവയ്ക്കേണ്ടതാണ്.(24) രണ്ടാമത്തെ ഭാഗം ഹാശിമിന്റെയും മുത്തലിബിന്റെയും പിന്തുടർച്ചക്കാരായ പ്രവാചക(സ)ബന്ധുക്കൾക്ക് നൽകണം.(25) മൂന്നും നാലും അഞ്ചും ഭാഗങ്ങൾ അനാഥകൾ, ദരിദ്രർ(അഗതികളും), വഴിപോക്കർ എന്നിവർക്ക് വിഭജിച്ചുകൊടുക്കുകയാണ് വേണ്ടത്.

അവശേഷിക്കുന്ന നാല് പ്രധാന ഓഹരികൾ യുദ്ധത്തിൽ ആദ്യന്തം പങ്കെടുത്ത പടയാളികൾക്ക് അവകാശപ്പെട്ടതാണ്. അവരാണല്ലോ ആ സ്വത്തുക്കൾ ലഭിക്കാൻ കാരണക്കാർ.

യുദ്ധം ആരംഭിക്കുന്നതിനു മുമ്പ് പടയാളികൾ പ്രാർഥന നടത്തുകയും വിജയത്തിനായി അല്ലാഹുവിനോട് അപേക്ഷിക്കുകയും ചെയ്യേണ്ടതാണ്. ഇത് ഇച്ഛാനുസൃതം ചെയ്യേണ്ട ഒരു പുണ്യകർമ്മമാണ്. അല്ലാഹുവിൽ വിശ്വാസമർപ്പിച്ചും അവനെക്കുറിച്ചുള്ള ബോധം സദാ നിലനിറുത്തിയുമായിരിക്കണം അവർ യുദ്ധം ചെയ്യേണ്ടത്. അല്ലാഹുവാണ് എല്ലാ ഉദ്യമങ്ങളും സാധിപ്പിക്കുന്നവൻ.

യുദ്ധ മുതലിൽ എന്തെങ്കിലും ചതിയോ വിശ്വാസവഞ്ചനയോ സംഭവിച്ചുപോകാതിരിക്കാൻ എല്ലാ പടയാളികളും കരുതലോടെ പ്രവർത്തിക്കേണ്ടതാണ്. അങ്ങേയറ്റം ഭയപ്പെടേണ്ടതും കടുത്ത ശിക്ഷാമുന്നറിയിപ്പുകൾ വന്നിട്ടുള്ളതുമായ കാര്യമാണത്.(26)

മലബാറിലെ മുസ്‌ലിംകൾക്ക് അവരുടെ ക്ഷേമൈശ്വര്യങ്ങളിൽ താൽപര്യപൂർവ്വം ശ്രദ്ധിക്കുന്ന, അവരെ ഭരിക്കാൻ അധികാരമുള്ള ഒരു നേതാവ് (അമീർ) ഇല്ലെന്ന കാര്യം വ്യക്തമാണ്. അവർ അവിശ്വാസികളായ ഭരണകർത്താക്കളുടെ പ്രജകളായി കഴിയുകയാണ്. എങ്കിലും തങ്ങളുടെ മേൽ അധീശത്വം സ്ഥാപിച്ച് വാഴുന്ന അവിശ്വാസികളായ വിദേശികളോട് പൊരുതിക്കൊണ്ടു തന്നെയാണ് അവർ കഴിഞ്ഞുപോന്നിട്ടുള്ളത്. ആ പോരാട്ടത്തിൽ അവർ കഴിവിന്റെ പരമാവധി ധനം വിനിയോഗിക്കുകയും ചെയ്തു. മുസ്‌ലിം സ്നേഹിയായ സാമൂതിരിയുടെ സഹായവും അവർക്കുണ്ടായി. തുടക്കം മുതൽക്കേ സാമൂതിരി മുസ്‌ലിംകൾക്കു വേണ്ടി പണം ചെലവഴിച്ചുപോന്നു. എന്നാൽ, ശത്രുക്കൾ മുസ്‌ലിംകൾക്കു നിരന്തരമായി ആൾനാശമേൽപ്പിക്കുകയും വ്യാപാര-വാണിജ്യ രംഗങ്ങളിൽ നിന്നവരെ തുരത്തുകയും അവരുടെ വീടുകൾ തകർക്കുകയും ചെയ്തതിന്റെ ഫലമായി അവർ അങ്ങേയറ്റം ബലഹീനരായിത്തീരുകയും കൊടും ദാരിദ്ര്യത്തിലും കഷ്ടപ്പാടിലും അകപ്പെട്ട് യാതൊന്നിനും കഴിയാത്ത സ്ഥിതിയിലാവുകയും ചെയ്തു.

മുസ്‌ലിം സുൽത്താന്മാരും അമീർമാരും (അല്ലാഹു അവരിൽപ്പെട്ട സഹായികളുടെ യശസ്സ് വർദ്ധിപ്പിക്കട്ടെ!) മലബാറിലെ മുസ്‌ലിംകളുടെ കാര്യത്തിൽ തീരെ താൽപര്യമെടുത്തില്ല. വാസ്തവത്തിൽ അവരുടെ സ്വന്തം ബാധ്യതയാണ് ഈ അവിശ്വാസികളോട് യുദ്ധത്തിലേർപ്പെടേണ്ടത്. ഏതെങ്കിലുമൊരു സുൽത്താൻ ഈ അവിശ്വാസികളെ നേരിടാനും മലബാറിൽ നിന്നവരെ ആട്ടിപ്പുറത്താക്കാനും അവർ കൈവശപ്പെടുത്തി തങ്ങളുടെ ഭരണത്തിൻ കീഴിൽ വച്ചിട്ടുള്ള തുറമുഖങ്ങൾ വിമോചിപ്പിച്ചെടുക്കാനും വേണ്ടി സമ്പത്തും അനുയോജ്യമായ സജ്ജീകരണങ്ങളുമായി രംഗത്തുവരികയാണെങ്കിൽ അദ്ദേഹം സൗഭാഗ്യവാനും അല്ലാഹുവിന്റെ സഹായത്തിനും പിന്തുണയ്ക്കും അർഹനുമായിരിക്കും. കാരണം അല്ലാ

ഹുവിന്റെ ഒരു കൽപന ശിരസാവഹിച്ചുകൊണ്ട് തന്റെ ധാർമിക മായ കടമ നിർവ്വഹിക്കുന്നതിനോടൊപ്പം മുഴുവൻ മുസ്‌ലിംകളെയും മഹാപാപത്തിൽ നിന്ന് വിമുക്തരാക്കുക കൂടിയാണ് ആ മഹൽകൃത്യം വഴി അദ്ദേഹം ചെയ്യുന്നത്.(28) തന്മൂലം അല്ലാഹുവിന്റെയും മലക്കുകളുടെയും(29) പ്രവാചകന്മാരുടെയും 'വലി'കളുടെയും(30) സംതൃപ്തിയും കിഴക്കും പടിഞ്ഞാറുമുള്ള മുഴുവനാളുകളുടെയും അളവറ്റ പ്രശംസയും നേടുവാൻ അദ്ദേഹത്തിന് കഴിയും. പരലോകത്ത് കണക്കില്ലാത്ത പ്രതിഫലവും ലഭിക്കും. സമൂഹത്തിലെ ബലഹീനരും ദരിദ്രരും അഗതികളും അല്ലാഹുവിന്റെ സജ്ജനങ്ങളായ മറ്റു ദാസരും അദ്ദേഹത്തിനുവേണ്ടി ആത്മാർത്ഥമായി പ്രാർത്ഥിക്കും. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ജിഹാദ് ചെയ്യുന്നതിനും ധനം ചെലവഴിക്കുന്നതിനും ലഭിക്കുന്ന പ്രതിഫലത്തിനു പുറമെ മർദ്ദിതരെ അവരഭിമുഖീകരിക്കുന്ന ക്ലേശത്തിൽ നിന്ന് രക്ഷിച്ചതിനുള്ള പ്രതിഫലം കൂടി അദ്ദേഹത്തിന് കരസ്ഥമാകും. "ആരെങ്കിലും ഒരു വിശ്വാസിയുടെ ഐഹികമായ ഒരു ക്ലേശം അകറ്റിക്കൊടുത്താൽ ഉയിർപ്പുനാളിന്റെ ഒരു ക്ലേശം അല്ലാഹു അയാളിൽ നിന്ന് അകറ്റു"മെന്ന് പ്രവാചകർ(സ) അരുളിയിട്ടുള്ളതായി ഇമാം മുസ്‌ലിം(റ) രേഖപ്പെടുത്തിയിരിക്കുന്നു.(31)

ഒരു വിശ്വാസിയുടെ നിസ്സാരമായ ഒരു ക്ലേശമെങ്കിലും അകറ്റുന്നതിനുള്ള പ്രതിഫലമാണിത്. എങ്കിൽ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം വെട്ടി നിരവധി ബലഹീനരുടെ ഭീമമായ ക്ലേശങ്ങൾ അകറ്റി അവർക്കാശ്വാസം നൽകുന്നതിനുള്ള പ്രതിഫലം എത്ര മഹത്തരമായിരിക്കും! സുബ്ഹാനല്ലാഹ്, അല്ലാഹുവിനല്ലാതെ മറ്റാർക്കും അത് വിലയിരുത്താൻ കഴിയില്ല! മർദ്ദിതരുടെ വിമോചനത്തിനു വേണ്ടിയുള്ള ജിഹാദിനെക്കുറിച്ച് അല്ലാഹു വിശുദ്ധ ഗ്രന്ഥത്തിൽ പ്രത്യേകം പറഞ്ഞിരിക്കുന്നു. "അല്ലാഹുവിന്റെയും മർദ്ദിതരായ പുരുഷന്മാർ, സ്ത്രീകൾ, കുട്ടികൾ എന്നിവരുടെയും മാർഗ്ഗത്തിൽ നിങ്ങളെന്താണ് യുദ്ധം ചെയ്യാത്തത്?"(32) എന്ന് അല്ലാഹു ചോദിക്കുന്നു.

ജിഹാദിന്റെയും അതിനുവേണ്ടി പണം ചെലവഴിക്കുന്നതിന്റെയും കാവലിരിക്കുന്നതിന്റെയും രക്തസാക്ഷിത്വം വരിക്കുന്നതിന്റെയും

ഗുണമഹിമകൾ വർണ്ണിക്കുന്ന അനേകം ഖുർആൻ സൂക്തങ്ങളും പ്രവാചക മൊഴികളുമുണ്ട്. ചിലത് കാണുക.

അല്ലാഹു പറയുന്നു: "നിങ്ങൾക്ക് യുദ്ധം അരോചകമായിരിക്കെത്തന്നെ അത് വിധിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾക്ക് ഗുണകരമായ ഒരു കാര്യം അരോചകമാവാം. ദോഷകരമായത് ഇഷ്ടകരവുമാവാം. അല്ലാഹു അറിയുന്നു. നിങ്ങൾ അറിയുന്നില്ല".[33]

"അല്ലാഹു വിശ്വാസികളിൽ നിന്ന് അവരെയും അവരുടെ ധനത്തെയും സ്വർഗ്ഗത്തിനു പകരം വാങ്ങിയിരിക്കുന്നു. അവർ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം വെട്ടി കൊല്ലുകയും കൊല്ലപ്പെടുകയും ചെയ്യുന്നു. അല്ലാഹുവിന്റെ ബാധ്യതയിലുള്ള വാഗ്ദാനമാണിത്. ഇത് സത്യമാണ്. തൗറാത്തിലും ഇഞ്ചീലിലും ഖുർആനിലും ഇതുണ്ട്. അല്ലാഹുവിനേക്കാൾ കരാറ് പാലിക്കുന്നവൻ ആര്? അതിനാൽ നിങ്ങൾ അല്ലാഹുവുമായി ഏർപ്പെട്ടിട്ടുള്ള ഈ കച്ചവടത്തിൽ ആഹ്ലാദിക്കുവിൻ. അതാണ് മഹാനേട്ടം.[34]

"അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമ്പത്ത് ചെലവഴിക്കുന്നവരുടെ സ്ഥിതി ഏഴ് കതിരിടുന്ന, ഓരോ കതിരിലും നൂറ് മണികളുണ്ടാകുന്ന ഒരു വിത്തിന്റേതു പോലെയാണ്. അല്ലാഹു അവനിച്ഛിക്കുന്നവർക്ക് പെരുക്കിക്കൊടുക്കുന്നു. അല്ലാഹു വിശാലതയുള്ളവനും സർവ്വജ്ഞനുമാണ്."[35]

"അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊല്ലപ്പെട്ടവരെ മരിച്ചവരായി കണക്കാക്കരുത്. അവർ അവരുടെ നാഥന്റെയടുക്കൽ ജീവിച്ചിരിക്കുന്നവരാണ്. അവർക്ക് ആഹാരം ലഭിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു അവർക്ക് നൽകിയ അനുഗ്രഹങ്ങളിൽ സന്തുഷ്ടരാണവർ. തങ്ങളോടൊപ്പം എത്താതെ തങ്ങൾക്കു പിന്നിൽ ഇഹലോകത്തിൽ അവശേഷിച്ചവരെ സംബന്ധിച്ചും അവർക്ക് സന്തോഷമേയുള്ളൂ; അവർക്ക് ഭയപ്പെടാനോ ദു:ഖിക്കാനോ യാതൊന്നുമില്ലെന്നോർത്ത്."[36]

അബൂഹുറൈറ(റ)യെ[37] ഉദ്ധരിച്ചുകൊണ്ട് ബുഖാരി(റ)യും മുസ്ലിമും(റ) അവരുടെ 'സ്വഹീഹ്'[38]കളിൽ രേഖപ്പെടുത്തുന്നു: "ഏതാണ് ഏറ്റവും നല്ല നടപടിയെന്ന് ദൈവദൂതരോട് (സ) ചോദി

ച്ചതിന് അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുക' എന്ന് അവിടുന്ന് മറുപടി നൽകി. അത് കഴിഞ്ഞാൽ പിന്നെയെന്ത് എന്ന് ചോദിച്ചപ്പോൾ അവിടുന്ന് പറഞ്ഞു: 'അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ജിഹാദ്'. പിന്നെയോ? ചോദ്യം തുടർന്നു. 'കുറ്റമറ്റ ഹജ്ജ്'. അവിടുന്ന് പ്രതിവചിച്ചു.[39]

ബുഖാരി(റ)യും മുസ്‌ലിമും(റ) വീണ്ടും അബൂഹുറൈറ(റ)യെ ഉദ്ധരിക്കുന്നു: "ദൈവദൂതർ(സ) പറഞ്ഞു: അല്ലാഹുവിലും അവന്റെ ദൂതരിലുമുള്ള വിശ്വാസത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ട് വിശുദ്ധ യുദ്ധത്തിന്(ജിഹാദ്)[40] പുറപ്പെട്ടവന് ഏത് നിലയിലും നേട്ടമേ ഉണ്ടാകൂ. മടങ്ങുമ്പോൾ പ്രതിഫലത്തിന് അർഹനായിട്ടായിരിക്കും മടങ്ങുന്നത്. പലപ്പോഴും യുദ്ധമുതൽ നേടിയിട്ടുമുണ്ടാകും. ഇനി മടങ്ങുകയല്ല മരിക്കുകയാണെങ്കിലോ സ്വർഗ്ഗം ഉറപ്പാണ്. ഇത് അല്ലാഹുവിന്റ നിശ്ചയമാണ്."

ദൈവദൂതർ(സ) ഇങ്ങനെ പറഞ്ഞതായി അബൂഹുറൈറ(റ)യുടെ മറ്റൊരു നിവേദനത്തിൽ വന്നിരിക്കുന്നു: "എന്റെ ജീവൻ ആരുടെ കൈയിലാണോ സ്ഥിതി ചെയ്യുന്നത് അവന്റെ നാമത്തിൽ ഞാൻ ആണയിട്ടു പറയട്ടെ, ഞാൻ ഈ പട്ടണം വിട്ടാൽ വിശ്വാസികളിൽ ചിലയാളുകൾക്ക് ഇവിടെ നിൽക്കുന്നത് ഇഷ്ടമില്ലാതാവുകയും അവരെ ഇവിടെ പിടിച്ചുനിറുത്താൻ എന്റെ വശം പ്രേരണകളില്ലാതാവുകയും ചെയ്യുന്നുവെന്ന അവസ്ഥ മാറിക്കിട്ടിയാൽ അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ഒരൊറ്റ സൈനികനീക്കത്തിൽ നിന്നും ഞാൻ വിട്ടുനിൽക്കുകയില്ല. എന്റെ ജീവൻ ആരുടെ കൈയിലാണോ സ്ഥിതി ചെയ്യുന്നത് അവന്റെ നാമത്തിൽ ഞാൻ വീണ്ടും ആണയിട്ടു പറയുന്നു, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊല്ലപ്പെടട്ടെയെന്നും വീണ്ടും ജീവിപ്പിക്കപ്പെട്ട് പിന്നെയും കൊല്ലപ്പെടട്ടെയെന്നും വീണ്ടും വീണ്ടും ഇത് ആവർത്തിക്കപ്പെട്ടുകൊണ്ടിരിക്കട്ടെയെന്നുമാണ് എന്റെ ആഗ്രഹം."[41]

അബൂഹുറൈറ(റ)യുടെ മറ്റൊരു നിവേദനം ഇങ്ങനെയാണ്: "ദൈവദൂതർ(സ) പറഞ്ഞു: 'അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധത്തിന് പോകുന്ന പോരാളി യുദ്ധം കഴിഞ്ഞ് തിരിച്ചെത്തുന്നത് വരെ, നമസ്കാരത്തിലും വ്രതത്തിലും ദൈവിക വചനങ്ങളുടെ പാരായ

വിൽ വിശ്വാസമർപ്പിക്കുകയും അവന്റെ വാഗ്ദാനം പുലരുന്നത് ആത്മാർത്ഥമായി പ്രതീക്ഷിക്കുകയും ചെയ്യുന്ന വ്യക്തി അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള യുദ്ധത്തിനുപയോഗിക്കാൻ വേണ്ടി കെട്ടിയിട്ട കുതിരയുടെ തീറ്റയും കുടിയും വിസർജ്യവുമെല്ലാം ഉയിർപ്പുനാളിൽ അയാൾക്കനുകൂലമായി തുലാസിൽ തൂങ്ങും."(60)

അബൂഹുറൈറ(റ)യെ ഉദ്ധരിച്ചുകൊണ്ട് മുസ്‌ലിം(റ) രേഖപ്പെടുത്തുന്നു: "പ്രവാചകർ(സ) പറഞ്ഞു: 'യുദ്ധം ചെയ്യാതെ, ഒരിക്കലും അത് മനസ്സിൽ വിചാരിക്കുക പോലും ചെയ്യാതെ, ആരെങ്കിലും മരിച്ചാൽ ഒരു തരം കാപട്യത്തോടു കൂടിയുള്ള മരണമായിരിക്കും അയാളുടേത്."(61)

വീണ്ടും അബൂഹുറൈറ(റ): "പ്രവാചകർ (സ) പറഞ്ഞു: "ഒരവിശ്വാസിയും അയാളുടെ ഘാതകനും ഒരുമിച്ച് നരകത്തിൽ കടക്കുകയില്ല."(62)

അബൂഹുറൈറ(റ) വീണ്ടും: "പ്രവാചകർ (സ) പറഞ്ഞു: 'ഏറ്റവും നല്ല ഒരു ജീവിതം അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കുതിരയുടെ കടിഞ്ഞാൺ കൈയിലേന്തുന്നവന്റേതാണ്. മരണത്തെ ലക്ഷ്യമാക്കി, അല്ലെങ്കിൽ കൊല്ലാൻ വിചാരിച്ച് ശബ്ദകോലാഹലങ്ങൾ കേൾക്കുന്നിടത്തേയ്ക്കെല്ലാം അയാൾ കുതിരപ്പുറത്ത് പാഞ്ഞെത്തുന്നു. മറ്റൊന്ന് ഈ കുന്നിൻ പുറങ്ങളിലോ താഴ്‌വരകളിലോ ആടുമേയ്ച്ച് നമസ്കാരം നിലനിറുത്തിയും സകാത്ത്‌വിഹിതം അവകാശികൾക്കെത്തിച്ചുകൊടുത്തും അല്ലാഹുവിനെ ആരാധിച്ച് മരണം വരെ കഴിയുന്ന ഒരാളുടെ ജീവിതമാണ്. ഇത്തരക്കാർ നല്ലവരേ ആകൂ."(63)

ജാബിർ ഇബ്നു സമുറ(റ):(64) "പ്രവാചകർ (സ) പറഞ്ഞു: 'ഈ മതം നിലനിൽക്കുകതന്നെ ചെയ്യും. ലോകാന്ത്യം വരെ ഇതിനു വേണ്ടി പടപൊരുതാൻ മുസ്‌ലിംകളുടെ ഒരു സംഘം ഉണ്ടായിക്കൊണ്ടിരിക്കും."(65)

ദൈവദൂതർ(സ) ഇപ്രകാരം പറയുന്നത് താൻ കേട്ടിട്ടുണ്ടെന്ന് പേർഷ്യക്കാരൻ സൽമാൻ(റ)(66) പ്രസ്താവിക്കുന്നു: "ശത്രു സൈന്യത്തിനെതിരിൽ ഒരു രാവും ഒരു പകലും കാവൽ നിൽക്കുന്നത് ഒരു മാസം പകൽ വ്രതാനുഷ്ഠാനത്തിലും രാത്രി നമസ്കാരത്തിലും

കഴിയുന്നതിനേക്കാൾ ഉത്തമമാകുന്നു. അതിനിടയിൽ അയാൾ മരണപ്പെടുകയാണെങ്കിൽ താൻ ഏർപ്പെട്ട ആ കൃത്യം അതിന്റെ പരിപൂർണ്ണതയിലെത്തിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ ലഭിക്കുമായിരുന്ന പദവി തന്നെ അയാൾക്ക് ലഭിക്കും. അയാൾക്ക് വിഭവം സുനിശ്ചിതമാണ്. എല്ലാവിധ കഷ്ടതകളിൽ നിന്നും അയാൾ വിമുക്തനുമാണ്."[67]

ഉഖ്ബത്ത് ഇബ്നു ആമിർ(റ):[68] "ഒരിക്കൽ ദൈവദൂതർ(സ) പ്രസംഗ മണ്ഡപത്തിൽ നിന്നുകൊണ്ട് ഇപ്രകാരം പറയുന്നത് കേട്ടു: 'നിങ്ങൾ ശത്രുക്കൾക്കെതിരിൽ കഴിവിൻ പടി ശക്തിസജ്ജീകരണങ്ങൾ ചെയ്യുക. നോക്കൂ, അസ്ത്ര വിദ്യയാണ് ശക്തി. അസ്ത്ര വിദ്യയിലടങ്ങിയ ശക്തി നിങ്ങൾ മനസ്സിലാക്കുക. അറിയുക, അസ്ത്ര വിദ്യയാകുന്നു ശക്തി." "അസ്ത്ര വിദ്യ അഭ്യസിച്ചിട്ട് പിന്നീടത് ഉപേക്ഷിച്ചവൻ നമ്മുടെ കൂട്ടത്തിൽ പെട്ടവനേ അല്ല" എന്ന് ദൈവദൂതർ(സ) പറയുന്നത് കേട്ടത് ഉഖ്ബത്ത് ഇബ്നു ആമിർ (റ) തന്നെ വേറൊരിടത്ത് വെളിപ്പെടുത്തിയിട്ടുണ്ട്.[69]

അബൂമസ്ഊദ് അൽ അൻസാരി(റ): [70]"ഒരിക്കൽ കടിഞ്ഞാണിട്ട ഒരു പെണ്ണൊട്ടകത്തെയും കൊണ്ട് ഒരാൾ പ്രവാചകരു(സ)യുടെ സന്നിധിയിൽ വന്ന് ഇങ്ങനെ പറഞ്ഞു: 'ഇതിനെ ഞാൻ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമർപ്പിക്കുന്നു'. പ്രവാചകർ(സ) അയാളോട്: 'കടിഞ്ഞാൺ സഹിതം എഴുന്നൂറ് പെണ്ണൊട്ടകങ്ങൾ ഉയിർപ്പുനാളിൽ ഇതിന് താങ്കൾക്ക് ലഭിക്കും."[71]

താഴെ പറയുന്ന ഖുർആൻ വാക്യത്തിന്റെ പൊരുൾ എന്താണെന്ന് അബ്ദുല്ലാ ഇബ്നു മസ്ഊദി(റ)[72]നോട് ചോദിച്ച കാര്യം മസ്റൂഖ്(റ)[73]അനുസ്മരിക്കുന്നു:

"അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊല്ലപ്പെട്ടവരെ മരിച്ചവരായി കണക്കാക്കരുത്. അവർ അവരുടെ നാഥന്റെയടുക്കൽ ജീവിച്ചിരിക്കുന്നവരാണ്. അവർക്ക് ആഹാരം ലഭിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു നൽകിയ അനുഗ്രഹങ്ങളിൽ സന്തുഷ്ടരാണവർ. തങ്ങളോടൊപ്പം എത്താതെ തങ്ങൾക്കു പിന്നിൽ ഇഹലോകത്ത് അവശേഷിച്ചവരെ സംബന്ധിച്ചും അവർക്ക് സന്തോഷമേയുള്ളൂ.

അവർക്ക് ഭയപ്പെടാനോ, ദുഃഖിക്കാനോ യാതൊന്നുമില്ലെന്നോർത്ത്.”

അബ്ദുല്ലാ ഇബ്നു മസ്ഊദ്(റ) ഇത് സംബന്ധിച്ച് തനിക്ക് പ്രവാചകരി(സ)ൽ നിന്ന് കിട്ടിയ വിവരം ഇങ്ങനെ വെളിപ്പെടുത്തി: “അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊല്ലപ്പെട്ടവരുടെ ആത്മാക്കൾ ഹരിത വർണ്ണത്തിലുള്ള പക്ഷികളുടെ ശരീരാകൃതിയണിഞ്ഞ് സ്വർഗ്ഗത്തിൽ യഥേഷ്ടം പറന്നുല്ലസിക്കുകയാണ്. അവർക്കു വേണ്ടി ദൈവികസിംഹാസനത്തിൽ നിന്ന് ചില ദീപങ്ങൾ തൂക്കിയിട്ടിട്ടുണ്ട്. അവർ ആ ദീപങ്ങൾക്കു ചുറ്റും ഒരുമിച്ചുകൂടുന്നു. അല്ലാഹു അവർക്ക് പ്രത്യക്ഷനായി നിങ്ങൾക്കെന്തെങ്കിലും ആശകളുണ്ടോ എന്ന് ചോദിക്കുന്നു. ‘ഞങ്ങൾക്കിനി എന്താശയാണ്, ഞങ്ങൾ സ്വർഗ്ഗത്തിലാണല്ലോ, ഇവിടെ ഞങ്ങൾ യഥേഷ്ടം കഴിയുന്നു’. അവർ മറുപടി പറയുന്നു. ഇത് മൂന്ന് പ്രാവശ്യം ആവർത്തിക്കുന്നു. ഒടുവിൽ എന്തെങ്കിലും ചോദിച്ചെങ്കിലേ അല്ലാഹു വിടുകയുള്ളൂവെന്ന് കാണുമ്പോൾ അവർ ഇപ്രകാരം ആവശ്യപ്പെടുന്നു: ‘നാഥാ, നിന്റെ മാർഗ്ഗത്തിൽ ഒന്ന് കൂടി കൊല്ലപ്പെടുന്നതിനുവേണ്ടി ഞങ്ങളുടെ ആത്മാക്കളെ വീണ്ടും ശരീരത്തിലേക്ക് തിരിച്ചയയ്ക്കണമെന്ന ഒരാഗ്രഹമാണ് ഞങ്ങൾക്കുള്ളത്’. പരിഗണനീയമായ ആവശ്യങ്ങളൊന്നും അവർക്കുന്നയിക്കാനില്ലാത്തതിനാൽ അല്ലാഹു അവരെ വിട്ട് അപ്രത്യക്ഷനാകുന്നു.”(74)

അബ്ദുല്ലാ ഇബ്നു അമ്റ് ഇബ്നുൽ ആസ്(റ): “പ്രവാചകർ(സ) പ്രസ്താവിച്ചു: ‘അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊല്ലപ്പെടുന്നത് കടമല്ലാത്ത മറ്റെന്തിൽ നിന്നും വിമുക്തി നൽകും.”

തിരുദൂതരും(സ) അനുചരന്മാരും ബഹുദൈവവാദികളെ ബദ്റിൽ നേരിട്ട രംഗം അനസ് (റ) വിവരിക്കുന്നു: “തിരുദൂതർ(സ) അനുചരന്മാരോട് പറഞ്ഞു: ‘സ്വർഗ്ഗത്തിലേക്ക് എഴുന്നേൽപിൻ, ആകാശഭൂമികളോളം വിസ്തൃതമാണത്.”(77)

‘ഭേഷ്! ഭേഷ്!’ ഉമൈർ ഇബ്നു ഹുമാം(റ) ഉച്ചത്തിൽ പറഞ്ഞു. ‘എന്താണ് താങ്കൾ ഭേഷ് ഭേഷ് പറയുന്നത്?’ തിരുദൂതർ(സ) ചോദിച്ചു. ‘അല്ലാഹുവിന്റെ ദൂതരേ, മറ്റൊന്നുകൊണ്ടുമല്ല, ഞാൻ സ്വർഗ്ഗവാസികളിൽ ഒരുവനാകുമല്ലോ എന്ന പ്രതീക്ഷ കൊണ്ട്’,

അയാൾ പറഞ്ഞു. 'അതെ താങ്കൾ തീർച്ചയായും അതിനർഹതയുള്ളവൻ തന്നെ'. തിരുദൂതർ(സ) പ്രതിവചിച്ചു. അയാൾ സഞ്ചിയിൽ നിന്ന് കാരക്കയെടുത്ത് തിന്നുകയായിരുന്നു. തിരുദൂതരു(സ)ടെ ഈ വാക്ക് കേട്ടപ്പോൾ അയാൾ കാരക്ക മുഴുവൻ എറിഞ്ഞു. 'ഈ കാരക്ക തിന്നു തീർക്കുന്നത് വരെ എനിക്കിവിടെ ജീവിക്കാൻ കഴിയുമെങ്കിലും അത്രയും സമയം എന്നെ സംബന്ധിച്ചിടത്തോളം ദീർഘമായ ഒരു ജീവിത സമയമാണ്' എന്ന് പറഞ്ഞുകൊണ്ടാണ് അയാൾ അതെറിഞ്ഞത്. അങ്ങനെ ശത്രുവിനോട് പടവെട്ടി വധിക്കപ്പെട്ടു."[78]

ദൈവദൂതർ(സ) പറഞ്ഞതായി ഫുളാലത്ത് ഇബ്നു ഉബൈദി(റ)[79]ൽ നിന്ന് തിർമുദി(റ)യും അബൂദാവൂദും(റ) ഉദ്ധരിക്കുന്നു: "എല്ലാവരുടെയും കർമ്മം മരിക്കുന്നതിനോടു കൂടി അവസാനിക്കുന്നു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ശത്രുവിനെതിരിൽ കാവലിരുന്നു മരിക്കുന്നയാളുടെതൊഴികെ. അയാളുടെ കർമ്മം ലോകാന്ത്യം വരെ വളർന്നുകൊണ്ടേയിരിക്കും. ഖബറിലെ കഷ്ടപ്പാടുകളിൽ നിന്ന് അയാൾ സുരക്ഷിതനുമാണ്."

പ്രവാചകർ(സ) പ്രസ്താവിച്ചതായി അബൂഉമാമ(റ)[80]യെ ഉദ്ധരിച്ചുകൊണ്ട് അബൂദാവൂദ്(റ) രേഖപ്പെടുത്തുന്നു: "യുദ്ധം ചെയ്യുകയോ, ഒരു യോദ്ധാവിനെയെങ്കിലും ഒരുക്കി അയക്കുന്നതിൽ സഹകരിക്കുകയോ, യോദ്ധാവിന്റെ അഭാവത്തിൽ അയാളുടെ കുടുംബത്തിന് ഉത്തമമായ സേവനം ചെയ്തുകൊടുക്കുകയോ ഒന്നും ചെയ്യാത്ത ഒരാളുണ്ടെങ്കിൽ ഉയിർപ്പുനാളിന് മുമ്പ് ഇഹലോകത്തിൽ വെച്ച് തന്നെ അയാളെ ദൈവകോപം ബാധിക്കുന്നതാണ്."[81]

ഇമ്രാൻ ഇബ്നു ഹുസൈൻ(റ)[82]: പ്രവാചകർ (സ) അരുളി: "സത്യത്തിനുവേണ്ടി പോരാടുകയും എതിരാളിയുടെ മുമ്പിൽ ഉയർന്നുനിൽക്കുകയും ചെയ്യുന്ന ഒരു കൂട്ടം അനുയായികൾ എന്നും എനിക്കുണ്ടാകും. ഒടുവിൽ ദജ്ജാലിനെ കൊല്ലുന്നത് വരെ."[83]

ദൈവദൂതർ(സ) പറഞ്ഞതായി ഇബ്നു അബ്ബാസി(റ)നെ[84] ഉദ്ധരിച്ചുകൊണ്ട് തിർമുദി(റ) രേഖപ്പെടുത്തുന്നു: "രണ്ടു തരം കണ്ണു

കളെ നരകാഗ്നി ബാധിക്കുകയില്ല. അല്ലാഹുവിനോടുള്ള ഭക്തിയാൽ കരയുന്ന കണ്ണുകൾ; അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കാവലിരിക്കുന്ന കണ്ണുകൾ."[85]

അബൂഹുറൈറ(റ): "ഒരു സ്വഹാബി പർവ്വതത്തിന്റെ താഴ്‌വരയിൽ കൂടി സഞ്ചരിക്കുമ്പോൾ സ്ഫടികം പോലെ തെളിഞ്ഞ വെള്ള മൊഴുകുന്ന ഒരരുവി കണ്ടു. അതിൽ ആകൃഷ്ടനായ അയാൾ ജനങ്ങളിൽ നിന്ന് വിട്ടുമാറി ആ പ്രദേശത്തു ചെന്ന് താമസിക്കാൻ മോഹിച്ചു. ഈ വിവരം തിരുദൂതരോട്(സ) പറഞ്ഞപ്പോൾ അവിടുന്ന് ഇങ്ങനെയാണ് പ്രതികരിച്ചത്: 'വേണ്ട, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധത്തിന് പുറപ്പെടുന്നത് വഴി ഒരാൾക്ക് നേടാൻ കഴിയുന്ന സ്ഥാനം വീട്ടിലിരുന്ന് എഴുപത് കൊല്ലം നമസ്കരിക്കുന്നതിലേറെ മഹത്തരമാണ്. അല്ലാഹു നിങ്ങളുടെ പാപം പൊറുത്ത് നിങ്ങളെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നത് നിങ്ങൾക്കഭികാമ്യമല്ലേ? അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പൊരുതൂ. കറന്ന ഒട്ടകം ചുരത്താനെടുക്കുന്നത്ര സമയം ഒരാൾ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്താൽ അയാൾക്ക് സ്വർഗ്ഗം ഉറപ്പാണ്."[86]

തിർമുദി(റ)യും നസാഈ(റ)യും അബൂഹുറൈറ(റ)യെ ഉദ്ധരിച്ചെഴുതുന്നു: "ദൈവദൂതർ(സ) പറഞ്ഞു: 'ഒരാൾക്ക് ഒരു ദംശനമേറ്റാലുണ്ടാകുന്ന വേദന മാത്രമേ രക്തസാക്ഷി കൊല്ലപ്പെടുമ്പോൾ അനുഭവിക്കുന്നുള്ളൂ."[87]

ഹറാം ഫാത്തിക്ക്(റ):[88] "പ്രവാചകർ(സ) പറഞ്ഞു: 'അല്ലാഹുവിന്റെ മാർഗ്ഗത്തിൽ സമ്പത്ത് ചെലവഴിച്ചയാളുടെ പേരിൽ എഴുന്നൂറിരട്ടി പെരുക്കിയാണ് അത് രേഖപ്പെടുത്തുക."[89]

പ്രവാചകർ(സ) അരുൾ ചെയ്തതായി അലി,[90] അബുദ്ദർദ[91], അബൂഹുറൈറ, അബൂ ഉമാമ, അബ്ദുല്ലാ ഇബ്നു ഉമർ[92], ജാബിർ ഇബ്നു അബ്ദില്ല, ഇമ്രാൻ ഇബ്നു ഹുസൈൻ(റ) എന്നിവരെ ഉദ്ധരിച്ചുകൊണ്ട് ഇബ്നുമാജ(റ) രേഖപ്പെടുത്തുന്നു: "അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള യുദ്ധത്തിലേക്ക് സംഭാവന അയച്ചുകൊടുത്ത് വീട്ടിലിരിക്കുന്ന വ്യക്തിക്ക് അയാൾ നൽകിയ ഓരോ നാണയത്തിനും എഴുനൂറ് നാണയം പകരം കിട്ടും. സമ്പത്ത് ചെലവഴിക്കുന്നതിനോടൊപ്പം യുദ്ധത്തിൽ പങ്കു വഹിക്കുക കൂടി ചെയ്യുന്ന വ്യക്തിക്ക്

ഒരു നാണയത്തിന് ഏഴു ലക്ഷം നാണയം കിട്ടും. അനന്തരം അവിടുന്ന് ഈ ഖുർആൻ ശകലം ഓതി: അല്ലാഹു അവനുദ്ദേശിക്കുന്നവർക്ക് എത്രയോ ഇരട്ടി വർദ്ധിപ്പിച്ചുകൊടുക്കും. അല്ലാഹു വിശാലതയുള്ളവനും എല്ലാം അറിയുന്നവനുമാകുന്നു."[93]

ദൈവദൂതർ(സ) അവിടുത്തെ സഖാക്കളോട് ഇപ്രകാരം അരുൾ ചെയ്തതായി ഇബ്നു അബ്ബാസി(റ)നെ ഉദ്ധരിച്ചുകൊണ്ട് അബൂ ദാവൂദ്(റ) രേഖപ്പെടുത്തിയിരിക്കുന്നു:

"അല്ലാഹു ഉഹ്ദിൽ കൊല്ലപ്പെട്ട നിങ്ങളുടെ സഹോദരങ്ങളുടെ ആത്മാക്കളെ ഹരിതവർണ്ണമുള്ള പക്ഷികളുടെ ആകൃതിയണിഞ്ഞ് സ്വർഗ്ഗത്തിലെ നദികളുടെ മുകളിൽ കൂടി പറന്നുല്ലസിക്കാനും അവിടെയുള്ള പഴങ്ങൾ ഭക്ഷിക്കാനും വിട്ടു. ദൈവിക സിംഹാസനത്തിനു ചുവട്ടിൽ തൂക്കിയിട്ട സ്വർണ്ണ ദീപങ്ങൾക്കരികിൽ അവർ വിശ്രമിച്ചുകൊണ്ടിരിക്കുന്നു. ഭക്ഷണ പാനീയങ്ങളുടെ രുചിയും താമസ സുഖവും അനുഭവിച്ചപ്പോൾ അവർ തമ്മിൽ പറഞ്ഞു: 'നമ്മുടെ സഹോദരങ്ങൾക്ക് സ്വർഗ്ഗത്തോട് വിരക്തിയും യുദ്ധത്തോട് വൈമുഖ്യവും തോന്നാതിരിക്കേണ്ടതിന് നാം സ്വർഗ്ഗത്തിൽ ജീവിച്ചിരിക്കുന്ന വിവരം അവരെ ആർ അറിയിക്കും?' 'നിങ്ങൾക്കു വേണ്ടി ഈ വിവരം ഞാൻ അറിയിക്കും' എന്ന് അല്ലാഹു മറുപടി നൽകി. തുടർന്നാണ്, 'അല്ലാഹുവിന്റെ മാർഗ്ഗത്തിൽ കൊല്ലപ്പെട്ടവരെ നിങ്ങൾ മരിച്ചവരായി കണക്കാക്കരുത്' എന്ന് തുടങ്ങുന്ന ഖുർആൻ വാക്യം അവൻ അവതരിപ്പിച്ചത്."[94]

"വാളിന്റെ നിഴലിലാണ് സ്വർഗ്ഗ"[95]മെന്ന് പ്രവാചകർ(സ) അരുളിയതായി അബൂമൂസാ അൽ അശ്അരി(റ)യെ ഉദ്ധരിച്ചുകൊണ്ട് ഹാക്കിം(റ)[96] രേഖപ്പെടുത്തിയിരിക്കുന്നു.

അനസി(റ)ൽ നിന്ന് ഇബ്നു മാജ(റ) ഉദ്ധരിക്കുന്നു: "ദൈവദൂതർ(സ) പറഞ്ഞു: "അല്ലാഹുവിനു വേണ്ടി പടപൊരുതാൻ യാത്ര ചെയ്യുമ്പോൾ യോദ്ധാവിന്റെ ദേഹത്തിൽ പുരളുന്ന പൊടിപടലങ്ങൾ ഉയിർപ്പ്നാളിൽ കസ്തൂരിയായി മാറും".

ത്വബ്റാനി(റ)[97] 'അൽ കബീറി'ൽ ഇബ്നു ഉമറി(റ)നെ ഉദ്ധരിച്ചുകൊണ്ടെഴുതി: "പ്രവാചകർ (സ) പറഞ്ഞു: 'അല്ലാഹുവിന്റെ മാർഗ്ഗ

ത്തിൽ തല തകർന്ന വ്യക്തിക്ക് അതിന് മുമ്പ് അയാൾ എന്ത് പാപം ചെയ്തിട്ടുണ്ടെങ്കിലും പൊറുത്തുകിട്ടുന്നതാണ്.'

വായില(റ)[98] പറയുന്നു: "പ്രവാചകർ(സ) പറഞ്ഞു: 'എന്റെ കൂടെ യുദ്ധം ചെയ്യാൻ അവസരം കിട്ടാത്തവർ സമുദ്രത്തിൽ യുദ്ധം ചെയ്തുകൊള്ളട്ടെ".[99]

ദൈലമി(റ)[100] 'മുസ്നദുൽ ഫിർദൗസിൽ അബൂഹുറൈറ(റ)യെ ഉദ്ധരിച്ചുകൊണ്ടെഴുതി: "പ്രവാചകർ(സ) ഇപ്രകാരം പറഞ്ഞിട്ടുണ്ട്: അല്ലാഹുവിന്റെ മാർഗ്ഗത്തിൽ ഒരു മണിക്കൂർ യുദ്ധം ചെയ്യുന്നത് അമ്പത് ഹജ്ജ് ചെയ്യുന്നതിനേക്കാൾ പുണ്യകരമാണ്."

ഹാജിയുടേതിൽ നിന്ന് പലതുകൊണ്ടും വ്യത്യസ്തമാണ് വിശുദ്ധ യുദ്ധത്തിൽ പങ്കെടുക്കുന്ന പോരാളിയുടെ അവസ്ഥ. പോരാളി തന്റെ ധനവും ദേഹവും വിട്ട് അല്ലാഹുവിലേക്ക് യാത്ര ചെയ്യുകയാണ്. അയാൾ യുദ്ധം ചെയ്യുന്നത് കൊണ്ടുള്ള പ്രയോജനം സമൂഹത്തിനൊട്ടാകെയാണ്. അങ്ങനെയാണ് അമ്പത് ഹജ്ജിനേക്കാൾ ഒരു മണിക്കൂർ സമയത്തെ യുദ്ധം പുണ്യമുള്ളതാകുന്നത്.

ഭാഗം രണ്ട്

മലബാറിലെ ഇസ്‌ലാംമത പ്രചരണാരംഭ ചരിത്രം

മലബാറിലെ തുറമുഖ പട്ടണമായ കൊടുങ്ങല്ലൂരിൽ ജൂതന്മാരുടെയും ക്രിസ്ത്യാനികളുടെയും ഓരോ സംഘം കുടുംബ സമേതം വന്ന് കപ്പലിറങ്ങി[101]. കൊടുങ്ങല്ലൂർ അന്നത്തെ രാജാവിന്റെ ആസ്ഥാനപട്ടണം കൂടിയായിരുന്നു. പ്രസ്തുത സംഘാംഗങ്ങളുടെ അഭ്യർഥനയെത്തുടർന്ന് രാജാവ് അവർക്ക് വീടുകളും നിലങ്ങളും തോട്ടങ്ങളും നൽകി. അങ്ങനെ അവർ അവിടെ താമസമാക്കി.

പിന്നീട് വർഷങ്ങൾക്കുശേഷം ഒരു കൂട്ടം സാധു മുസ്‌ലിംകൾ ഒരു ശൈഖിന്റെ നേതൃത്വത്തിൽ സിലോണിലുള്ള ആദം മലയിലെ 'കാൽപാട്'[102] സന്ദർശിക്കാൻ പോകുന്ന മധ്യേ കൊടുങ്ങല്ലൂരിൽ ഇറങ്ങി. പ്രസ്തുത സംഘത്തിന്റെ ആഗമന വാർത്തയറിഞ്ഞ രാജാവ് അവരെ കൊട്ടാരത്തിൽ ക്ഷണിച്ചുവരുത്തി ആതിഥ്യമരുളി. സംസാരിച്ചപ്പോൾ രാജാവിന് അവരെക്കുറിച്ച് കൂടുതൽ ജിജ്ഞാസയുളവായി. സംഘത്തലവൻ ശൈഖ് പ്രവാചകരായ മുഹമ്മദി(സ)നെയും ഇസ്‌ലാം മതത്തെയും രാജാവിന് പരിചയപ്പെടുത്തി. ചന്ദ്രൻ പിളർന്ന അത്ഭുത സംഭവത്തെക്കുറിച്ചും[103] അവർ സംസാരിച്ചു. പ്രവാചക(സ)രുടെ സത്യാവസ്ഥ ബോധ്യപ്പെട്ട രാജാവ് അവിടുത്തെ ഹൃദയപൂർവ്വം അംഗീകരിക്കുകയും അളവറ്റ് സ്നേഹിക്കുകയും ചെയ്തു. ശൈഖിനോടും സഹയാത്രികരോടും ആദം മലയിൽ നിന്ന് കാൽപാട് സന്ദർശിച്ച് മടങ്ങും വഴി തന്റടുത്തുകൂടി വരണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. അവരുടെ കൂടെ അറേബ്യ

യിലേക്ക് പോകലായിരുന്നു രാജാവിന്റെ ഉദ്ദേശ്യം. ഈ വിവരം രഹസ്യമാക്കണമെന്നും മലബാറുകാരാരും അറിയരുതെന്നും രാജാവ് പ്രത്യേകം നിഷ്കർഷിച്ചിരുന്നു. ശൈഖും സംഘവും രാജാവ് പറഞ്ഞത് പോലെ ചെയ്യാൻ സമ്മതിച്ചു.

അങ്ങനെ സിലോണിൽ നിന്ന് യാത്ര തിരിക്കുമ്പോൾ അവർ രാജാവിനെ ചെന്ന് കണ്ടു. വളരെ രഹസ്യമായി യാത്രക്കുവേണ്ട കപ്പലും മറ്റും ഒരുക്കുവാൻ രാജാവ് ശൈഖിനെ ഏൽപ്പിച്ചു. ആ സമയത്ത് വിദേശ വ്യാപാരികളുടെ നിരവധി കപ്പലുകൾ തുറമുഖ ത്തുണ്ടായിരുന്നു. അതിൽ ഒരു കപ്പലിന്റെ ഉടമസ്ഥനോട് ശൈഖ് തന്നെയും ഒരു സംഘം സാധുക്കളെയും കപ്പലിൽ കയറാൻ അനു വദിക്കണമെന്നഭ്യർഥിക്കുകയും കപ്പലുടമസ്ഥൻ സസന്തോഷം അത നുവദിക്കുകയും ചെയ്തു.

യാത്രയ്ക്കുള്ള ദിവസമടുത്തപ്പോൾ രാജാവ് ഏഴു ദിവസത്തേക്ക് കുടുംബാംഗങ്ങളോ മന്ത്രിമാരോ ആരും തന്നെക്കാണാൻ വരരു തെന്ന് കൽപന നൽകി. തുടർന്ന് അദ്ദേഹം തന്റെ രാജ്യത്തെ പല ഭാഗങ്ങളാക്കിത്തിരിച്ച് ഓരോ ഭാഗത്തിനും അതിർത്തിയിടുകയും അത് ഭരിക്കേണ്ട വ്യക്തിയെ നാമനിർദ്ദേശം ചെയ്യുകയും ഭരണക്ര മങ്ങളും നിയമവ്യവസ്ഥകളും ഏർപ്പെടുത്തുകയും ചെയ്തു. ഇതെല്ലാം അദ്ദേഹം രേഖാമൂലം തന്നെ ചെയ്തു. ഈ സംഭവം മലബാറിലെ ഹിന്ദുക്കൾക്കിടയിൽ പ്രസിദ്ധമാണ്. തെക്ക് കന്യാ കുമാരിയും വടക്ക് കാസർക്കോടും അതിർത്തികളായുള്ള മലബാ റിന്റെ മുഴുവൻ ഭരണാധികാരിയായിരുന്നു ഇപ്പറഞ്ഞ രാജാവ്.[104]

രാജകീയ കർത്തവ്യങ്ങളെല്ലാം ചെയ്തു തീർത്ത ശേഷം രാജാവ് ശൈഖിനോടും സംഘത്തിനോടുമൊപ്പം കപ്പലിൽ കയറി യാത്ര യാരംഭിച്ചു. പന്തലായിനിയിലെത്തി[105] ഒരു ദിവസം തങ്ങിയ ശേഷം ധർമ്മടത്തേക്കും[106] ധർമ്മടത്ത് മൂന്ന് ദിവസം താമസിച്ച് പിന്നീട് ശഹർമുഖല്ലായിലേക്കുമാണ്[107] അവർ യാത്ര ചെയ്തത്. ശഹർമു ഖല്ലായിൽ രാജാവും ശൈഖിന്റെ നേതൃത്വത്തിലുള്ള യാത്രാസംഘവും ദീർഘനാൾ താമസിക്കുകയുണ്ടായി. അവിടെ വെച്ച് മറ്റൊരു യാത്രാ സംഘം അവരുമായി ചേർന്നു. മലബാറിൽ ഇസ്‌ലാം മതം പ്രചരിപ്പിക്കുവാനും പള്ളികൾ നിർമ്മിച്ചു പ്രവർത്തി

ക്കുവാനും വേണ്ടി പുറപ്പെട്ട ഒരു സംഘമായിരുന്നു അത്.[108]

ശഹർമുഖല്ലായിൽ കഴിയുന്നതിനിടയിൽ രാജാവിനെ രോഗം ബാധിച്ചു. രോഗം മൂർച്ഛിക്കുകയാണെന്ന് കണ്ടപ്പോൾ അദ്ദേഹം മലബാറിലേക്ക് പുറപ്പെട്ടുവന്ന സംഘത്തിൽപ്പെട്ട ശറഫ് ഇബ്നു മാലിക്ക്, അദ്ദേഹത്തിന്റെ മാതാവൊത്ത സഹോദരൻ മാലിക്ക് ഇബ്നു ദീനാർ, സഹോദര പുത്രൻ മാലിക്ക് ഇബ്നു ഹബീബ് മുതലായവരെ വിളിച്ച് ഇപ്രകാരം പറഞ്ഞു: "ഈ രോഗത്തിൽ ഞാൻ മരണപ്പെട്ടാലും നിങ്ങൾ ഇന്ത്യയിലേക്കുള്ള യാത്ര വേണ്ടെന്നു വയ്ക്കരുത്".

"അങ്ങയുടെ രാജ്യം എവിടെയെന്നോ അവിടെ അങ്ങയുടെ അധികാരത്തിന്റെ അതിർത്തി ഏതു വരെയെന്നോ ഞങ്ങൾക്കറിയില്ല. ഞങ്ങളുദ്ദേശിച്ചത് അങ്ങയുടെ കൂടെ വരാനാണ്" എന്നാണ് ഇതിന് അവർ മറുപടി പറഞ്ഞത്. ഇത് കേട്ടപ്പോൾ രാജാവ് അൽപം ആലോചിച്ച ശേഷം അവർക്ക് മലയാളത്തിൽ ഒരു എഴുത്തെഴുതിക്കൊടുത്തു. തന്റെ രാജ്യവും ഭരണ മേഖലകളും കുടുംബാംഗങ്ങളുടെയും മലബാറിലെ മറ്റു രാജാക്കന്മാരുടെയും പേരുവിവരങ്ങളുമെല്ലാം ഉൾപ്പെട്ടതായിരുന്നു ആ എഴുത്ത്. കൊടുങ്ങല്ലൂരിലോ ധർമ്മടത്തോ പന്തലായിനിയിലോ കൊല്ലത്തോ ഇറങ്ങാനാണ് രാജാവ് അവരോട് നിർദ്ദേശിച്ചത്. തന്റെ രോഗാവസ്ഥയോ താൻ മരിച്ചാൽ ആ വിവരമോ മലബാറിൽ ആരെയും അറിയിക്കരുതെന്ന് അദ്ദേഹം അവരെ പ്രത്യേകം ഗ്രഹിപ്പിക്കുകയും ചെയ്തു.[109]

പിന്നീട് അധികം താമസിയാതെ രാജാവ് ഇഹലോകവാസം വെടിഞ്ഞു. അല്ലാഹു അവന്റെ വിശാലമായ അനുഗ്രഹം അദ്ദേഹത്തിൽ ചൊരിയട്ടെ![110]

രാജാവ് മരണപ്പെട്ട് ഏതാനും വർഷങ്ങൾ കഴിഞ്ഞശേഷം ശറഫ് ഇബ്നു മാലിക്ക്, മാലിക്ക് ഇബ്നു ദീനാർ, മാലിക്ക് ഇബ്നു ഹബീബ്, ഭാര്യ ഖുമരിയ്യ എന്നിവരും മക്കളും കൂട്ടുകാരുമുൾപ്പെട്ട പ്രസ്തുത സംഘം മലബാറിലേക്ക് കപ്പൽ കയറി. ദീർഘനാളത്തെ യാത്രയ്ക്കു ശേഷം അവർ കൊടുങ്ങല്ലൂരിൽ ഇറങ്ങി.[111] രാജാവ് കൊടുത്തേൽപ്പിച്ച എഴുത്ത് അവർ അപ്പോൾ അവിടെ ഭരണം നട

ത്തിക്കൊണ്ടിരുന്ന ഭരണാധികാരിക്ക്[112] നൽകി. രാജാവ് മരണപ്പെ ട്ടത് വെളിപ്പെടുത്തിയതുമില്ല. എഴുത്ത് വായിച്ച് വിവരങ്ങൾ മനസ്സി ലാക്കിയ ഭരണാധികാരി അതിൽ പറഞ്ഞതുപ്രകാരം അവർക്കു നിലങ്ങളും തോട്ടങ്ങളും കൊടുത്തു. തുടർന്ന് അവർ അവിടെ താമ സമാക്കുകയും ഒരു പള്ളി പണിയുകയും ചെയ്തു.[113]

മാലിക്ക് ഇബ്നു ദീനാർ കൊടുങ്ങല്ലൂരിൽ തന്നെ താമസിച്ചു കൊണ്ട് സഹോദര പുത്രനായ മാലിക്ക് ഇബ്നു ഹബീബിനെ മല ബാറിന്റെ മറ്റു ഭാഗങ്ങളിൽ പള്ളികൾ പണിയാനും ഇസ്ലാം മതം പ്രചരിപ്പിക്കാനും നിയോഗിക്കുകയാണ് പിന്നീട് ചെയ്തത്[114]. അങ്ങനെ മാലിക്ക് ഇബ്നു ഹബീബ് തന്റെ സമ്പാദ്യങ്ങളെല്ലാമെ ടുത്ത് ഭാര്യയെയും മക്കളിൽ ചിലരെയും കൂട്ടി കൊല്ലത്തേക്ക് പോയി. കൊല്ലത്ത് ഒരു പള്ളി പണിത ശേഷം ഭാര്യയെയും മക്കളെയും അവിടെ താമസിപ്പിച്ച് അദ്ദേഹം ഏഴിമലയിലേക്ക് നീങ്ങി[115] അവിടെയും ഒരു പള്ളി പണിതു. പിന്നീട് ബർക്കൂർ[116], മംഗലാപു രം[117], കാസർക്കോട്[118] എന്നിവിടങ്ങളിൽ എത്തുകയും അവിടങ്ങളി ലൊക്കെ പള്ളികൾ പണിയുകയും അതിന് ശേഷം ഏഴിമലയിലേക്കു മടങ്ങി മൂന്ന് മാസം അവിടെ താമസിക്കുകയും ചെയ്തു. അനന്തരം ശ്രീകണ്ഠപുരം, ധർമ്മടം, പന്തലായിനി, ചാലിയം എന്നീ സ്ഥല ങ്ങൾ[119] സന്ദർശിച്ച മാലിക്ക് ഇബ്നു ഹബീബ് അവിടങ്ങളിലും ഓരോ പള്ളി പണിതു. ചാലിയത്ത് അഞ്ച് മാസം അദ്ദേഹം താമസിക്കുക യുണ്ടായി. അതിൽ പിന്നെ കൊടുങ്ങല്ലൂരിലേക്ക് പോയി. തന്റെ പിതൃ വ്യനായ മാലിക്ക് ഇബ്നു ദീനാറിന്റെ കൂടെയാണ് കൊടുങ്ങല്ലൂരിൽ അദ്ദേഹം പാർത്തിരുന്നത്. അതിനിടയിൽ അദ്ദേഹം താൻ മലബാ റിന്റെ വിവിധ ഭാഗങ്ങളിൽ പണിത എല്ലാ പള്ളികളിലും ചെന്ന് നമ സ്കരിക്കുകയും അവിശ്വാസത്തിന്റെ ഇരുൾ മൂടിക്കിടന്ന ആ പ്രദേ ശങ്ങളിൽ ഇസ്ലാമിന്റെ ദിവ്യപ്രകാശമെത്തിയതിൽ സന്തുഷ്ടനായി അല്ലാഹുവിനെ സ്തുതിക്കുകയും അവനോട് കൃതജ്ഞത പ്രകടി പ്പിക്കുകയും ചെയ്ത് മടങ്ങുകയുണ്ടായി.

മാലിക്ക് ഇബ്നുദീനാറും മാലിക്ക് ഇബ്നു ഹബീബും അവ രുടെ കൂട്ടുകാർ, ഭൃത്യർ എന്നിവരുമടങ്ങിയ സംഘം പിന്നീട് കൊല്ല ത്തേക്ക് പോയി. അവിടെ നിന്ന് മാലിക്ക് ഇബ്നു ദീനാറും കുറച്ചാ

ളുകളും ശഹർമുഖല്ലായിലേക്ക് പുറപ്പെടുകയും ബാക്കിയുള്ളവർ അവിടെത്തന്നെ താമസിക്കുകയും ചെയ്തു. ശഹർമുഖല്ലായിൽ മുമ്പ് നിര്യാതനായ കേരളീയ രാജാവിന്റെ ശവകുടീരം സന്ദർശിച്ച ശേഷം മാലിക്ക് ഇബ്നു ദീനാർ ഖുറാസാനിലേക്ക് യാത്ര തിരിച്ചു.[120] അവിടെവച്ചാണ് അദ്ദേഹം അന്തരിച്ചത്. മാലിക്ക് ഇബ്നു ഹബീബ് അദ്ദേഹത്തിന്റെ മക്കളിൽ ചിലരെ കൊല്ലത്ത് താമസിപ്പിച്ച് ഭാര്യയെയും കൂട്ടി കൊടുങ്ങല്ലൂരിലേക്ക് മടങ്ങി. അവിടെ വച്ചാണ് അദ്ദേഹത്തിന്റെയും ഭാര്യയുടെയും അന്ത്യമുണ്ടായത്.[121]

ഇതാണ് മലബാറിൽ ആദ്യമായി ഇസ്‌ലാം മതം പ്രത്യക്ഷപ്പെട്ടതിന്റെയും പ്രചരിച്ചതിന്റെയും ചരിത്രം. ഇത് ഏത് കൊല്ലത്തിലാണെന്ന് തിട്ടമായി പറയാൻ നമ്മുടെ വശം തെളിവില്ല. ഹിജ്റ ഇരുനൂറാം ആണ്ടിനിപ്പുറമായിരിക്കുമെന്നാണ് ഭൂരിപക്ഷ നിഗമനം. എന്നാൽ മേൽപ്പറഞ്ഞ രാജാവിന്റെ ഇസ്‌ലാം മത പരിവർത്തനം നടന്നത് പ്രവാചക(സ)രുടെ കാലത്തായിരുന്നുവെന്നാണ് മലബാർ മുസ്‌ലിംകൾക്കിടയിൽ സുവിദിതമായ ധാരണ. രാജാവ് ഒരു രാത്രിയിൽ ചന്ദ്രൻ പിളരുന്നത് നേരിൽ കണ്ടുവെന്നും തുടർന്ന് അദ്ദേഹം പ്രവാചകരെ(സ) കാണാൻ പോയെന്നും കണ്ട് ഒരു സംഘം മുസ്‌ലിംകളുടെ കൂടെ മലബാറിലേക്ക് മടങ്ങും വഴി ശഹർമുഖല്ലായിൽ വച്ച് അന്തരിച്ചുവെന്നും അവർ കരുതുന്നു. ഇത് ശരിയായിരിക്കാൻ വഴി കാണുന്നില്ല.[122] രാജാവിന്റെ ശവകുടീരം ശഹർമുഖല്ലായിലല്ല, യമനിലുള്ള സഫാറിലാണെന്നും 'സാമൂരി' എന്നറിയപ്പെടുന്ന ആ ഖബറിടത്തെ ഒരു പുണ്യ സ്ഥലമായിട്ടാണ് ആ നാട്ടുകാർ കരുതുന്നതെന്നും ഇന്ന് പരക്കെ പ്രചരിച്ചിട്ടുണ്ട്.[123]

രാജാവ് അപ്രത്യക്ഷനായ സംഭവം മലബാറിലെ ഹിന്ദുക്കളും മുസ്‌ലിംകളുമടക്കം എല്ലാവർക്കുമിടയിൽ പ്രസിദ്ധമാണ്. എന്നാൽ രാജാവ് മേൽപോട്ട് കയറിപ്പോയെന്നാണ് ഹിന്ദുക്കൾ പറയുന്നത്. അദ്ദേഹം ഒരിക്കൽ ഇറങ്ങി വരുമത്രെ. കൊടുങ്ങല്ലൂരിൽ ഒരു പ്രത്യേക സ്ഥലത്ത് ഒരു വിശേഷ രാത്രിയിൽ മെതിയടിയും വെള്ളവും ഒരുക്കിവയ്ക്കുന്നതും വിളക്ക് കത്തിച്ചുവയ്ക്കുന്നതും ഈ വിശ്വാസത്തെ ആസ്പദമാക്കിയാണ്.

യാത്ര പുറപ്പെടുന്നതിനുമുമ്പ് രാജാവ് അധികാരം അവകാശി

കൾക്ക് വിഭജിച്ച് നൽകിയതും മലബാറുകാർക്കിടയിൽ പ്രസിദ്ധമാണ്. പിൽക്കാലത്ത് കോഴിക്കോടിന്റെ പ്രഥമ രാജാവായിത്തീർന്ന സാമൂതിരിക്ക് അധികാര വിഭജനസമയത്ത് അദ്ദേഹം സ്ഥലത്തില്ലാതിരുന്നത് കാരണം യാതൊന്നും ലഭിക്കുകയുണ്ടായില്ലത്രെ. അദ്ദേഹം വൈകി വന്നപ്പോൾ രാജാവ് സ്വന്തം വാൾ അദ്ദേഹത്തിന് നൽകിക്കൊണ്ട് കൽപ്പിച്ചു: "ഇത് കൊണ്ട് അടരാടി അധികാരം കൈവശമാക്കിക്കൊള്ളുക". അതു പ്രകാരം സാമൂതിരി അടരാടി കോഴിക്കോട് കൈവശമാക്കി. പിന്നീട് മുസ്‌ലിംകൾ അവിടെ വന്ന് താമസിക്കാൻ തുടങ്ങി. പല ഭാഗങ്ങളിൽ നിന്നുള്ള കച്ചവടക്കാരും തൊഴിൽവിദഗ്ധരും അങ്ങോട്ടെത്തി. വ്യാപാരവും തൊഴിലും വർദ്ധിച്ച് കോഴിക്കോട് ഒരു വലിയ പട്ടണമായി രൂപാന്തരപ്പെട്ടതങ്ങനെയാണ്. ഹിന്ദുക്കളും മുസ്‌ലിംകളുമായി നിരവധി ആളുകൾ ആ പട്ടണത്തിൽ വന്ന് ഒരുമിച്ചുപാർത്തു. സാമൂതിരി മലബാറിലെ മറ്റ് ഭരണാധികാരികളേക്കാളെല്ലാം ഏറെ പ്രബലനായി.

മലബാറിലെ ഭരണാധികാരികളെല്ലാം ഹിന്ദുക്കളാണ്. അവരിൽ ശക്തരും താരതമ്യേന ശക്തി കുറഞ്ഞവരുമുണ്ട്. എന്നാൽ ശക്തൻ ശക്തി കുറഞ്ഞവനെ ആക്രമിക്കുകയോ അയാളുടെ രാജ്യം വെട്ടിപ്പിടിക്കുകയോ ചെയ്യുകയില്ല. ഇസ്‌ലാം സ്വീകരിച്ച ഇവരുടെ രാജാവിന്റെ അന്ത്യോപദേശത്തിന്റെ വിലയും അദ്ദേഹത്തിന്റെ പ്രാർത്ഥനയുടെ ഫലവും പ്രവാചകരു(സ)ടെയും അവിടുന്ന് പ്രബോധനം ചെയ്ത ഇസ്‌ലാം മതത്തിന്റെയും മഹത്വവും കൊണ്ടാവാം ഇത്.

മൂന്നര നാഴികയോ അതിൽ കുറച്ചധികമോ വിസ്തീർണ്ണമുള്ള ഭൂപ്രദേശം ഭരിക്കുന്ന രാജാക്കന്മാർ മലബാറിലുണ്ട്. നൂറും അതിന്റെ താഴെയും, ഇരുനൂറും, മുന്നൂറും, ആയിരവും, അയ്യായിരവും, പതിനായിരവും, മുപ്പതിനായിരവും, ലക്ഷവും അതിലേറെയും പട്ടാളക്കാരുള്ള രാജാക്കന്മാരുമുണ്ട്. ചില പ്രദേശങ്ങൾ രണ്ടും മൂന്നും അതിലധികവും പേർ ചേർന്നാണ് ഭരിക്കുന്നത്. അവരുടെ കൂട്ടത്തിൽ തന്നെ ചിലർ മറ്റുള്ളവരേക്കാൾ ശക്തിയും സൈന്യവും കൂടുതലുള്ളവരാണ്. വല്ലപ്പോഴുമൊക്കെ അവർക്കിടയിൽ വഴക്കും അസ്വാരസ്യവും നടക്കുകയും ചെയ്യാറുണ്ട്. എന്നാൽ കൂട്ടുഭരണത്തെ അത് പ്രതികൂലമായി ബാധിക്കുകയില്ല.

കൊല്ലം മുതൽ കന്യാകുമാരി വരെയുള്ള പ്രദേശങ്ങളുടെ അധിപനായ തിരുവടിക്കാണ് മലബാറിലെ രാജാക്കന്മാരിൽ കൂടുതൽ സൈനിക ശക്തി[125]. അത് കഴിഞ്ഞാൽ ഏഴിമല, ശ്രീകണ്ഠപുരം, കണ്ണൂർ, എടക്കാട്,[126] ധർമ്മടം മുതലായ പട്ടണങ്ങളുടെയും മറ്റു ചില പ്രദേശങ്ങളുടെയും ഭരണാധികാരിയായ കോലത്തിരിക്കും. എന്നാൽ അധികാരവും പ്രശസ്തിയും സാമൂതിരിക്കാണ് കൂടുതൽ. ഇതര രാജാക്കന്മാർക്കിടയിൽ നല്ല സ്വാധീനമാണ് അദ്ദേഹത്തിന്. ഇസ്ലാം മതത്തിന്റെ മഹത്വം കൊണ്ടാണ് സാമൂതിരിക്ക് ഇത് കൈവന്നത്. അദ്ദേഹം മുസ്ലിംകളോട്, വിശിഷ്യാ വിദേശികളായ മുസ്ലിംകളോട് അങ്ങേയറ്റത്തെ സ്നേഹബഹുമാനങ്ങൾ വച്ചുപുലർത്തുന്നു. എന്നാൽ ഹിന്ദുക്കൾ വിശ്വസിക്കുന്നത് മേൽപ്പറഞ്ഞ രാജാവ് നൽകിയ വാളിന്റെ മഹത്വം കൊണ്ടാണിതെന്നാണ്. സാമൂതിരിയുടെ കൊട്ടാരത്തിൽ സൂക്ഷിച്ചുവരുന്ന ഒരു വാൾ അതാണെന്ന് അവർ അവകാശപ്പെടുന്നു. വലിയ ആദരവാണ് അവർക്ക് ആ വാളിന്റെ നേരെ. സാമൂതിരി യുദ്ധത്തിനോ വലിയ സമ്മേളനത്തിനോ പോകുമ്പോൾ ഒരു സേവകൻ മുമ്പിൽ ആ വാൾ പിടിച്ചു നടക്കും."[127]

സാമൂതിരി മലബാറിൽ തന്നേക്കാൾ ശക്തി കുറഞ്ഞ ഏതെങ്കിലുമൊരു ഭരണാധികാരിയോട് വല്ല കാരണവശാലും ഏറ്റുമുട്ടിയാൽ ആ ഭരണാധികാരി സാമൂതിരിക്ക് സമ്പത്തോ വേണ്ടിവന്നാൽ തന്റെ രാജ്യം തന്നെയോ അങ്ങ് നൽകുകയാണ് പതിവ്. നൽകിയില്ലെങ്കിൽ സാമൂതിരി തനിക്ക് കഴിയുമെങ്കിൽ കൂടി ഒരിക്കലും ബലാൽക്കാരം യാതൊന്നും പിടിച്ചടക്കുകയില്ല. മലബാറുകാർ പാരമ്പര്യ സമ്പ്രദായങ്ങളും ആചാരങ്ങളും കാത്തുപോരുന്നത് കൊണ്ടാണിത്. മന:പൂർവ്വം അവരത് ലംഘിക്കുകയില്ല. അപൂർവ്വം സന്ദർഭങ്ങളിൽ വല്ല ലംഘനവും വന്ന്പോയേയ്ക്കാമെന്നല്ലാതെ. എന്നാൽ സാമൂതിരിയല്ലാത്ത രാജാക്കന്മാർ ആരുമായിട്ടെങ്കിലും യുദ്ധം ചെയ്താൽ അവർക്കിതൊന്നും ലഭിക്കുകയില്ല. കഴിയുമെങ്കിൽ എതിരാളിയുടെ രാജ്യം നശിപ്പിക്കുകയും ആളെ കൊല്ലുകയും ചെയ്യാമെന്നു മാത്രം.

ഭാഗം മൂന്ന്

മലബാറിലെ ഹിന്ദുക്കളുടെ ചില വിചിത്ര സമ്പ്രദായങ്ങൾ

ലോകത്തിൽ മറ്റെവിടെയുമില്ലാത്ത വിചിത്രമായ ചില സമ്പ്രദായങ്ങൾ മലബാറിലെ ഹിന്ദുക്കൾക്കിടയിൽ കാണാം.

യുദ്ധത്തിൽ ഏതെങ്കിലും ഒരു പക്ഷത്തിന്റെ നായകൻ കൊല്ലപ്പെട്ടാൽ അദ്ദേഹത്തിന്റെ സൈന്യങ്ങളെല്ലാം ചേർന്ന് മറുപക്ഷത്തിന്റെ നായകനും സൈന്യങ്ങൾക്കും അവരുടെ രാജ്യത്തിനുമെതിരിൽ സർവ്വശക്തിയുമുപയോഗിച്ച് മരണപ്പോരാട്ടം നടത്തും. ഒന്നുകിൽ മുഴുവൻ പേരും മരിച്ചുവീഴുക, അല്ലെങ്കിൽ ശത്രുവിന്റെ രാജ്യം നിശ്ശേഷം തകരുക-ഈ രണ്ടിലൊന്ന് സംഭവിക്കാതെ അവർ പിന്തിരിയുകയില്ല. അതിനാൽ സേനാനായകനെ വധിക്കുന്നത് ഇരുപക്ഷത്തിനും ഭയമാണ്. മലബാറുകാരുടെ പണ്ടുമുതൽക്കേ ഉള്ള സമ്പ്രദായമാണിത്. ഇക്കാലത്ത് അത് പഴയതുപോലെ പാലിക്കുന്നില്ലെങ്കിലും നിലനിൽക്കുന്നുണ്ട്.[128]

മലബാർ ഭരിക്കുന്നവർ പ്രധാനമായും രണ്ട് പക്ഷമാണ്. സാമൂതിരിയുടെ അനുകൂലികളും കൊച്ചി രാജാവിന്റെ അനുകൂലികളും. രണ്ടിൽ ഒരു പക്ഷം മറുപക്ഷത്തേക്കു കൂറുമാറുന്ന പതിവില്ല. താൽക്കാലികമായ വല്ല പ്രശ്നത്തിന്റെ പേരിലും കൂറു മാറിയാൽത്തന്നെ പ്രശ്നം തീരുന്നതോടെ കൂറുമാറിയവർ മുമ്പ് നിന്നിരുന്ന പക്ഷത്തേക്കു തിരിച്ചുപോകും.

മലബാറുകാർ ഒരിക്കലും യുദ്ധത്തിൽ ചതി പ്രയോഗിക്കുകയി

ല്ല. യുദ്ധം അനിവാര്യമായി വരുമ്പോൾ അവർ അതിനായി മുൻകൂട്ടി ദിവസം നിശ്ചയിക്കുന്നു. നിശ്ചയത്തിന് വിപരീതമായി ആരും പ്രവർത്തിക്കുകയില്ല. യുദ്ധമുറകൾ ലംഘിക്കുന്നതും യുദ്ധത്തിൽ ചതി പ്രയോഗിക്കുന്നതും ബലഹീനതയും കൊള്ളരുതായ്മയുമായിട്ടാണ് അവർ ഗണിക്കുന്നത്.

ബ്രാഹ്മണർ, ആശാരികൾ മുതലായ മക്കത്തായികൾക്ക് അച്ഛൻ, അമ്മ, ജ്യേഷ്ഠൻ എന്നിങ്ങനെയും,. നായന്മാരാദി മരുമക്കത്തായികൾക്ക് അമ്മ, അമ്മാവൻ, ജ്യേഷ്ഠൻ എന്നിങ്ങനെയുമുള്ള തറവാട്ടിലെ മൂത്തവർ മരിച്ചാൽ ഒരു കൊല്ലം മുഴുവൻ ദീക്ഷ ആചരിക്കേണ്ടതാണ്. ദീക്ഷാ കാലത്ത് മുടിയോ നഖമോ എടുക്കാനോ മത്സ്യമാംസാദികൾ കഴിക്കാനോ വെറ്റില മുറുക്കാനോ സ്ത്രീ പുരുഷ സംസർഗ്ഗത്തിലേർപ്പെടാനോ പാടില്ല. ഇതനുഷ്ഠിക്കുക മൂലം പരേതർക്ക് പുണ്യം ലഭിക്കുമെന്നു വിശ്വസിക്കുന്നതിനാൽ ഇതിൽ അവർ ലംഘനം വരുത്താറില്ല.

നായന്മാരെപ്പോലെയുള്ള മരുമക്കത്തായികൾക്കിടയിൽ അനന്തരാവകാശം അമ്മ വഴിക്കുള്ള സഹോദരങ്ങൾക്കും സഹോദരികളുടെ മക്കൾക്കും, അമ്മാവികൾക്കും അമ്മയുടെ ബന്ധുക്കൾക്കുമാണ് ലഭിക്കുക. സ്വത്തവകാശമാകട്ടെ, രാജ്യാവകാശമാകട്ടെ മക്കൾക്കല്ല മരുമക്കൾക്കാണ് ലഭിക്കുന്നത്. ആൺമക്കൾക്ക് അനന്തരാവകാശം നിഷേധിക്കുന്ന ഈ സമ്പ്രദായം ഹിന്ദുക്കളെ അനുകരിക്കുക വഴി കണ്ണൂരിലെയും പരിസര പ്രദേശങ്ങളിലെയും മിക്ക മുസ്‌ലിംകൾക്കിടയിലും കടന്നുകൂടിയിട്ടുണ്ട്. അവർ ഖുർആൻ വായിക്കുന്നു; ഹൃദിസ്ഥമാക്കുന്നു; അത് നന്നായി പാരായണം ചെയ്യുന്നു; മതവിജ്ഞാനം നേടുന്നു; ആരാധനകൾ അനുഷ്ഠിക്കുന്നു - എന്നിട്ടും ഈ സമ്പ്രദായം അവർക്കിടയിൽ നിലനിൽക്കുന്നത് ഏറെ വിചിത്രമാണ്.[129]

ബ്രാഹ്മണർ, തട്ടാൻ, ആശാരി, കരുവാൻ, തിയ്യൻ, മുക്കുവൻ മുതലായവർക്കിടയിൽ അച്ഛന്റെ അനന്തരാവകാശം മക്കൾക്ക് തന്നെയാണ്. ഇവർക്ക് വിവാഹവും അതിന് നിയമചട്ടങ്ങളുമുണ്ട്. എന്നാൽ നായന്മാർക്കിടയിലുള്ള വിവാഹമെന്നു പറഞ്ഞാൽ പുരുഷൻ സ്ത്രീയുടെ കഴുത്തിൽ ഒരു നൂൽ കെട്ടുന്നുവെന്നത് മാത്രമാണ്.

പിന്നെ സ്ഥിതി മുമ്പത്തേത് തന്നെ. നൂൽ കെട്ടിയവനും ബാക്കിയുള്ളവരും തമ്മിൽ അവളെ സംബന്ധിച്ചിടത്തോളം വ്യത്യാസമില്ലാത്ത സ്ഥിതിയാണ്.[130]

ബ്രാഹ്മണസമുദായത്തിൽ ഒരു കുടുംബത്തിൽ ഒന്നിലേറെ സഹോദരന്മാരുണ്ടെങ്കിൽ മൂത്തയാൾ മാത്രമേ വിവാഹം കഴിക്കൂ. മൂത്തയാൾക്ക് സന്താനം ജനിക്കുകയില്ലെന്നുറപ്പായെങ്കിൽ മാത്രം അടുത്തയാൾക്ക് വിവാഹം കഴിക്കാം. ഇളയ സഹോദരന്മാർ നായർ സ്ത്രീകളുമായി അവിഹിതമായ ലൈംഗിക ബന്ധം പുലർത്തുകയാണ് പതിവ്. ഇവർക്ക് നായർ സ്ത്രീകളിൽ ജനിക്കുന്ന സന്തതികൾക്ക് അച്ഛന്റെ സ്വത്തിൽ അവകാശമില്ല. അവകാശികൾ പെരുകി തമ്മിൽ അഭിപ്രായവ്യത്യാസത്തിനിടവരാതിരിക്കാനാണത്രെ ഇത്.

നായന്മാരിലും അവരുടെ തൊട്ടടുത്ത് നിൽക്കുന്ന വിഭാഗങ്ങളിലും പെട്ട സ്ത്രീകൾക്ക് രണ്ടോ നാലോ അതിലധികമോ ഭർത്താക്കന്മാരുണ്ടാകും. ഒന്നിലേറെ ഭാര്യമാരുള്ള മുസ്ലിം പുരുഷന്മാർ ഊഴമനുസരിച്ച് ഓരോരുത്തരുടെ കൂടെ താമസിക്കുന്നത് പോലെ ഓരോ രാത്രി ഓരോരുത്തരായി ഭാര്യയുടെ കൂടെ താമസിക്കുന്ന സമ്പ്രദായമാണ് അവർക്കിടയിലുള്ളത്.

ആശാരി, കരുവാൻ, തട്ടാൻ മുതലായ ചില വിഭാഗങ്ങൾക്കിടയിൽ എല്ലാ സഹോദരന്മാരും ചേർന്ന് ഒരു സ്ത്രീയെ വിവാഹം കഴിക്കുകയാണ് പതിവ്. സഹോദരന്മാരല്ലെങ്കിൽ ഭർത്താക്കന്മാരെല്ലാവരും ഒരേ കുടുംബത്തിലുള്ളവരെങ്കിലും ആയിരിക്കണം. അനന്തരാവകാശ സ്വത്ത് ഭിന്നിച്ചുപോകാതിരിക്കാനും അവകാശത്തർക്കം കുറയാനുമാണത്രെ ഈ സമ്പ്രദായം ഏർപ്പെടുത്തിയിരിക്കുന്നത്.[131]

മലബാറിലെ ഹിന്ദുക്കൾ ദേഹം മറയ്ക്കാറില്ല. ഗുഹ്യാവയവങ്ങളും അവയ്ക്കു ചുറ്റുമുള്ള കുറച്ചു ഭാഗങ്ങളും മാത്രം മറയുന്ന ഒരു മുണ്ടാണ് അവർ ഉടുക്കുന്നത്. ഈ വിഷയത്തിൽ പുരുഷന്മാരും സ്ത്രീകളും ചെറിയവരും വലിയവരും ധനികരും ദരിദ്രരും രാജാക്കന്മാരും പ്രജകളുമെല്ലാം ഒരുപോലെയാണ്. പൊതുവിൽ സ്ത്രീകൾ ആരുടെ മുമ്പിലും പ്രത്യക്ഷപ്പെടും. എന്നാൽ

ബ്രാഹ്മണസ്ത്രീകൾ മറയിൽ കഴിയുന്നവരാണ്. അവർ മറ്റു സ്ത്രീകളെപ്പോലെ പുറത്തിറങ്ങി നടക്കാറില്ല. നായന്മാർ അവരുടെ സ്ത്രീകളെ മുന്തിയ വസ്ത്രങ്ങളും ആഭരണങ്ങളുമണിഞ്ഞ് പുരുഷന്മാർക്ക് കാണാനും ആസ്വദിക്കാനും കഴിയുമാറ് വലിയ ഉത്സവങ്ങളിലേക്കും ജനക്കൂട്ടങ്ങളിലേക്കും പോകാൻ വിടാറുണ്ട്. അവരുടെ സമുദായം അതൊരു തെറ്റായി ഗണിക്കുന്നില്ല.

തറവാട്ടിൽ വയസ്സിൽ മൂത്തതാരോ അയാളാണ് മലബാറുക്കാർക്കിടയിൽ അധികാര സ്ഥാനത്തിന് അവകാശിയാവുക. ഒരു നിമിഷത്തിന് മൂത്തതാരോ അയാൾക്ക് അധികാരസ്ഥനാകാം. അയാൾ കുരുടനോ, മൂഢനോ ബലഹീനനോ ആകട്ടെ, സ്ഥാനം അയാൾക്ക് തന്നെ. മരുമക്കത്തായ തറവാട്ടിൽ അധികാരം അമ്മാവനാണ്. എന്നാൽ അധികാരം ധൃതിപ്പെട്ട് കൈക്കലാക്കാൻ വേണ്ടി ആരെങ്കിലും മൂത്തവരെ വധിച്ചതായി കേട്ടിട്ടില്ല.

തറവാട്ടിൽ അനന്തരാവകാശികൾ തീരെ ഇല്ലാതാവുകയോ കുറയുകയോ ചെയ്താൽ അന്യ കുടുംബത്തിൽ നിന്ന് ദത്തെടുക്കുന്ന സമ്പ്രദായം മലബാറുകാർക്കിടയിലുണ്ട്. ദത്തെടുക്കുന്നത് കുട്ടികളെയായിക്കൊള്ളണമെന്നില്ല, വലിയവരെയും ദത്തെടുക്കും. ദത്തെടുക്കപ്പെടുന്ന വ്യക്തിയെ മകൻ, മരുമകൻ, സഹോദരൻ എന്നിവരെപ്പോലെ കണക്കാക്കി അവർക്ക് സ്വത്തവകാശവും സ്ഥാനാവകാശവും നൽകുന്നു. അയാൾ യഥാർത്ഥ കുടുംബാംഗങ്ങളിൽ നിന്ന് ഒരു കാര്യത്തിലും വ്യത്യസ്തനല്ല. എല്ലാ തട്ടിലുള്ള ഹിന്ദുക്കളുടെ ഇടയിലുമുണ്ട് ഇങ്ങനെ ദത്തെടുക്കുന്ന സമ്പ്രദായം. രാജാക്കന്മാരെന്നോ നേതാക്കന്മാരെന്നോ ഉയർന്നവരെന്നോ താഴ്ന്നവരെന്നോ ഉള്ള വ്യത്യാസം ഇക്കാര്യത്തിലില്ല. കുടുംബത്തിൽ അവകാശികളും പിന്മുറക്കാരും അറ്റുപോവുകയെന്ന പ്രശ്നത്തെ ഈ സമ്പ്രദായം മുഖേന അതിജീവിക്കാൻ കഴിയുന്നു.

ജാതിവ്യവസ്ഥ നിലനിറുത്തുന്നവരാണ് മലബാറിലെ ഹിന്ദുക്കൾ. തന്മൂലം പല വിഷമങ്ങളും അവർക്കു തലയിൽ പേറേണ്ടിവരുന്നു. എങ്കിൽ കൂടി അവരത് ഒഴിവാക്കുകയില്ല. ഇവിടെയുള്ള ഹിന്ദുക്കൾ പല ജാതികളാണ്. ഉയർന്ന ജാതിയും താഴ്ന്ന ജാതിയും രണ്ടിനും മധ്യത്തിലുള്ള ജാതിയും അവരിലുണ്ട്. ഉയർന്ന ജാതിക്കാരനും

താഴ്ന്ന ജാതിക്കാരനും തമ്മിൽ തൊടുകയോ താഴ്ന്ന ജാതിക്കാർ അവർക്കു നിശ്ചയിക്കപ്പെട്ട പരിധിവിട്ട് ഉയർന്ന ജാതിക്കാരോട് അടുക്കുകയോ ചെയ്താൽ ഉയർന്ന ജാതിക്കാരന് കുളി നിർബന്ധമാണ്. കുളിച്ചു ശുദ്ധിയായിട്ടേ അയാൾക്ക് പിന്നെ ഭക്ഷണം കഴിക്കാൻ പാടുള്ളൂ. കുളിക്കാതെ ഭക്ഷണം കഴിച്ചാൽ അയാളുടെ ഉയർച്ചയ്ക്ക് ഇടിവ് തട്ടുകയും അയാൾ ജാതിഭ്രഷ്ടനായിത്തീരുകയും ചെയ്യും. പിന്നെ നാട് വിട്ട് അറിയപ്പെടാത്ത എവിടെയെങ്കിലും പോയി ജീവിക്കുകയേ മാർഗ്ഗമുള്ളൂ. അല്ലാത്തപക്ഷം നാടുവാഴി പിടികൂടും. അല്ലെങ്കിൽ ഇസ്‌ലാം മതമോ ജൂത മതമോ ക്രൈസ്തവ മതമോ സ്വീകരിച്ചുകൊള്ളണം. കുട്ടികളോ സ്ത്രീകളോ ആണ് ജാതിഭ്രഷ്ടിന് കാരണമായ പ്രവൃത്തി ചെയ്തതെങ്കിൽ ഭരണാധികാരി അവരെ താഴ്ന്ന ജാതിക്കാർക്ക് വിൽക്കുകയാണ് ചെയ്യുക. താഴ്ന്ന ജാതിക്കാർ പാകം ചെയ്ത ഭക്ഷണം ഉയർന്ന ജാതിക്കാർ ഭക്ഷിച്ചാലും മേൽ പറഞ്ഞത് തന്നെ ഗതി.

പൂണൂൽ ധാരികളാണ് ഏറ്റവും ഉയർന്ന ജാതിക്കാർ. ഇവർ സദാ ചുമലിൽ ഒരു നൂൽ തൂക്കിയിട്ടിരിക്കും. ഇവരിൽത്തന്നെ കൂടുതൽ ഉയർന്നവരും മധ്യവർത്തികളും താഴ്ന്നവരുമുണ്ട്. പൂണൂൽധാരികളിൽ ഏറ്റവും ഉയർന്നവർ നമ്പൂതിരിമാരാണ്.[133]

നായന്മാരാണ് മറ്റൊരു ജാതി. ശക്തിയും ആൾബലവും അധികമുള്ള ഇവർ മലയാളികളുടെ പടയാണ്. ഇവരിൽ അനേകം അവാന്തര വിഭാഗങ്ങളുണ്ട്. ഉയർന്നവരും മധ്യവർത്തികളും താഴ്ന്നവരും ഇവരിലുമുണ്ട്.[134]

തിയ്യർ നായന്മാരുടെ താഴെയാണ്. തെങ്ങ് കയറ്റമാണ് ഇവരുടെ പതിവ് തൊഴിൽ. ഇവർ തെങ്ങിൽ നിന്ന് ഒരു നീര് പുറത്തെടുക്കുന്നു. അത് പുളിപ്പിച്ച് കള്ളാക്കുകയോ പാകപ്പെടുത്തി ശർക്കരയാക്കുകയോ ചെയ്യാവുന്നതാണ്.

തിയ്യരുടെ താഴെയാണ് ആശാരിയും കരുവാനും തട്ടാനും മുക്കുവനും മറ്റും. ഇവരുടെ താഴെ പല വിഭാഗക്കാരുണ്ട്. അക്കൂട്ടത്തിലൊന്നാണ് പുലയജാതി. കന്നുപൂട്ടും കൃഷിയുമായി ബന്ധപ്പെട്ട മറ്റു വേലകളും ചെയ്യുന്നവരാണിവർ. ഇവരിലും ഉപജാതികളുണ്ട്.

ആണ്ടിൽ ചില പ്രത്യേക രാത്രികളിൽ പുലയജാതിക്കാരനായ പുരുഷന്റെ കൈയിൽ നിന്ന് അവനേക്കാൾ ഉയർന്ന ജാതിയിൽപ്പെട്ട സ്ത്രീയുടെ ദേഹത്തിൽ കല്ലോ മറ്റോ തട്ടിയാൽ ആ സമയത്ത് അവളുടെ കൂടെ ആണില്ലെങ്കിൽ അവൾ ജാതിയിൽ നിന്ന് പുറത്തുപോകും. പിന്നീടവൾക്ക് ഇസ്‌ലാം മതമോ, ക്രിസ്തു മതമോ ജൂതമതമോ സ്വീകരിക്കുകയേ മാർഗ്ഗമുള്ളൂ. ഇല്ലെങ്കിൽ നാടുവാഴി പിടിച്ചുവിൽക്കും.

ഉയർന്ന ജാതിക്കാരും താഴ്ന്ന ജാതിക്കാരും തമ്മിൽ ലൈംഗിക ബന്ധത്തിലേർപ്പെട്ടാലും ഇതു തന്നെയാണ് സ്ഥിതി. ഉയർന്ന ജാതിക്കാർ ജാതിക്ക് പുറത്താകും. മേൽപറഞ്ഞ മാർഗ്ഗങ്ങളിൽ ഏതെങ്കിലും സ്വീകരിക്കേണ്ടതായും വരും. ഇല്ലെങ്കിൽ നിലനിൽപ്പില്ലാതാകും. എന്നാൽ പൂണൂൽ ധാരികളായ ബ്രാഹ്മണർക്ക് നായർ സ്ത്രീകളുമായി ലൈംഗിക വേഴ്ച ആവാം. അത് മൂലം അവർക്ക് ജാതിഭ്രഷ്ട് സംഭവിക്കുകയില്ല. മറിച്ച് അതൊരു അംഗീകൃത സമ്പ്രദായമാണ്. നമ്പൂതിരിമാരിൽ മൂത്ത സഹോദരൻ മാത്രമേ വിവാഹം കഴിക്കാറുള്ളൂവെന്നും ഇളയവൻ നായർ സ്ത്രീകളെ സമീപിക്കുകയാണ് ചെയ്യാറെന്നും മുമ്പ് പറഞ്ഞല്ലോ. അതാണ് അവരുടെ ഈ സമ്പ്രദായം അംഗീകൃതമായതിന്റെ കാരണം.[136]

ഇങ്ങനെ എന്തെല്ലാം ദുരാചാരങ്ങൾ! അജ്ഞതയും ബുദ്ധിശൂന്യതയും ഹേതുവായി അതെല്ലാം തങ്ങളുടെ ബാധ്യതയെന്നോണം അവർ അനുഷ്ഠിച്ചുപോരുകയാണ്. ഈയവസ്ഥയിൽ കഴിയുന്നതിനിടയ്ക്കാണ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇസ്‌ലാം മതം അവരുടെ മുമ്പിലെത്തുന്നത്. അവർ ഇസ്‌ലാമിലേക്ക് ആകൃഷ്ടരാവാൻ പ്രധാന കാരണവും ഇത് തന്നെ.

ഇത്തരം കാര്യങ്ങൾ നമ്മുടെ യഥാർഥ വിഷയത്തിന്റെ ഭാഗമല്ല. വായനക്കാർ അറിഞ്ഞിരിക്കേണ്ട ചില സംഗതികൾ വിഷയത്തിൽ നിന്നൽപം മാറി വിവരിച്ചുവെന്നേയുള്ളൂ. ഇനി യഥാർഥ വിഷയത്തിലേയ്ക്ക് തന്നെ മടങ്ങാം.

മുമ്പ് പറഞ്ഞതുപോലെ, ശറഫ് ഇബ്നു മാലിക്കും മാലിക്ക് ഇബ്നു ദീനാറും ഹബീബ് ഇബ്നു മാലിക്കും മറ്റും മലബാറിന്റെ

തുറമുഖ പ്രദേശങ്ങളിൽ പള്ളികൾ പണിയുകയും ഇസ്ലാം മതം പ്രചരിപ്പിക്കുകയും ചെയ്തപ്പോൾ അവിടങ്ങളിലെ നിവാസികൾ അൽപാൽപമായി ഇസ്ലാമിൽ പ്രവേശിച്ചുകൊണ്ടിരുന്നു. തുടർന്ന് വ്യാപാരികൾ നാനാഭാഗങ്ങളിൽ നിന്ന് അവിടങ്ങളിൽ എത്തിക്കൊണ്ടുമിരുന്നു. അങ്ങനെ കോഴിക്കോട്, വെളിയങ്കോട്, തിരൂരങ്ങാടി, താനൂർ, പൊന്നാനി, പരപ്പനങ്ങാടി, പറവണ്ണ, ചാലിയം തുറമുഖത്തിന്റെ പരിസരപ്രദേശങ്ങൾ, കക്കാട്, തിക്കോടി, പന്തലായിനിയുടെ ഇതര പരിസരപ്രദേശങ്ങൾ, കണ്ണൂർ, എടക്കാട്, തിരുവങ്ങാട്, മയ്യഴി, ചെമ്മനാട്, ധർമ്മടത്തിന്റെ മറ്റു പരിസരപ്രദേശങ്ങൾ, അതിന്റെ തെക്ക് വളപട്ടണം, നാദാപുരം, കൊടുങ്ങല്ലൂരിന് തെക്ക് കൊച്ചി, വൈപ്പിൻ, പള്ളിപ്പുറം എന്നിവിടങ്ങളും മറ്റു തുറമുഖ പ്രദേശങ്ങളും മുസ്ലിംകൾ വഴി ജനനിബിഡമാവുകയും വ്യാപാരം വർദ്ധിച്ച് സജീവ പട്ടണങ്ങളാവുകയും ചെയ്തു. ഭരണാധികാരികളും അവരുടെ സൈന്യങ്ങളും ഹിന്ദുക്കളായിരുന്നെങ്കിൽ കൂടി അവർ മുസ്ലിംകളോട് സഹിഷ്ണുത കാട്ടിയതിന്റെ ഫലമായിട്ടായിരുന്നു ഇതെല്ലാം. വെറും ഹിന്ദുക്കളല്ല, തങ്ങളുടെ പൂർവ്വികാചാരങ്ങൾ നിഷ്ഠയോടെ പുലർത്തിപ്പോന്നിരുന്ന ഭക്തരായിരുന്നു അവരെല്ലാം. വളരെ അപൂർവ്വമായിട്ട് മാത്രമേ മതാനുഷ്ഠാനങ്ങളിൽ അവരുടെ പക്കൽ വീഴ്ച സംഭവിക്കാറുള്ളൂ. മുസ്ലിംകളാകട്ടെ, അവരുടെ പ്രജകളും ജനസംഖ്യയിൽ പത്തിലൊന്ന് പോലുമില്ലാത്ത ന്യൂനപക്ഷവുമായിരുന്നു. എങ്കിലും അവർ മുസ്ലിംകളോട് ശത്രുതാപരമായി പെരുമാറിയില്ല.

പ്രാചീന കാലം മുതൽക്ക് തന്നെ മലബാറിൽ പ്രസിദ്ധിയാർജ്ജിച്ച വലിയ തുറമുഖമായിരുന്നു കോഴിക്കോട്. എന്നാൽ പോർച്ചുഗീസുകാർ മലബാറിൽ വന്ന് നാട്ടുകാരുടെ കച്ചവടയാത്ര മുടക്കിയതിനോട് കൂടി കോഴിക്കോട് ക്ഷയിക്കുകയും തകരുകയും ചെയ്തു.

മുസ്ലിംകൾക്ക് മലബാറിലെവിടെയും അധികാരമുള്ള നേതാവോ ഭരണകർത്താവോ ഇല്ല. അവരുടെ ഭരണാധികാരികളൊക്കെ ഹിന്ദുക്കളാണ്. ഹിന്ദു നിയമവിധികളനുസരിച്ചാണ് അവർ ഭരണം നടത്തുന്നത്. ഏതെങ്കിലും മുസ്ലിമിന്റെ പക്കൽനിന്ന്

പിഴയോ മറ്റോ ഈടാക്കേണ്ടിവന്നാൽ ആ നിയമപ്രകാരം തന്നെ അവർ അയാളിൽ നിന്നത് ഈടാക്കുന്നു. എങ്കിലും മുസ്‌ലിംകൾക്ക് ഹിന്ദുക്കളുടെയിടയിൽ വലിയ ആദരവും മതിപ്പുമാണുള്ളത്. രാജ്യത്തിന്റെ നിർമ്മാണവും പുരോഗതിയും പ്രധാനമായും മുസ്‌ലിംകളിലൂടെയാണ് നടക്കുന്നതെന്നതാണ് ഇതിനൊരു പ്രധാന കാരണം. മുസ്‌ലിംകൾക്ക് ജുമുഅയും പെരുന്നാൾ പോലുള്ള ആഘോഷങ്ങളും നടത്താൻ ഹിന്ദുക്കൾ സൗകര്യം ചെയ്തുകൊടുക്കുന്നു. ഖാസിമാർക്കും ബാങ്കു വിളിക്കുന്നവർക്കും സർക്കാരാണ് ശമ്പളം കൊടുക്കുന്നത്. മുസ്‌ലിംകൾക്കിടയിൽ അവരുടെ മതനിയമങ്ങൾ നടപ്പിലാക്കുന്നതിന് സർക്കാർ തന്നെ പ്രത്യേക ഏർപ്പാടുകളും ചെയ്യുന്നുണ്ട്. ജുമുഅ ഒഴിവാക്കാൻ സർക്കാർ ആരെയും അനുവദിക്കുകയില്ല. ജുമുഅക്ക് പള്ളിയിൽ പോകാത്തവരെ ശിക്ഷിക്കുകയും അവരിൽ നിന്ന് പിഴ വസൂലാക്കുകയും ചെയ്യുക പതിവാണ്. സർക്കാരിന്റെ ദൃഷ്ടിയിൽ വധശിക്ഷയർഹിക്കുന്ന വല്ല കുറ്റവും ഒരു മുസ്‌ലിം ചെയ്താൽ മുസ്‌ലിം നേതാക്കളുടെ സമ്മതപ്രകാരം അയാളെ വധിക്കുകയും മൃതദേഹം മുസ്‌ലിംകളെ ഏൽപ്പിക്കുകയും ചെയ്യും. അവർ മൃതദേഹം ഏറ്റുവാങ്ങി കുളിപ്പിച്ച് നമസ്കാരം കഴിച്ച് മുസ്‌ലിം ശ്മശാനത്തിൽ കൊണ്ടുപോയി മറമാടുന്നു. എന്നാൽ അമുസ്‌ലിംകൾ കൊലയർഹിക്കുന്ന കുറ്റം ചെയ്താൽ അവരെ കൊന്ന് കുരിശിൽ തറച്ചിടുകയോ കൊന്നിടത്തിട്ട് പോവുകയോ ആണ് ചെയ്യാറ്. മറമാടാറില്ല. അങ്ങനെ അവരുടെ ശരീരം നായയോ കുറുക്കനോ മറ്റോ തിന്നുപോകും.

കച്ചവടക്കാരുടെ ആദായത്തിന്റെ പത്തിലൊരു ഭാഗം സർക്കാർ ഈടാക്കുന്നു. വേറെ സാമ്പത്തിക ബാധ്യതകളൊന്നുമില്ല. സർക്കാറിന്റെ ദൃഷ്ടിയിൽ പിഴയടക്കേണ്ട വല്ല കുറ്റവും ചെയ്താൽ അതടക്കേണ്ടിവരുമെന്ന് മാത്രം. കൃഷിക്കാരുടെയോ തോട്ടമുടമകളുടെയോ പക്കൽ നിന്ന് അവർക്ക് എത്ര ഭൂമിയുണ്ടെങ്കിലും ഭൂനികുതിയോ വിളനികുതിയോ ഈടാക്കാറില്ല.

മുസ്‌ലിം വീടുകളിൽ അവരുടെ സമ്മതം വാങ്ങിയിട്ടേ മറ്റുള്ളവർ പ്രവേശിക്കുകയുള്ളൂ. മുസ്‌ലിം വീട്ടിനുള്ളിൽ കൊലപ്പുള്ളി കയറിയിരിപ്പുണ്ടെങ്കിൽ പോലും അവർ അയാളെ വീട്ടിൽ കയറി

പിടിക്കുകയില്ല. പട്ടിണിക്കിട്ടോ മറ്റു നിലയ്ക്കോ നിർബന്ധിച്ച് അയാളെ പുറത്തേയ്ക്ക് വരുത്താൻ വീട്ടുകാരോട് ആവശ്യപ്പെടുകയേയുള്ളൂ.

ഹിന്ദുക്കൾ ഇസ്ലാം മതം സ്വീകരിക്കുകയാണെങ്കിൽ മറ്റ് ഹിന്ദുക്കൾ അതിന് തടസ്സം നിൽക്കുകയോ അവരെ ഉപദ്രവിക്കുകയോ ചെയ്യുകയില്ല. മറിച്ച് അവർ മുമ്പ് താഴ്ന്ന ജാതികളിലെ അംഗങ്ങളായിരുന്നെങ്കിൽ പോലും ഇസ്ലാം സ്വീകരിച്ചുകഴിഞ്ഞാൽ മറ്റു മുസ്ലിംകളോടെന്ന പോലെ ആദരപൂർവ്വം പെരുമാറുകയാണ് പതിവ്. ആദ്യകാലത്ത് മുസ്ലിം വ്യാപാരികൾ ചേർന്ന് പുതുതായി ഇസ്ലാമിലേക്ക് വരുന്നവർക്കുവേണ്ടി നിധി സ്വരൂപിച്ചിരുന്നു.

ഭാഗം നാല്

പോർച്ചുഗീസുകാരുടെ മലബാറിലേയ്ക്കുള്ള വരവും തുടർന്നുള്ള ദുഷ്ട ചെയ്തികളും

അദ്ധ്യായം ഒന്ന്

പോർച്ചുഗീസുകാരുടെ മലബാർ പ്രവേശനം; മുസ്‌ലിംകളോടും സാമൂതിരിയോടും അവർക്കുണ്ടായ എതിർപ്പ്; കൊച്ചി, കണ്ണൂർ, കൊല്ലം എന്നിവിടങ്ങളിൽ കോട്ട കെട്ടിയതും ഗോവാ തുറമുഖം പിടിച്ചതും

ഹിജ്റ 904ാമാണ്ടിലാണ്(ക്രി.വ. 1498) പോർച്ചുഗീസുകാർ ആദ്യമായി മലബാറിലേയ്ക്ക് വന്നത്[137]. മൂന്ന് കപ്പലുകളിലായി അവർ പന്തലായിനിയിൽ എത്തി. കടൽമാർഗ്ഗമുള്ള വ്യാപാരത്തിന്റെ സമയം അവസാനിച്ചിരിക്കുകയായിരുന്നു അപ്പോൾ. പന്തലായിനിയിൽ നിന്ന് കരവഴി കോഴിക്കോട്ടേയ്ക്കു നീങ്ങി ഏതാനും മാസം അവിടെ താമസിച്ച് മലബാറിന്റെ സ്ഥിതിഗതികൾ നല്ലവണ്ണം മനസ്സിലാക്കിയ ശേഷം സ്വദേശത്തേയ്ക്ക് മടങ്ങുകയാണ് അവർ ചെയ്തത്. ഇതിനിടയിൽ യാതൊരു വ്യാപാരത്തിലും അവർ ഏർപ്പെടുകയുണ്ടായില്ല. കുരുമുളകുള്ള സ്ഥലങ്ങൾ അന്വേഷിച്ച്

കണ്ടെത്തുകയും അങ്ങനെ അതിന്റെ വ്യാപാരക്കുത്തക കൈവശ പ്പെടുത്തുകയുമായിരുന്നുവത്രെ മലബാറിലേയ്ക്കുള്ള അവരുടെ വരവിന്റെ ഉദ്ദേശ്യം. അതുവരെ അവർ കുരുമുളക് വാങ്ങിയിരുന്നത് മലബാറിൽ നിന്ന് അത് കയറ്റിക്കൊണ്ടുപോകുന്ന മറ്റു വ്യാപാരി കൾ വഴിക്കായിരുന്നു.[138]

രണ്ട് കൊല്ലം കഴിഞ്ഞശേഷം വീണ്ടും അവർ കോഴിക്കോട്ടെ ത്തി. ആറ് കപ്പലുകളിലായി ശരിക്കും വ്യാപാരത്തിന് ഒരുങ്ങിപ്പുറ പ്പെട്ട നിലയിലായിരുന്നു ഇത്തവണത്തെ വരവ്. തുടർന്ന് അവർ വ്യാപാരത്തിലേർപ്പെട്ടു. മുസ്ലിംകൾ അറേബ്യയിലേയ്ക്ക് ചരക്കു കൾ കയറ്റിക്കൊണ്ടുപോകുന്നത് തടയുകയും വ്യാപാര വൃത്തിയി ലേർപ്പെടാൻ അവരെ അനുവദിക്കാതിരിക്കുകയും ചെയ്യണമെന്ന് അവർ സാമൂതിരിയുടെ ഉദ്യോഗസ്ഥന്മാരോടാവശ്യപ്പെട്ടു. മുസ്ലിം കൾ അനുഭവിക്കുന്ന നേട്ടങ്ങൾ അവർക്ക് നഷ്ടപ്പെടുത്തിയാൽ അവർ തരുന്നതിന്റെ ഇരട്ടി സംഖ്യ തരാമെന്ന് വാക്ക് നൽകുകയും ചെയ്തു. തുടർന്ന് മുസ്ലിംകൾക്കെതിരിൽ അവർ കൈയേറ്റം ആരം ഭിച്ചു. ഇതറിഞ്ഞ സാമൂതിരി കൈയേറ്റക്കാരായ പോർച്ചുഗീസു കാരെ പിടിച്ച് വധിക്കാൻ കൽപന നൽകി. അങ്ങനെ അവരിൽ അറുപതോ എഴുപതോ പേർ വധിക്കപ്പെട്ടു. ബാക്കിയുള്ളവർ ഓടി കപ്പലുകളിൽ കയറുകയും അവിടെ നിന്ന് കരയിലുണ്ടായിരുന്നവ രുടെ നേരെ വെടിവയ്ക്കുകും ചെയ്തു. കരയിൽ നിന്നിരുന്നവർ കപ്പലുകളിലേയ്ക്ക് തിരിച്ചും വെടിവെച്ചു.

പോർച്ചുഗീസുകാർ പിന്നീട് കൊച്ചി തുറമുഖത്തേയ്ക്ക് പോയി. കൊച്ചിയുമായി സന്ധിയിലേർപ്പെട്ട് അവർ അവിടെ ഒരു കോട്ട പണിത് താവളമുറപ്പിച്ചു. ഇന്ത്യയിൽ പോർച്ചുഗീസുകാർ പണിത ആദ്യത്തെ കോട്ട അതാണ്.[139] സമുദ്രതീരത്ത് സ്ഥിതി ചെയ്തിരുന്ന മുസ്ലിം പള്ളി തകർത്ത് തൽസ്ഥാനത്ത് ഒരു ചർച്ചും അവർ പണി തു. തുടർന്ന് അവിടത്തുകാരുമായി അവർ വ്യാപാര ഇടപാടുകളി ലേർപ്പെട്ടുകൊണ്ടിരുന്നു.

പിന്നീടവർ കണ്ണൂരിലെത്തി അവിടെയുള്ളവരുമായി ഉടമ്പടിയു ണ്ടാക്കുകയും അവിടെയും ഒരു കോട്ട കെട്ടി വ്യാപാരത്തിലേർപ്പെ ടുകയും ചെയ്തു[140]. ഇത്തവണ അവർ സ്വദേശത്തേയ്ക്കു മടങ്ങി

യത് കപ്പലുകൾ നിറയെ കുരുമുളകും ചുക്കും കൊണ്ടാണ്. അതു തന്നെയായിരുന്നു എത്രയോ ദൂരം(13,000 മൈൽ) സഞ്ചരിച്ച് അവരിവിടെ വന്നതിന്റെ മുഖ്യ ഉദ്ദേശ്യം.

ഒരു കൊല്ലം കഴിഞ്ഞ് പോർച്ചുഗീസുകാർ വീണ്ടും വന്നു. ഇത്തവണ നാല് കപ്പലുകളാണുണ്ടായിരുന്നത്. അങ്ങനെ കൊച്ചിയിലും കണ്ണൂരിലുമിറങ്ങി ആവശ്യമുള്ളത്ര കുരുമുളകും ചുക്കും ശേഖരിച്ച് സ്വദേശത്തേയ്ക്ക് കൊണ്ടുപോയി[141]. പിന്നീട് രണ്ട് കൊല്ലം കഴിഞ്ഞിട്ടാണവർ വരുന്നത്. പതിനെട്ടിനും ഇരുപത്തിരണ്ടിനുമിടയ്ക്ക് കപ്പലുകളുണ്ടായിരുന്നു കൂടെ. എന്നിട്ട് കുരുമുളകിനും ചുക്കിനും പുറമെ വേറെയും ചരക്കുകൾ കയറ്റി നാട്ടിലേയ്ക്കു മടങ്ങി.[142]

പോർച്ചുഗീസുകാരുടെ ശക്തിയും സ്വാധീനവും നാൾക്കുനാൾ ഇവിടെ വർദ്ധിച്ചുവന്നു. അങ്ങനെയിരിക്കെയാണ് സാമൂതിരി വമ്പിച്ച ഒരാക്രമണത്തിലൂടെ കൊച്ചിക്ക് വലിയ നാശനഷ്ടങ്ങളേൽപ്പിച്ചത്. മുമ്പും സാമൂതിരിയുടെ കൈയാൽ കൊച്ചിക്ക് ഇതേ അനുഭവമുണ്ടായിട്ടുണ്ട്. ഇത്തവണ കൊച്ചിയുടെ രണ്ടോ മൂന്നോ ഇളമുറത്തമ്പുരാക്കന്മാരെ സാമൂതിരി വധിക്കുകയുണ്ടായി. ആക്രമണാനന്തരം സാമൂതിരി കോഴിക്കോട്ടേയ്ക്ക് മടങ്ങി.

ഇളമുറത്തമ്പുരാക്കന്മാരെ വധിക്കാൻ കാരണം അവർ പോർച്ചുഗീസുകാർക്കനുകൂലമായി നിന്നതാണ്. പോർച്ചുഗീസുകാർ കൊച്ചിയിൽ അധിനിവേശം സ്ഥാപിച്ചതിനെത്തുടർന്ന് അവിടത്തെയും അയൽപ്രദേശങ്ങളിലെയും അധികാരസ്ഥാനങ്ങൾ കുടുംബത്തിൽ മൂത്തയാൾക്ക് കൊടുക്കണമെന്ന പാരമ്പര്യസമ്പ്രദായത്തെ മറികടന്ന്, മരുമക്കൾക്ക് മാത്രമായി നിശ്ചയിക്കുകയുണ്ടായി. കൊച്ചി രാജാക്കന്മാർ പോർച്ചുഗീസുകാർക്ക് വലിയ അന്തസ്സും ആദരവും കൽപ്പിച്ചുകൊടുക്കുകയും പകരം പോർച്ചുഗീസുകാർ കൊച്ചി രാജാക്കന്മാർക്ക് സമ്പത്ത് നൽകുകയും യുദ്ധങ്ങളിലും മറ്റും അവരെ സഹായിക്കുകയും ചെയ്തുകൊണ്ടിരുന്നു. കച്ചവടത്തിന്റെ പത്തിലൊരു ഭാഗം അവർ കൊച്ചി രാജാക്കന്മാർക്ക് നീക്കിവച്ചിരുന്നു. ഇതിന്റെയെല്ലാം ഫലമായി പോർച്ചുഗീസുകാർക്കവിടെ വലിയ സ്വാധീനം കിട്ടി.

നേരത്തെ പതിനെട്ടിനും ഇരുപത്തിരണ്ടിനുമിടയ്ക്ക് കപ്പലുകളുമായി വന്ന് കുരുമുളകും ചുക്കും മറ്റു ചരക്കുകളുമായി നാട്ടിലേയ്ക്ക് മടങ്ങിയതിനുശേഷം ഒരു കൊല്ലം കഴിഞ്ഞപ്പോൾ വീണ്ടും പോർച്ചുഗീസുകാർ ഇവിടെയെത്തി. ഇപ്രാവശ്യം പത്ത് കപ്പലുകളിലായിക്കൊണ്ടാണ് വന്നത്. ഏഴെണ്ണം പുതിയതും മൂന്നെണ്ണം നേരത്തെ വന്ന കൂട്ടത്തിലുണ്ടായിരുന്നതും. വഴിയിൽ തങ്ങിയിരുന്ന പ്രസ്തുത മൂന്ന് കപ്പലുകൾ പുതിയ ഏഴെണ്ണത്തിന്റെ കൂടെക്കൂടി ഇങ്ങോട്ട് പോരുകയാണ് ചെയ്തത്. ഇവിടെ എത്തിയതിനു ശേഷം ഏഴെണ്ണം ചരക്കുകൾ കയറ്റി സ്വദേശത്തേക്ക് തിരിക്കുകയും മൂന്നെണ്ണം കൊച്ചിയിൽ നിൽക്കുകയും ചെയ്തു.

പോർച്ചുഗീസുകാരുടെ മൂന്ന് കപ്പലുകൾ കൊച്ചിയിൽ നിൽക്കുന്നുണ്ടെന്നറിഞ്ഞ സാമൂതിരി ഒരു ലക്ഷത്തോളം നായർ പടയാളികളോടും ഒട്ടനവധി മുസ്‌ലിം യോദ്ധാക്കളോടും കൂടി അവ പിടിച്ചടക്കാൻ അങ്ങോട്ട് പുറപ്പെട്ടു. എന്നാൽ പോർച്ചുഗീസുകാരുടെ ശക്തമായ പീരങ്കിയുദ്ധം കാരണം സാമൂതിരിയുടെ സൈന്യത്തിന് കൊച്ചിയിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല.[143] മൂന്ന് വഞ്ചികളിലായി യുദ്ധ സജ്ജീകരണങ്ങളുമായെത്തിയ പൊന്നാനിക്കാരായ മുസ്‌ലിം യോദ്ധാക്കളാണ് പോർച്ചുഗീസുകാരെ എതിർത്ത് യുദ്ധം ചെയ്തത്. ധീരമായ പോരാട്ടത്തിൽ കുറേ മുസ്‌ലിംകൾ രക്തസാക്ഷികളായി. പിറ്റേ ദിവസം പൊന്നാനിക്കാരും വെളിയങ്കോട്ടുകാരുമായ മുസ്‌ലിംകൾ നാല് വഞ്ചികളിലും പന്തലായിനിക്കാരും കക്കാട്ടുകാരുമായ മുസ്‌ലിംകൾ മൂന്ന് വഞ്ചികളിലും സമുദ്രത്തിലിറങ്ങി പോർച്ചുഗീസുകാരോട് ഘോരഘോരം പൊരുതി. ഈ യുദ്ധത്തിൽ മുസ്‌ലിംകൾക്ക് നഷ്ടമൊന്നും പറ്റിയില്ല. വർഷക്കാലം ആരംഭിച്ചതിനാൽ യുദ്ധം തുടരാൻ കഴിഞ്ഞില്ലെന്നു മാത്രം. അങ്ങനെ സാമൂതിരിയും സൈന്യങ്ങളും അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുരക്ഷിതരായി കോഴിക്കോട്ടേയ്ക്കു മടങ്ങി.

ഇങ്ങനെ കൊല്ലംതോറും പോർച്ചുഗലിൽ നിന്ന് ആളും ചരക്കുമായി കപ്പൽ വരുന്നതും കുരുമുളകും ചുക്കും മറ്റു സാധനങ്ങളും കയറ്റിക്കൊണ്ടുപോകുന്നതും പതിവായിത്തീർന്നു. കൊച്ചിക്കാരും കണ്ണൂർക്കാരും അവരോട് ബന്ധപ്പെട്ടവരും പോർച്ചുഗീസുകാർ തങ്ങ

ളുടെ രാജ്യങ്ങളിൽ അധിവാസമുറപ്പിച്ചതിനുശേഷം അവരുടെ അനുമതിപത്രം(കർത്താസ്) വാങ്ങിയാണ് കടൽവ്യാപാരം നടത്തിയിരുന്നത്. സമുദ്രത്തിലോടുന്ന ചെറുതും വലുതുമായ എല്ലാ യാനപാത്രങ്ങൾക്കും അവരുടെ പക്കൽ നിന്ന് രക്ഷാമുദ്ര വാങ്ങണമായിരുന്നു. അതിന് ഓരോ യാനപാത്രത്തിന്റെയും ഉടമ അയാളുടെ നാട്ടുരാജാവിന് ഓരോ യാത്രയ്ക്കും ഒരു നിശ്ചിത സംഖ്യ കൊടുക്കേണ്ടതുമുണ്ടായിരുന്നു. നാട്ടുരാജാക്കന്മാരുടെ എതിർപ്പ് ഇല്ലാതാക്കാൻ വേണ്ടിയായിരുന്നു അത്. തങ്ങളുടെ അനുമതിപത്രത്തോട് കൂടിയല്ലാതെ യാത്ര ചെയ്യുന്ന കപ്പലും വഞ്ചിയും അവയിലുള്ള വസ്തുക്കൾ സഹിതം പോർച്ചുഗീസുകാർ പിടിച്ചെടുക്കും. ആളുകളെ തടവുകാരാക്കുകയും ചെയ്യും.

സാമൂതിരിയും അദ്ദേഹത്തിന്റെ പ്രജകളും പോർച്ചുഗീസുകാരുമായി നിരന്തരം യുദ്ധത്തിലേർപ്പെട്ടുകൊണ്ടിരുന്നു. ധാരാളം ധനം സാമൂതിരിക്ക് ഇതിനുവേണ്ടി ചെലവഴിക്കേണ്ടിവന്നു. അങ്ങനെ അദ്ദേഹത്തിന്റെയും പ്രജകളുടെയും ശക്തി ക്ഷയിച്ചു. സാമൂതിരി വിദേശങ്ങളിലെ മുസ്‌ലിം രാജാക്കന്മാരുടെ സഹായം തേടിയെങ്കിലും വലിയ ഫലമുണ്ടായില്ല. ഗുജറാത്തിലെ സുൽത്താൻ മഹ്മൂദ്ശാ(സുൽത്താൻ മുസഫ്ഫർശായുടെ പിതാവ്)യും ബീജാപൂരിലെ സുൽത്താനും അലി ആദിൽശായുടെ പിതാമഹനുമായ ആദിൽശായും[144](ഇവരുടെ അന്ത്യവിശ്രമസ്ഥാനങ്ങൾ പ്രശോഭിതമായിരിക്കട്ടെ) സാമൂതിരിയെ സഹായിക്കാൻ യുദ്ധക്കപ്പലുകൾ ഒരുക്കിനിറുത്തി. പക്ഷേ, പുറപ്പെടാൻ കഴിഞ്ഞില്ല. ഈജിപ്തിലെ സുൽത്താൻ ഖാനിസുൽഗൗരി[145] (അല്ലാഹു അദ്ദേഹത്തെ അനുഗ്രഹിക്കട്ടെ) തന്റെ യുദ്ധകാര്യമന്ത്രി അമീർ ഹുസൈനെ പതിമൂന്ന് കപ്പൽ നിറയെ സൈന്യങ്ങളുമായി സാമൂതിരിയെ സഹായിക്കാൻ അയച്ചു. അമീർ ഹുസൈനും സൈന്യങ്ങളും ഗുജറാത്തിലെ ഡ്യൂ തുറമുഖത്തെത്തി. അവിടെ നിന്ന് ചൗൾ[146] തുറമുഖത്തേക്കുള്ള യാത്രയിൽ ഡ്യൂവിലെ സുൽത്താനായിരുന്ന മലിക്ക് അയാസും[147] കുറേ കപ്പലുകൾ നിറയെ സൈന്യങ്ങളുമായി അവരുടെ കൂടെ ചേർന്നു. മാർഗമധ്യേ അവർ പോർച്ചുഗീസുകാരുടെ ഏതാനും കപ്പലുകൾ കണ്ടു. തുടർന്ന് യുദ്ധം നടക്കുകയും അമീർ ഹുസൈൻ

പോർച്ചുഗീസുകാരെ തോൽപ്പിക്കുകയും അവരുടെ ഒരു വലിയ കപ്പൽ പിടിച്ചെടുക്കുകയും ചെയ്തു[148]. എന്നിട്ട് അദ്ദേഹവും സംഘവും കപ്പലുകളുമായി ഡ്യൂവിലേക്ക് മടങ്ങി. വർഷക്കാലം ആരംഭിച്ചതിനാൽ കുറച്ചുമാസം അവർക്കവിടെ താമസിക്കേണ്ടിവ ന്നു. പിന്നീട് അവരുടെ സഹായത്തിനായി സാമൂതിരിയുടെ കൽപന പ്രകാരം നാൽപതോളം കപ്പൽ മലബാറിൽ നിന്ന് ഡ്യൂവിലെത്തി. അവയിൽ സാമൂതിരിയുടെ മാത്രമല്ല, പുറം ദേശക്കാരുടെയും കപ്പ ലുകളുണ്ടായിരുന്നു.

അമീർ ഹുസൈനും സംഘവും ഡ്യൂവിൽ താവളമടിച്ചിട്ടുണ്ടെ ന്നറിഞ്ഞ് പോർച്ചുഗീസുകാർ ഇരുപത് കപ്പലുകളിൽ വമ്പിച്ച യുദ്ധസന്നാഹങ്ങളുമായി അങ്ങോട്ടു പുറപ്പെട്ടു. ഓർക്കാപ്പുറത്താണ് അവർ ഡ്യൂവിൽ എത്തിയത്. ഇതറിഞ്ഞ് അമീർ ഹുസൈനും മലിക്ക് അയാസും മലബാറുകാരും അവരവരുടെ കപ്പലുകളുമായി യുദ്ധ ത്തിനിറങ്ങി. പോർച്ചുഗീസുകാരുടെ വരവ് ഓർക്കാപ്പുറത്തായിരു ന്നതിനാൽ പ്രത്യേകം ഒരുക്കങ്ങളൊന്നും ചെയ്യാൻ സൗകര്യം ലഭി ക്കാതെയാണ് അവർ യുദ്ധത്തിനിറങ്ങിയത്. പോർച്ചുഗീസുകാർ എല്ലാ ശക്തിയും അമീർ ഹുസൈന്റെ നേരെ ഒരുമിച്ചുപ്രയോഗി ച്ചു. അദ്ദേഹത്തിന്റെ ഏതാനും കപ്പലുകൾ പിടിച്ചെടുക്കുകയും ചെയ്തു. ബാക്കിയുള്ളവ കടലിൽ മുക്കി. അമീർ ഹുസൈനും അദ്ദേ ഹത്തിന്റെ ഏതാനും പടയാളികളും മലിക് അയാസിന്റെയും മല ബാറുകാരുടെയും കപ്പലുകളും അപകടമൊന്നുമേൽക്കാതെ രക്ഷ പ്പെട്ടു. അങ്ങനെ വിധിവശാൽ ആ ദുഷ്ടന്മാർക്കായിരുന്നു ഇത്ത വണ വിജയം[149]. അവർ അങ്ങനെ കൊച്ചിയിലേക്ക് മടങ്ങി. അമീർ ഹുസൈൻ ഈജിപ്തിലേക്കും തിരിച്ചു.

പോർച്ചുഗീസുകാരുമായുണ്ടായ യുദ്ധത്തിൽ താൻ പരാജിതനാ യത് അമീർ ഹുസൈൻ ഖാനിസുൽ ഗൗരിയെ അറിയിച്ചപ്പോൾ അദ്ദേഹം രോഷാകുലനാവുകയും എല്ലാവിധ സന്നാഹങ്ങളും സഹിതം ഇരുപത്തിരണ്ട് യുദ്ധക്കപ്പലുകൾ ഒരുക്കുകയും ചെയ്തു. പടത്തലവനായി ഇത്തവണ അമീർ ഹുസൈന് പുറമേ സൽമാൻ റൂമിയെക്കൂടി സുൽത്താൻ നിയോഗിച്ചു.

ഖാനിസുൽഗൗരിയുടെ സൈന്യം ജിദ്ദ വഴി സഞ്ചരിച്ച് കമറാൻ തുറമുഖത്തെത്തി. അവിടെവച്ച് അമീർ ഹുസൈൻ യമൻകാരുമായി യുദ്ധത്തിലേർപ്പെടുകയും അവരുടെ രാജ്യം കൊള്ളയടിക്കുകയും ചെയ്തതിനെത്തുടർന്ന് സൽമാൻ റൂമി അദ്ദേഹവുമായി പിണങ്ങി ഏദൻ തുറമുഖത്തേക്കു പോയി. അവിടെ നിന്ന് ജിദ്ദയിലേക്കു മടങ്ങുകയും ചെയ്തു. ജിദ്ദയിൽ വച്ച് അമീർ ഹുസൈനും അമീർ സൽമാനും തമ്മിൽത്തന്നെ പോരാട്ടമായി. മുസ്‌ലിംകളോട് യുദ്ധം ചെയ്ത് അവരുടെ സ്വത്തുക്കൾ കൊള്ളയടിച്ച അമീർ ഹുസൈന്റെ കാരണത്താൽ സൽമാന് ജിദ്ദ വിട്ടു സ്വദേശത്തേക്കു മടങ്ങേണ്ടിവന്നു. അമീർ ഹുസൈനെ ഹിജാസിലെ സുൽത്താൻ ശരീഫ് ബറക്കാത്ത്[151] പിടിച്ച് കടലിൽ മുക്കി കൊല്ലുകയാണുണ്ടായത്. ഇതിനുശേഷമാണ് സുൽത്താൻ ഖാനിസുൽഗൗരിയും സുൽത്താൻ സലീം ശാറൂമിയും[152] തമ്മിൽ യുദ്ധം തുടങ്ങിയതും ഖാനിസുൽഗൗരിയുടെ ആധിപത്യം തകർന്നതും, അദ്ദേഹം വധിക്കപ്പെട്ടതും അദ്ദേഹത്തിന്റെ അധികാരം സലീംശാ കൈവശപ്പെടുത്തിയതുമായ വിവരങ്ങൾ ജിദ്ദയിൽ എത്തിയത്.

ഹിജ്റ 915-ാമാണ്ട് (ക്രി.വ. 1510) റംസാൻ 22 വ്യാഴാഴ്ച പോർച്ചുഗീസുകാർ വലിയ യുദ്ധസന്നാഹങ്ങളോടെ കോഴിക്കോട്ടെത്തി[153]. നാഖുദാ മിസ്കാൽ[154] എന്ന മഹാൻ പണിയിച്ച വലിയ മുസ്‌ലിം പള്ളി അഗ്നിക്കിരയാക്കി. ശേഷം സാമൂതിരിയെ തങ്ങൾ കീഴടക്കിയെന്നവകാശപ്പെട്ട് അവർ അദ്ദേഹത്തിന്റെ രാജധാനിയിൽ പ്രവേശിച്ചു. സാമൂതിരി ആ അവസരത്തിൽ രാജധാനിയിലുണ്ടായിരുന്നില്ല. യുദ്ധാവശ്യാർഥം ഏതോ ദൂരദിക്കിൽ പോയതായിരുന്നു. അവിടെയുണ്ടായിരുന്ന നായർ പടയാളികൾ പോർച്ചുഗീസുകാരോടേറ്റുമുട്ടി അവരെ രാജധാനിയിൽ നിന്ന് പുറത്താക്കി. പോർച്ചുഗീസുകാരുടെ അഞ്ഞൂറോളം പട്ടാളക്കാരെ അവർ കൊലപ്പെടുത്തി. കുറേപേർ വെള്ളത്തിൽ മുങ്ങിച്ചാവുകയും അവശേഷിച്ചവർ നിരാശയോടെ കപ്പലുകളിൽ കയറി പിൻവാങ്ങുകയും ചെയ്തു.[155]

ഈ സംഭവത്തിന്റെ മുമ്പോ ശേഷമോ എന്ന് കൃത്യമായറിയില്ല, പോർച്ചുഗീസുകാർ പൊന്നാനിയിൽ വന്ന് കടൽത്തീരത്ത് ഒഴിഞ്ഞു കിടക്കുന്നത് കണ്ട അമ്പതോളം വഞ്ചികൾ അഗ്നിക്കിരയാക്കുക

യുണ്ടായി. അന്നേരം അവരുമായി ഏറ്റുമുട്ടിയ എഴുപതോളം മുസ്‌ലിംകൾ രക്തസാക്ഷികളായി.

ഏദനിലും[156] ഇതുപോലെ പോർച്ചുഗീസുകാർ ചെന്നിറങ്ങി അവിടത്തുകാരായ മുസ്‌ലിംകളോട് ഏറ്റുമുട്ടി. അല്ലാഹു തുണച്ചിട്ട് വിജയം മുസ്‌ലിംകൾക്കായിരുന്നു. പോർച്ചുഗീസുകാർക്ക് ലക്ഷ്യം നേടാനാവാതെ പരാജയപ്പെട്ട് പിന്തിരിഞ്ഞോടേണ്ടിവന്നു. അമീർ മർജാനായിരുന്നു അന്നത്തെ ഏദൻ ഭരണാധികാരി.[157]

കൊച്ചിയിലും കണ്ണൂരിലും കോട്ടകൾ കെട്ടി സ്ഥിതി ഭദ്രമാക്കിയതിനുശേഷം പോർച്ചുഗീസുകാർ കൊല്ലം രാജാവുമായി ഉടമ്പടിയുണ്ടാക്കി അവിടെയും കോട്ട പണിയിച്ചു[158]. അക്കാലത്ത് മറ്റേത് പ്രദേശത്തേക്കാളുമേറെ കുരുമുളക് എത്തിയിരുന്നത് കൊച്ചിയിലേക്കും കൊല്ലത്തേക്കുമായിരുന്നു.

പിന്നീടവർ ഗോവ[159] ആക്രമിച്ച് കീഴടക്കി. അലി ആദിൽശായുടെ പിതാമഹൻ ആദിൽശായുടെ അധീനത്തിലായിരുന്നു ഗോവാ തുറമുഖം. പോർച്ചുഗീസുകാർ അവിടെ ഇന്ത്യയിലെ തങ്ങളുടെ ആസ്ഥാനമാക്കി ഭരണം നടത്താൻ തുടങ്ങി. എന്നാൽ അധികം താമസിയാതെ ആദിൽശാ യുദ്ധം ചെയ്ത് ഗോവ തിരിച്ചുപിടിക്കുകയും ശത്രുക്കളെ ഓടിക്കുകയും ചെയ്തു. അങ്ങനെ വീണ്ടും അതൊരിസ്‌ലാമിക രാജ്യമായി. അരിശം മൂത്ത പോർച്ചുഗീസുകാർ അടങ്ങിനിന്നില്ല. അവർ വമ്പിച്ച സന്നാഹങ്ങളോട് കൂടിയെത്തി യുദ്ധം ചെയ്ത് ഗോവ വീണ്ടും പിടിച്ചെടുത്ത് തങ്ങളുടെ അധീനത്തിലാക്കി[160]. സുൽത്താന്റെ സേനാനായകനും മറ്റ് ചില പ്രധാനികളും പോർച്ചുഗീസുകാരുമായി ഒത്തുകളിച്ചതിനാലാണ് അവർക്ക് നിഷ്പ്രയാസം ഗോവ പിടിക്കാൻ കഴിഞ്ഞതെന്ന് പറയപ്പെടുന്നു. ഗോവ തങ്ങളുടെ അധീനത്തിലായ ശേഷം പോർച്ചുഗീസുകാർ അവിടെ അനേകം കോട്ടകളും കൊത്തളങ്ങളും പണിതു. അങ്ങനെ അവരുടെ ശക്തി നാൾക്കുനാൾ വർദ്ധിച്ചു. അല്ലാഹു വിധിക്കുന്നതല്ലേ നടക്കൂ.

അദ്ധ്യായം രണ്ട്

പോർച്ചുഗീസുകാർ മലബാറിൽ ചെയ്ത അക്രമങ്ങൾ

മലബാറിൽ മുസ്ലിംകൾ അവരുടെ മതനിഷ്ഠയുള്ള ഹിന്ദുഭരണാധികാരികളുടെ സൗമ്യവും സഹിഷ്ണുതാപരവും സൗഹാർദ്ദപൂർണവുമായ പെരുമാറ്റത്തിന്റെ തണലിൽ സുഖസന്തോഷങ്ങളോട് കൂടിയ ജീവിതം അനുഭവിച്ചുപോരുന്ന അവസ്ഥയാണ് ആദ്യം നിലനിന്നിരുന്നത്. എന്നാൽ അവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്കു നന്ദി കാണിക്കാതെ അവനെ ധിക്കരിച്ചുകൊണ്ടുള്ള ജീവിതത്തിലേക്ക് ക്രമേണ വ്യതിചലിച്ചു. അതിനുള്ള ഒരു ദൈവിക പ്രഹരമെന്ന നിലയ്ക്കാണ് അവരുടെ ആധിപത്യം നികൃഷ്ടരായ പോർച്ചുഗീസ് ക്രൈസ്തവരുടെ കൈയിൽ ചെന്നുപെട്ടത്. ഏതെല്ലാം തരത്തിലുള്ള ക്രൂരതകൾക്കും അപമാനങ്ങൾക്കുമാണ് പോർച്ചുഗീസുകാരുടെ കൈക്ക് മുസ്ലിംകൾ ഇരയായതെന്ന് എണ്ണി വിവരിക്കുക പ്രയാസമാണ്.

അകാരണമായി ദണ്ഡിക്കുക, പരിഹസിക്കുക, അപമാനിക്കുക, ചെളിയും വെള്ളവുമുള്ള സ്ഥലങ്ങളിലൂടെ കടന്നുപോകേണ്ടിവരുമ്പോൾ വാഹനമായിട്ടുപയോഗിക്കുക, മുഖത്തും ശരീരത്തിലും കാർക്കിച്ച് തുപ്പുക, യാത്ര പ്രത്യേകിച്ച് ഹജ്ജ് യാത്ര മുടക്കുക, സ്വത്തുക്കൾ കൊള്ളയടിക്കുക, വാഹനങ്ങൾ പിടിച്ചെടുക്കുക, വീടുകളും പള്ളികളും അഗ്നിക്കിരയാക്കുക, മുസ്ഹഫുകളും കിതാബുകളും ചവിട്ടിത്തേയ്ക്കുകയും കത്തിക്കുകയും ചെയ്യുക, പ്രവാചകരെ(സ) പരസ്യമായി അപഹസിക്കുക, ആരാധനാകേന്ദ്രങ്ങൾ അശുദ്ധമാക്കുക, ഇസ്ലാം മതത്തിന് വിരുദ്ധമായ വാക്കുകൾ പറയിക്കുക, കുരിശിന്റെ മുമ്പിൽ നിർബന്ധിച്ച് കുമ്പിടീക്കുകയും അത്

ചെയ്യുന്നവർക്ക് പണം കൊടുക്കുകയും ചെയ്യുക, മുസ്ലിം സ്ത്രീകളെ അവമതിക്കാൻ വേണ്ടി അവരുടെ മുമ്പിൽകൂടി ക്രിസ്ത്യൻ സ്ത്രീകളെ ആഭരണങ്ങളും വിലപിടിച്ച വസ്ത്രങ്ങളും ധരിപ്പിച്ച് നടത്തുക, ഹജ്ജ് തീർത്ഥാടകരെ വധിക്കുകയും പലവിധേന പീഡിപ്പിക്കുകയും ചെയ്യുക, പിടിച്ച് ബന്ധിക്കുക, കൈകാലുകളിൽ കനത്ത ചങ്ങലകളിടുക, അടിമകളാക്കി അങ്ങാടികളിൽ വലിച്ചിഴച്ച് കൊണ്ടുനടന്ന് വിൽക്കുക, ഇങ്ങനെ കൊണ്ടു നടക്കുന്നവരെ ആരെങ്കിലും മോചിപ്പിക്കാൻ ചെന്നാൽ അവരിൽ നിന്ന് അധികം വില ഈടാക്കാൻ വേണ്ടി അധികം മർദ്ദിക്കുക, പിടിച്ചു കൊണ്ടുപോയി ദുർഗന്ധം വമിക്കുന്നതും അപകടം നിറഞ്ഞതുമായ ഇരുട്ടറകളിൽ കൂട്ടമായി പാർപ്പിക്കുക, മലമൂത്ര വിസർജ്ജനം നടത്തിയിട്ട് വെള്ളം കൊണ്ട് ശുദ്ധി വരുത്തിയാൽ ചെരിപ്പ് കൊണ്ടടിക്കുകയും തീ കൊണ്ട് കുത്തി പൊള്ളിക്കുകയും ചെയ്യുക. ഇതെല്ലാം മുസ്ലിംകളോട് അവർ നിത്യമായി ചെയ്തിരുന്ന ക്രൂരതകളായിരുന്നു. ഒരു കാരണവും കൂടാതെ മുസ്ലിംകളെ പിടിച്ചു കൊണ്ടുപോയി മർദ്ദിക്കുകയും വിൽക്കുകയും അടിമകളാക്കുകയും അസാധ്യമായ ജോലികൾ നിഷ്കരുണം ചെയ്യിക്കുകയും അവരുടെ പതിവാണ്.

ഗുജറാത്ത്, കൊങ്കൺ, മലബാർ മുതലായ തുറമുഖങ്ങളിലും അറേബ്യൻ തീരങ്ങളിലും സഞ്ചരിച്ചും അധിവസിച്ചും മുസ്ലിംകളുടെ കപ്പലുകൾ കൊള്ളയടിക്കുകവഴി പോർച്ചുഗീസുകാർക്ക് സമ്പത്ത് കുന്നുകൂടി. ആ കപ്പലുകളിലെ ആൾക്കാരെ തടഞ്ഞുപിടിച്ച് അടിമകളാക്കാനും അവർക്ക് കഴിഞ്ഞു. കുലീനകളായ എത്രയേറെ മുസ്ലിം സ്ത്രീകളെയാണ് അവർ തടഞ്ഞുപിടിച്ച് ബന്ധനസ്ഥരാക്കി ബലാത്സംഗം ചെയ്ത് മുസ്ലിംകളുടെ ശത്രുക്കളായി മാറുന്ന ക്രിസ്തീയ സന്തതികൾക്ക് ജന്മം നൽകിയിട്ടുള്ളത്! എത്രയെത്ര തങ്ങന്മാരെയും പണ്ഡിതന്മാരെയും മഹത്തുക്കളെയുമാണ് അവർ തടവിൽ പാർപ്പിക്കുകയും പീഡിപ്പിക്കുകയും കൊല്ലുകയും ചെയ്തിട്ടുള്ളത്! എത്രയെത്ര മുസ്ലിം സ്ത്രീപുരുഷന്മാരെയാണ് അവർ നിർബന്ധിച്ച് ക്രിസ്ത്യാനിയാക്കിയിട്ടുള്ളത്! ഇതുപോലെ എന്തെല്ലാം നീചകൃത്യങ്ങളും ക്രൂരതകളുമാണ് അവർ ചെയ്തുകൂ

ട്ടിയിട്ടുള്ളത്! അതെല്ലാം വിവരിക്കുക അസാധ്യം! സർവ്വശക്തനായ അല്ലാഹുവിന് മാത്രമേ അതിനെല്ലാം അവർക്ക് തക്ക തിരിച്ചടി നൽകാനാവുകയുള്ളൂ.

മുസ്ലിംകളെ മതം മാറ്റി ക്രിസ്തു മതത്തിൽ ചേർക്കുക എന്നതാണ് പോർച്ചുഗീസുകാരുടെ എന്നത്തെയും ഏറ്റവും വലിയ ലക്ഷ്യം. മുസ്ലിംകളെ സംബന്ധിച്ചിടത്തോളം ഇത് അല്ലാഹുവിൽ ശരണം തേടേണ്ട ഒരു മഹാവിപത്താകുന്നു. അവർ മുസ്ലിംകളോടേർപ്പെടുന്ന എല്ലാ ഉടമ്പടിയും ഈ ലക്ഷ്യത്തിന് വേണ്ടിയുള്ളതാണ്. മുസ്ലിംകളുമായി ഇടപഴകി അവരെ ക്രൈസ്തവവൽക്കരിക്കണം അവർക്ക്. എന്നിട്ടും പോർച്ചുഗലിൽ നിന്ന് പുതുതായെത്തുന്ന ഓരോ സംഘവും കടൽത്തീരങ്ങളിൽ താമസിക്കുന്നവരിൽ അധികവും മുസ്ലിംകളെയാണ് കാണുന്നത്. കൊച്ചിയിലെത്തുന്ന അവർക്ക് മുസ്ലിംകളുടെ രൂപവും വേഷവും കാണുമ്പോൾ എന്തെന്നില്ലാത്ത അമർഷമാണ്. മുസ്ലിംകളെ മതപരിവർത്തനം ചെയ്യിക്കാൻ കഴിയാത്തതിന് അവർ തങ്ങളുടെ മുൻഗാമികളെ പഴിക്കാറുണ്ടത്രെ. ഒടുവിൽ അവർ കൊച്ചി രാജാവിനോടും മുസ്ലിംകളെ കൂട്ടത്തോടെ പുറത്താക്കാനാവശ്യപ്പെടുകയുണ്ടായി. മുസ്ലിംകളിൽ നിന്ന് കിട്ടുന്ന വരുമാനം വളരെ തുച്ഛമാണെന്നും അവരെ പുറത്താക്കിയാൽ അവർ തരുന്നതിന്റെ എത്രയോ ഇരട്ടി ഞങ്ങൾ തന്നുകൊള്ളാമെന്നും അവർ രാജാവിനോട് പറഞ്ഞുനോക്കി. കൊച്ചി രാജാവിന്റെ മറുപടി, മുസ്ലിംകൾ പണ്ടുമുതൽക്കേ ഉള്ള നമ്മുടെ പ്രജകളും രാജ്യത്തിന്റെ നിർമ്മാണത്തിനും അഭിവൃദ്ധിക്കും കാരണഭൂതരുമാകയാൽ അവരെ പുറത്താക്കാൻ സാധ്യമല്ലെന്നായിരുന്നു. പോർച്ചുഗീസുകാർക്ക് മുസ്ലിംകളോടും ഇസ്ലാം മതത്തോടുമുള്ള ഈ വിദ്വേഷവും പകയും നായന്മാരോടോ മറ്റു അമുസ്ലിംകളോടോ ഉണ്ടായിരുന്നില്ല. "അല്ലാഹുവിന്റെ വെളിച്ചം തങ്ങളുടെ വായകൊണ്ട് ഊതിക്കെടുത്താനാണവർ ഉദ്യമിക്കുന്നത്. എന്നാൽ അല്ലാഹു അവന്റെ വെളിച്ചം അതിന്റെ പൂർണ്ണത കൈവരിക്കുന്നതിനേ സമ്മതിക്കുകയുള്ളൂ"[162] എന്ന ഖുർആൻ വാക്യം നമുക്കനുസ്മരിക്കാം.

അദ്ധ്യായം മൂന്ന്

സാമൂതിരി - പോർച്ചുഗീസ് സന്ധിയും കോഴിക്കോട് പോർച്ചുഗീസ് കോട്ട നിർമ്മാണവും

പോർച്ചുഗീസുകാരുമായുള്ള ദീർഘകാലത്തെ യുദ്ധം കൊണ്ട് മുസ്‌ലിംകൾ നന്നേ ക്ഷയിച്ചു[163]. "യുദ്ധത്തിൽ അവർക്ക് നിർല്ലോഭം സാമ്പത്തിക സഹായം ചെയ്തിരുന്ന സാമൂതിരിയാകട്ടെ കാലഗതി പ്രാപിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ ഇളയ സഹോദരനാണ് തുടർന്ന് രാജാവായത്. കൊച്ചിക്കാർക്കും കണ്ണൂർക്കാർക്കുമുണ്ടായത് പോലെ തന്റെ രാജ്യത്ത് വസിക്കുന്ന മുസ്‌ലിം പ്രജകൾക്കും വ്യാപാരാഭിവൃദ്ധിയുണ്ടാകേണ്ടതിനും അവരെ ബാധിച്ച ദാരിദ്ര്യവും അവശതയും നീങ്ങിക്കിട്ടേണ്ടതിനും പോർച്ചുഗീസുകാരുമായി എതിർത്ത് നിൽക്കുന്നതല്ല, സമാധാന ഉടമ്പടിയിലേർപ്പെടുന്നതാണ് നന്നാവുക എന്ന അഭിപ്രായക്കാരനായിരുന്നു പുതിയ രാജാവ്. അതനുസരിച്ച് അദ്ദേഹം അവരുമായി ഉടമ്പടിയിലായി. തന്റെ മുസ്‌ലിം പ്രജകൾക്ക് വർഷം തോറും നാല് കപ്പൽ നിറയെ ചരക്കുമായി ജിദ്ദ, ഏദൻ എന്നീ അറേബ്യൻ തുറമുഖങ്ങളിലേക്ക് യാത്ര ചെയ്യാൻ സൗകര്യം ചെയ്തുകൊടുക്കണമെന്ന വ്യവസ്ഥയിൽ കോഴിക്കോട് ഒരു കോട്ട കെട്ടുവാൻ അദ്ദേഹം അവർക്ക് അനുമതിയും നൽകി.[164]

പോർച്ചുഗീസുകാർ വളരെ ഭദ്രമായ നിലയിൽ കോട്ട കെട്ടാൻ തുടങ്ങി. മുസ്‌ലിം വ്യാപാരികൾ നാല് കപ്പലുകൾ നിറയെ കുരുമുളക്, ചുക്ക് എന്നിവ കയറ്റി അറേബ്യൻ തുറമുഖങ്ങളിലേക്ക് യാത്രയായി. മറ്റുള്ളവരെപ്പോലെ അവരും പോർച്ചുഗീസുകാരിൽ നിന്ന്

അനുമതിപത്രം വാങ്ങി ഗുജറാത്തിലേക്കും മറ്റും മുമ്പത്തേതു പോലെ കച്ചവടാർത്ഥം സഞ്ചരിച്ചു. ഇത് ഹിജ്റ 920ലോ 921ലോ (ക്രി.വ. 1514-15) ആണ്.

അറേബ്യൻ തീരങ്ങളിലേക്ക് പോയ ആദ്യത്തെ നാല് കപ്പലുകൾ കോഴിക്കോട് തിരിച്ചെത്തിയപ്പോഴത്തേയ്ക്കുതന്നെ പോർച്ചുഗീസുകാരുടെ കോട്ട നിർമ്മാണം പൂർത്തിയായിരുന്നു.[165] അതോടെ അവരുടെ മട്ടുമാറി. അറേബ്യൻ തീരത്തേയ്ക്കുള്ള മുസ്ലിംകളുടെ യാത്ര അവർ അനുവദിക്കാതായി. കുരുമുളകിന്റെയും ചുക്കിന്റെയും വ്യാപാരം തങ്ങളുടെ കുത്തകയായി പ്രഖ്യാപിക്കുകയും ചെയ്തു. മറ്റു വല്ലവരും കുരുമുളകും ചുക്കും കയറ്റിക്കൊണ്ടു പോകുന്നത് കണ്ടാൽ അവരെ ബന്ധനസ്ഥരാക്കുകയും ചരക്കു സഹിതം അവരുടെ കപ്പലുകൾ പിടിച്ചെടുക്കുകയും ചെയ്യുന്നത് പോർച്ചുഗീസുകാരുടെ പതിവായി.

പോർച്ചുഗീസുകാർ തന്റെ പ്രജകൾക്കെതിരിൽ ഇത്തരം അക്രമമർദ്ദനങ്ങൾ നടത്തിക്കൊണ്ടിരുന്നപ്പോഴും സാമൂതിരി അവരുമായുള്ള സന്ധി നിലനിറുത്തുകയാണ് ചെയ്തത്. അവരെ എതിർക്കാൻ കഴിവില്ലാത്തതുകൊണ്ടും അവരിൽ നിന്ന് കൂടുതൽ ദ്രോഹങ്ങളുണ്ടാകുന്നത് ഭയപ്പെട്ടത് കൊണ്ടുമായിരുന്നു അത്. എങ്കിലും അദ്ദേഹം മുസ്ലിം സുൽത്താന്മാരുമായി രഹസ്യമായി ബന്ധപ്പെടുന്നുണ്ടായിരുന്നു. പോർച്ചുഗീസുകാരോട് യുദ്ധം ചെയ്യുവാൻ അവരുടെ സഹായസഹകരണങ്ങൾ അദ്ദേഹം അഭ്യർത്ഥിച്ചുനോക്കി. പക്ഷേ, ഫലമുണ്ടായില്ല. അല്ലാഹുവിന്റെ നിശ്ചയം അതായിരുന്നിരിക്കാം.

പോർച്ചുഗീസുകാർ നിഷ്ഠൂരന്മാരും തന്ത്രശാലികളുമാണ്. സ്വന്തം താൽപര്യങ്ങൾ എന്തിലൊക്കെയാണ് കുടികൊള്ളുന്നതെന്ന് അവർക്ക് നല്ലത് പോലെ അറിയും. അവ നേടുന്നതിന് എന്ത് ചതിയും പ്രയോഗിക്കുകയും ചെയ്യും. ആവശ്യമെങ്കിൽ സ്വന്തം ശത്രുക്കളോട് അവർ അങ്ങേയറ്റം അനുനയത്തിൽ പെരുമാറും. ആവശ്യം കഴിഞ്ഞാൽ എല്ലാ മര്യാദകളും ലംഘിച്ച് അവരെ മലർത്തി വീഴ്ത്തുകയും ചെയ്യും. അവർ തമ്മിലാകട്ടെ വളരെ ഐക്യത്തിലാണ്. ഒരു തരത്തിലുള്ള കിടമത്സരവും അവർക്കിടയിലില്ല[166]. അങ്ങ്

പോർച്ചുഗലിലുള്ള ഭരണാധികാരികളുടെ ആജ്ഞാനുസൃതമാണ് അവരിവിടെ പ്രവർത്തിക്കുന്നത്. അകലത്ത് വെച്ച് പോലും അവർ തങ്ങളുടെ നേതാക്കളെ ധിക്കരിക്കുന്നില്ല. അധികാരത്തിനു വേണ്ടി അവരിൽ ആരെങ്കിലും തങ്ങളുടെ കൂട്ടത്തിലെ മറ്റൊരാളെ വധിച്ചതായി കേട്ടിട്ടുമില്ല. എന്നാൽ മുസ്‌ലിംകളുടെയും അവരുടെ അമീർമാരുടെയും സ്ഥിതിയോ? അനൈക്യവും തമ്മിൽത്തല്ലും നേതൃത്വത്തിനുവേണ്ടിയുള്ള മത്സരവുമാണവർക്കിടയിൽ. ഒരുത്തനെ വധിച്ചാലും വേണ്ടില്ല മറ്റവന് ഉയരണം, ഇതാണവസ്ഥ. ഇതുകൊണ്ടൊക്കെത്തന്നെയാണ് പോർച്ചുഗീസുകാർ എണ്ണത്തിൽ കുറവായിട്ടും മലബാറിലെയും മറ്റു സ്ഥലങ്ങളിലെയും രാജാക്കന്മാരെയും ഭരണാധികാരികളെയും അവർക്ക് കീഴ്പ്പെടുത്താൻ കഴിഞ്ഞത്.

കോഴിക്കോട് കോട്ട കെട്ടി സ്ഥിരവാസമുറപ്പിച്ചതിനുശേഷം പോർച്ചുഗീസുകാർ ഒരിക്കൽ സാമൂതിരിയെ തങ്ങളുടെ രാജാവ് കൊടുത്തയച്ച വിലപിടിച്ച സമ്മാനങ്ങൾ സ്വീകരിക്കാനെന്ന വ്യാജേന അങ്ങോട്ട് ക്ഷണിച്ചു. അദ്ദേഹത്തെ തടഞ്ഞുവയ്ക്കലായിരുന്നു അവരുടെ ഉദ്ദേശ്യം. ഒരു പോർച്ചുഗീസുകാരനിൽ നിന്നു തന്നെ സാമൂതിരിക്ക് ഇതിന്റെ സൂചന കിട്ടി. തുടർന്ന് അദ്ദേഹം വെളിയിൽ പോകാനെന്നു പറഞ്ഞ് തൽക്ഷണം അവിടം വിട്ടു. അങ്ങനെ അല്ലാഹുവിന്റെ കൃപയാൽ അവരുടെ ആ ചതിയിൽപ്പെടാതെ രക്ഷപ്പെട്ടു. സാമൂതിരിക്ക് ഈ സൂചന കൊടുത്ത വ്യക്തിയെയും ബന്ധപ്പെട്ടവരെയും പോർച്ചുഗീസുകാർ കോഴിക്കോട്ട് നിന്ന് കണ്ണൂരിലേക്ക് മാറ്റി.[167]

ഹിജ്റ 923(ക്രി.വ. 1517) മുഹർറത്തിൽ പോർച്ചുഗീസുകാർ ഗോവയിൽ നിന്ന് വമ്പിച്ച പടയൊരുക്കത്തോടു കൂടി ഇരുപത്തി എട്ട് കപ്പലുകളിലായി ജിദ്ദാ തുറമുഖത്തേക്ക് നീങ്ങി. ജിദ്ദ ആക്രമിച്ചു കീഴടക്കുകയായിരുന്നു അവരുടെ ഉദ്ദേശ്യം. അവർ തുറമുഖത്തെത്തിയപ്പോൾ അവിടത്തുകാരായ മുസ്‌ലിംകൾ അങ്ങേയറ്റം പരിഭ്രാന്തരായി. മുമ്പ് ഖാനിസുൽ ഗൗരി മലബാറുകാരെ പോർച്ചുഗീസുക്കാർക്കെതിരിൽ സഹായിക്കാൻ അയച്ചിരുന്ന സൽമാൻ റൂമി തന്റെ പടക്കപ്പലുകളും ഇരുനൂറ് പടയാളികളും സഹിതം തദവസരത്തിൽ അവിടെയുണ്ടായിരുന്നു. അവർ പോർച്ചുഗീസുകാരുടെ നേരെ കര

യിൽ നിന്ന് വെടിവെച്ചു. ചില കപ്പലുകൾക്കു വെടിയേറ്റ് കേടുപാടായി. പോർച്ചുഗീസുകാർ ഭയന്ന് സ്ഥലം വിടാൻ നോക്കി. പക്ഷേ, സൽമാൻ റൂമി വിട്ടില്ല. രണ്ട് വഞ്ചികളിലായി മുപ്പത് പടയാളികളെ അദ്ദേഹം അവരുടെ പിന്നാലെ വിട്ടു. അവർ കമറാനിൽ വച്ച് പോർച്ചുഗീസുകാരുടെ ഒരു കപ്പൽ പിടിച്ചടക്കി അതിലുണ്ടായിരുന്ന പന്ത്രണ്ട് ക്രിസ്ത്യാനികളെയും കൊണ്ട് ജിദ്ദയിലേയ്ക്ക് മടങ്ങി. പോർച്ചുഗീസുകാർക്ക് ആ വർഷം ഇന്ത്യയിലേയ്ക്കുള്ള വ്യാപാര യാത്ര മുടങ്ങുകയും ചെയ്തു. കാരണം കച്ചവടത്തിന്റെ സമയം കഴിഞ്ഞിരുന്നു. അങ്ങനെ കമറാനിൽ കുറച്ചുകാലം തങ്ങിയ ശേഷം അവർ നിരാശയോടെ ഗോവയിലേയ്ക്കു തന്നെ തിരിച്ചു. അല്ലാഹുവിന്റെ ഹിതം!

സാമൂതിരി-പോർച്ചുഗീസ് മത്സരവും കോഴിക്കോട് കോട്ട പിടിച്ചതും

കോഴിക്കോട് പോർച്ചുഗീസുകാരുടെ അതിക്രമങ്ങളും വിനാശങ്ങളും ദിനംപ്രതി വർദ്ധിച്ചതേയുള്ളൂ. സാമൂതിരിയാകട്ടെ അവരുമായി സന്ധിയുള്ളതിനാൽ അവയ്ക്കെല്ലാം നേരെ കണ്ണടച്ചിരിക്കുകയും ചെയ്തു. അങ്ങനെയിരിക്കെ പോർച്ചുഗീസുകാർക്കും പന്തലായിനിക്കാരായ ചില മുസ്‌ലിംകൾക്കുമിടയിൽ കോഴിക്കോട് വച്ച് ഒരു ലഹള നടന്നു. ഹിജ്റ 931 (ക്രി.വ. 1524) മുഹർറം 10നായിരുന്നു അത്. സാമൂതിരിക്കും പോർച്ചുഗീസുകാർക്കുമിടയിലെ ഉടമ്പടി അതോടെ ദുർബ്ബലപ്പെടുകയും മത്സരവും യുദ്ധവും ആരംഭിക്കുകയും ചെയ്തു. ഇതിനുമുമ്പ് തന്നെ ഹിജ്റ 930ൽ (ക്രി.വ. 1523) പന്തലായിനി, ചെമ്മനാട്, തിരൂരങ്ങാടി, പരപ്പനങ്ങാടി മുതലായ പ്രദേശങ്ങളിലെ ഏതാനുമാളുകൾ ചെറുവഞ്ചികളിൽ ചെന്ന് പോർച്ചുഗീസുകാരുടെ പത്തോളം കപ്പലുകൾ പിടിച്ചുവച്ച ഒരു സംഭവം നടന്നിരുന്നു.

ഇതിനിടയിൽ കൊടുങ്ങല്ലൂരിൽ അന്നാട്ടുകാരായ മുസ്‌ലിംകളും ജൂതന്മാരും തമ്മിൽ ഒരു ലഹളയുണ്ടായി. ഒരു വഴക്കിൽ ഒരു മുസ്‌ലിം കൊല്ലപ്പെട്ടതാണ് ലഹളയിലെത്തിയത്. കൊടുങ്ങല്ലൂരിലെ ജൂതന്മാരെ അവിടത്തെ മുസ്‌ലിംകൾക്ക് ഒറ്റയ്ക്കു നേരിടാൻ കഴിയുമായിരുന്നില്ല. തന്നിമിത്തം അവർ ഇതര പ്രദേശങ്ങളിലെ മുസ്‌ലിംകളോട് സഹായാഭ്യർത്ഥന നടത്തി. അതനുസരിച്ച് കോഴിക്കോട്, പന്തലായിനി, കക്കാട്[168], തിക്കോടി[169], ചാലിയം, പരപ്പന

ങ്ങാടി[170], തിരൂരങ്ങാടി[171], താനൂർ[172], പറവണ്ണ[173], പൊന്നാനി[174], വെളിയങ്കോട്[175] എന്നിവിടങ്ങളിൽ നിന്ന് പുറപ്പെട്ട മുസ്‌ലിംകൾ ചാലിയം ജുമുഅത്ത് പള്ളിയിൽ ഒത്തുകൂടി. കൊടുങ്ങല്ലൂരിൽ പോയി ജൂതന്മാരോട് യുദ്ധം ചെയ്യാനും സാമൂതിരി സമ്മതിക്കുകയാണെങ്കിൽ പോർച്ചുഗീസുകാരോട് സന്ധിയില്ലായുദ്ധത്തിലേർപ്പെടാനും അവിടെ വെച്ചവർ തീരുമാനിച്ചു. ഹിജ്റ 931മാണ്ടിൽ തന്നെയായിരുന്നു(ക്രി.വ. 1524) ഇതും.

തുടർന്ന് അവർ ഏതാണ്ട് നൂറോളം ചെറിയ കപ്പലുകളിലായി കൊടുങ്ങല്ലൂരിലേക്ക് പുറപ്പെട്ടു. അവിടെയെത്തി ഒട്ടധികം ജൂതന്മാരെ അവർ വധിക്കുകയുണ്ടായി. ബാക്കി വന്നവർ കൊടുങ്ങല്ലൂരിന്റെ കിഴക്കുള്ള ഗ്രാമ പ്രദേശങ്ങളിലേക്കു പാഞ്ഞു. മുസ്‌ലിംകൾ ജൂതന്മാരുടെ വീടുകൾക്കും ദേവാലയങ്ങൾക്കും തീ വച്ചു. ക്രിസ്ത്യാനികളുടെ വീടുകൾക്കും ചർച്ചുകൾക്കും തീവയ്ക്കാൻ തുനിഞ്ഞപ്പോൾ നായന്മാർ എതിർത്തു. ഇത് മുസ്‌ലിംകൾക്കും നായന്മാർക്കുമിടയിൽ സംഘട്ടനത്തിന് കാരണമായി. സംഘട്ടനത്തിൽ ചില നായന്മാർ കൊല്ലപ്പെടുകയും ചെയ്തു. ഇതുകാരണം തദ്ദേശവാസികളായ മുസ്‌ലിംകൾക്ക് പിന്നീടവിടെ താമസിക്കാൻ പറ്റാതായി. അവർക്ക് മറ്റു പ്രദേശങ്ങളിലേക്ക് മാറിത്താമസിക്കേണ്ടിവന്നു.

ഇതേ വർഷത്തിൽ തന്നെയാണ് ധർമ്മടം, എടക്കാട്, കണ്ണൂർ[176], തിരുവങ്ങാട്[177], ഏഴിമല, ചെമ്മനാട്[178] എന്നീ പ്രദേശങ്ങളിലുള്ളവരും മറ്റു ചില നാട്ടുകാരും ചേർന്ന് പോർച്ചുഗീസുകാരോട് യുദ്ധമാരംഭിച്ചതും, കൊച്ചിയിലെ പ്രമുഖരായിരുന്ന ഫഖീഹ് അഹ്മദ് മരയ്ക്കാർ[179], സഹോദരൻ കുഞ്ഞാലി മരയ്ക്കാർ, അമ്മാവൻ മുഹമ്മദലി മരയ്ക്കാർ എന്നിവരും അനുയായികളും കൂടി അവരോട് യുദ്ധത്തിന് കൊച്ചിയിൽ നിന്ന് കോഴിക്കോട്ടേയ്ക്കു പുറപ്പെട്ടതും.

സാമൂതിരിയും ഒട്ടനവധി മുസ്‌ലിംകളും തങ്ങളോട് യുദ്ധത്തിന് തയ്യാറെടുക്കുന്നുണ്ടെന്ന വിവരം കിട്ടിയതിനെത്തുടർന്ന് പോർച്ചുഗീസുകാരും തികഞ്ഞ യുദ്ധസജ്ജീകരണങ്ങളോടെ കൊച്ചിയിൽ നിന്നു പുറപ്പെട്ടു. ഹിജ്റ 931മാണ്ട് ജമാദുൽ അവ്വൽ 3 ശനിയാഴ്ച കാലത്ത് അവർ പൊന്നാനിയിൽ ഇറങ്ങി അവിടെ കണ്ട ധാരാളക്കണക്കിന് വീടുകളും പാണ്ടികശാലകളും ചില മുസ്‌ലിം പള്ളി

കളും അഗ്നിക്കിരയാക്കി. കടൽത്തീരത്തു കണ്ട നിരവധി തെങ്ങുകൾ മുറിച്ചു നശിപ്പിക്കുകയും ചെയ്തു. അവരോടെതിർത്ത കുറേയധികം മുസ്‌ലിംകൾ രക്തസാക്ഷിത്വം വരിച്ചു. രണ്ടു ദിവസത്തെ ആക്രമണത്തിന് ശേഷം രാത്രിയിലാണ് പോർച്ചുഗീസുകാർ സ്ഥലം വിട്ടത്. ആ പോക്ക് പന്തലായീനിയിലേക്കായിരുന്നു. അവിടെ എത്തിയിട്ട് നാൽപതോളം കപ്പലുകൾ അവർ പിടിച്ചടക്കി. പന്തലായിനിക്കാരുടേതിനു പുറമെ പുറം നാട്ടുകാരുടെ കപ്പലുകളും ആ കൂട്ടത്തിലുണ്ടായിരുന്നു. അവരെ എതിർത്ത ഏതാനും മുസ്‌ലിംകൾ അവിടെയും രക്തസാക്ഷികളായി.

പോർച്ചുഗീസുകാരും പന്തലായിനിക്കാരായ മുസ്‌ലിംകളും തമ്മിൽ കോഴിക്കോട് ഏറ്റുമുട്ടിയ അതേയവസരത്തിൽ സാമൂതിരിയും പോർച്ചുഗീസുകാരോട് യുദ്ധം ചെയ്യണമെന്ന് തീരുമാനിച്ചിട്ടുണ്ടായിരുന്നു. പക്ഷേ, ആയവസരത്തിൽ അകലെ നാട്ടുരാജാക്കന്മാരായ തന്റെ ചില പ്രതിയോഗികളുമായി യുദ്ധത്തിലേർപ്പെട്ടിരിക്കുകയായിരുന്നു അദ്ദേഹം. പോർച്ചുഗീസുകാരുമായുള്ള യുദ്ധത്തിന് പ്രധാനമന്ത്രി ഇളയതിനെ നിയോഗിച്ചിരിക്കുകയായിരുന്നു. ഇളയത് വമ്പിച്ച തുക ചെലവഴിച്ച് വലിയ യുദ്ധസന്നാഹങ്ങൾ നടത്തി. സാമൂതിരിയുടെ നായർ യോദ്ധാക്കളും മുസ്‌ലിംകളും ചേർന്ന് പോർച്ചുഗീസുകാരുടെ കോട്ട വളഞ്ഞു. അല്ലാഹുവിന്റെ മാർഗ്ഗത്തിൽ പുണ്യയുദ്ധം ചെയ്യാനുള്ള ആവേശത്തോടെ നാനാ പ്രദേശങ്ങളിൽനിന്നുള്ള മുസ്‌ലിംകൾ കോഴിക്കോട്ടെത്തി. അപ്പോഴത്തേയ്ക്ക് സാമൂതിരിയും മടങ്ങിയെത്തി. ഇതിനിടയിൽ പോർച്ചുഗീസുകാർ കോട്ടയിൽ കരുതിവച്ചിരുന്ന ഭക്ഷണസാധനങ്ങൾ തീർന്നു. പുറത്തുനിന്ന് എന്തെങ്കിലും ഭക്ഷണം കിട്ടുമെന്ന പ്രതീക്ഷയും അവർക്കില്ലായിരുന്നു. നിരാശ മൂത്ത അവർ ആരും കാണാതെ കോട്ടയുടെ പിൻഭാഗം തുറന്ന് സാധനങ്ങളെല്ലാം അതുവഴി കപ്പലിലെത്തിച്ച് സ്ഥലം വിട്ടു. ഇത് ഹിജ്റ 932ാമാണ്ട്(ക്രി.വ. 1525) മുഹർറം 16നായിരുന്നു.[181]

ഈ യുദ്ധം ആരംഭിച്ച് വിജയത്തിൽ കലാശിച്ചപ്പോഴത്തേയ്ക്കും മുസ്‌ലിംകളും നായർപടയാളികളും സാമൂതിരിയുടെ ഉദ്യോഗസ്ഥന്മാരുമുൾപ്പെടെ രണ്ടായിരത്തിലേറെ പേർ കൊല്ലപ്പെടുകയുണ്ടാ

യി. പോർച്ചുഗീസുകാർക്ക് മുസ്‌ലിംകളോടും സാമൂതിരിയോടുമുണ്ടായിരുന്ന അമർഷവും ശത്രുതയും കോട്ട നഷ്ടപ്പെട്ടതോടെ പതിന്മടങ്ങ് വർദ്ധിച്ചു. അത് വളരെക്കാലം നീണ്ടുനിൽക്കുകയും ചെയ്തു.

പോർച്ചുഗീസുകാരോട് യുദ്ധം ചെയ്യാൻ തീർച്ചപ്പെടുത്തിയതിനുശേഷം അവരുടെ അനുമതി പത്രമില്ലാതെത്തന്നെ മുസ്‌ലിംകൾ ഗുജറാത്തിലേയ്ക്കും മറ്റും ചുക്ക്, കുരുമുളക് മുതലായ ചരക്കുകൾ കപ്പലുകളിൽ കയറ്റി യുദ്ധസന്നദ്ധതയോടെ യാത്ര ചെയ്തിരുന്നു. ആ കപ്പലുകളിൽ ചിലത് രക്ഷപ്പെട്ടിരുന്നുവെങ്കിലും അധികവും പിടിക്കപ്പെടുകയോ നശിപ്പിക്കപ്പെടുകയോ ആണുണ്ടായത്. അതിനെത്തുടർന്ന് ധർമ്മടത്തുകാരും അവരുടെ കൂടെയുള്ളവരും പോർച്ചുഗീസുകാരുമായി സന്ധി ചെയ്ത് അനുമതി പത്രം വാങ്ങി പഴയതുപോലെ കച്ചവടയാത്ര ചെയ്യുവാൻ തയ്യാറായി. എന്നാൽ സാമൂതിരിയും പ്രജകളും വർഷങ്ങളോളം പോർച്ചുഗീസുകാരോട് എതിർത്തുതന്നെ കഴിഞ്ഞു. തന്മൂലം അവരുടെ ശക്തി ക്ഷയിക്കുകയും അവർ ദാരിദ്ര്യത്തിൽ അകപ്പെടുകയും ചെയ്തു.

ഹിജ്റ 935ാമാണ്ടിൽ(ക്രി.വ. 1528) വർഷക്കാലാരംഭത്തിൽ പോർച്ചുഗീസുകാരുടെ ഒരു കപ്പൽ കാറ്റിൽ തകർന്നു. [183]താനൂർ രാജാവ് കപ്പലിലുണ്ടായിരുന്നവർക്ക് അഭയം കൊടുത്തു. കപ്പലും ചരക്കും അതിലെ ആൾക്കാരെയും തന്നെ ഏൽപ്പിക്കാൻ സാമൂതിരി താനൂർ രാജാവിനെഴുതി. താനൂർ രാജാവ് അതിന് കൂട്ടാക്കിയില്ല. ഇത് താനൂർ രാജാവും പോർച്ചുഗീസുകാരും തമ്മിൽ ഉടമ്പടി ഉണ്ടാക്കുന്നതിലേക്കും താനൂർക്കാർ പോർച്ചുഗീസുകാരുടെ അനുമതിപത്രം വാങ്ങി കച്ചവടയാത്ര തുടങ്ങുന്നതിലേക്കും നയിച്ചു. പൊന്നാനിപ്പുഴയുടെ വടക്കേ തീരം താനൂർ രാജാവിന്റെ അധീനത്തിലായിരുന്നു. അവിടെ തങ്ങൾക്കൊരു കോട്ട പണിയുന്ന കാര്യത്തിൽ പോർച്ചുഗീസുകാർ താനൂർ രാജാവുമായി യോജിപ്പിലെത്തി. സാമൂതിരിയുടെയും അദ്ദേഹത്തിന്റെ നാട്ടുകാരുടെയും വ്യാപാരം മുടക്കലും പൊന്നാനിയെ തകർക്കലുമായിരുന്നു ഈ കോട്ട കെട്ടാൻ തീരുമാനിച്ചതിന്റെ പ്രധാന ഉദ്ദേശ്യം.[184]

പോർച്ചുഗീസുകാർ കോട്ട കെട്ടാൻ കൊച്ചിയിൽ നിന്ന് കുറേ കപ്പലുകളും വഞ്ചികളും നിറയെ കല്ലും കുമ്മായവുമായി ഒരുങ്ങി

പുറപ്പെട്ടു. അല്ലാഹു സാമൂതിരിയെയും മുസ്ലിംകളെയും അനുഗ്ര ഹിച്ചതാവാം, വെളിയങ്കോടിന്റെ തെക്കുഭാഗത്ത് വച്ച് ആ കപ്പലു കളും വഞ്ചികളും ശക്തിയായടിച്ച കാറ്റിൽപ്പെട്ട് ആകെ തകർന്നു. ഒരു ചെറു വഞ്ചി മാത്രമാണ് രക്ഷപ്പെട്ടത്. പോർച്ചുഗീസുകാരും അവരുടെ ജോലിക്കാരും അടിമകളുമായ അനവധി പേർ കടലിൽ മുങ്ങിമരിച്ചു. നീന്തി കരപറ്റിയവരിൽ കുറേ പേരെ മുസ്ലിംകൾ പിടിച്ച് വധിക്കുകയും കുറേ പേരെ ബന്ധനസ്ഥരാക്കുകയും ചെയ്തു. അവരിൽ നിന്ന് പിടിച്ചെടുത്ത ഏതാനും വലിയ പീരങ്കി കൾ വെളിയങ്കോട്ടുകാർ സാമൂതിരിക്ക് എത്തിച്ചുകൊടുത്തു. അങ്ങനെ പോർച്ചുഗീസുകാരുടെയും അവരുടെ ഇവിടത്തുകാരായ സഹായികളുടെയും ഗൂഢപദ്ധതി പൊളിഞ്ഞു.

ഹിജ്റ 937ലോ 938ലോ(ക്രി.വ 1530-31) ആണ്, സാമൂതിരിയുടെ പ്രജകളിൽ ചിലരും പുറത്ത് നിന്ന് വേറെ ചിലയാളുകളും ഒന്നിച്ച് മുപ്പതോളം കപ്പലുകളിൽ ഗുജറാത്ത് തുറമുഖങ്ങളിലേക്ക് വ്യാപാ രയാത്ര ചെയ്തു. അലി ഇബ്റാഹീം മരയ്ക്കാരും അദ്ദേഹത്തിന്റെ മരുമകനായ കുട്ടി ഇബ്രാഹീം മരയ്ക്കാരും കൂട്ടുകാരും പുറമെ ചില പ്രമുഖരുമുണ്ടായിരുന്നു ആ സംഘത്തിൽ. അവരിൽ അധിക പേരും ജൂജാറിയിലും സൂറത്തിലുമാണിറങ്ങിയത്. ചിലർ ബറൂജി ലും[185]. ഇതറിഞ്ഞ പോർച്ചുഗീസുകാർ കപ്പലുകളിലും വഞ്ചികളി ലുമായി അവരോട് യുദ്ധത്തിനു പുറപ്പെട്ടു. അവരും ജൂജാറി തുറ മുഖത്തിലും സൂറത്തിലും ഇറങ്ങി. അവിടങ്ങളിൽ നിർത്തിയിട്ടി രുന്ന കപ്പലുകൾ ചരക്കുകൾ സഹിതം അവർ പിടിച്ചെടുത്തു. ബറൂ ജിലിറങ്ങിയവർ രക്ഷപ്പെട്ടു.

ഈ സംഭവത്തിനു മുമ്പും ഗുജറാത്ത് സുൽത്താൻ ബഹാദൂർശാ യുടേതും മലബാറുകാരുടേതുമായ പല കപ്പലുകളും പല തവണ കളിലായി വിധിവശാൽ പോർച്ചുഗീസുകാരുടെ പിടുത്തത്തിലായി ട്ടുണ്ട്.

രണ്ടാം സാമൂതിരി - പോർച്ചുഗീസ് സന്ധിയും ചാലിയം പോർച്ചുഗീസ് കോട്ട നിർമ്മാണവും

ഒരു പോർച്ചുഗീസ് നേതാവ് സാമൂതിരിയുമായി ഉടമ്പടിയുണ്ടാക്കാനെന്നു പറഞ്ഞ് കൊച്ചിയിൽ നിന്ന് കരമാർഗ്ഗം ഇറങ്ങിത്തിരിച്ചു. വലിയ സൂത്രശാലിയും കുശാഗ്ര ബുദ്ധിയുമായിരുന്ന അയാളുടെ യഥാർത്ഥ ഉദ്ദേശ്യം സാമൂതിരിയെ ചതിയിൽ വീഴ്ത്തലായിരുന്നു. മുമ്പ് സാമൂതിരിയുമായി സന്ധിയിൽ കഴിഞ്ഞ കാലത്ത് അയാൾക്ക് ചില മുസ്ലിം പ്രമുഖരുമായി അടുത്ത പരിചയവും ഇടപാടുമുണ്ടായിരുന്നു.[186]

പൊന്നാനിയിലെത്തിയ പോർച്ചുഗീസ് നേതാവ് അവിടെ നിന്ന് താനൂർ രാജാവിന്റെ അടുത്തേയ്ക്കാണ് പോയത്. സാമൂതിരിക്കും താനൂർ രാജാവിനുമിടയിൽ സ്ന്ധിയുണ്ടാക്കുവാൻ വേണ്ടി അയാൾ അവിടെ താമസിച്ച് പരിശ്രമിച്ചു.

മുമ്പ് പോർച്ചുഗീസുകാരിൽ നിന്ന് കോഴിക്കോട് കോട്ട പിടിച്ചെടുത്ത സാമൂതിരി തന്നെയായിരുന്നു അപ്പോൾ ഭരണത്തിലുണ്ടായിരുന്നത്. പക്ഷേ, പ്രായാധിക്യവും സ്ഥിരമായി ലഹരി സാധനങ്ങൾ ഉപയോഗിച്ചിരുന്നതും കാരണം അദ്ദേഹത്തെ തളർച്ചയും ബുദ്ധിമാന്ദ്യവും ബാധിച്ചുകഴിഞ്ഞിരുന്നു. അനന്തരാവകാശിയും ഇളയ സഹോദരനുമായ നമ്പ്യാതിരി ബുദ്ധിമാനും ശക്തനും ധീരനുമായിരുന്നു. മാമൂൽ വിരോധിയും ജ്യേഷ്ഠന് വഴങ്ങാത്ത പ്രകൃതക്കാരനുമായിരുന്ന അദ്ദേഹത്തിന്റെ കൈയിലേക്ക് പക്ഷേ, അധികാരം എത്തിക്കഴിഞ്ഞിട്ടുണ്ടായിരുന്നില്ല.

താനൂർരാജാവും സാമൂതിരിയും ഇരുവരുടെയും അനുകൂലികളും ചേർന്ന് കൂടിയാലോചിച്ച് ഒരു തീരുമാനത്തിലെത്തി. സാമൂതിരിയുടെ പിൻവാഴ്ച്ചക്കാരനെ കുഴയ്ക്കുന്ന തീരുമാനമായിരുന്നു അത്. പോർച്ചുഗീസുകാർക്ക് ചാലിയത്ത് ഒരു കോട്ടയുണ്ടായിരിക്കുന്നത് ഗുണകരമായിരിക്കുമെന്നായിരുന്നു അവരുടെയെല്ലാം അഭിപ്രായം. സാമൂതിരിയുടെയും സൈന്യങ്ങളുടെയും സഞ്ചാര മാർഗ്ഗമാണ് ചാലിയം. പല നാട്ടുകാരായ യാത്രക്കാരുടെയും പോക്കുവരവ് അതിലൂടെയാണ്. അവിടെ പോർച്ചുഗീസുകാർക്ക് ഒരു കോട്ടയുണ്ടാകുന്ന പക്ഷം കോഴിക്കോട്ടുനിന്ന് അറേബ്യയിലേയ്ക്കു പോകുന്ന കച്ചവടക്കാരുടെ യാത്ര മുടങ്ങും. എട്ടുമൈലിൽ കുറഞ്ഞ ദൂരമേ കോഴിക്കോട്ടുനിന്ന് ചാലിയത്തേക്കുള്ളൂ. ഒടുവിൽ ചാലിയം രാജാവുമായി ആലോചിച്ച് തീരുമാനമായതിന് ശേഷം, സാമൂതിരി അവിടെ കോട്ട കെട്ടുവാൻ പോർച്ചുഗീസുകാർക്കനുവാദം നൽകി. പോർച്ചുഗീസുകാർ കോട്ട കെട്ടാൻ എല്ലാവിധ ഒരുക്കങ്ങളോടും സാധനസാമഗ്രികളോടും കൂടി വലിയ ഒരു കപ്പലിൽ ചാലിയത്തെത്തുകയും ചെയ്തു. ഇത് ഹിജ്റ 938(ക്രി.വ. 1531) റബീഉൽ ആഖിർ ഒടുവിലായിരുന്നു.

പോർച്ചുഗീസുകാർ കോട്ട കെട്ടാൻ തുടങ്ങി. മലബാറിൽ ഇസ്ലാംമതം കടന്നുവന്ന ആദ്യഘട്ടത്തിൽ പണിത പുരാതന പള്ളി ഉൾപ്പെടെ അവിടെയുണ്ടായിരുന്ന മൂന്ന് പള്ളികൾ അവർ പൊളിച്ചു. അതിന്റെ കല്ലും മറ്റും കോട്ടയുടെയും ചർച്ചിന്റെയും നിർമ്മാണത്തിനുപയോഗിക്കുകയും ചെയ്തു.

കോട്ടയുടെ നിർമ്മാണം നടക്കുന്നതിനിടയിൽ ആദ്യം ഒരു പോർച്ചുഗീസുകാരൻ വന്ന് പള്ളിയുടെ ഒരു കല്ല് കുത്തിപ്പൊളിച്ച് എടുത്തുകൊണ്ടുപോയി. മുസ്ലിംകൾ പോർച്ചുഗീസുകാരുടെ നേതാവിനോട് ഇതിനെപ്പറ്റി പരാതി പറഞ്ഞു. അതിനെത്തുടർന്ന് അദ്ദേഹം ഒരു സംഘം ജോലിക്കാരെയും കൊണ്ട് വന്ന് ആ പൊളിച്ച സ്ഥലം കല്ലും കുമ്മായവുമുപയോഗിച്ച് നന്നാക്കിക്കൊടുത്തു. ഈ നടപടി മുസ്ലിംകളെ ഏറെ സന്തോഷിപ്പിച്ചു. അവർ കൃതജ്ഞതയോടെ തങ്ങളുടെ വീടുകളിലേക്ക് മടങ്ങി.

എന്നാൽ ഇതിന്റെ രണ്ടാം ദിവസം പോർച്ചുഗീസുകാർ ഒരു

വലിയ സംഘമായി വന്ന് പള്ളി നിശ്ശേഷം പൊളിക്കുകയാണ് ചെയ്തത്. ഒരു കല്ലു പോലും ബാക്കി വെച്ചില്ല. മുസ്‌ലിംകൾ വീണ്ടും ആവലാതിയുമായി പോർച്ചുഗീസുകാരുടെ നേതാവിനെ സമീപിച്ചു. പക്ഷേ, ഇത്തവണ നേതാവിന്റെ പ്രതികരണം മറിച്ചായിരുന്നു. പള്ളിയും സ്ഥലവും നിങ്ങളുടെ രാജാവ് ഞങ്ങൾക്ക് വിലയ്ക്ക് തന്നിരിക്കുന്നുവെന്നാണദ്ദേഹം പറഞ്ഞത്. മുസ്‌ലിംകൾ നിരാശരായി മടങ്ങി. അവർക്ക് പിന്നെ അടുത്തെവിടെയും പള്ളിയുണ്ടായിരുന്നില്ല. കുറേ ദൂരെയുള്ള ചെറിയ ഒരു പള്ളിയിലാണ് പിന്നീടവർ പോയി കൂടിയിരുന്നത്. പോർച്ചുഗീസുകാർ ഇതുകൊണ്ടും മതിയാക്കിയില്ല. മുസ്‌ലിംകളുടെ ഖബർസ്ഥാനങ്ങൾ കുഴിച്ച് അവയിലെ കല്ലുകൾ കൊണ്ടുപോയി കോട്ടയുടെ നിർമ്മാണത്തിനുപയോഗിച്ചു ആ ദുഷ്ടന്മാർ!

ഈ കോട്ട പണി തീരുന്നതിനുമുമ്പ് സാമുതിരി അന്തരിച്ചു. തുടർന്ന് അനുജൻ നമ്പ്യാതിരി രാജാധികാരമേറ്റതോടെ പോർച്ചുഗീസുകാരുമായുള്ള സന്ധി ദുർബ്ബലപ്പെട്ടു. പുതിയ സാമൂതിരി ചാലിയം രാജാവിനോട് യുദ്ധം പ്രഖ്യാപിച്ചു. യുദ്ധത്തിൽ ചാലിയം രാജാവിനേറ്റ നാശനഷ്ടങ്ങൾ വമ്പിച്ചതായിരുന്നു. ഒടുവിലദ്ദേഹം സാമൂതിരിക്കു കീഴടങ്ങി അക്കാലത്ത് നിലനിന്നിരുന്ന പാരമ്പര്യ സമ്പ്രദായമനുസരിച്ച് സന്ധി ചെയ്തു.[189]

ഇതേ വർഷത്തിൽ തന്നെ മുഖ്ഖായിൽ[190] നിന്ന് അമീർ മുസ്തഫാ റൂമി[191] ധാരാളം സമ്പത്തും പീരങ്കിയുൾപ്പെടെയുള്ള പടക്കോപ്പുകളുമായി ഗുജറാത്തിലെ ഡ്യൂ തുറമുഖത്തെത്തി. മലിക്ക് അയാസിന്റെ പുത്രൻ മലിക്ക് തൂഗനായിരുന്നു അന്ന് സുൽത്താൻ ബഹാദൂർശായുടെ ഗവർണ്ണറായി ഡ്യൂവിൽ ഭരണം നടത്തിയിരുന്നത്. മുസ്തഫാ റൂമി എത്തിയതറിഞ്ഞ പോർച്ചുഗീസുകാർ ഡ്യൂ തുറമുഖം കൈവശപ്പെടുത്താൻ വേണ്ടി അങ്ങോട്ട് കുതിച്ചു. അമീർ മുസ്തഫ പീരങ്കികളുമായി അവരെ നേരിട്ടു. അല്ലാഹുവിന്റെ ഹിതത്താൽ പോർച്ചുഗീസുകാർക്ക് പരാജയപ്പെട്ട് നിന്ദ്യരും അപമാനിതരുമായി പിന്തിരിഞ്ഞോടേണ്ടിവന്നു.

മൂന്നാം സാമൂതിരി - പോർച്ചുഗീസ് സന്ധി

ഹിജ്റ 940ൽ (ക്രി.വ. 1533) സാമൂതിരിയും പോർച്ചുഗീസുകാരും തമ്മിൽ ഒരു സന്ധിയുണ്ടാക്കി. സാമൂതിരിയുടെ പ്രജകൾക്ക് കൊല്ല ത്തിൽ നാല് കപ്പൽ വീതം കച്ചവടച്ചരക്കുകൾ കോഴിക്കോട്ടുനിന്ന് അറേബ്യൻ രാജ്യങ്ങളിലേയ്ക്കയയ്ക്കാൻ കഴിയണമെന്നായിരുന്നു സന്ധിയിലെ ഒരു വ്യവസ്ഥ. ഇതനുസരിച്ച് ആ കൊല്ലം തന്നെ നാല് കപ്പൽ ചരക്കും കൊണ്ട് അറേബ്യയിലേയ്ക്ക് പോയി. സാമൂതിരി യുടെ പ്രജകൾ പോർച്ചുഗീസുകാരുടെ അനുമതി പത്രം വാങ്ങി ഇതര രാജ്യങ്ങളിലേയ്ക്കും കച്ചവടാർത്ഥം പോയിക്കൊണ്ടിരുന്നു.

അതിനിടയിൽ സാമൂതിരി താനൂർ രാജാവിനോട് യുദ്ധത്തിനൊ രുങ്ങി. യുദ്ധം സന്ധിയായത് പൊന്നാനിക്കടുത്തുള്ള കുറേ പ്രദേ ശങ്ങളും ചാലിയത്തിന്റെ സമീപത്ത് സ്ഥിതി ചെയ്യുന്ന ഒരു തുരുത്തും താനൂർ രാജാവ് സാമൂതിരിക്ക് കൊടുക്കാൻ ഉപാധിയാ യിക്കൊണ്ടാണ്. ചാലിയം കോട്ട പണിയാൻ കൊച്ചിയിൽ നിന്നു വന്ന പോർച്ചുഗീസ് നേതാവായിരുന്നു സന്ധി സംഭാഷണത്തിൽ മാദ്ധ്യസ്ഥ്യം വഹിച്ചിരുന്നത്.[192]

സാമൂതിരിയും പോർച്ചുഗീസുകാരും തമ്മിൽ മേൽപ്പറഞ്ഞ സന്ധി നടന്നുകഴിഞ്ഞതിന്റെ പിറകിലാണ് ഹിജ്റ 941 റബീഉൽ അവ്വൽ 16ന്(ക്രി.വ. 1534) ഖാജാ ഹുസൈൻ സഞ്ചഖ്ദാരി അർറൂ മിയും ഫഖീഹ് അഹ്മദ് മരയ്ക്കാരുടെ സഹോദരൻ കുഞ്ഞാലി മരയ്ക്കാരും കോഴിക്കോട് കപ്പലിറങ്ങിയത്. സുൽത്താൻ ബഹാ ദൂർശാ ഒട്ടേറെ സമ്മാനങ്ങളുമായി സാമൂതിരിയുടെയടുത്തേയ്ക്ക് അയച്ചതായിരുന്നു അവരെ. പോർച്ചുഗീസുകാരുമായി കടൽ യുദ്ധം ചെയ്യുവാൻ സാമൂതിരി മലബാർ മുസ്ലിംകളെ ഗുജറാത്തിലേയ്ക്ക യച്ചുകൊടുക്കണമെന്നായിരുന്നു സുൽത്താന്റെ ആവശ്യം. പക്ഷേ, സാമൂതിരിയും പോർച്ചുഗീസുകാരും സന്ധിയിലായതു കാരണം അത് നടന്നില്ല.[193]

അദ്ധ്യായം ഏഴ്

ബഹാദുർശാ പോർച്ചുഗീസുകാരുമായി സന്ധി ചെയ്തതും ചില തുറമുഖങ്ങൾ അവർക്ക് നൽകിയതും

ഹിജ്റ 941ാമാണ്ടൊടുവിൽ(ക്രി.വ. 1535) സുൽത്താൻ ബാബറുടെ[194] പുത്രൻ ഹുമയൂൺ(ഇവരുടെ അന്ത്യവിശ്രമ സ്ഥാനങ്ങൾ പ്രകാശപൂരിതമായിരിക്കട്ടെ!) ഡൽഹിയുടെ സുൽത്താനായി സ്ഥാനമേറ്റതിനെത്തുടർന്ന് അദ്ദേഹം ഗുജറാത്തിലേക്കൊരു സൈനിക നീക്കം നടത്തി അവിടെയുള്ള പട്ടണങ്ങൾ പലതും ആക്രമിച്ചു തകർത്തു. ഗുജറാത്ത് സുൽത്താൻ ബഹാദൂർശായ്ക്ക് ഹുമയൂണിന്റെ ആക്രമണത്തെ ചെറുക്കാനായില്ല. പരിഭ്രാന്തനായ ബഹാദൂർശാ പോർച്ചുഗീസുകാരുടെ സഹായം തേടി. അവർ ഇത് തന്നെ അവസരമെന്നു കണ്ട് ബഹാദൂർശായെ സഹായിക്കാൻ ഓടിയെത്തുകയും അദ്ദേഹവുമായി ഉടമ്പടിയിലേർപ്പെടുകയും ചെയ്തു. സുൽത്താൻ വസ്സി, മാഹിം മുതലായ ചില തുറമുഖങ്ങൾ പോർച്ചുഗീസുകാർക്ക് കൊടുത്തു. അവർ അടുത്ത പ്രദേശങ്ങൾ കൂടി അവയോട് കൂട്ടിച്ചേർത്ത് തങ്ങളുടെ അധീന മേഖല വിസ്തൃതമാക്കി. പോർച്ചുഗീസുകാർക്ക് ഈ ഉടമ്പടി മുഖേന ശക്തിയും പ്രതാപവും കൂടുകയും വലിയ നേട്ടങ്ങളുണ്ടാകുകയും ചെയ്തു. ഇത് കൂടാതെ സുൽത്താൻ ഡ്യൂദ്വീപിന്റെ നിയന്ത്രണവും പോർച്ചുഗീസുകാരെ ഏൽപ്പിച്ചു. ദ്വീപിന്റെ സുരക്ഷിതത്വവും അഭിവൃദ്ധിയും ഉദ്ദേശിച്ചാണ് അദ്ദേഹം അത് ചെയ്തത്. അവിടെ നിന്ന് സർക്കാറിന് കിട്ടുന്ന വരുമാനത്തിൽ പകുതി പോർച്ചുഗീസുകാർക്കായിരുന്നു. അതുപ്ര

കാരം അവർ ദ്വീപ് അഭിവൃദ്ധിപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്തു. ഈ ദ്വീപ് കൈവശപ്പെടുത്താൻ പോർച്ചുഗീസുകാർ പല തവണ ശ്രമിച്ചിട്ടുള്ളതാണ്. മലിക്ക് അയാസിന്റെയും പിന്നീട് അദ്ദേഹത്തിന്റെ പുത്രന്മാരുടെയുമെല്ലാം കാലഘട്ടങ്ങളിൽ ഈ ഉദ്ദേശ്യത്തോടു കൂടി അവർ അങ്ങോട്ട് പ്രയാണം ചെയ്യുകയുണ്ടായി. എന്നാൽ അല്ലാഹുവിന്റെ നിശ്ചയം അവർക്കനൊന്നും അനുകൂലമായിരുന്നില്ല. ഇപ്രാവശ്യം അവരുടെ ആഗ്രഹവും അല്ലാഹുവിന്റെ നിശ്ചയവും യോജിച്ചു വന്നു. അങ്ങനെ അവരതു നേടി. അവസാനം അവരുടെ കൈയാൽത്തന്നെ സുൽത്താന്റെ മരണവും നടന്നു[196]. വിധി അങ്ങനെയായിരുന്നു. "നാമെല്ലാവരും അല്ലാഹുവിന്റേതാണല്ലോ. അവന്റടുക്കൽ തിരിച്ചു ചെല്ലേണ്ടവരുമാണ്."

സുൽത്താൻ ബഹാദൂർശായെ കൊന്ന് കടലിലെറിയുകയാണ് പോർച്ചുഗീസുകാർ ചെയ്തത്. ഹിജ്റ 943(ക്രി.വ. 1537) റംസാൻ 3നായിരുന്നു അത്. സുൽത്താന്റെ വധത്തോടുകൂടി ഡ്യൂ മുഴുവൻ പോർച്ചുഗീസുകാർക്ക് സ്വന്തമായിക്കിട്ടി. അങ്ങനെ അവർ വീണ്ടും ശക്തിയാർജ്ജിച്ചു. വിധി അലംഘനീയമാണ്. ആർക്കും അതിനെ തടുക്കാനോ മറികടക്കാനോ ആവില്ല.

ഹിജ്റ 944(ക്രി.വ. 1537)ൽ പോർച്ചുഗീസുകാർ പറവണ്ണയിൽ വന്ന് ഉമറലി ഇബ്റാഹീം മരയ്ക്കാരുടെ പുത്രൻ കുട്ടി ഇബ്രാഹീം മരയ്ക്കാരെയും[197] കൂട്ടുകാരെയും വധിച്ച് പട്ടണത്തിന് തീവച്ച് മടങ്ങിപ്പോയി. താനൂർ രാജാവുമായി ഉടമ്പടിയിലിരിക്കുകയും അതിന്റെയടിസ്ഥാനത്തിൽ താനൂരിലെയും പറവണ്ണയിലെയും വ്യാപാരികൾ തങ്ങളുടെ അനുമതിപത്രം വാങ്ങി സമുദ്രത്തിലൂടെ വ്യാപാരയാത്ര നടത്തുകയും ചെയ്തുകൊണ്ടിരിക്കുന്നതിനിടയിലാണ് ഇതവർ ചെയ്തത്. കുട്ടി ഇബ്രാഹീം മരയ്ക്കാരും കൂട്ടുകാരും അനുമതി പത്രം വാങ്ങാതെ ജിദ്ദാതുറമുഖത്തേയ്ക്ക് കുരുമുളകും ചുക്കും കപ്പലിൽ കയറ്റിക്കൊണ്ടുപോവുകയായിരുന്നുവത്രെ. പോർച്ചുഗീസുകാർക്ക് ഒട്ടും തൃപ്തിയില്ലാത്തതായിരുന്നു വിദേശത്തേയ്ക്ക് പ്രത്യേകിച്ചു ജിദ്ദയിലേയ്ക്ക് കുരുമുളകും ചുക്കും കയറ്റുന്നത്.

ഇതേ ഘട്ടത്തിൽ സാമൂതിരി കൊച്ചി രാജാവിനോടും പോർച്ചുഗീസുകാരോടും യുദ്ധം ചെയ്യാൻ വേണ്ടി കൊടുങ്ങല്ലൂരിലേക്ക് പുറ

പ്പെട്ടു. യുദ്ധം ഏറെ നാൾ നീണ്ടുവെങ്കിലും സാമൂതിരിക്ക് ഒരു ഗുണവും അതുകൊണ്ട് കിട്ടിയില്ല. അല്ലാഹുവിന്റെ ഹിതം തന്നെ. ഒടുവിൽ പോർച്ചുഗീസുകാരെ ഭയന്ന് പിന്തിരിയേണ്ടിവന്നു അദ്ദേഹത്തിന്. അതിനുശേഷം കൊടുങ്ങല്ലൂരിലും പോർച്ചുഗീസുകാർ ഒരു കോട്ട കെട്ടി. സാമൂതിരിക്ക് വെല്ലാൻ കഴിയാത്ത ഒരു വലിയ പ്രതിരോധക്കോട്ടയായിരുന്നു അത്.

ഇതിനു ശേഷമാണ് അലി ഇബ്രാഹീം മരയ്ക്കാരും ഫഖീഹ് കുഞ്ഞാലി മരയ്ക്കാരും കൂടി നാൽപത്തി രണ്ട് കപ്പലുകളിലായി കായൽപട്ടണത്തേയ്ക്കു[198] പോയത്. യാത്രയ്ക്കിടയിൽ പുട്ടലത്ത്[199] എത്തിയപ്പോൾ അവർ കപ്പലുകൾ നിറുത്തി അവിടെ ഇറങ്ങി കുറേ നാൾ താമസിച്ചു. ആ അവസരത്തിൽ പോർച്ചുഗീസുകാർ ഏതാനും കപ്പലുകളിലായി അവിടെ എത്തി അവരുടെ മുഴുവൻ കപ്പലുകളും പിടിച്ചെടുത്തു. മരയ്ക്കാരുടെ സംഘത്തിലുണ്ടായിരുന്ന അനേകം പേർ ഏറ്റുമുട്ടലിൽ രക്തസാക്ഷികളായി. വിധി അങ്ങനെയായിരുന്നു. ഹിജ്റ 944 (ക്രി.വ. 1538) ശഅ്ബാൻ മാസത്തിലാണ് ഇത് സംഭവിച്ചത്. ഇതിൽ അവശേഷിച്ചവർ മലബാറിലേയ്ക്ക് മടങ്ങി. വഴിമധ്യേ നല്ലംബിള്ളിയിൽ വെച്ച് അലി ഇബ്രാഹീം മരയ്ക്കാർ[200] അന്തരിച്ചു. അല്ലാഹുവിന്റെ വിശാലമായ കടാക്ഷം അദ്ദേഹത്തിനുണ്ടാവട്ടെ!

ഇതേ വർഷം ശവ്വാൽ മാസം മദ്ധ്യത്തിൽ കക്കാട്ടുകാരുടെ ഏതാനും കപ്പലുകളും പോർച്ചുഗീസുകാർ കണ്ണൂരിനടുത്തുവെച്ച് പിടിച്ചടയ്ക്കുകയുണ്ടായി. അല്ലാഹു ആ അക്രമികളെ നശിപ്പിക്കട്ടെ!

അദ്ധ്യായം എട്ട്

സുലൈമാൻപാശ ഡ്യൂവിലും അയൽദേശങ്ങളിലും നടത്തിയ സന്ദർശനം

ഹിജ്റ 944ൽ(ക്രി.വ. 1538) തന്നെയായിരുന്നു തുർക്കി സുൽത്താൻ സുലൈമാൻ ശായുടെ ഈജിപ്തിലെ ഗവർണറായിരുന്ന സുലൈമാൻ പാശ നൂറ് യുദ്ധക്കപ്പലുകളും അനേകം പത്തേമാരികളും മറ്റു യുദ്ധസാമഗ്രികളുമായി പൂർണ്ണ തയ്യാറെടുപ്പുകളോടെ ഏദൻ തുറമുഖത്തെത്തിയത്. അവിടത്തെ സുൽത്താനായിരുന്ന ശൈഖ് ആമിർ ഇബ്നു ദാവൂദിനെയും മറ്റു ചില പ്രമുഖരെയും വധിച്ച് അദ്ദേഹം തുറമുഖം കൈവശമാക്കി[202]. അനന്തരം ഗുജറാത്തിലേക്ക് നീങ്ങിയ സുൽത്താൻ ഡ്യൂവിലെത്തി യുദ്ധം തുടങ്ങി. വലിയ പീരങ്കികളുപയോഗിച്ച് അവിടെയുണ്ടായിരുന്ന കോട്ടകൾക്ക് അദ്ദേഹം കനത്ത കേടുപാടുകൾ ഏൽപ്പിച്ചു. പക്ഷേ, പോർച്ചുഗീസുകാർ വലിയ യുദ്ധസന്നാഹങ്ങളോടെ തന്നെ എതിർക്കാൻ വരുന്നുണ്ടെന്നറിഞ്ഞ സുൽത്താൻ ഭയന്ന് ഈജിപ്തിലേക്ക് തന്നെ മടങ്ങുകയാണ് ചെയ്തത്[203]. അവിടെ നിന്നദ്ദേഹം റോമിലേക്ക് പോയി. പോർച്ചുഗീസുകാർ ഡ്യൂവിലെത്തിയപ്പോൾ സുലൈമാൻ പാശയെ കണ്ടില്ല. അദ്ദേഹവും സൈന്യവും കേടുവരുത്തിയ കോട്ടകൾ അവർ കേടുപാടുകൾ തീർത്ത് കൂടുതൽ ഭദ്രമായി പുനർനിർമ്മിച്ചു.

അലി ഇബ്രാഹീം മരയ്ക്കാർ അന്തരിച്ച് ഒരു വർഷമായ ശേഷം ഫഖീഹ് അഹ്മദ് മരയ്ക്കാരും സഹോദരൻ കുഞ്ഞാലി മരയ്ക്കാരും

കൂടി പതിനൊന്ന് കപ്പലുകൾ സഹിതം സിലോണിലേയ്ക്ക് പുറപ്പെട്ടു. ഇതറിഞ്ഞ പോർച്ചുഗീസുകാർ അവരെ പിന്തുടരുകയും യുദ്ധം ചെയ്ത് അവരുടെ കപ്പലുകൾ പിടിച്ചെടുക്കുകയും ചെയ്തു. പലരും അവരുടെ കൂട്ടത്തിൽ നിന്ന് രക്തസാക്ഷികളായി. ബാക്കിയുള്ളവർ സിലോൺ രാജാവിന്റെയടുത്തേക്ക് പോയി. ഫഖീഹ് അഹ്മദ് മരയ്ക്കാരും കുഞ്ഞാലി മരയ്ക്കാരും അക്കൂട്ടത്തിൽ പെട്ടിരുന്നു. സിലോൺ രാജാവ് അവരെ രണ്ടുപേരെയും ചതിയിൽ കൊലപ്പെടുത്തി."[204]

അദ്ധ്യായം ഒൻപത്

നാലാം സാമൂതിരി - പോർച്ചുഗീസ് സന്ധി

ഹിജ്റ 946(ക്രി.വ. 1540) ശഅ്ബാൻ മാസത്തിൽ പോർച്ചുഗീസുകാർ സാമൂതിരിയുമായി സന്ധി ആഗ്രഹിച്ചുകൊണ്ട് പൊന്നാനിയിലായിരുന്ന അദ്ദേഹത്തെ അവിടെച്ചെന്ന് കണ്ടു. താനൂർ രാജാവും കൊടുങ്ങല്ലൂർ രാജാവും തദവസരത്തിൽ സന്നിഹിതരായിരുന്നു. അവിടെവെച്ച് അവർ അദ്ദേഹവുമായി സന്ധിയിലേർപ്പെട്ടു. അതിനെത്തുടർന്ന് സാമൂതിരിയുടെ പ്രജകൾ പോർച്ചുഗീസുകാരുടെ അനുമതിപത്രം വാങ്ങി കച്ചവടയാത്ര തുടങ്ങി.[205]

ഹിജ്റ 952(ക്രി.വ. 1545) മുഹർറം 8ന് കണ്ണൂരിലെ പ്രധാനികളായിരുന്ന അബൂബക്കർ അലി, അദ്ദേഹത്തിന്റെ അളിയൻ കുഞ്ഞിസൂപ്പി എന്നിവരെ പോർച്ചുഗീസുകാർ കൊലപ്പെടുത്തി. അബൂബക്കർ അലി അറയ്ക്കൽ അലി ആദിരാജയുടെ അമ്മാവനാണ്. കുഞ്ഞിസൂപ്പി പിതാവും. ഇതുകാരണം പോർച്ചുഗീസുകാരും കണ്ണൂർക്കാരും തമ്മിൽ ഏറെക്കാലം വിദ്വേഷം നീണ്ടുനിന്നു. ഒടുവിൽ അവർ സന്ധിയിലായി.[206]

അദ്ധ്യായം പത്ത്

വീണ്ടും സാമൂതിരി-പോർച്ചുഗീസ് ഭിന്നത

ഹിജ്റ 957(ക്രി.വ. 1550) മുഹർറം 1ന് സാമൂതിരിയും കൊച്ചിയുടെ തൊട്ട് കിഴക്കുഭാഗത്തായി സ്ഥിതി ചെയ്യുന്നതും മലബാറിൽ ഉൾപ്പെട്ടിരുന്നതുമായ ഒരു പ്രദേശത്തിന്റെ രാജാവും തമ്മിൽ ഒരുടമ്പടിയുണ്ടാക്കി[207]. പ്രസ്തുത രാജാവ് സാമൂതിരിയെ സഹായിക്കുകയും രാജ്യത്തിന്റെ മേൽക്കോയ്മ അദ്ദേഹത്തിനേൽപ്പിച്ചു കൊടുക്കുകയും ചെയ്യണം. പകരം സാമൂതിരി അദ്ദേഹത്തെ നാലാം കൂറായി അംഗീകരിക്കും. ഇതായിരുന്നു ഉടമ്പടിയുടെ വ്യവസ്ഥ. നിലവിലുള്ള സാമൂതിരിക്കും അദ്ദേഹത്തിന്റെ രണ്ടു സഹോദരന്മാർക്കും ശേഷം സാമൂതിരിരാജ്യങ്ങളുടെ ഭരണം പ്രസ്തുത രാജാവിനായിരിക്കുകയെന്നതായിരുന്നു അതിന്റെ ഫലം. ഇത് മലബാറുകാരുടെ പൂർവ്വികമായ ദത്തെടുക്കൽ സമ്പ്രദായമാണ്.

മേൽപറഞ്ഞ രാജാവ് കൊച്ചിരാജാവിന്റെ ഒരുറ്റ സഹായി കൂടിയായിരുന്നു. പോർച്ചുഗീസുകാർക്ക് ഏറ്റവും കൂടുതൽ കുരുമുളക് കിട്ടിയിരുന്നത് ഈ രാജാവിന്റടുത്തുനിന്നാണ്. ഇതുകാരണം അവർ അദ്ദേഹത്തെ 'കുരുമുളക്രാജാവ്' എന്നാണ് വിളിച്ചിരുന്നത്. സ്വാഭാവികമായും പോർച്ചുഗീസുകാർക്കും കൊച്ചിരാജാവിനും സാമൂതിരിയുമായുള്ള അദ്ദേഹത്തിന്റെ ഉടമ്പടി ഇഷ്ടപ്പെടുമായിരുന്നില്ല. അങ്ങനെ കുരുമുളക്രാജാവ് ഉടമ്പടി കഴിഞ്ഞ് സ്വദേശത്ത് തിരിച്ചെത്തിയപ്പോഴത്തേക്കും അവർ അദ്ദേഹത്തോട് യുദ്ധത്തിനെത്തിക്കഴിഞ്ഞിരുന്നു. രൂക്ഷമായ യുദ്ധത്തിൽ കുരുമുളക് രാജാവ് കൊല്ലപ്പെട്ടു. ഇത് ഹിജ്റ 957(ക്രി.വ. 1550) ജമാദുൽ അവ്വലിലായിരുന്നു.

കുരുമുളക് രാജാവ് കൊല്ലപ്പെട്ടതറിഞ്ഞപ്പോൾ സാമൂതിരിക്ക്

നിൽപ്പ് വന്നില്ല. അദ്ദേഹം ഉടനെ കോഴിക്കോട്ട് നിന്ന് പോർച്ചുഗീസുകാരോട് യുദ്ധം ചെയ്യാൻ വേണ്ടി പുറപ്പെട്ടു. കുരുമുളക് രാജാവിന്റെ ദേശത്തുവെച്ച് അദ്ദേഹം പോർച്ചുഗീസുകാരോടും കൊച്ചി രാജാവിനോടും പടവെട്ടി. ഇതിനുവേണ്ടി അദ്ദേഹത്തിന് ധാരാളം സമ്പത്ത് ചെലവഴിക്കേണ്ടിവന്നു. എന്നിട്ടും ജയിക്കുകയോ തോൽക്കുകയോ ചെയ്യാത്ത അവസ്ഥയിലാണദ്ദേഹം കോഴിക്കോട്ടേയ്ക്ക് തിരിച്ചത്.

അതേ വർഷം ജമാദുൽ ആഖിർ 8ന് കുരുമുളക്‌രാജാവിന്റെ പട്ടാളക്കാരിൽ ഭൂരിഭാഗവും പുഴകടന്ന് കൊച്ചിയിൽ പ്രവേശിച്ചു. തങ്ങളുടെ രാജാവിനെ വധിച്ചതിന് കൊച്ചിയോടും പോർച്ചുഗീസുകാരോടും പ്രതികാരം ചെയ്യലായിരുന്നു അവരുടെ ഉദ്ദേശ്യം. അവർ കണ്ണിൽ കണ്ട വീടുകളെല്ലാം അഗ്നിക്കിരയാക്കി. അവരുടെ ആക്രമണം കൊച്ചിക്ക് വരുത്തിയ നഷ്ടം വമ്പിച്ചതായിരുന്നു.

കുരുമുളക്‌രാജാവിന്റെ വധത്തെത്തുടർന്ന് സാമൂതിരിക്കും പോർച്ചുഗീസുകാർക്കുമിടയിലുണ്ടായ ശത്രുത ശമിക്കാതെ തുടർന്നു. അങ്ങനെ പോർച്ചുഗീസുകാർ ഗോവയിൽ നിന്ന് വലിയ യുദ്ധസന്നാഹങ്ങളോടുകൂടി പുറപ്പെട്ട് തിക്കോടിയിൽ വന്നിറങ്ങി. അവിടെയുണ്ടായിരുന്ന വീടുകളും പാണ്ടികശാലകളും വലിയ ജുമുഅത്ത് പള്ളിയും അവർ അഗ്നിക്കിരയാക്കി. ഇത് ഹിജ്റ 957(ക്രി.വ. 1550) ശവ്വാൽ 14 ശനിയാഴ്ചയായിരുന്നു. അതിന്റെ രണ്ടാം ദിവസം അവർ പന്തലായിനിയിൽ എത്തി. അവിടത്തെ വീടുകളും കടകളും പുറമെ ഇസ്‌ലാംമത പ്രചരണാരംഭത്തിൽ പണിത വലിയ ജുമുഅത്ത് പള്ളിയും അവർ കത്തിച്ചു നശിപ്പിച്ചു. അതിന്റടുത്ത വ്യാഴാഴ്ച പ്രഭാത വേളയിൽ അവർ പൊന്നാനിയിലിറങ്ങി വീടുകളും പാണ്ടികശാലകളും വലിയ ജുമുഅത്ത് പള്ളിയടക്കം നാല് പള്ളികളും ചുട്ടെരിച്ചു. മേൽപറഞ്ഞ മൂന്ന് സ്ഥലങ്ങളിലുമായി വലിയ എണ്ണം മുസ്‌ലിംകൾ പോർച്ചുഗീസുകാരുടെ ക്രൂരമായ ആക്രമണത്തിൽ രക്തസാക്ഷികളായി.[208]

ഹിജ്റ 960(ക്രി.വ. 1553) ജമാദുൽ ആഖിർ ഒടുവിൽ അലി റൂമി എന്ന പടനായകൻ കീളക്കരയ്ക്കു സമീപം പോർച്ചുഗീസുകാരുമായുള്ള യുദ്ധത്തിൽ രക്തസാക്ഷിയായെന്നും അദ്ദേഹത്തിന്റെ കപ്പ

ലുകൾ അവർ പിടിച്ചടക്കിയെന്നുമുള്ള വിവരം മലബാറിൽ പരന്നു. അതിന്റെ തൊട്ടുമുമ്പാണ് അലി റൂമി പോർച്ചുഗീസുകാരുടെ ചില കപ്പലുകൾ പിടിച്ചെടുത്ത് കായൽപട്ടണത്തിനടുത്ത് പുന്നക്കായലിൽ ഇറങ്ങിയതും അവിടെ പോർച്ചുഗീസുകാർ താമസിക്കുന്ന സ്ഥലത്ത് ചെന്ന് അവരുമായി യുദ്ധത്തിലേർപ്പെട്ടതും അവരെ വിരട്ടി അവിടം തകർത്തതും.

ഹിജ്റ 960(ക്രി.വ. 1553) റജബിൽ തുർക്കിക്കാരനായ യൂസുഫ് മാൽദ്വീപിൽ നിന്ന് പൊന്നാനിയിൽ വന്നു[210]. ദ്വീപിൽ വസിച്ചിരുന്ന പോർച്ചുഗീസുകാരിൽ നിന്ന് പിടിച്ചെടുത്ത കുറേ വലിയ പീരങ്കികളുമായിട്ടായിരുന്നു അദ്ദേഹത്തിന്റെ വരവ്.[211] അത് കച്ചവടത്തിന്റെ സമയമായിരുന്നില്ല.

അദ്ധ്യായം പതിനൊന്ന്

അഞ്ചാം സാമൂതിരി - പോർച്ചുഗീസ് സന്ധി

ഹിജ്റ 963(ക്രി.വ. 1555) മുഹർറം ആദ്യത്തിലാണ് ഈ സന്ധിയുണ്ടായത്. പോർച്ചുഗീസുകാരുമായുള്ള ദീർഘകാലത്തെ മത്സരം തന്റെ മുസ്ലിം പ്രജകളുടെ ശക്തി ക്ഷയിപ്പിക്കുകയും അവരെ ദാരിദ്ര്യത്തിലെത്തിക്കുകയും ചെയ്തിരിക്കുന്നുവെന്ന് കണ്ടതിനാലാണ് സാമൂതിരി സന്ധിക്ക് തയ്യാറായത്. സന്ധിയെത്തുടർന്ന് സാമൂതിരിയുടെ പ്രജകൾ മറ്റുള്ളവരെപ്പോലെ പോർച്ചുഗീസുകാരിൽ നിന്ന് അനുമതിപത്രം വാങ്ങി വ്യാപാര യാത്ര തുടങ്ങി.

അങ്ങനെ ഏതാണ്ട് രണ്ട് വർഷം കഴിഞ്ഞപ്പോൾ കണ്ണൂർ, ധർമ്മടം മുതലായ പ്രദേശത്തുകാരായ മുസ്ലിംകളും പോർച്ചുഗീസുകാരും തമ്മിൽ കഠിനമായ മത്സരമുണ്ടായി. അത് രണ്ട് കൊല്ലത്തോളം നീണ്ടു. പിന്നീട് ഇരുകൂട്ടരും സന്ധിയിലെത്തുകയും മറ്റുള്ളവരെപ്പോലെത്തന്നെ മേൽപ്പറഞ്ഞ പ്രദേശക്കാരും പോർച്ചുഗീസുകാരുടെ അനുമതിപത്രം വാങ്ങി വ്യാപാരയാത്ര പുനരാരംഭിക്കുകയും ചെയ്തു.

അതിനിടയിൽ അറയ്ക്കൽ അലി ആദിരാജ പോർച്ചുഗീസുകാരുമായി കടുത്ത ഒരു യുദ്ധത്തിനുവേണ്ടിയുള്ള വിപുലമായ ഒരുക്കങ്ങൾ ചെയ്തുവരുന്നുണ്ടായിരുന്നു. അതിനായി ധാരാളം സമ്പത്ത് അദ്ദേഹം നീക്കിവച്ചു. എന്നാൽ കോലത്തിരിയുടെയും അദ്ദേഹത്തിന്റെ പ്രജകളിൽ വലിയൊരു വിഭാഗത്തിന്റെയും പിന്തുണ ഈ സംരംഭത്തിന് ലഭിച്ചില്ല.

ഈ സന്ദർഭത്തിൽ പോർച്ചുഗീസുകാർ ആദിരാജയുടെ അധീനത്തിൽ മലബാറിലുള്ള ചില ദ്വീപുകൾ[214] ആക്രമിക്കാനൊരുങ്ങി പുറപ്പെട്ടു. അവർ ചെത്‌ലറ്റിൽ പ്രവേശിച്ച് അവിടെയുള്ള പലരെയും വധിക്കുകയും പലരെയും ബന്ധനസ്ഥരാക്കുകയും ചെയ്തതിനു ശേഷം അമിനിദ്വീപിൽ ചെന്നിറങ്ങി. അവിടെയും വ്യാപകമായി കൊലയും കൊള്ളിവയ്പ്പും അഴിച്ചുവിട്ടു. നിരവധിയാളുകളെ കൂട്ടമായി വധിച്ചു; സ്ത്രീകളടക്കം നാനൂറിലേറെ പേരെ ബന്ധനസ്ഥരാക്കി; സ്വത്തുക്കൾ കൊള്ളയടിക്കുകയും വീടുകളും പള്ളികളും അഗ്നിക്കിരയാക്കുകയും ചെയ്തു.

പോർച്ചുഗീസുകാരുടെ ക്രൂരകൃത്യങ്ങൾ കണ്ട് നിഷ്കളങ്കരും നിസ്സഹായരുമായ ദ്വീപുനിവാസികൾ പരിഭ്രാന്തരായി. അവർക്ക് ആയുധമോ സൈന്യമോ ഉണ്ടായിരുന്നില്ല. അവരുടെ ഖാസി വൃദ്ധനായ ഒരു മാന്യനായിരുന്നു. അദ്ദേഹത്തിന്റെയും ഭാര്യയുടെയും കീഴിൽ നിരായുധരെങ്കിലും നാട്ടുകാർ സംഘടിച്ചു. രക്തസാക്ഷിത്വത്തിന്റെ അഭിനിവേശത്തോടെ വടിയും കല്ലും മൺകട്ടകളുമായി അവർ പോർച്ചുഗീസുകാരുടെ ക്രൂരതകളോടേറ്റുമുട്ടി. അങ്ങനെ പൊരുതി ഒന്നടങ്കം വീരമൃത്യു വരിച്ചു. അല്ലാഹു അവരെ അനുഗ്രഹം കൊണ്ട് പൊതിയട്ടെ!

അടുത്തടുത്ത് സ്ഥിതി ചെയ്യുന്ന ചെറുതും വലുതുമായ ദ്വീപുകളുടെ സമൂഹത്തിൽ വലിയ ഒന്നാണ് അമിനി. കവറത്തി, ആന്ത്രോത്ത്, കൽപേനി, മിനിക്കോയ് എന്നിവയാണ് മറ്റു വലിയ ദ്വീപുകൾ. ഈ അഞ്ചു ദ്വീപുകളും പട്ടണങ്ങളാണ്. ചെറിയ ദ്വീപുകളിൽ ജനവാസമുള്ളവ അഗത്തി, കാട്മട്, കിൽത്താൻ, ചെത്‌ലെറ്റ് എന്നിവയാണ്.[215]

പോർച്ചുഗീസുകാർ അവരുടെ ശക്തിയും ബുദ്ധിസാമർഥ്യവുമുപയോഗിച്ച് മിക്ക തുറമുഖങ്ങളും കൈവശമാക്കി. മലബാർ, ഗുജറാത്ത്, കൊങ്കൺ മുതലായ സ്ഥലങ്ങളിലെ തുറമുഖങ്ങൾ അവയിൽ പ്രധാനപ്പെട്ടവയാണ്. അല്ലാഹു പോർച്ചുഗീസുകാരെക്കൊണ്ട് ലോകരെയാകെ പരീക്ഷിക്കാൻ തീരുമാനിച്ചത്പോലെയാണ് കാര്യങ്ങൾ നീങ്ങിയത്. ലോകരാജ്യങ്ങളിൽ പലതിലും അവർക്ക് സ്വാധീനമുറപ്പിക്കാൻ കഴിഞ്ഞു. ഹുർമുസ്, മസ്ക്കത്ത്, മാൽദ്വീപ്, സുമാ

ത്ര, മലാക്ക, മലൂക്ക്, മൈലാപ്പൂർ, നാഗപട്ടണം, കോറമണ്ഡലത്തിലെ മറ്റു തുറമുഖങ്ങൾ എന്നിവിടങ്ങളിലും സിലോണിലെ അധിക ദ്വീപുകളിലും അവർ കോട്ടകൾ കെട്ടി[216]. പിന്നീടവർ ചൈനയിലും എത്തി.

തങ്ങൾക്ക് സ്വാധീനമുണ്ടായിക്കഴിഞ്ഞ തുറമുഖങ്ങളിലെല്ലാം പോർച്ചുഗീസുകാർ വ്യാപാരക്കുത്തക സ്ഥാപിച്ചു. അവിടങ്ങളിലെല്ലാം മുസ്‌ലിംകളുടെ വ്യാപാരം അധഃപതിക്കുകയും ചെയ്തു. പോർച്ചുഗീസുകാരുടെ ചൊൽപടിക്ക് നിൽക്കേണ്ട സ്ഥിതിയായി പിന്നീട് മുസ്‌ലിംകൾക്ക്. തങ്ങൾക്ക് താൽപര്യം കുറഞ്ഞ മേഖലകളിൽ മാത്രമേ മുസ്‌ലിം വ്യാപാരികളെ അവർ പ്രവേശിക്കാനനുവദിച്ചുള്ളൂ. താൽപര്യമുള്ള എല്ലാ മേഖലകളിൽ നിന്നും മുസ്‌ലിംകളെ അവർ തുരത്തി. ആദ്യം കുരുമുളകിന്റെയും ചുക്കിന്റെയും വ്യാപാരമാണ് മുസ്‌ലിംകൾക്കവർ നിരോധിച്ചത്. തുടർന്ന് ഏലക്കായ, ജാതിപത്രിക, കരയാംപൂ മുതലായ സുഗന്ധദ്രവ്യങ്ങളുടെ വ്യാപാരം മുഖേന ലഭിക്കുന്ന വമ്പിച്ച ലാഭത്തെക്കുറിച്ചറിഞ്ഞതോടെ അവയുടെ വ്യാപാരവും. അടക്ക, നാളികേരം, തുണി മുതലായവയുടെ കച്ചവടമാണ് പിന്നീട് മുസ്‌ലിംകൾക്കുണ്ടായിരുന്നത്.

കൂടാതെ, വ്യാപാര യാത്രതന്നെ മുസ്‌ലിംകൾക്കവർ വിലക്കി. അറേബ്യൻ രാജ്യങ്ങളിലേയ്ക്കും മലാക്ക, അശിൻ, ദനാസരി[217] മുതലായ സ്ഥലങ്ങളിലേയ്ക്കും മുസ്‌ലിംകൾക്ക് പോകാൻ പാടില്ലാതായി. ഗുജറാത്ത്, കൊങ്കൺ, കോറമണ്ഡൽ, കായൽപട്ടണം എന്നിവിടങ്ങളിലേയ്ക്കു മാത്രമേ പോകാൻ പാടുണ്ടായിരുന്നുള്ളൂ. ഹൊന്നാവരം[218], ബാസറൂർ, മംഗലാപുരം എന്നിവിടങ്ങളിൽ നിന്ന് മലബാറിലേയ്ക്കും ഗോവയിലേയ്ക്കും അരി കയറ്റിയിരുന്നത് തടയാൻ ആ സ്ഥലങ്ങളിലെല്ലാം പോർച്ചുഗീസുകാർ കോട്ടകൾ കെട്ടി. പകരം അവർതന്നെ വിവിധ ഭാഗങ്ങളിൽ നിന്ന് ചരക്കുകൾ ശേഖരിച്ച് ലോകത്തിന്റെ നാനാ ഭാഗങ്ങളിലേയ്ക്കെത്തിച്ചുപോന്നു. ഇതുമൂലം വിവിധ ഭൂഖണ്ഡങ്ങളിൽ അവർ നിറയുകയും അവരെത്തുന്ന തുറമുഖങ്ങളിലെ ഭരണാധിപർ അവർക്ക് കീഴ്പ്പെടുകയും ചെയ്തു. ക്രമേണ അവിടങ്ങളിലെല്ലാം പരമാധികാരം അവർക്കായിക്കിട്ടി. അവരുടെ അനുമതിപത്രം വാങ്ങാതെ ലോകത്തിലൊരിടത്തും

കടൽയാത്ര സ്ാധ്യമല്ലാതായി. അതിനാൽ വ്യാപാര മേഖലകളിലാകെ പോർച്ചുഗീസുകാർ കുതിച്ചുയരുകയും മുസ്‌ലിംകൾ നന്നേ ശോഷിക്കുകയും ചെയ്തു. എവിടെയും പോർച്ചുഗീസുകാരുടെ വ്യാപാരക്കപ്പലുകൾ! മുസ്‌ലിംകളുടേത് എവിടെയുമില്ല!

പോർച്ചുഗീസുകാരെ വെല്ലാനോ അവർ സ്ഥാപിച്ച കോട്ടകൾ പിടിച്ചടക്കാനോ ആർക്കും സാധിക്കുമായിരുന്നില്ല. രണശൂരനായ സുൽത്താൻ അലി അൽആശിക്കും[219] കോഴിക്കോടിന്റെ സാരഥിയായ സാമൂതിരിക്കും സിലോൺ രാജാവിനുമാണ് അത് സാധിച്ചിട്ടുള്ളത്. സുൽത്താൻ അലി അൽആശി സുമാത്ര പിടിച്ചടക്കി ഇസ്‌ലാമിക രാജ്യമാക്കി; സാമൂതിരി കോഴിക്കോട്ടെയും ചാലിയത്തെയും പോർച്ചുഗീസ് കോട്ടകൾ കൈവശപ്പെടുത്തി; സിലോൺ രാജാവ് പോർച്ചുഗീസുകാർ തന്റെ രാജ്യത്തിനുള്ളിൽ പണിത എല്ലാ കോട്ടകളും പിടിച്ചെടുത്തു. എന്നാൽ ഈ കോട്ടകൾ അവരുടെ മറ്റു കോട്ടകളെപ്പോലെ അത്ര ഭദ്രമായി പണിതതായിരുന്നില്ലെന്ന വസ്തുത കൂടി കാണണം.

ആദ്യമൊക്കെ പോർച്ചുഗീസുകാർ തങ്ങൾ നൽകിയിരുന്ന അനുമതിപത്രത്തിന് വില കൽപ്പിക്കുകയും ഉറപ്പ് പാലിക്കുകയും ചെയ്തിരുന്നു. അനുമതിപത്രമുള്ള വ്യാപാരികളെ അവർ പ്രത്യേക കാരണം കൂടാതെ ഉപദ്രവിച്ചിരുന്നില്ല. ഹിജ്റ 960ഓമാണ്ടോടെ(ക്രി.വ. 1558) അവർ ഈ സമ്പ്രദായം ലംഘിക്കുന്നതാണ് കണ്ടത്. യാത്രാനുമതി തേടുന്നവർക്കെല്ലാം അനുമതിപത്രം കൊടുക്കുകയും എന്നിട്ട് അതുമായി യാത്ര ചെയ്യുന്നവരെ വഴിക്ക്‌വെച്ച് തടഞ്ഞ് കപ്പലുകൾ പിടിച്ചെടുക്കുകയും ചരക്കുകൾ കൊള്ളയടിക്കുകയും യാത്രക്കാർ മുസ്‌ലിംകളെന്നോ അല്ലാത്തവരെന്നോ നോക്കാതെ വളരെ ഹീനമായ വിധത്തിൽ കൊലപ്പെടുത്തുകയുമാണ് പിന്നീടവർ ചെയ്തുകൊണ്ടിരുന്നത്. വെട്ടിയും കൈകാലുകൾ കയറുകൊണ്ട് വരിഞ്ഞുകെട്ടി കടലിലെറിഞ്ഞും വലയിൽ കുടുക്കി വെള്ളത്തിൽ താഴ്ത്തിയുമാണ് യാത്രക്കാരെ അവർ കൊന്നിരുന്നത്.[220]

ഒരിക്കൽ ഗോവയിൽ വെച്ച് എത്യോപ്യക്കാരായ ഒരു സംഘം മുസ്‌ലിംകളെ അവർ പിടികൂടി. ഹിജ്റ 970ലോ അതിന്റെ അൽപം മുമ്പോ (ക്രി.വ. 1562) ആണത്. പിടികൂടിയ സംഘത്തിലുള്ളവരെ

പലവിധേന പീഡിപ്പിക്കുകയും ക്രിസ്തു മതത്തിൽ ചേരാൻ നിർബ ന്ധിക്കുകയും ചെയ്തു. പീഡനം സഹിക്കവയ്യാതെ അവരിൽ അധി കപേരും പുറമേയ്ക്ക് ക്രിസ്തുമതം സ്വീകരിച്ചതായി നടിച്ചു. അങ്ങനെ അവരുടെ പിടിയിൽ നിന്ന് മോചനം നേടി. പിന്നീട് അവരെല്ലാവരും ഗോവ വിട്ടുപോവുകയും ഇസ്ലാം മതത്തിലേയ്ക്ക് മടങ്ങുകയും ചെയ്തു. കൂട്ടത്തിൽ ഒരു വനിത, പോർച്ചുഗീസുകാർ എത്ര മർദ്ദിച്ചിട്ടും ക്രിസ്തുമതം സ്വീകരിക്കാൻ തയ്യാറായില്ല. ഒടു വിൽ മർദ്ദനം സഹിക്കാനാവാതെ അവർ രക്തസാക്ഷിത്വം പുൽകി. അല്ലാഹുവിന്റെ കരുണാകടാക്ഷം അവരിലുണ്ടാകട്ടെ!

അദ്ധ്യായം പന്ത്രണ്ട്

സാമൂതിരി-പോർച്ചുഗീസ് മത്സര കാരണവും പോർച്ചുഗീസുകാരെ ആക്രമിക്കാൻ കപ്പലുകൾ പുറപ്പെട്ടതും

മേൽ പറഞ്ഞവിധം പോർച്ചുഗീസുകാരുടെ അക്രമവും കൊള്ളയും രാജ്യത്താകെ വ്യാപിച്ചതു കാരണം മുസ്‌ലിംകളുടെ കച്ചവടമാകെ മുടങ്ങി. അവരുടെ ഉത്സാഹവും സാമർത്ഥ്യവുമെല്ലാം മന്ദീഭവിക്കുകയും ചെയ്തു. ഗത്യന്തരമില്ലാതെ വളപട്ടണം, തിക്കോടി, പന്തലായിനി മുതലായ സ്ഥലങ്ങളിലെ മുസ്‌ലിംകൾ സംഘടിച്ച് പത്തേമാരികളിൽ പടക്കോപ്പുകളുമായി പോർച്ചുഗീസുകാരുടെ അനുമതിപത്രം വാങ്ങാതെ രണ്ടും കൽപ്പിച്ച് കടലിലിറങ്ങി. തുടർന്ന് പോർച്ചുഗീസുകാരുമായി അവർ യുദ്ധം ചെയ്തു. യുദ്ധത്തിൽ പോർച്ചുഗീസുകാരുടെ അനവധി കപ്പലുകളും വഞ്ചികളും അവർ കൈവശപ്പെടുത്തി. ഇത് കോഴിക്കോട്ടുകാരും പൊന്നാനിക്കാരും പുത്തനങ്ങാടിക്കാരും കക്കാട്ടുകാരുമായ സാമൂതിരിപ്രജകൾക്ക് പ്രചോദനം പകർന്നു. അവർ പോർച്ചുഗീസുകാരോട് യുദ്ധത്തിനിറങ്ങി. അനവധി പോർച്ചുഗീസുകാരെ തടവിലാക്കാനും അവരുടെ ഒട്ടേറെ കപ്പലുകളും വഞ്ചികളും പിടിച്ചെടുക്കാനും അവർക്കു കഴിഞ്ഞു. പോർച്ചുഗീസുകാരുടെ ധാരാളം സ്വത്തുക്കൾ ഈ യുദ്ധം വഴി മുസ്‌ലിംകൾക്ക് കൈവന്നു. ഇതോടെ കുറേ കാലമായി പോർച്ചുഗീസുകാരുടെ തോൽവി ഏറ്റുവാങ്ങിക്കൊണ്ടിരുന്ന മുസ്‌ലിംകൾ തങ്ങൾക്കവരോട് ജയിക്കാൻ കഴിയുമെന്ന് തെളിയിച്ചു. ഇതിന്റെ

ആവേശവുമായി അവർ ഗുജറാത്ത്, കൊങ്കൺ മുതലായ തുറമുഖ ങ്ങളിലേയ്ക്ക് യാത്ര ചെയ്യുകയും അവിടങ്ങളിലെല്ലാം വെച്ച് പോർച്ചുഗീസുകാരോടേറ്റുമുട്ടി ജയിക്കുകയും അവരുടെ ഒട്ടനേകം കപ്പലുകൾ കൈവശമാക്കുകയും ചെയ്തു. ഇത് പോർച്ചുഗീസുകാ രിൽ ഭീതിയുളവാക്കി. പൂർണ്ണമായ മുൻകരുതലുകളോടും ധാരാളം യുദ്ധക്കപ്പലുകളുടെ അകമ്പടിയോടും കൂടിയല്ലാതെ അവർക്ക് കടൽയാത്ര സാധ്യമല്ലാതായി.

പോർച്ചുഗീസുകാരുടെ സാമ്പത്തികമായ അധഃപതനത്തിലേയ് ക്കാണ് ഈ സ്ഥിതിവിശേഷം വഴിയൊരുക്കിയത്. അതുകാരണം മുസ്ലിംകൾക്ക് അവരുടെ സമ്പത്ത് പിടിച്ചടക്കാനുള്ള സാധ്യതയും കുറഞ്ഞു. മുസ്ലിംകൾ പരസ്പരം തന്നെ കൊള്ളയടിക്കുന്ന സ്ഥിതിയായി പിന്നെ. പലപ്പോഴും ഇതിന് മറ്റൊരു കാരണവും കണ്ടെത്താനാകും. മുസ്ലിം കപ്പൽക്കാരിൽ അധിക പേരും വലിയ ധനികരായിരുന്നില്ല. കുറേ പേരുടെ കൂട്ടുടമസ്ഥതയിലായിരുന്നു മിക്ക കപ്പലുകളും. അവരിൽ ഓരോർത്തർക്കും അവരവർ ഇറക്കി യേടത്തോളം മുതൽ കടലിലിറങ്ങി കരയിൽ കയറുമ്പോൾ തിരി ച്ചുകിട്ടാനുള്ള മാർഗ്ഗമുണ്ടായിരിക്കണം. അങ്ങനെ, പോർച്ചുഗീസു കാരുടെ പക്കൽ നിന്ന് പിടിച്ചെടുക്കുന്നത് ആവശ്യത്തിനുമാത്രം തികയാതെ വന്നാൽ മുസ്ലിംകളുടെതെന്നോ അല്ലാത്തവരുടെ തെന്നോ ഉള്ള വ്യത്യാസം കൂടാതെ അവർ കണ്ടത് പിടിച്ചെടുത്ത് തികയാത്തത് ഒപ്പിക്കും. മുസ്ലിംകളുടെ സ്വത്തിനു നേരെ കൈ നീട്ടുകയില്ലെന്ന് പ്രതിജ്ഞയെടുത്തുകൊണ്ടാണ് യാത്ര പുറപ്പെ ടാറെങ്കിലും കൈയിൽ വന്നത് മുസ്ലിമിന്റേതാണെന്നുവെച്ച് തിരി ച്ചുകൊടുക്കുന്ന പതിവ് അവർക്കുണ്ടായിരുന്നില്ല. അതു കൊടുപ്പി ക്കാൻ ആജ്ഞാശക്തിയുള്ള ഒരു ഭരണാധികാരി അവർക്കുണ്ടോ, അതുമില്ല. രാജ്യം ഭരിക്കുന്നവർക്ക് കൊള്ള മുതലിൽ നിന്ന് തങ്ങൾക്കു കിട്ടേണ്ട വിഹിതം കിട്ടിയാൽ മതി. കേവല ഉപദേശമാ കട്ടെ, ജീവിതത്തിൽ ധാർമ്മികമായ പരിശുദ്ധിയും സൂക്ഷ്മതയും പാലിക്കുന്ന ഭക്തർക്കല്ലേ പ്രയോജനം ചെയ്യൂ. അത്തരക്കാരല്ല അധിക പേരും.

ഹിജ്റ 974(ക്രി.വ. 1566) റമസാൻ മാസം ഏതാണ്ട് മദ്ധ്യത്തിൽ

പൊന്നാനിയിൽ നിന്ന് പന്ത്രണ്ടോളം കപ്പലുകളിലായി ഒരു സംഘമാളുകൾ പുറപ്പെട്ടു. പൊന്നാനിക്കാർ മാത്രമല്ല, പന്തലായിനിയുൾപ്പെടെ പല പ്രദേശങ്ങളിൽ നിന്നുള്ളവരുമുണ്ടായിരുന്നു ആ സംഘത്തിൽ. അവർ പോർച്ചുഗീസുകാരുടെ ഒരു വലിയ പത്തേമാരി പിടിച്ചെടുത്തു. ബംഗാളിൽ നിന്ന് അരിയും പഞ്ചസാരയും കയറ്റി വരികയായിരുന്നു അത്.

ഹിജ്റ 976 (ക്രി.വ. 1568) ജമാദുൽ ആഖിർ 8 ശനിയാഴ്ച പൊന്നാനിയിൽ നിന്ന് തന്നെ പൊന്നാനിക്കാരും പന്തലായിനിക്കാരും മറ്റു പല പ്രദേശത്തുകാരുമടങ്ങിയ മറ്റൊരു സംഘം പൊന്നാനിക്കാരൻ കുട്ടിപ്പോക്കരുടെ നായകത്വത്തിൽ പതിനേഴ് കപ്പലുകളിലായി പുറപ്പെട്ടു. ചാലിയത്തിന് സമീപം വെച്ച് പോർച്ചുഗീസുകാരുടെ വലിയ ഒരു പത്തേമാരി അവരെ അഭിമുഖീകരിച്ചു. കൊച്ചിയിൽ നിന്നു വരികയായിരുന്ന ആ പത്തേമാരിയിൽ ആയിരത്തോളം പോർച്ചുഗീസ് ഭടന്മാരും പുതുക്രിസ്ത്യാനികളും അടിമകളും അനേകം സ്വത്തും സാമഗ്രികളുമുണ്ടായിരുന്നു. ഇരുവിഭാഗത്തിനുമിടയിൽ ശക്തമായ പോരാട്ടം നടന്നു. യുദ്ധം നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ പത്തേമാരിക്കു തീ പിടിച്ച് അത് നിശ്ശേഷം കത്തി നശിച്ചു. അതിലുണ്ടായിരുന്ന ഏതാനും പീരങ്കികൾ മുസ്ലിംകൾക്ക് കിട്ടി. നൂറിലധികം പോർച്ചുഗീസ് ഭടന്മാരും പ്രമുഖ വ്യക്തികളും കുറേ അടിമകളും വേലക്കാരും അവരുടെ പിടിയിലാവുകയും ചെയ്തു. മറ്റുള്ളവർ മുങ്ങിയും കത്തിക്കരിഞ്ഞും നശിക്കുകയാണുണ്ടായത്.

ഈ സംഭവം കഴിഞ്ഞ് ദിവസങ്ങൾക്ക് ശേഷം പ്രസ്തുത മുസ്ലിം സംഘം കായൽപട്ടണത്തേയ്ക്ക് പുറപ്പെട്ടു. വഴിമദ്ധ്യേ അവർ പോർച്ചുഗീസുകാരുടെ ഇരുപത്തിരണ്ട് കപ്പലുകൾ പിടിച്ചെടുത്തു. കായൽപട്ടണത്തു നിന്നും കോറമണ്ഡലത്തിൽ നിന്നും മറ്റും അരി കയറ്റി വരികയായിരുന്ന ആ കപ്പലുകളിൽ കുറേ പുതുക്രിസ്ത്യാനികളും മൂന്ന് ആനക്കുട്ടികളുമുണ്ടായിരുന്നു. മുസ്ലിംകൾ പുതുക്രിസ്ത്യാനികളെ തടവുകാരാക്കി. ആനക്കുട്ടികളെ പൊന്നാനിപ്പുഴയിൽ കൊണ്ടുവന്നിറക്കുകയും ചെയ്തു.

ഹിജ്റ 978 (ക്രി.വ. 1570) ജമാദുൽ ആഖിർ ഒടുവിൽ ഒരു രാത്രി

യിൽ കുട്ടിപ്പോക്കർ ആറ് കപ്പലുകളുമായി മംഗലാപുരം പുഴയിൽ പ്രവേശിച്ചു. അങ്ങനെ ചെന്ന് പോർച്ചുഗീസുകാരുടെ മിക്ക കോട്ട കൾക്കും തീക്കൊടുത്ത ശേഷം അവരുടെ ഒരു ചെറിയ കപ്പൽ പിടിച്ചെടുത്ത് സുരക്ഷിതനായി താൻ കൊണ്ടുപോയ മുഴുവൻ കപ്പ ലുകളും സഹിതം തിരിച്ചുപോന്നു. പോരുന്ന വഴി കണ്ണൂരിനടു ത്തെത്തിയപ്പോൾ പോർച്ചുഗീസുകാരുടെ പതിനാല് കപ്പലുകൾ വരുന്നതു കണ്ടു. അവയുമായുണ്ടായ ഏറ്റുമുട്ടലിൽ കുട്ടിപ്പോക്കർ രക്തസാക്ഷിത്വം വരിച്ചു. അദ്ദേഹത്തിന്റെ മൃതദേഹം കണ്ടുകിട്ടി യില്ല. കൂടെയുണ്ടായിരുന്ന കപ്പലുകളിൽ രണ്ടെണ്ണം മാത്രമേ രക്ഷ പ്പെട്ടുള്ളൂ. കുട്ടിപ്പോക്കരെ അല്ലാഹു അനുഗ്രഹിക്കട്ടെ! പോർച്ചു ഗീസുകാരോട് ധീരമായി പൊരുതിയ ആത്മാർത്ഥതയുള്ള ഒരു സേനാനായകനായിരുന്നു അദ്ദേഹം.

പോർച്ചുഗീസുകാർ ഹേതുവായി മുസ്ലിംകൾ അനുഭവിച്ചുകൊ ണ്ടിരുന്ന കഷ്ടപ്പാടും ദാരിദ്ര്യവും തളർച്ചയും കച്ചവടമാന്ദ്യവും അറുതിയില്ലാതെ തുടരുന്നതു കണ്ട അറയ്ക്കൽ അലി ആദിരാജ ബിജാപൂർ സുൽത്താൻ അലി ആദിൽ ശായ്ക്ക് ഇതു സംബന്ധ മായി കത്തെഴുതിയത് ഈ ഘട്ടത്തിലാണ്. മലബാർ മുസ്ലിംകളെ പോർച്ചുഗീസുകാർ ബുദ്ധിമുട്ടിക്കുന്നതും അവർ ഹേതുവായി മുസ്ലിംകൾ ദുരിതമനുഭവിക്കുന്നതും വ്യക്തമായി വിവരിച്ചശേഷം ഒരു വിശുദ്ധ യുദ്ധത്തിലൂടെ മുസ്ലിംകളെ വിമോചിപ്പിക്കേണ്ടതിന്റെ അനിവാര്യത കത്തിൽ ആദിരാജ എടുത്തുപറഞ്ഞിരുന്നു. കത്തിന്റെ കൂടെ ആദിൽശായ്ക്ക് കുറേ സമ്മാനങ്ങളും കൊടുത്തയച്ചു.

അലി ആദിരാജയുടെ കത്ത് കിട്ടി വായിച്ച അലി ആദിൽശാ ഗോവാ തുറമുഖത്ത് യുദ്ധസന്നാഹങ്ങളാരംഭിച്ചു. ഇന്ത്യയിൽ പോർച്ചുഗീസുകാരുടെ ആസ്ഥാനമായിരുന്നു ഗോവാ തുറമുഖം. അലി ആദിൽശായുടെ പിതാമഹൻ ആദിൽശാ സുൽത്താന്റെ കീഴി ലായിരുന്നു ആദ്യം അവിടം. വിജയനഗരം തകർക്കുകയും അവി ടത്തെ രാജാവിനെ വധിക്കുകയും ചെയ്ത ശേഷം ഗോവാതുറമു ഖവും ചൗളും കീഴടക്കുന്നതിനായി തമ്മിൽ ഉടമ്പടിയുണ്ടാക്കിക്കഴി യുകയായിരുന്നു ആദിൽശായും അഹ്മദ് നഗരം ഭരിച്ചിരുന്ന നിസാം ശായും.[222]

അലി ആദിൽശായും മന്ത്രിമാരും വമ്പിച്ച പടയൊരുക്കത്തോടെ ഗോവാ തുറമുഖത്തെത്തി. പോർച്ചുഗീസുകാർക്കുള്ള ഭക്ഷണസാധനങ്ങൾ തടയുകയായിരുന്നു അവരുടെ പ്രഥമ തന്ത്രം. ഗോവയിലേയ്ക്ക് ഭക്ഷണസാധനങ്ങളെത്തുന്ന വഴികളെല്ലാം അവർ തടസ്സപ്പെടുത്തി. പിന്നീട് അലി ആദിൽശാ സാമൂതിരിക്ക് കത്തെഴുതി. വർഷങ്ങളായി പോർച്ചുഗീസുകാരെ എതിർക്കുകയും അവരുമായി യുദ്ധത്തിലേർപ്പെകുയും ചെയ്തുപോരുകയായിരുന്നല്ലോ സാമൂതിരിയും പ്രജകളും. താൻ ഗോവയിൽ പോർച്ചുഗീസുകാരുമായി യുദ്ധം തുടങ്ങീട്ടുണ്ടെന്നും അതിനാൽ സഹായ സഹകരണങ്ങളുണ്ടാവണമെന്നുമായിരുന്നു കത്തിന്റെ ഉള്ളടക്കം. പോർച്ചുഗീസുകാർക്ക് ഭക്ഷണ സാധനങ്ങൾ കിട്ടാനുള്ള മാർഗ്ഗങ്ങളെല്ലാം മുടക്കണമെന്ന് കത്തിൽ പ്രത്യേകം ആവശ്യപ്പെട്ടിരുന്നു. സാമൂതിരി തദവസരത്തിൽ പോർച്ചുഗീസുകാരുമായി ചാലിയത്ത് യുദ്ധത്തിലേർപ്പെട്ടിരിക്കുകയായിരുന്നു. അതിനാൽ കത്ത് ദൂതൻ അങ്ങോട്ടെത്തിച്ചുകൊടുക്കുകയാണുണ്ടായത്.

ഇതേ സമയം തന്നെ നിസാംശായും മന്ത്രിമാരും സൈന്യസമേതം ചൗളിലെത്തി പോർച്ചുഗീസുകാരോട് അവിടെയും യുദ്ധം തുടങ്ങി. പീരങ്കികൾ കൊണ്ട് പോർച്ചുഗീസുകാരുടെ കോട്ടകൾ അവർ തകർത്തു. അങ്ങനെ ചൗൾ തുറമുഖം അവർ ജയിച്ചടക്കുമെന്ന നിലയിലെത്തി. ആ ഘട്ടത്തിൽ നിസാം ശായ്ക്ക് ആദിൽശായെക്കുറിച്ചൊരു ദുശ്ശങ്ക! പോർച്ചുഗീസുകാരുടെ ശക്തിവലിപ്പത്തെക്കുറിച്ചൊരു ഭയവും! നിസാംശാ പൊടുന്നനെ യുദ്ധമവസാനിപ്പിച്ച് പോർച്ചുഗീസുകാരോട് സന്ധിയിലായി.

ആദിൽശാ നിരപരാധിയായിരുന്നു. തന്റെ സൈന്യത്തിന്റെ കേന്ദ്രവും ഗോവാതുറമുഖവും തമ്മിലുള്ള ദൂരവും ഇടയ്ക്കുള്ള പുഴയും ശക്തിയേറിയ കോട്ടകളാൽ സംരക്ഷിക്കപ്പെടുന്ന ഗോവാ തുറമുഖം ജയിച്ചടക്കാനുള്ള പ്രയാസവുമെല്ലാം ആദിൽശായെ വല്ലാതെ വ്യാകുലചിത്തനാക്കി. അദ്ദേഹത്തിന്റെ ചില മന്ത്രിമാരാണെങ്കിൽ പോർച്ചുഗീസുകാരുമായി ഗൂഢബന്ധം സ്ഥാപിച്ചുകഴിയുകയും ചെയ്തിരുന്നു. അദ്ദേഹത്തെ പിടിച്ചു തടവിലാക്കി ഗോവയിൽ പോർച്ചുഗീസുകാരുമായി അടുപ്പമുള്ള അദ്ദേഹത്തിന്റെ ഒരു

ബന്ധുവിന് രാജാധികാരം നൽകാനായിരുന്നു അവരുടെ നീക്കം. ഇതെല്ലാം കൂടിയായപ്പോൾ നിസ്സഹായനായ ആദിൽശാ രഹസ്യമായി സൈനികത്താവളത്തിൽ നിന്ന് പിന്മാറി സ്ഥലം വിട്ടതാണ്.

രാജധാനിയിലെത്തിയതിനുശേഷം ആദിൽശാ തന്റെ മന്ത്രിസഭയിൽ പോർച്ചുഗീസുകാർക്കുവേണ്ടി ചാരപ്രവൃത്തി നടത്തിയ മന്ത്രിമാരെ അന്വേഷിച്ചു പിടിച്ച് സ്ഥാനഭ്രഷ്ടരാക്കുകയും തടവിൽ പാർപ്പിച്ച് ശിക്ഷിക്കുകയും ചെയ്തു.

പിന്നീട് പല നിർബന്ധിതസാഹചര്യങ്ങളും കാരണം അലി ആദിൽശായ്ക്ക് പോർച്ചുഗീസുകാരോട് സന്ധിയിലാകേണ്ടിവന്നുവെന്നത് മറ്റൊരു വസ്തുതയാണ്. പോർച്ചുഗീസുകാരാകട്ടെ ഇതിനിടയിൽ ഗോവയിൽ ശക്തിമത്തായ ദുർഗ്ഗങ്ങൾ നിർമ്മിച്ച് പുറത്തുനിന്ന് ആർക്കും അങ്ങോട്ടു കടക്കാൻ കഴിയാത്തവിധം അതിനെ ഭദ്രമാക്കിയിരുന്നു.

നിസാംശാ ആദിൽശായെ വഞ്ചിച്ചു. അദ്ദേഹവും അദ്ദേഹത്തിന്റെ ആൾക്കാരും പോർച്ചുഗീസുകാരുമായി സന്ധിയായതിനെത്തുടർന്ന് കൈക്കൂലി വാങ്ങി അവർക്ക് ഭക്ഷണ സാധനങ്ങൾ എത്തിച്ചുകൊടുക്കുകയായിരുന്നു. ഇസ്‌ലാം മതത്തിന്റെ ശത്രുക്കൾക്ക് ഈ സഹായം ചെയ്തതിന് മതിയായ പ്രതിഫലം അവർ അല്ലാഹുവിങ്കൽ നിന്ന് പറ്റിക്കൊള്ളട്ടെ.

അദ്ധ്യായം പതിമൂന്ന്

ചാലിയം കോട്ട ജയിച്ചടക്കുന്നതിൽ കലാശിച്ച യുദ്ധം

പോർച്ചുഗീസുകാരുടെ അതിക്രമങ്ങൾ അസഹനീയമായി തുടരുകയും അവർക്കെതിരായ യുദ്ധത്തിന് മുസ്‌ലിംകളുടെ ഭാഗത്തുനിന്ന് ശക്തമായ ആവശ്യമുയരുകയും ചെയ്തതിനെത്തുടർന്ന് സാമൂതിരി ചാലിയം കോട്ട ആക്രമിക്കുവാൻ തീർച്ചപ്പെടുത്തി. ഗോവാ തുറമുഖത്ത് യുദ്ധം നടന്നുകൊണ്ടിരുന്ന അവസരം ഉപയോഗപ്പെടുത്താൻ മുസ്‌ലിംകൾ സാമൂതിരിയെ പ്രത്യേകം ഉപദേശിക്കുകയുണ്ടായി. കാരണം ആ അവസരത്തിൽ പോർച്ചുഗീസുകാർക്ക് ഗോവയിൽ നിന്ന് ചാലിയത്തേയ്ക്ക് സഹായത്തിന് കപ്പലുകളയയ്ക്കാനും സൈന്യത്തെ നിയോഗിക്കാനും കഴിയാതെ വരും.

സാമൂതിരി തന്റെ ചില മന്ത്രിമാരെയും പൊന്നാനിക്കാരും ചാലിയത്തുകാരുമായ കുറേ മുസ്‌ലിം പട്ടാളക്കാരെയും ചാലിയത്തേയ്ക്കയച്ചു. വഴിയിൽ വെച്ച് പറവണ്ണ, താനൂർ, പരപ്പനങ്ങാടി എന്നീ പ്രദേശങ്ങളിൽ നിന്നുള്ള മുസ്‌ലിംകളും അവരോടൊപ്പം ചേർന്നു. ഹിജ്റ 979(ക്രി.വ. 1571) സഫർ 25 ബുധനാഴ്ച അവരെല്ലാവരും കൂടി ചാലിയത്തെത്തി താവളമടിച്ചു. പ്രഭാതത്തിൽ തന്നെ പോർച്ചുഗീസുകാരുമായി യുദ്ധം തുടങ്ങി. അവർ കോട്ടയ്ക്കു പുറത്തു പണിതിരുന്ന വീടുകളും കനീസകളും മുസ്‌ലിംകൾ അഗ്നിക്കിരയാക്കി. കോട്ടയുടെ പുറംമതിലുകൾ പൊളിക്കുകയും ചെയ്തു. ഈ യുദ്ധത്തിൽ മുസ്‌ലിംകളുടെ ഭാഗത്തുനിന്ന് മൂന്ന് പേർ മാത്രമേ രക്തസാക്ഷികളായുള്ളൂ. പോർച്ചുഗീസുകാരുടെ ഭാഗത്തുനിന്നാകട്ടെ അനവധി പേർ കൊല്ലപ്പെട്ടു. ഇതു കണ്ട് ഭയപ്പെട്ട പോർച്ചുഗീസുകാർ കൽഭി

ത്തികളുള്ള പ്രധാന കോട്ടയ്ക്കകത്ത് അഭയം തേടി. മുസ്‌ലിംകളും നായർ പടയും കോട്ട വളഞ്ഞു. അപ്പോഴേയ്ക്കും പോർച്ചുഗീസുകാരോടുള്ള ഈ വിശുദ്ധ യുദ്ധത്തിൽ പങ്കെടുക്കാൻ നാനാ പ്രദേശങ്ങളിൽ നിന്നായി ധാരാളം മുസ്‌ലിംകളെത്തി. അവർ കോട്ടയ്ക്കു ചുറ്റും ആഴമുള്ള കിടങ്ങുകൾ കുഴിച്ച് കാവലിരുന്നു. അതോടെ കോട്ടയ്ക്കുള്ളിലേയ്ക്ക് രഹസ്യമായിപ്പോലും ഭക്ഷണ സാധനങ്ങൾ എത്തുന്നത് കുറഞ്ഞു.

ഈ യുദ്ധത്തിനുവേണ്ടി സാമൂതിരി വലിയ തോതിൽ സമ്പത്ത് ചെലവഴിക്കുകയുണ്ടായി. യുദ്ധമാരംഭിച്ച് ഏതാണ്ട് രണ്ട് മാസമായപ്പോൾ അദ്ദേഹം സ്വയം തന്നെ ചാലിയത്തെത്തി. അപ്പോഴും പോർച്ചുഗീസുകാർ കോട്ടയ്ക്കുള്ളിൽ പൂർണ്ണമായും ഉപരോധിക്കപ്പെട്ട് കഴിയുകയായിരുന്നു. ഭക്ഷണസാധനങ്ങൾ തീർന്ന് അവർ നായ മുതലായ ആരും തിന്നാനിഷ്ടപ്പെടാത്ത ജീവികളെ പിടിച്ചു തിന്നാൻ തുടങ്ങി. തിന്നാൻ കൊടുക്കാനില്ലാത്തതു കാരണം അടിമകളെയും നിർബന്ധിച്ച് ക്രിസ്തുമതത്തിൽ ചേർത്ത സ്ത്രീകളെയും പുരുഷന്മാരെയും ദിവസേന അവർ കുറേശ്ശെയായി പുറത്തേയ്ക്ക് വിട്ടുകൊണ്ടിരുന്നു. മുസ്‌ലിംകൾ അവരെ പുറത്തുപോകാനനുവദിക്കുകയും ചെയ്തു. കൊച്ചിയിൽ നിന്നും കണ്ണൂരിൽ നിന്നും പോർച്ചുഗീസുകാർക്ക് ഭക്ഷണസാധനങ്ങൾ എത്തിയെങ്കിലും അവ കോട്ടയ്ക്കകത്തേയ്ക്കെത്തിക്കുവാൻ എത്ര ശ്രമിച്ചിട്ടും അവർക്ക് സാധിച്ചില്ല. ചുറ്റും കിടങ്ങു കുഴിച്ച് കാവലിരുന്ന മുസ്‌ലിംകളുമായി ഇതിനുവേണ്ടി അവർ യുദ്ധത്തിലേർപ്പെടുക വരെയുണ്ടായി. അതുകൊണ്ടൊന്നും ഫലമുണ്ടായില്ല. ഒടുവിൽ ഉപരോധം നീണ്ടപ്പോൾ അവർ സന്ധിയാലോചനയ്ക്കായി സാമൂതിരിയുടെയടുത്തേയ്ക്ക് ദൂതനെ വിട്ടു. കോട്ടയ്ക്കുള്ളിലെ ഏതാനും വലിയ പീരങ്കികളും ഈ യുദ്ധത്തിനു വേണ്ടിവന്നിട്ടുള്ള ചെലവും പുറമെ കുറേയധികം ധനവും തന്നുകൊള്ളാമെന്ന് അവർ സാമൂതിരിയെ അറിയിച്ചു. സാമൂതിരിക്കിത് സ്വീകാര്യമായില്ല. അദ്ദേഹത്തിന്റെ മന്ത്രിമാർക്ക് സ്വീകാര്യമായിരുന്നു.

പോർച്ചുഗീസുകാർ ഭക്ഷണം കിട്ടാതെ അങ്ങേയറ്റം പരവശരായി. ഗത്യന്തരമില്ലാതെ വീണ്ടും അവർ സാമൂതിരിയെ സമീപിച്ചു. തങ്ങളുടെ കോട്ടയും അതിനകത്തുള്ള സാധനങ്ങളുമടക്കം എന്തു

വേണമെങ്കിലും എടുക്കാമെന്നും കൈയിൽ പിടിക്കാവുന്ന സാധനങ്ങളുമായി ജീവനോടെ ഒരഭയസ്ഥാനത്തേയ്ക്ക് തങ്ങളെ എത്തിച്ചുതന്നാൽ മതിയെന്നുമാണ് ഇത്തവണ അവർ സാമൂതിരിയെ അറിയിച്ചത്. ഇത് സാമൂതിരിക്കും സമ്മതമായി. അതനുസരിച്ച് ഹിജ്റ 979(ക്രി.വ. 1571) ജമാദുൽ ആഖിർ 16 തിങ്കളാഴ്ച അർദ്ധരാത്രി അവരെ കോട്ടയ്ക്കു പുറത്തേയ്ക്ക് വരുത്തി കീഴടങ്ങിയ നിലയിൽ താനൂർ രാജാവിന്റെ കൂടെ വിട്ടയച്ചു. താനൂർ രാജാവ് സാമൂതിരിയുടെ സാമന്തനായിരുന്നുവെങ്കിലും പരോക്ഷമായി പോർച്ചുഗീസുകാരെ സഹായിച്ചിരുന്നു. അങ്ങനെ അദ്ദേഹം അവരെ സ്വീകരിച്ച് വേണ്ടതെല്ലാം ചെയ്തുകൊടുത്ത് താനൂരിൽ കൊണ്ടുപോയി താമസിപ്പിക്കുകയും പിന്നീട് കൊച്ചിയിൽ നിന്ന് പോർച്ചുഗീസ് കപ്പലുകളെത്തിയപ്പോൾ അവയിൽ കയറ്റി അയയ്ക്കുകയും ചെയ്തു. ഈ ഉപകാരത്തിന്റെ പേരിൽ പോർച്ചുഗീസുകാരുടെയടുക്കൽ താനൂർ രാജാവിന് വലിയ സ്ഥാനമുണ്ടായി. പരാജിതരും അപമാനിതരുമായിട്ടാണ് ചാലിയം കോട്ടയ്ക്കുള്ളിൽ നിന്ന് വിമോചിതരായ പോർച്ചുഗീസുകാർ കൊച്ചിയിൽ എത്തിയത്.

പോർച്ചുഗീസുകാർ കോട്ട വിട്ടതിനുശേഷം സാമൂതിരി അതിനുള്ളിലുണ്ടായിരുന്ന പീരങ്കികളും മറ്റും എടുത്തുമാറ്റി കോട്ട പൊളിച്ചുനിരപ്പാക്കി. അതിന്റെ കല്ലും മരവും കോട്ട നിർമ്മിക്കുന്നതിനു മുമ്പ് ആ സ്ഥലത്തുണ്ടായിരുന്നതും അവർ തകർത്തതുമായ മുസ്ലിം പള്ളി പുനർനിർമ്മിക്കാൻ വേണ്ടി നൽകുകയും ബാക്കിയുള്ളത് കോഴിക്കോട്ടേയ്ക്ക് കൊണ്ടുപോകുകയും ചെയ്തു. കോട്ട നിന്നിരുന്ന സ്ഥലവും പരിസരങ്ങളും യുദ്ധമാരംഭിച്ചപ്പോൾ നിശ്ചയിച്ചതു പ്രകാരം ചാലിയം രാജാവിന് വിട്ടുകൊടുത്തു. കോട്ട രക്ഷിക്കുന്നതിനുവേണ്ടി പോർച്ചുഗീസുകാർ ഗോവയിൽ നിന്നയച്ച കപ്പലുകളും പത്തേമാരികളും സാമൂതിരി കോട്ട കൈവശമാക്കിയതിനുശേഷമാണ് ചാലിയത്തെത്തിയത്. നിരാശയോടും അപമാനത്തോടും കൂടി മടങ്ങുവാനായിരുന്നു അവരുടെ വിധി. അല്ലാഹുവിന്റെ കാരുണ്യം മുസ്ലിംകളെ തുണച്ചുവെന്നതാണ് പരമാർത്ഥം.

അദ്ധ്യായം പതിനാല്

ചാലിയം കോട്ട നഷ്ടപ്പെട്ടതിനുശേഷം പോർച്ചുഗീസുകാരുടെ സ്ഥിതി

പോർച്ചുഗീസുകാർക്ക് സാമൂതിരിയോടും മുസ്ലിംകളോടുമുണ്ടായിരുന്ന അമർഷവും ശത്രുതയും ചാലിയം കോട്ട നഷ്ടപ്പെട്ടതിനെത്തുടർന്ന് മേൽക്കുമേൽ വർദ്ധിച്ചു. അതിന് പകരം വീട്ടാനുള്ള അവസരം അന്വേഷിച്ചു കഴിയുകയായിരുന്നു പിന്നീടവർ. പൊന്നാനിയിലോ ചാലിയത്തോ കോട്ട കെട്ടി സാമൂതിരിയെയും മുസ്ലിംകളെയും നിരന്തരമായി ശല്യം ചെയ്യുകയും സാമൂതിരിയുടെ രാജ്യം നശിപ്പിക്കുകയുമായിരുന്നു അവർ കണ്ട പദ്ധതി. എന്നാൽ ഹിജ്റ 987(ക്രി.വ. 1580) വരെ അവർക്കത് മനസ്സിൽ കൊണ്ടുനടക്കാനേ കഴിഞ്ഞുള്ളൂ. എങ്കിലും ശ്രമങ്ങൾ തുടർന്നുകൊണ്ടേയിരുന്നു.

ഹിജ്റ 980(ക്രി.വ. 1573) ശവ്വാൽ 22ന് ചില പോർച്ചുഗീസുകാർ ചാലിയത്ത് വന്ന് ഓർക്കാപ്പുറത്ത് ചില വീടുകളും പീടികകളും കൊള്ളിവച്ചു മടങ്ങി. പിറ്റേ വർഷം പരപ്പനങ്ങാടിയിലിറങ്ങി കൊള്ളയ്ക്കും കൊള്ളിവയ്പ്പിനും ഒരുങ്ങിയെങ്കിലും മുസ്ലിംകൾ അവരെ നേരിട്ടു. നാല് മുസ്ലിംകൾ ഈ സംഭവത്തിൽ രക്തസാക്ഷികളായി. പോർച്ചുഗീസുകാരുടെ ഭാഗത്തുനിന്ന് കൊല്ലപ്പെട്ടവർ ഏറെയാണ്. പിന്നെയും പ്രതികാരപരമായ പ്രവർത്തനങ്ങളുമായി അവർ മുന്നോട്ടുനീങ്ങി. സാമൂതിരിയുമായി യാതൊരുവിധ സന്ധിയെക്കുറിച്ചും അവർ ചിന്തിച്ചതേയില്ല.

ഹിജ്റ 985ൽ(ക്രി.വ. 1577) തലൈമന്നാറിലേയ്ക്ക്[225] അരിക്കു

പോയ മുസ്ലിംകളുടെ ചെറുതും വലുതുമായ അമ്പതിലേറെ കപ്പലുകൾ പോർച്ചുഗീസുകാർ പിടിച്ചെടുത്തു. തദവസരത്തിലുണ്ടായ ഏറ്റുമുട്ടലിൽ ഏതാനും മുസ്ലിംകൾ രക്തസാക്ഷികളായി. ഏകദേശം മുവ്വായിരം പേർ ബന്ധനസ്ഥരുമായി. ബന്ധനസ്ഥരായവരിൽ ഹാലീസ്യക്കാരു[226]മുണ്ടായിരുന്നു. ഇത് മുസ്ലിംകൾക്ക് വലിയൊരു പ്രഹരമായി. അവർ കച്ചവടത്തിനോ മറ്റോ യാത്ര ചെയ്യുന്നതിനു തന്നെ ഇതുമൂലം തടസ്സം നേരിട്ടു. അല്ലാഹുവിന്റെ വിധി! ആർക്കറിയാം അതിൽ എന്തൊക്കെ യുക്തിരഹസ്യങ്ങൾ അടങ്ങിയിരിക്കുമെന്ന്! ജിഹാദിൽ പങ്കെടുക്കുന്നതും രക്തസാക്ഷിത്വം വരിക്കുന്നതും വഴി മുസ്ലിംകൾക്ക് നേടാൻ കഴിയുന്ന പുണ്യം അതിലൊന്നാണ്. സഹനമവലംബിക്കുന്നതു മുഖേന കിട്ടുന്ന പുണ്യം മറ്റൊന്നാണ്. അല്ലാഹു മുസ്ലിംകൾക്ക് നല്ല സഹനശക്തിയും അടുത്ത മോചനവും നൽകട്ടെ! "പ്രയാസത്തിന്റെ കൂടെ ആശ്വാസമുണ്ടെ"ന്ന് അവൻ അറീച്ചിട്ടുണ്ടല്ലോ.[227]

ഹിജ്റ 985ൽത്തന്നെ കച്ചവടകാലാരംഭത്തിൽ സൂറത്തിൽ നിന്നു ജിദ്ദയിലേക്കു പോയി മടങ്ങുന്ന ചില ഗുജറാത്തീ കപ്പലുകൾ പോർച്ചുഗീസുകാർ പിടിച്ചു. അക്കൂട്ടത്തിൽ സുൽത്താൻ ജലാലുദ്ദീൻ അക്ബർ പാദുശായുടെ ഏതാനും കപ്പലുകളുണ്ടായിരുന്നു. സുൽത്താന്റെ കപ്പലുകളിൽ ധാരാളം വിലപിടിച്ച വസ്തുക്കളുമുണ്ടായിരുന്നു. അദ്ദേഹവും പോർച്ചുഗീസുകാരും തമ്മിൽ സന്ധിയിലും സൗഹൃദത്തിലുമായിരുന്നുവെങ്കിലും കപ്പലുകളിൽ ധാരാളം വിലപിടിച്ച വസ്തുക്കളുള്ളതുകാരണം അവ തിരിച്ചുനൽകുവാൻ പോർച്ചുഗീസുകാർക്ക് മനഃപ്രയാസം തോന്നി. അക്ബർ പാദുശായ്ക്കു അല്ലാഹു സൽബുദ്ധി തോന്നിച്ചു. അദ്ദേഹം പോർച്ചുഗീസുകാരോട് യുദ്ധം ചെയ്ത് ഗുജറാത്തിലെ ഡ്യൂ, വസ്സി തുടങ്ങി അവർ കൈയടക്കിവെച്ചിരുന്ന എല്ലാ തുറമുഖങ്ങളിൽ നിന്നും അവരെ പുറത്താക്കി.

അതിനുശേഷം ചിലർ കപ്പലുകളുമായി ആദിലാബാദ് തുറമുഖം[229] സ്ഥിതി ചെയ്യുന്ന പുഴയിൽ പ്രവേശിച്ചു. പോർച്ചുഗീസുകാർ അവരെ പിന്തുടർന്നുവെങ്കിലും പിടിക്കാൻ കഴിഞ്ഞില്ല. നിരാശമൂത്ത പോർച്ചുഗീസുകാർ തുറമുഖത്തു കണ്ട കപ്പലുകളും തുറ

മുഖം തന്നെയും ആകെ അഗ്നിക്കിരയാക്കി. കണ്ണൂർ, ധർമ്മടം മുതലായ പ്രദേശക്കാരുടേതായിരുന്നു അവർ അഗ്നിക്കിരയാക്കിയ കപ്പലുകൾ. പോർച്ചുഗീസുകാരുടെ അനുമതിപത്രം വാങ്ങി കച്ചവടത്തിന് പുറപ്പെട്ടതായിരുന്നു അവ. പിന്നീട് കരാപട്ടണം തുറമുഖവും പോർച്ചുഗീസുകാർ ചുട്ടു. അതിന്റെ പേരിൽ ദാബൂളി[230]ലെ ഉപരാജാവ് നൂറ്റി അമ്പത് പോർച്ചുഗീസ് പടയാളികളെയും പ്രമുഖരെയും പിടികൂടി. അവരിൽ പലരെയും അദ്ദേഹം വധിച്ചു. ചിലരെ സുൽത്താൻ ആദിൽശായുടെ അടുത്തേയ്ക്കയച്ചു.

തുടർന്ന് സുൽത്താൻ ആദിൽശാ സൈന്യത്തെയും ചില മന്ത്രിമാരെയും ഗോവാ തുറമുഖത്തേയ്ക്കയച്ചു. സ്വദേശക്കാരോ അന്യദേശക്കാരോ ഗോവയിലേയ്ക്ക് ഭക്ഷണസാധനങ്ങൾ എത്തിക്കുന്നത് തടഞ്ഞുകൊണ്ട് വിളമ്പരവും നടത്തി. അനന്തരം ആദിരാജ, സാമൂതിരി, കോലത്തിരി എന്നീ രാജാക്കന്മാരുടെയടുക്കലേയ്ക്ക് കത്തും സമ്മാനങ്ങളുമായി സുൽത്താൻ ദൂതന്മാരെ വിട്ടു. താൻ ഗോവയിൽ പോർച്ചുഗീസുകാരുമായി യുദ്ധം തുടങ്ങുകയാണെന്നും തന്നെ സഹായിക്കണമെന്നും പോർച്ചുഗീസുകാർക്ക് ഭക്ഷണസാധനങ്ങൾ നൽകരുതെന്നുമായിരുന്നു കത്തിന്റെ ഉള്ളടക്കം. കത്തും സമ്മാനങ്ങളുമായി കോട്ടയിലെത്തിയ ദൂതനെ പോർച്ചുഗീസുകാരുടെ നിർദ്ദേശമനുസരിച്ച് കോലത്തിരിയുടെ മൂന്നാംകൂറ് പിടിച്ചു തടവിലിട്ടു. ദൂതൻ തടവിൽ നിന്ന് ഒളിച്ചുചാടി. കത്തും സമ്മാനങ്ങളും മറ്റും മൂന്നാംകൂറിന്റെ കൈയിൽ പെട്ടിരുന്നു. അവ തിരിച്ചേൽപ്പിക്കാൻ ആദിരാജയും കോലത്തിരിയും ആവശ്യപ്പെട്ടുവെങ്കിലും മൂന്നാംകൂറ് കൂട്ടാക്കിയില്ല. ദൂതൻ ഒളിച്ചുചാടിയിരുന്നില്ലെങ്കിൽ അയാളെയും താൻ പോർച്ചുഗീസുകാർക്ക് കൈമാറുമെന്നായിരുന്നു മൂന്നാംകൂറിന്റെ പ്രതികരണം. ഹിജ്റ 986(ക്രി.വ. 1578) ലാണ് ഈ സംഭവങ്ങളൊക്കെ നടന്നത്.

ഇതേ വർഷം തന്നെ പോർച്ചുഗീസുകാരുടെ ഒരു നേതാവ് സാമൂതിരിയെ സമീപിക്കുകയുണ്ടായി. സന്ധിസംഭാഷണമായിരുന്നു ഉദ്ദേശ്യം. ഹിന്ദുക്കളുടെ പുണ്യസ്ഥലമായ കൊടുങ്ങല്ലൂർ ക്ഷേത്രത്തിലായിരുന്നു സാമൂതിരി അപ്പോൾ. അതിനാൽ അവിടെ ചെന്നാണ് പോർച്ചുഗീസ് നേതാവ് അദ്ദേഹവുമായി സംഭാഷണം നടത്തിയ

ത്. കോഴിക്കോട് കോട്ട പണിയാൻ സമ്മതിക്കണമെന്നായിരുന്നു അദ്ദേഹമുന്നയിച്ച ആവശ്യം. സാമൂതിരി അത് സമ്മതിച്ചു. അപ്പോൾ പൊന്നാനിയിലും കോട്ട കെട്ടണമെന്നായി. അത് സാമൂതിരി സമ്മതിച്ചില്ല. അതിനാൽ സന്ധിസംഭാഷണം തൽക്കാലം നിറുത്തേണ്ടി വന്നു. പിന്നീടത് തുടരുന്നത് ഗോവയിൽ വെച്ചാണ്. സാമൂതിരി അതിനായി വിശ്വസ്തരും യോഗ്യരുമായ മൂന്ന് വ്യക്തികളെ അങ്ങോട്ടയച്ചു. വളരെ ആദരവോടെയാണ് ഗോവയിൽ വൈസ്രോയി അവരെ വരവേറ്റത്. പക്ഷേ, സ്നേഹപ്രകടനങ്ങളോടെ ആരംഭിച്ച സംഭാഷണം ഒടുവിൽ തെറ്റി. പൊന്നാനിയിൽ കോട്ട കെട്ടണമെന്ന് പോർച്ചുഗീസ്കാരും അത് സമ്മതിക്കാൻ നിർവ്വാഹമില്ലെന്ന് സാമൂതിരിയുടെ പ്രതിനിധികളും ശഠിച്ചതാണ് കാരണം. അങ്ങനെ സാമൂതിരിയുടെ പ്രതിനിധികൾ കോഴിക്കോട്ടേയ്ക്കു മടങ്ങി. ഇത് ഹിജ്റ 987(ക്രി.വ. 1579)ലാണ്. സാമൂതിരിയുമായി സന്ധിയിലേർപ്പെടുവാനുള്ള ശ്രമം പരാജയപ്പെട്ടുവെങ്കിലും പോർച്ചുഗീസുകാർക്ക് ഇതേ വർഷം തന്നെ ആദിൽശായോട് സന്ധിയാകുവാൻ സാധിച്ചു. അദ്ദേഹത്തിന് കുറേ ധനം കൊടുക്കാമെന്ന വ്യവസ്ഥയിലായിരുന്നു അത്.

സാമൂതിരി അപ്പോഴും കൊടുങ്ങല്ലൂർ ക്ഷേത്രത്തിൽ കഴിയുകയായിരുന്നു. കൊച്ചി രാജാവ് അദ്ദേഹത്തെ അവിടെ നിന്ന് പുറത്താക്കാനുദ്ദേശിച്ച് ഒരു യുദ്ധത്തിന് വട്ടം കൂട്ടി. അദ്ദേഹമതിന് വമ്പിച്ച തോതിൽ സൈനിക സജ്ജീകരണം നടത്തിയിരുന്നു. അദ്ദേഹത്തിന്റെ അഭ്യർത്ഥന പ്രകാരം പോർച്ചുഗീസ് വൈസ്രോയി കുറേ യുദ്ധക്കപ്പലുകൾ എത്തിച്ചുകൊടുക്കുകയും ചെയ്തിരുന്നു. സാമൂതിരിയുടെ കൂടെ ചെറിയ ഒരു സൈന്യമേ ഉണ്ടായിരുന്നുള്ളൂ. എങ്കിൽ കൂടി അദ്ദേഹത്തിന് അത്ഭുതകരമാം വിധം കൊച്ചി രാജാവിന്റെയും പോർച്ചുഗീസുകാരുടെയും സൈന്യങ്ങളെ പരാജയപ്പെടുത്താനും അവർക്ക് വലിയ ആൾനാശമുണ്ടാക്കാനും കഴിഞ്ഞു. പടക്കളത്തിൽ അവശേഷിച്ചവർ ഓടി രക്ഷപ്പെടുകയാണ് ചെയ്തത്. സാമൂതിരിയുടെ ഭാഗത്ത് പറയത്തക്ക നഷ്ടമൊന്നും സംഭവിച്ചതുമില്ല.

പോർച്ചുഗീസുകാർ മുസ്ലിംകളുടെ കച്ചവടയാത്ര മുടക്കുകയും അവരുടെ കപ്പലുകൾ പിടിച്ചെടുക്കുകയും ചെയ്യുന്നത് വീണ്ടും

തുടർന്നു. ഈ ഉദ്ദേശ്യത്തോടെ അവരുടെ കപ്പലുകൾ കൊച്ചിയിൽ നിന്ന് നിരന്തരം പുറപ്പെട്ടുകൊണ്ടിരുന്നു. ഹിജ്റ 990-991(ക്രി.വ. 1582-83) വർഷങ്ങളിൽ സാമൂതിരിയുടെ ഭരണത്തിലുള്ള കോഴിക്കോട്, പുത്തനങ്ങാടി, കക്കാട്, പന്തലായിനി, തിക്കോടി, പൊന്നാനി എന്നീ സ്ഥലങ്ങളിലെ കച്ചവടയാത്രക്കാരെ തടയുവാൻ പോർച്ചുഗീസുകാർ പദ്ധതിയിട്ടു. കച്ചവടകാലം തുടങ്ങിയതു മുതൽ അവസാനിക്കുന്നത് വരെ ഇതിനുവേണ്ടി അവർ കാത്തിരുന്നു. തന്നിമിത്തം മേൽപറഞ്ഞ സ്ഥലങ്ങളിലെ കച്ചവടക്കാരുടെ യാത്ര പാടേ മുടങ്ങി. അയൽപ്രദേശങ്ങളിലേക്ക് പോലും അവർക്ക് യാത്ര അസാധ്യമായി. അങ്ങനെ അരിവരവ് നിലച്ചു. നാട്ടിലാകെ മുമ്പില്ലാത്ത ദാരിദ്ര്യവും പട്ടിണിയും അരങ്ങേറി. തുറമുഖങ്ങളായ തുറമുഖങ്ങളെല്ലാം പോർച്ചുഗീസുകാരുടെ നിയന്ത്രണത്തിൽ. ഇറക്കുമതിയും കയറ്റുമതിയുമില്ലാത്ത അവസ്ഥ. കണ്ട കപ്പലുകളൊക്കെ അവർ പിടിച്ചെടുക്കുന്നു. പിന്നെ മുസ്‌ലിംകൾ എന്ത് ചെയ്യും? “അക്രമികൾ അധിവസിക്കുന്ന ഈ രാജ്യത്ത് നിന്ന് ഞങ്ങളെ രക്ഷപ്പെടുത്തുകയും അതിനു സഹായിക്കുന്ന ഒരു രക്ഷകനെ നിശ്ചയിച്ചുതരികയും ചെയ്യേണമേ”[231] എന്ന് ഹൃദയം നൊന്ത് അല്ലാഹുവിനോട് പ്രാർത്ഥിക്കുകയല്ലാതെ!

അങ്ങനെയിരിക്കെ ഹിജ്റ 992ലെ(ക്രി.വ. 1583) കച്ചവടാരംഭ വേളയിൽ പോർച്ചുഗീസുകാർ വീണ്ടും സാമൂതിരിയുമായി സന്ധിക്കു സന്നദ്ധമായി. പൊന്നാനിയിൽ പോർച്ചുഗീസുകാർക്ക് കോട്ട കെട്ടാൻ അനുവാദം നൽകുക, മുസ്‌ലിംകൾ തടഞ്ഞുവെച്ചിട്ടുള്ള പോർച്ചുഗീസ് പൗരന്മാരെ പോർച്ചുഗീസ് വൈസ്രോയിക്കും പോർച്ചുഗീസുകാർ തടഞ്ഞുവെച്ചിട്ടുള്ള സാമൂതിരിപ്രജകളെ സാമൂതിരിക്കും കൈമാറുക എന്നീ വ്യവസ്ഥകളിൽ ഇരുവിഭാഗവും യോജിപ്പിലെത്തി. ഇതനുസരിച്ച് മുസ്‌ലിംകൾ തങ്ങളുടെ തടവിൽ കഴിഞ്ഞിരുന്ന പോർച്ചുഗീസുകാരെ ഉടനെ പോർച്ചുഗീസ് വൈസ്രോയിക്കു കൈമാറി. പോർച്ചുഗീസുകാരുടെ തടവിൽ മുസ്‌ലിം തടവുകാർ വളരെ കുറച്ചു പേരേ ഉണ്ടായിരുന്നുള്ളൂ. പോർച്ചുഗീസുകാർ അവരെ സാമൂതിരിക്കും കൈമാറി. കോട്ട കെട്ടൽ പിറ്റേ വർഷം പോർച്ചുഗലിൽ നിന്ന് പുതിയ വൈസ്രോയി വന്നിട്ട് ആരംഭിക്കാനായിരുന്നു നിശ്ചയം.

പിറ്റേ വർഷം കച്ചവടം ആരംഭിക്കുന്ന സമയത്ത് പോർച്ചുഗലിൽ നിന്ന് നാല് കപ്പലുകൾ വന്നു. അവയിലൊന്നിൽ പോർച്ചുഗലിൽ നിന്നുള്ള പുതിയ വൈസ്രോയി ഉണ്ടായിരുന്നു. കപ്പലുകളിൽ രണ്ടെണ്ണം ഗോവയിലും രണ്ടെണ്ണം കൊല്ലത്തിനടുത്തുമാണ് നങ്കൂരമിട്ടത്. തുടർന്ന് നിലവിലുണ്ടായിരുന്ന വൈസ്രോയി പുതിയ വൈസ്രോയിക്ക് സ്ഥാനമൊഴിഞ്ഞുകൊടുത്തു.

പുതിയ വൈസ്രോയി കോഴിക്കോട്ടിറങ്ങാതെ ഗോവയിലേയ്ക്കു പോയതിനാൽ സാമൂതിരിക്ക് അദ്ദേഹവുമായി സംഭാഷണം നടത്തുവാനോ താൻ ഒരുക്കിവെച്ചിരുന്ന സമ്മാനങ്ങൾ നൽകുവാനോ തരപ്പെട്ടില്ല. വൈസ്രോയി ഗോവയിലെത്തിയതിനുശേഷം സാമൂതിരി ചില പ്രധാനികളെ അങ്ങോട്ടയച്ചു. അവർ അദ്ദേഹത്തെ കണ്ട് സംഭാഷണം നടത്തി സന്ധിയിൽ ഒപ്പുവയ്ക്കുകയും ചെയ്തു.[232]

പുതിയ ഉടമ്പടിയുടെ വെളിച്ചത്തിൽ സാമൂതിരിയുടെ പ്രജകൾ പഴയതു പോലെ ഗുജറാത്ത് മുതലായ സ്ഥലങ്ങളിലേയ്ക്ക് കച്ചവടയാത്ര പുനരാരംഭിച്ചു. അക്കൊല്ലം തന്നെ കച്ചവടകാലം തീരുന്നതിനുമുമ്പായി കോഴിക്കോട്ടു നിന്ന് രണ്ട് കപ്പലുകൾ ചരക്കുമായി അറേബ്യൻ തീരങ്ങളിലേയ്ക്ക് പോയി.[233]

പരമദയാലുവായ അല്ലാഹുവേ, മുസ്ലിംകൾക്ക് സുസ്ഥിതി വരുത്തേണമേ! എല്ലാം നിന്റെ കരുണ! നിനക്കു സ്തുതി!

കുറിപ്പുകൾ

1. പ്രവാചക കുടുംബത്തിനുള്ള പ്രത്യേകതയ്ക്കു കേവല രക്തബന്ധമല്ല അടിസ്ഥാനം. അവരുടെ നിർമല പ്രകൃതിയും വിശുദ്ധ നിലയുമാണ്. കേവല രക്തബന്ധത്തെ അടിസ്ഥാനമാക്കിയുള്ള ബഹുമതിദാനം വിശുദ്ധ ഖുർആന്റെ ചൈതന്യത്തിനു നിരക്കുന്നതല്ല. കൂടുതൽ ദൈവ ബോധമുള്ളവൻ കൂടുതൽ ശ്രേഷ്ഠൻ എന്നാണ് ഖുർആന്റെ തത്ത്വം (49:19). പ്രവാചകരു(സ)ടെ ആത്മീയ ശിക്ഷണത്തിനനുസരണമായി ഖുർആന്റെ അർഥവും ആന്തര ചൈതന്യവും ജീവിതത്തിൽ പ്രതിഫലിപ്പിക്കുകയും വാക്കിൽ വിവരിക്കുകയും ചെയ്ത വിശുദ്ധ കുടുംബമാണവിടുത്തേത്. പ്രചാചക പൈതൃകം അവർ സത്യസന്ധമായി പ്രതിനിധാനം ചെയ്തു. അതിനു സഹായകമാംവിധം ദൈവികമായ പ്രത്യേക മേൽനോട്ടവും പാരമ്പര്യ വിശുദ്ധിയും അവർക്കുണ്ടുതാനും.

2. സൃഷ്ടികളിൽ ശ്രേഷ്ഠൻ (അശ്റഫുൽ ഖൽഖ്) എന്നത് മുഹമ്മദ് നബി(സ)യുടെ വിശേഷണമാണ്. ഇത് ദൈവികദാനമാണ്. മുഹമ്മദ്നബി(സ) സ്വപ്രയത്നത്താൽ ആർജിച്ചതല്ല. അപ്രകാരം തന്നെയാണ് അവിടുത്തെ അനുയായികളാകാൻ അവസരം സിദ്ധിച്ചവർക്കുള്ള ബഹുമതിയും. അതും ദൈവിക ദാനമാണ്. അവരുടെ പ്രയത്നഫലമല്ല. ഈ ബഹുമതിക്ക് ആദ്ധ്യാത്മിക തലമുള്ളതു പോലെ ഭൗതികവും സാമൂഹികവുമായ തലങ്ങളുമുണ്ട്. ലോകാന്ത്യം വരെ മാറ്റത്തിരുത്തലുകൾക്കു വിധേയമാക്കേണ്ടി വരാത്ത സമ്പൂർണ്ണ നിയമ സംഹിത നബി(സ)ക്കും അനുയായികൾക്കുമാണ് ലഭിച്ചിട്ടുള്ളത്. ഇമാം അഹ്മദി(റ)ന്റെ ഒരു നിവേദനത്തിൽ ഇങ്ങനെയുണ്ട്: "നബി(സ) പറഞ്ഞു: മറ്റു നബിമാർക്ക് ലഭിക്കാത്ത ചിലത് എനിക്ക് ലഭിച്ചിരിക്കുന്നു". അനുചരന്മാർ അതെന്താണെന്നു ചോദിച്ചപ്പോൾ അവിടുന്ന് മറുപടി നൽകി: ശത്രുക്കൾക്ക് എന്നെ ഭയമാണ്. ഭൂമിയുടെ താക്കോലുകൾ എനിക്കു കിട്ടിയിരിക്കുന്നു. എനിക്ക് അഹ്മദ് എന്നു നാമകരണം ചെയ്യപ്പെട്ടിരിക്കുന്നു. മണ്ണ് എനിക്ക് ശുദ്ധീകരണ വസ്തുവാണ്. എന്റെ സമുദായം ഇതര സമുദായങ്ങളേക്കാൾ ശ്രേഷ്ഠമാണ്."

3. ഖുർആൻ ആലു ഇമ്രാൻ സൂറ 110ാം വാക്യത്തിന്റെ ആദ്യമാണീത്. ജനങ്ങളോട് നല്ലത് കൽപ്പിക്കുകയും ചീത്ത തടയുകയും അല്ലാഹുവിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുകയെന്ന ഉത്തമസമുദായത്തിന്റെ ഗുണവും ഉത്തരവാദിത്വവും ഈ

വാക്യത്തിൽ തുടർന്നു വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

4. ഇമം തിർമുദി(റ) അദ്ദേഹത്തിന്റെ ഹദീസ്സമാഹാരത്തിൽ അബൂസഈദുൽ ഖുദ്രി(റ) എന്ന സ്വഹാബിയെ ഉദ്ധരിച്ചുകൊണ്ട് ഈ വാക്യം രേഖപ്പെടുത്തിയിരിക്കുന്നു. വാക്യത്തിന്റെ പൂർണ്ണ രൂപം ഇങ്ങനെയാണ്: "ഞാൻ ഉയിർപ്പുനാളിൽ ആദം സന്തതികളുടെ നേതാവായിരിക്കും. ഇത് അഹന്തയല്ല, 'അൽ ഹംദ്' എന്ന ധ്വജം എന്റെ കൈയിലായിരിക്കും. എല്ലാ പ്രവാചകന്മാരും അന്ന് എന്റെ കൊടിക്കീഴിലായിരിക്കും. ഭൂമി പിളർന്ന് ആദ്യം ശ്മശാനത്തിൽ നിന്നു പുറത്തേക്കെഴുന്നേറ്റു വരുന്നത് ഞാനായിരിക്കും. അഹന്ത പറയുകയല്ല".

5. മിഖ്ദാദ് ഇബ്നു അമ്ര്(റ). അസ്വദ് വളർത്തിയതു കാരണം മിഖ്ദാദ് ഇബ്നുൽ അസ്വദ് എന്നാണ് ഒരു കാലത്ത് അറിയപ്പെട്ടിരുന്നത്. വളർത്തുമക്കളെ സ്വന്തം മക്കളായി വിശേഷിപ്പിക്കുന്നത് ഖുർആൻ വിലക്കിയപ്പോൾ അങ്ങനെ വിളിക്കുന്നത് നിറുത്തി. ആദ്യം ഇസ്ലാം പരസ്യപ്പെടുത്തിയ ഏഴു പേരിൽ ഒരാളാണ് മിഖ്ദാദ്. അബ്സീനിയയിലേക്കു പലായനം ചെയ്യുകയും ബദ്റിലും ഉഹ്ദിലും പൊരുതുകയും ചെയ്തിട്ടുണ്ട്. പ്രവാചകന് (സ) ഏറ്റവും പ്രിയപ്പെട്ടവരിൽ ഒരാളായിരുന്നു. ഹിജ്റ 33ൽ മദീനയിൽ അന്തരിച്ചു.

6. ഇമാം അഹ്മദ് ഇബ്നു ഹമ്പൽ (ഹി.വ. 164-241) ജനിച്ചതും മരണപ്പെട്ടതും ബഗ്ദാദിലാണ്. ഹദീസ് നിവേദകനും കർമശാസ്ത്രകാരനും ദൈവശാസ്ത്രജ്ഞനുമായ ഇദ്ദേഹം ഹമ്പലി കർമശാസ്ത്ര സരണിയുടെ ആചാര്യനാണ്. മുഅ്തസിലാ വിഭാഗത്തെ എതിർത്തതിന്റെ പേരിൽ ജയിൽവാസം അനുഭവിക്കേണ്ടിവന്നു. ഹദീസ് തേടി ശാമിലേയ്ക്കും യമനിലേയ്ക്കും ഹിജാസിലേയ്ക്കും യാത്ര ചെയ്തു. ഇദ്ദേഹത്തിന്റെ 'അൽ മുസ്നദ്' മുപ്പതിനായിരം ഹദീസുൾക്കൊള്ളുന്നു.

7. ഇബ്നു കസീർ ഖുർആനിലെ 'അത്തൗബ' സൂറ 33ാം വാക്യത്തിന്റെ വ്യാഖ്യാനത്തിൽ ഈ നബിവചനം ഉദ്ധരിച്ചിരിക്കുന്നു. 'നേർമാർഗ്ഗവും സത്യമതവും കൊണ്ട് അവനാ(അല്ലാഹു)ണ് തന്റെ ദൂതനെ അയച്ചിരിക്കുന്നത്. ബഹുദൈവവാദികൾക്ക് ഇഷ്ടപ്പെട്ടില്ലെങ്കിലും അവന് ആ മതത്തെ സകല മതങ്ങളേക്കാളും ഉപരിയായി വിജയിപ്പിക്കേണ്ടതുണ്ട്" എന്നാണ് പ്രസ്തുത വാക്യത്തിന്റെ അർത്ഥം. സമൂഹത്തിന്റെ എല്ലാ തട്ടിലുള്ളവരും ഇസ്ലാമിന്റെ കീഴിൽ ജീവിക്കുന്ന അവസ്ഥ സംജാതമാകുമെന്നതിന്റെ സൂചനയാണിത്. തമീമുദ്ദാരി(റ) എന്ന സ്വഹാബി പറഞ്ഞതായി ഇമാം അഹ്മദ്(റ) രേഖപ്പെടുത്തുന്നു: "ദൈവദൂതർ (സ) ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: രാവും പകലും എത്തുന്നിടത്തെല്ലാം ഈ മതം(ഇസ്ലാം) എത്തും. ഒരു മന്ദിരത്തിലോ ഒരു കുടിലിലോ ഇതെത്താതിരിക്കില്ല. തന്മൂലം ഇസ്ലാം സ്വീകരിക്കുക വഴി അന്തസ്സ് കൈവരിക്കുന്നവരും, അവിശ്വാസത്തിൽ തുടരുക വഴി നീചന്മാരായി കഴിയുന്നവരും ഉണ്ടാകും." പിൽക്കാലത്ത് തന്റെ കുടുംബത്തിൽ തന്നെ ഈ രണ്ടുതരം ആൾക്കാരെ താൻ കണ്ടുവെന്ന് തമീമുദ്ദാരി(റ) അനുസ്മരിക്കുകയുണ്ടായി. ഇസ്ലാം സ്വീകരിച്ചവർക്ക് അന്തസ്സും സുഭിക്ഷതയും ആർജിക്കാൻ കഴിഞ്ഞു. അവിശ്വാസികൾക്ക് 'ജിസ്യ' കൊടുത്ത് കീഴടങ്ങി ജീവിക്കേണ്ടതായും വന്നു.

8. ഇസ്ലാം വാൾ കൊണ്ടു പ്രചരിച്ചുവെന്ന പാശ്ചാത്യ ജല്പനവും ഈ പ്രസ്താവനയും രണ്ടാണ്. വിശ്വാസം ആരിലും അടിച്ചേൽപ്പിക്കാനാവില്ലെന്നും ശരിതെറ്റുകൾ വ്യക്തമായതിനെത്തുടർന്നുള്ള വിശ്വാസമേ ദൃഢമായിരിക്കുകയുള്ളൂവെന്നു

മാണ് ഇസ്‌ലാമിന്റെ പൊതു നിലപാട്. ഇതിനു വിരുദ്ധമായി ഇസ്‌ലാംമത പ്രചാരകർ പ്രവർത്തിച്ചതിന് ചരിത്രത്തിൽ തെളിവില്ല. "മതത്തിൽ അടിച്ചേൽപ്പിക്കലില്ല" എന്ന ഖുർആൻ പ്രഖ്യാപനം(2:256) സർവത്ര പ്രചരിതമാണ്. "യുക്തിയോടും ഉത്തമമായ ഉപദേശത്തോടും കൂടിയുള്ളതായിരിക്കണം അല്ലാഹുവിന്റെ മാർഗ്ഗത്തിലേക്കുള്ള ക്ഷണ"മെന്ന് ഖുർആൻ കൽപ്പിക്കുന്നു(16:125). ഇന്ത്യയുൾപ്പെടെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇസ്‌ലാം പ്രചരിച്ചതിന്റെ ചരിത്രം വ്യക്തമായി രേഖപ്പെടുത്തപ്പെട്ടുകിടക്കുന്നുണ്ട്. ഇംഗ്ലീഷ് എഴുത്തുകാരനായ സർ തോമസ് ആർണോൾഡ് 'ദ പ്രീച്ചിംഗ് ഓഫ് ഇസ്‌ലാമി'ൽ ഇസ്‌ലാം വാൾ കൊണ്ടു പ്രചരിച്ചതാണെന്ന ജില്പനത്തിന് സ്പഷ്ടവും അഖണ്ഡനീയവുമായ മറുപടി നൽകിയിരിക്കുന്നതു കാണാം(ഈ പുസ്തകത്തിന്റെ മലയാള പരിഭാഷ കോഴിക്കോട് 'ഇസ്‌ലാമിക് പബ്ലിഷിംഗ് ഹൗസ്' പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്). ഇസ്‌ലാം ലോകത്ത് വ്യാപകമായി പ്രചരിച്ചതിന്റെ യഥാർഥ കാരണങ്ങളും ആർണോൾഡ് വിവരിച്ചിരിക്കുന്നു.

എങ്കിൽ ഗ്രന്ഥകർത്താവിന്റെ മേൽ പ്രസ്താവനയുടെ അർത്ഥമെന്താണ്? ഇസ്‌ലാമിന്റെ പ്രചാരത്തിൽ ഖഡ്ഗപ്രയോഗത്തിനും നിർബന്ധം ചെലുത്തലിനും ചരിത്രത്തിൽ എന്നെങ്കിലും എവിടെയെങ്കിലും വല്ല പങ്കുമുണ്ടായിട്ടുണ്ടോ? നേർക്കുനേരെ യാതൊരു പങ്കുമുണ്ടായിട്ടില്ല. എന്നാൽ പല രാജ്യങ്ങളിലേക്കുമുണ്ടായ സായുധമുന്നേറ്റങ്ങളാണ് ഇസ്‌ലാംമത പ്രചാരകർക്ക് പിന്നീട് അവിടങ്ങളിൽ ചെല്ലാനും പ്രചാരണപ്രവർത്തനങ്ങൾ നടത്താനും രംഗം സൃഷ്ടിച്ചതെന്നതൊരു വസ്തുതയായി കാണാം. സായുധ മുന്നേറ്റം നടത്തിയവർക്ക് മതപ്രചാരണം ലക്ഷ്യമായിരുന്നില്ല. മുഹമ്മദ് ഇബ്നു ഖാസിം, മഹ്മൂദ് ഗസ്നി, മുഹമ്മദ് ഗോറി, മുഗൾ രാജാക്കന്മാർ എന്നിവരുടെയെല്ലാം ഇന്ത്യാ പ്രവേശനത്തിൽ ഖഡ്ഗം അതിന്റെ പങ്കു വഹിച്ചിട്ടുണ്ട്. എന്നാൽ അവരല്ല, അവരുടെ ഭരണത്തിൽ ഇവിടെ വന്ന മുസ്‌ലിം പണ്ഡിതന്മാരും സഞ്ചാരികളും സൂഫിവര്യന്മാരുമാണ് ഇസ്‌ലാംമത പ്രചാരണത്തിനുവേണ്ടി പരിശ്രമിച്ചിട്ടുള്ളത്. പ്രസ്തുത പണ്ഡിതന്മാരുടെയും സൂഫികളുടെയും ആകർഷകമായ ജീവിതവും വിസ്മയകരമായ വ്യക്തിത്വവും സ്നേഹോഷ്മളമായ പെരുമാറ്റവും അത്ഭുതകരമായ സിദ്ധികളും വാചാലമായ സംസാരവും വളരെ പേർ ഇസ്‌ലാം സ്വീകരിക്കാൻ കാരണമായി വർത്തിച്ചു. ഇതല്ലാതെ, ഇസ്‌ലാമിന്റെ പ്രചാരത്തിൽ ഖഡ്ഗം നേർക്കുനേരെ യാതൊരു വിധ പങ്കും നിർവ്വഹിച്ചിട്ടില്ല. രാജാക്കന്മാരാരും തങ്ങളുടെ ഭരണത്തിൻ കീഴിലുള്ള പ്രജകളെ ഇസ്‌ലാം മത സ്വീകരണത്തിന് നിർബന്ധിച്ചിട്ടുമില്ല. ഏതെങ്കിലും രാജ്യത്ത് ഇസ്‌ലാമിന്റെ വഴിമുടക്കാൻ ഖഡ്ഗമുപയോഗിച്ചവരെ ഖഡ്ഗം കൊണ്ടെതിർത്ത് വഴി സുകരമാക്കിയ സംഭവമുണ്ടായിട്ടുണ്ടെങ്കിൽ പോലും അത് മതം സ്വീകരിക്കാൻ നിർബന്ധിക്കലായി വ്യാഖ്യാനിക്കുന്നത് വസ്തുനിഷ്ഠതക്കെതിരും അപരാധവും വകതിരിവില്ലായ്മയുടെ ലക്ഷണവുമാണ്.

9. മലബാർ എന്നാൽ മലനാട്. ഇവിടെ ഇപ്പദം കൊണ്ടുദ്ദേശിക്കുന്നത് ഇന്നത്തെ മലബാർ പ്രദേശം മാത്രമല്ല, കേരളം മുഴുവനുമാണ്. ഗോകർണം മുതൽ കന്യാകുമാരി വരെയുള്ള ഭൂപ്രദേശമാണ് അറബി ഭൂമിശാസ്ത്രകാരന്മാരുടെ ദൃഷ്ടിയിലുള്ള മലബാർ. വിദേശിയർ ഇന്നും മലബാർ എന്ന് കേരളത്തെ ആകെയുദ്ദേശിച്ച് പറയുന്നു.

10. സ്വന്തം മതത്തിൽ വിശ്വസിക്കുകയും അതാചരിക്കുകയും അതിനോടു പ്രതിബദ്ധത പുലർത്തുകയും ചെയ്യുന്നതിനോടൊപ്പം തന്നെ ഇതര മതസ്ഥരെ സ്വീകരി

ക്കാനും അംഗീകരിക്കാനും അവർക്കവരുടെ മതപ്രചാരണത്തിന് സൗകര്യം ചെയ്തു കൊടുക്കാനുമുള്ള സഹിഷ്ണുതയും വിശാലമനോഭാവവും ഇവിടത്തെ ഭരണാധികാരികൾക്കുണ്ടായിരുന്നു. സത്യത്തെയും ധർമ്മത്തെയും തുറന്നാദരിക്കാൻ തങ്ങളുടെ മതനിഷ്ഠയും നീതിബോധവും അവരെ പാകപ്പെടുത്തിയതുകൊണ്ടോ, മറ്റു മതങ്ങളുടെ പ്രചാരകർ ഏതു രാജ്യങ്ങളിൽ നിന്നു വന്നുവോ ആ രാജ്യങ്ങളുമായി തങ്ങൾക്കുണ്ടായിരുന്ന പൂർവ്വബന്ധം കൊണ്ടോ, മതപ്രചാരണത്തിന് വന്നവരുടെ വ്യക്തിപ്രഭാവവും ജീവിതവിശുദ്ധിയും ഹൃദ്യമായ സമീപനവും കണ്ടതുകൊണ്ടോ ഒക്കെയാവാം ഇത്.

11. ശൈഖ് സൈനുദ്ദീന്റെ ആത്മവിമർശനപരമായ സമീപനം ശ്രദ്ധേയമാണ്. പോർച്ചുഗീസുകാരുടെ കടന്നാക്രമണവും അനന്തര ദുഷ്ടതകളും രേഖപ്പെടുത്തുമ്പോഴും അതിനു വിധേയപ്പെടേണ്ടിവന്നതിൽ സ്വസമുദായത്തിന്റെ അന്നത്തെ അവസ്ഥയ്ക്കുള്ള പങ്ക് അദ്ദേഹം കാണുന്നു. മുസ്‌ലിംകൾ വഴിതെറ്റി സഞ്ചരിച്ചതിനുള്ള ദൈവിക ശിക്ഷയായിട്ടാണ് പോർച്ചുഗീസ് അധിനിവേശത്തെ അദ്ദേഹം വിലയിരുത്തുന്നത്. ഒരു പ്രവാചകസമുദായമായ ഇസ്രയേല്യർ മതമൂല്യങ്ങൾ ലംഘിച്ച് ദുഷിച്ച ജീവിതം നയിച്ചതിന്റെ ഫലമായി ദൈവം അവരുടെ മേൽ സൻഹേരിബ്, നെബൂഖദ്നേസർ തുടങ്ങിയ അതിക്രൂരന്മാർക്ക് ഭരണാധിപത്യം നൽകിയതും അവർ ആ സമുദായക്കാരെ നിർദാക്ഷിണ്യം അടിച്ചമർത്തിയതും യറൂശലേം പള്ളി തകർത്തതുമായ സംഭവങ്ങളിലേക്ക് ഖുർആൻ 'അൽ ഇസ്‌റാഅ്' സൂറ 4 മുതൽ 8 വരെയുള്ള വാക്യങ്ങൾ സൂചന തരുന്നത് ഇവിടെ ഓർക്കാവുന്നതാണ്.

12. ക്രി.വ. 1498 മുതൽ 1663 വരെയാണ് മലബാറിൽ പോർച്ചുഗീസ് അധിനിവേശം നിലനിന്നത്. ഈ ഗ്രന്ഥം എഴുതിത്തീർന്നത് 1583ലാണ്. അതേ വർഷത്തിലാണ് ഗ്രന്ഥകർത്താവ് അന്തരിച്ചതും. അതിനാൽ 85 വർഷത്തെ പോർച്ചുഗീസ് വാഴ്ചയേ ഇതിൽ വിഷയമാകുന്നുള്ളൂ.

13. പോർച്ചുഗീസുകാർ കുരിശുപൂജകരായതു കൊണ്ടല്ല അവർക്കെതിരിൽ യുദ്ധത്തിന് മുസ്‌ലിംകളെ പ്രേരിപ്പിക്കേണ്ടി വന്നത്, അക്രമികളും കൈയേറ്റക്കാരും ആയതു കൊണ്ടാണ്. കുരിശുപൂജ ഇസ്‌ലാമികദൃഷ്ട്യാ തെറ്റും അക്രമവുമാണെങ്കിലും ക്രൈസ്തവർക്കത് മതാനുഷ്ഠാനമാണല്ലോ.

14. ദക്ഷിണേന്ത്യയിലെ അഞ്ച് സ്വതന്ത്ര മുസ്‌ലിം രാജവംശങ്ങളിൽ ഒന്നായിരുന്നു ആദിൽശാഹി. ബാഹ്മനി രാജാക്കന്മാരുടെ തകർച്ചയോടെയാണ് ആദിൽശാഹി ഉയർന്നുവന്നത്. ഇറാനിൽ നിന്നു വന്ന യൂസുഫ് ആദിൽശാ 1489ൽ ഇത് സ്ഥാപിച്ചു. കലയ്ക്കും സാഹിത്യത്തിനും ഏറെ പ്രോത്സാഹനം നൽകിയ ആദിൽശാഹി രാജാക്കന്മാർ ഇമാമിയ്യാ ഇസ്നാ അശരിയ്യാ ശിയാ ആഭിമുഖ്യമുള്ളവരായിരുന്നു. അലി ആദിൽശാ ഒന്നാമൻ ഈ വംശത്തിലെ അഞ്ചാമത്തെ രാജാവാണ്. 1557 മുതൽ 1580 വരെയാണ് ഇദ്ദേഹത്തിന്റെ ഭരണകാലം. പിതാവായ ഇബ്രാഹീം ആദിൽ ശായുടെ കാലത്ത് നഷ്ടപ്പെട്ട പല പ്രദേശങ്ങളും തിരിച്ചുപിടിച്ച് രാജ്യം പ്രബലമാക്കിയ അലി ആദിൽശാ ചരിത്രത്തിൽ പ്രസിദ്ധനാണ്.

അഹ്ലുസ്സുന്നത്തിലെ അറിയപ്പെട്ട പണ്ഡിതനായ ശൈഖ് സൈനുദ്ദീൻ ഒരു പ്രസിദ്ധ ശിയാ രാജാവായ അലി ആദിൽശായെ വാനോളം പുകഴ്ത്തുന്നതും തന്റെ ഗ്രന്ഥം അദ്ദേഹത്തിന് സാദരം സമർപ്പിക്കുന്നതും കൗതുകകരവും, എക്കാലത്തെയും എല്ലാ വിഭാഗത്തിലെയും പണ്ഡിതർ അനുകരിക്കേണ്ട സഹിഷ്ണുത

യുടെ മഹനീയ മാതൃകയുമാണ്.

15. മനുഷ്യരിൽ നിന്നു വ്യത്യസ്തവും ബുദ്ധിയും പ്രവർത്തനശേഷിയുമുള്ളതുമായ ഒരു സവിശേഷ സൃഷ്ടിവർഗ്ഗമാണ് ജിന്ന്. യഥാർത്ഥത്തിൽ മനുഷ്യന് ഗോചരമല്ലാത്ത ഈ വർഗ്ഗം മനുഷ്യൻ, നായ, പാമ്പ് തുടങ്ങിയ ഗോചരങ്ങളുടെ രൂപത്തിൽ പ്രത്യക്ഷപ്പെടും. ജിന്ന് ആദിൽശായ്ക്കു സേവനം ചെയ്യാനാഗ്രഹിക്കുന്നുവെന്നത് അതിശയോക്തിയോ അലങ്കാരമോ ആവാം.

16. 'കാഫിർ' എന്നതിന്റെ ബഹുവചനമായ 'കുഫ്ഫാർ' ആണ് അവിശ്വാസികൾ എന്നു പരിഭാഷപ്പെടുത്തിയിരിക്കുന്നത്. അറബി ശബ്ദകോശത്തിൽ, മറച്ചുവെയ്ക്കുന്നവൻ എന്നാണ് കാഫിറിന്റെ മൂലാർത്ഥം. ഹൃദയത്തിൽ നൈസർഗികമായി നിലനിൽക്കുന്ന സത്യത്തെ അജ്ഞാനം, വിദ്വേഷം, സ്വാർത്ഥം, ബുദ്ധിശൂന്യത എന്നിവ ആവരണം ചെയ്യുമ്പോഴാണ് ഒരാൾ കാഫിറാവുന്നത്. ഇവിടെ മുസ്ലിം പ്രദേശങ്ങൾക്കെതിരിൽ പോർച്ചുഗീസുകാർ കൈയേറ്റം നടത്തിയ ഒരു പശ്ചാത്തലമുണ്ട്. അതിനാൽ കൈയ്യേറ്റക്കാരായ അവിശ്വാസികളോട് കൈക്കൊള്ളേണ്ട നിലപാട് വിവരിക്കുകയാണ്. സമാധാന പശ്ചാത്തലത്തിലേക്കുള്ള വിധിയല്ല ഇത്. മുസ്ലിംകൾ അമുസ്ലിംകളോട് അനുവർത്തിക്കേണ്ട പൊതുനിലപാടുമല്ല. അമുസ്ലിമായ സാമൂതിരിയും അദ്ദേഹത്തിന്റെ നായർ പടയും പോർച്ചുഗീസ് വിരുദ്ധ സമരത്തിൽ മുസ്ലിംകളുടെ കൂടെയുണ്ടായിരുന്നുവെന്ന സംഗതി ഓർക്കണം.

17. 'ജിഹാദ്' അറബി പദമാണ്. പോരാട്ടം, പ്രയത്നം, ക്ലേശം ചെയ്യൽ എന്നൊക്കെയാണർത്ഥം. ഈ പോരാട്ടവും പ്രയത്നവും ക്ലേശവും സൈനികമാകുമെങ്കിലും വിശുദ്ധയുദ്ധമെന്നോ പടയോട്ടമെന്നോ ഈ പദത്തിനു കൃത്യമായി പരിഭാഷ പറഞ്ഞുകൂട. യുദ്ധത്തിന് ഈ പദമുപയോഗിക്കുകയാണെങ്കിൽത്തന്നെയും സാധാരണ യുദ്ധമെന്നു പറയുമ്പോൾ കൽപ്പിക്കപ്പെടുന്ന അർത്ഥമല്ല അതിനുണ്ടാവുക. അതുകൊണ്ടു തന്നെയാണ് ഇത് ഇസ്ലാമിന്റെ മാത്രം സാങ്കേതിക പദമായത്. അറബിയിൽ യുദ്ധമെന്ന അർഥത്തിൽ സാധാരണയായി ഉപയോഗിക്കുന്ന പദം വേറെയാണ്(ഹർബ്). ജ-ഹ-ദ എന്നിവയാണ് ഇതിലെ മൂലാക്ഷരങ്ങൾ. വൈജ്ഞാനികവും ചിന്താപരവുമായ പരിശ്രമം, അഥവാ ശരീഅത്തിലെ ഗവേഷണം എന്ന അർത്ഥത്തിലുള്ള 'ഇജ്തിഹാദ്' ഇതേ മൂലാക്ഷരങ്ങൾ ചേർത്ത് രൂപവൽക്കരിക്കപ്പെട്ടിട്ടുള്ളതാണ്. മനസ്സിലും ആത്മാവിലും നടക്കുന്ന സംഘട്ടനത്തിനും ജിഹാദ് എന്ന് പറയാം. ചുരുക്കത്തിൽ വിരുദ്ധ ശക്തികളോ പ്രവണതകളോ തമ്മിൽ നടക്കുന്ന ഏറ്റുമുട്ടലാണ് ജിഹാദ്. അത് സായുധമാകണമെന്നില്ല. സായുധമാവുകയും ചെയ്യും. ആശയങ്ങൾക്കിടയിലും ജിഹാദുണ്ട്. ആശയ സംഘട്ടനം. യുദ്ധത്തിനു പകരം ഇസ്ലാം മുന്നോട്ടു വെച്ചിട്ടുള്ളത് ജിഹാദ് സങ്കൽപമാണ്. ഇസ്ലാമിൽ ജിഹാദ് അല്ലാഹുവിന്റെ മാർഗ്ഗത്തിലാ(ഫീ സബീലില്ലാഹ്)യെങ്കിലേ അനുവദിക്കപ്പെടുകയും സ്വീകരിക്കപ്പെടുകയുമുള്ളൂ. അല്ലാഹുവിന്റെ മാർഗ്ഗമെന്നത് പ്രമാണങ്ങളിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്നു.

18. കൂട്ടായ ബാധ്യതയ്ക്കു മതത്തിന്റെ സാങ്കേതിക പദാവലിയിൽ 'ഫർസ് കിഫായ' എന്നു പറയുന്നു.

19. വ്യക്തിപരമായ ബാധ്യതയ്ക്കു 'ഫർസ് ഐൻ' എന്നാണ് പറയുന്നത്.

20. ഈ ഗ്രന്ഥം രചിക്കുന്ന കാലത്ത് മുസ്ലിംകൾക്കിടയിൽ അടിമ - ഉടമ സമ്പ്ര

ദായം നിലനിന്നിരുന്നതു കൊണ്ടല്ല ഇതു പറഞ്ഞിരിക്കുന്നത്. ഗ്രന്ഥകർത്താവ് ഒരു കർമ്മശാസ്ത്ര നിയമം വിവരിച്ചതാണ്.

21. ഒരാൾ ഒട്ടകപ്പുറത്ത് ആവശ്യമുള്ളത്ര ചരക്കുമായി നിസ്കാരം, ഭക്ഷണം, വിശ്രമം തുടങ്ങിയ അത്യാവശ്യങ്ങൾക്കുവേണ്ടി ഇടയ്ക്കു തങ്ങിക്കൊണ്ട് ഒരു രാവും ഒരു പകലും സഞ്ചരിച്ചാൽ എത്തുന്ന ദൂരമായിട്ടാണ് 'ഫത്ത്ഹുൽ മുഈനി'ൽ ഗ്രന്ഥകർത്താവ് ഈ ദൂരം കണക്കാക്കിയിരിക്കുന്നത്.

22. റസൂൽ തിരുമേനി(സ)യേക്കാൾ അനുയായികളോട് കൂടിയാലോചന നടത്തുന്ന ഒരാളെയും ഞാൻ ഒരിക്കലും കണ്ടിട്ടില്ലെന്ന് അബൂഹുറൈറ(റ) പറഞ്ഞതായി അഹ്മദും ശാഫി(റ)യും രേഖപ്പെടുത്തിയിരിക്കുന്നു. കൂടിയാലോചനയുടെയും അഭിപ്രായസമന്വയത്തിന്റെയും സദ്ഫലങ്ങൾ യുദ്ധരംഗത്തു മാത്രമല്ല ജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രധാനമാണ്. ദൈവിക വെളിപാടിന്റെ മാർഗ്ഗദർശനമുള്ള പ്രവാചകർ(സ) അനുയായികളോട് കൂടിയാലോചിച്ചിരുന്നത് അവിടുത്തേയ്ക്ക് അവരുടെ അഭിപ്രായം കിട്ടിയിട്ടു വേണമെന്നുള്ളതു കൊണ്ടല്ല, ഈ മഹത്തായ മാനുഷിക മൂല്യം പഠിപ്പിക്കാൻ വേണ്ടിയാണ്.

23. യുദ്ധാർജിത സ്വത്തിന് 'ഗനീമത്ത്' 'നഫൽ' എന്നിങ്ങനെ പറയും. ഇതിൽ പിടിച്ചെടുത്ത ഭൂമിയും തടവുകാരും ഉൾപ്പെടും. ഖുർആൻ 'അൽഅൻഫാൽ' സൂറ: 41ാം വാക്യം ഇതിന്റെ വിതരണത്തെക്കുറിച്ചു പറയുന്നു.

24. മുസ്ലിംകളെ മതപരമായി നയിക്കുന്നവരും നമസ്കാരാദി കർമ്മങ്ങൾക്കു നേതൃത്വം നൽകുന്നവരുമാണ് 'ഖാസി'മാരും 'ഇമാമു'കളും. പള്ളിയാണ് ഇവരുടെ ആസ്ഥാനം. ഇവരുടെ ജീവിതം സമൂഹത്തിനുവേണ്ടി അർപ്പിതമായതിനാൽ ഇവരുടെ സംരക്ഷണോത്തരവാദിത്വം പൊതു കാര്യമാണ്.

25. നബി(സ)യെ എന്നും പിന്തുണച്ചവരാണ് ബനൂ ഹാശിമും ബനുൽ മുത്തലിബും. അവിടുത്തെ ദ്രോഹിക്കുകയും ചതിക്കുകയും ചെയ്ത കുടുംബക്കാർ വേറെയുണ്ട്. ഖൈബർ യുദ്ധം കഴിഞ്ഞ് അതിൽ പിടിച്ചെടുത്ത സമ്പത്തിൽ നിന്ന് ബനൂ ഹാശിമിന്റെയും ബനുൽ മുത്തലിബിന്റെയും വിഹിതം നൽകുമ്പോൾ ജുബൈർ ഇബ്നു മുത്ഇമും(റ) ഉസ്മാൻ ഇബ്നു അഫ്ഫാനും(റ) റസൂൽ തിരുമേനി(സ)യോട് ചോദിച്ചു: "ഹാശിം സന്തതികൾക്ക് അങ്ങയോടുള്ള ബന്ധം വഴിക്കുള്ള സ്ഥാനം ഞങ്ങൾക്കറിയാം. എന്നാൽ മുത്തലിബ് സന്തതികളുടെ സ്ഥിതിയോ? ഞങ്ങൾക്കു തരാതെ അവർക്ക് അങ്ങ് കൊടുത്തല്ലോ. ഞങ്ങളും അവരും അങ്ങയോട് ഒരേ അടുപ്പത്തിലുള്ളവരല്ലേ?" ഇതിന് അവിടുന്നിപ്രകാരം മറുപടി പറഞ്ഞു: "അവർ ഇസ്ലാമിൽ വരുന്നതിനു മുമ്പും വന്നതിനുശേഷവും എന്നെ കൈവിടാത്തവരാണ്. ഹാശിം സന്തതികളും മുത്തലിബ് സന്തതികളും ഒന്നാണ്". തുടർന്ന് അവരിൽ അടുത്തവർക്കും അകന്നവർക്കും ദരിദ്രർക്കും ധനികർക്കും സ്ത്രീകൾക്കും പുരുഷന്മാർക്കും വലിയവർക്കും കുട്ടികൾക്കും അവിടുന്ന് തുല്യമായി നൽകി. ഈ സംഭവം ബുഖാരി(റ)യും അഹ്മദും(റ) രേഖപ്പെടുത്തിയിട്ടുണ്ട്.

26. യുദ്ധ മുതലിൽ ഉൾപ്പെട്ട വല്ലതും ആരുടെയെങ്കിലും കൈയിൽ അവിഹിതമായി കണ്ടെത്തിയാൽ അയാളെ അടിക്കുകയും അയാളുടെ സാധന സാമഗ്രികളത്രയും കത്തിച്ചുനശിപ്പിക്കുകയും വേണമെന്നാണ് വിധി. യുദ്ധമുതലിൽ നിന്ന് നിസ്സാര വസ്തു എടുത്ത ആളുടെ പേരിൽ അയാളുടെ മരണശേഷം നബി(സ) മയ്യിത്ത്

നമസ്കരിക്കാൻ വിസമ്മതിച്ച സംഭവമുണ്ട്.

27. മദ്ധ്യകാലഘട്ടത്തിലെ കോഴിക്കോടിന്റെ ഭരണാധികാരികൾക്ക് പൊതുവെ പറഞ്ഞിരുന്ന പേരാണ് സാമൂതിരി. ഈ പേര് എവിടെനിന്ന് എങ്ങനെ വന്നുവെന്നതിനെക്കുറിച്ച് വിവിധ അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്. ഖുർആനിൽ മൂസാ നബി(അ)യുടെ ചരിത്രത്തിൽ ഒരു 'സാമിരി'യെക്കുറിച്ചു പറയുന്നുണ്ട്. അയാൾ കാളയുടെ രൂപമുണ്ടാക്കിയിട്ട് അതിനെ പൂജിക്കാൻ മൂസാ നബി(അ)യുടെ അനുയായികളെ അദ്ദേഹത്തിന്റെ അഭാവത്തിൽ പ്രേരിപ്പിച്ചിരുന്നു. സാമൂതിരിയുടെ പശുഭക്തി കണ്ടപ്പോൾ മേൽ പറഞ്ഞ സാമിരിയുടെ പേര് അറബികൾ അദ്ദേഹത്തിനു നൽകുകയും പിന്നീടത് സാമൂതിരിയായി രൂപവ്യത്യാസം വരികയും ചെയ്തുവെന്നാണ് കൂട്ടത്തിൽ ഒരഭിപ്രായം. സാമൂതിരിരാജാക്കന്മാരുടെ കൊട്ടാരനാമമായ കോയിൽക്കോട്ടയാണ് പിൽക്കാലത്ത് കോഴിക്കോടായത്. കെ.വി. കൃഷ്ണയ്യരുടെ 'കോഴിക്കോട്ടെ സാമൂതിരിമാർ', എൻ.എം. നമ്പൂതിരിയുടെ 'സാമൂതിരിചരിത്രത്തിലെ കാണാപ്പുറങ്ങൾ' എന്നീ പുസ്തകങ്ങൾ ഇവരെക്കുറിച്ചുള്ള പഠനങ്ങളാണ്. 100 വർഷത്തെ പോർച്ചുഗീസ് വിരുദ്ധ സമരകാലത്തിനിടയിൽ 15 സാമൂതിരിമാർ ജീവിച്ചു. ചിലർ ശക്തർ; ചിലർ ബലഹീനർ; ചിലർ പോർച്ചുഗീസുകാരുമായി സഖ്യം ചേർന്നവരും.

28. ശത്രു പിടിച്ചടക്കിയ മുസ്‌ലിം പ്രദേശം തിരിച്ചുപിടിക്കേണ്ട കൂട്ടുത്തരവാദിത്വം ആരും നിർവ്വഹിച്ചില്ലെങ്കിൽ മുസ്‌ലിംകൾ ഒന്നടങ്കം പാപികളായിത്തീരുമെന്നതിനാൽ ആരെങ്കിലും ആ ഉത്തരവാദിത്വം നിർവ്വഹിക്കുന്നതായാൽ മുഴുവൻ മുസ്‌ലിംകളെയും പാപത്തിൽ നിന്നു രക്ഷിക്കുകയെന്ന മഹാപുണ്യമാണ് അയാൾ അതുവഴി ചെയ്യുന്നതെന്നു സാരം.

29. പ്രകാശത്താൽ പടക്കപ്പെട്ട, വിശപ്പും ദാഹവും ഉറക്കവും മയക്കവും മടുപ്പും ബാധിക്കാത്ത, ലിംഗഭേദമില്ലാത്ത, മലിനജന്തുക്കളുടേതല്ലാത്ത രൂപങ്ങളിൽ പ്രത്യക്ഷപ്പെടാൻ കഴിയുന്ന, ദൈവത്തെ സ്തുതിക്കുകയും അനുസരിക്കുകയും ചെയ്യുന്ന ഒരു പ്രത്യേക സൃഷ്ടിയാണ് മലക്ക് അല്ലെങ്കിൽ മാലാഖ.

30. അത്യുന്നതമായ മാനസികാവസ്ഥയും ആദ്ധ്യാത്മിക പദവിയും അനുഭവിക്കുന്ന ഒരു സവിശേഷ വിഭാഗം സത്യവിശ്വാസികളാണ് 'വലി'കൾ. 'വലി' എന്നതിന്റെ ബഹുവചനമാണ് 'ഔലിയ'. സാമീപ്യമെന്നർത്ഥമുള്ള 'വിലായത്തി'ൽ നിന്നുള്ളതാണ് ഈ പദം. രണ്ടു വസ്തുക്കൾക്കിടയിലുള്ള മറ നീങ്ങുന്നതിനാണ് അടിസ്ഥാനപരമായി 'വിലായത്ത്' ഉപയോഗിക്കുന്നത്. ഹൃദയത്തിനും ദൈവത്തിനുമിടയിലുള്ള മറ നീങ്ങുകയും ഹൃദയനേത്രം കൊണ്ട് ദൈവത്തെ ദർശിക്കുകയും ചെയ്യുന്ന അവസ്ഥയിലെത്തുമ്പോഴാണ് ഒരാൾ 'വലി' ആകുന്നത്. വിശുദ്ധ ഖുർആൻ യൂനുസ് സൂറ: 62, 63, 64 വാക്യങ്ങളിൽ ഈ വിഭാഗത്തെപ്പറ്റി പരാമർശമുണ്ട്.

31. അബുൽ ഹുസൈൻ അൽഖുശൈരി അന്നൈസാബൂരി എന്ന മുസ്‌ലിം ഇബ്നുൽ ഹജ്ജാജ്. ഇദ്ദേഹത്തിന്റെ ഹദീസ് സമാഹാരമായ 'അസ്സ്വഹീഹ്' പ്രസിദ്ധമാണ്. മുസ്‌ലിമിനു പുറമെ ത്വബ്റാനി, തിർമുദി എന്നിവരും ഇപ്പറഞ്ഞ നബിവചനം രേഖപ്പെടുത്തിയിരിക്കുന്നു.

32. ഖുർആനിലെ 'അന്നിസാഅ്' സൂറ 75ാം വാക്യമാണിത്. മക്കയിൽ മർദ്ദിക്കപ്പെട്ടും മോചനം കാത്തും പ്രാർത്ഥിച്ചും കഴിയുകയായിരുന്ന ദുർബ്ബലർക്കുവേണ്ടി പോരാ

ടാൻ മുസ്‌ലിംകളെ ശക്തമായി നിർബന്ധിക്കുന്നതാണ് ഇതിന്റെ പശ്ചാത്തലം. മർദ്ദിതരുടെ മോചനം ഇസ്‌ലാമിന്റെ യുദ്ധലക്ഷ്യങ്ങളിൽ സുപ്രധാനമാണ്.

33. ഖുർആൻ 'അൽബഖറ' സൂറ 216ാം വാക്യമാണിത്. യുദ്ധം മൂലം ആൾനാശം, ശാരീരികമായ ക്ലേശങ്ങൾ, സാമ്പത്തികനഷ്ടം, സുഖവും സ്വൈര്യവും സുരക്ഷിതത്വബോധവും നഷ്ടപ്പെടൽ ഇങ്ങനെ ജീവിതത്തിൽ മനുഷ്യൻ ഹാനികരമായി ഗണിക്കുന്ന പലതും സംഭവിക്കും. അതിനാൽ യുദ്ധം ആർക്കാണെങ്കിലും അരോചകമായിരിക്കുക സ്വാഭാവികമാണ്. എന്നാൽ നബി(സ)യുടെ കീഴിൽ സുശിക്ഷിതരായിരുന്ന മുസ്‌ലിംകൾക്ക് യഥാർത്ഥത്തിൽ അത് അരോചകമായിരുന്നോ? ആയിരുന്നെങ്കിൽ ഒരു ധീര സമൂഹത്തിന് അത് ഭൂഷണമാണോ?

മുസ്‌ലിംകൾ യുദ്ധക്കൊതിയരല്ല. ഭീരുക്കളുമല്ല. ഉദ്ധൃത ഖുർആൻ വാക്യത്തിന്റെ അവതരണ സാഹചര്യത്തിൽ അവർക്ക് രണ്ട് കാര്യം ചിന്തിക്കേണ്ടിയിരുന്നു. ഒന്ന്, നിലവിലുള്ള അവസ്ഥ ഭൗതികമായ സാദ്ധ്യതകൾ മുൻനിറുത്തി വിലയിരുത്തിയാൽ യുദ്ധഫലം മുസ്‌ലിംകൾക്കനുകൂലമാകാനിടയില്ല. ശത്രുവിന്റെ ശക്തിയും സമ്പത്തും ആൾബലവും തങ്ങളുടേതിനേക്കാൾ വളരെയേറെയാണ്. അതിനാൽ സാഹചര്യം ഒന്നുകൂടി അനുകൂലമായിട്ടു മതി യുദ്ധത്തിലേയ്ക്കിറങ്ങൽ. ഇസ്‌ലാം വളർത്തിയ ജീവകാരുണ്യപരമായ മനഃസ്ഥിതി ഒരു യുദ്ധത്തെ പ്രോത്സാഹിപ്പിക്കുന്നതല്ല. ശത്രുക്കളും മനുഷ്യരാണ്. ദൈവത്തിന്റെ സൃഷ്ടികളുമാണ്. അവരെ സ്നേഹസൗഹാർദ്ദങ്ങളോടെയുള്ള സമന്വയത്തിലൂടെ ദൈവത്തിന്റെ യഥാർത്ഥ പാതയോടടുപ്പിക്കാനുള്ള ശ്രമങ്ങൾ തുടരുകയാണ് യുദ്ധത്തിനു പകരം ചെയ്യേണ്ടത്. എന്നാൽ ഈ രണ്ടു ചിന്തയും അസ്ഥാനത്തും കാര്യങ്ങളുടെ യഥാർത്ഥ പര്യവസാനം അറിയാത്തതിന്റെ ഫലവുമാണെന്നാണ് അല്ലാഹു മുസ്‌ലിംകളെ ധരിപ്പിച്ചത്. "അല്ലാഹു അറിയുന്നു നിങ്ങൾ അറിയുന്നില്ല" എന്നതിൽ അതിന്റെ സൂചനയാണുള്ളത്.

മേൽപറഞ്ഞ രണ്ട് ചിന്തയല്ലാതെ ഭീരുത്തമല്ല മുസ്‌ലിംകൾക്ക് യുദ്ധം അരോചകമാവാൻ കാരണം. എങ്കിലും ഏത് ശക്തന്മാരുടെ സമൂഹത്തിലും കുറേ ദുർബ്ബലരുമുണ്ടാവാം. അവരുടെ ദൗർബല്യം ആ സമൂഹത്തെയാകെ ബാധിക്കുകയും ചെയ്യാം. അത്തരക്കാർ നബി(സ)യുടെ സമൂഹത്തിലും ഉണ്ടായിരുന്നിരിക്കാം. അവരുടെ നേരെയുള്ള ആക്ഷേപവും മേൽസൂക്തം ഉൾക്കൊണ്ടിരിക്കാം.

34. 'അത്തൗബ' സൂറ 111ാം വാക്യമാണിത്. അല്ലാഹുവും വിശ്വാസികളും തമ്മിലുള്ള കരാറിനെ ഒരു വ്യാപാരത്തോടുപമിച്ചിരിക്കുകയാണ്. അല്ലാഹു കൊള്ളുന്നവൻ, വിശ്വാസികൾ വിൽക്കുന്നവർ, വിശ്വാസികളുടെ ജീവനും സ്വത്തും ചരക്ക്, സ്വർഗ്ഗം വില, തൗറാത്തും ഇഞ്ചീലും ഖുർആനും വ്യാപാരത്തിനു സാക്ഷികൾ.

35. 'അൽബഖറ' സൂറ: 216ാം വാക്യം. അല്ലാഹുവിന്റെ സംതൃപ്തിയും സാമീപ്യവും ലക്ഷ്യം വെച്ചുകൊണ്ടുള്ള ഏതു ചെലവഴിക്കലും അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള ചെലവഴിക്കലാണ്. ജിഹാദിനു വേണ്ടി പണം ചെലവഴിക്കുന്നതിനുള്ള പ്രോത്സാഹനമായിട്ടാണ് ഗ്രന്ഥകർത്താവ് ഈ വാക്യം ഇവിടെ ഉദ്ധരിച്ചിരിക്കുന്നത്.

36. 'ആലു ഇംറാൻ' 170, 171 വാക്യങ്ങൾ. അല്ലാഹുവിന്റെയടുക്കൽ ജീവിച്ചിരിക്കുന്നവർക്ക് ദുഃഖത്തിനോ ഭയത്തിനോ ഹേതുവില്ല. അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള രക്തസാക്ഷികൾക്കു മരണമില്ലെന്ന് ഈ വാക്യങ്ങൾ വ്യക്തമാക്കുന്നു. അവർ

ആഹാരം കഴിക്കുകയും സന്തോഷിക്കുകയും ഇഹലോകത്തിൽ നിന്നുള്ള വിവരങ്ങൾ അറിയുകയും ചെയ്യുന്നു. ഇഹലോകത്തിൽ നടക്കുന്ന കാര്യങ്ങൾ അറിയുന്നതുകൊണ്ടാണ് അവരുടെ മാർഗ്ഗത്തിൽ ഇവിടെ അവശേഷിച്ചവരെക്കുറിച്ച് അവർക്ക് സന്തോഷിക്കാൻ കഴിയുന്നത്.

37. അബൂഹുറൈറ(റ)യുടെ പേർ അബ്ദുർറഹ്മാൻ. ഹിജ്റയുടെ 19 വർഷം മുമ്പ് ജനിച്ചു. ഹിജ്റ 7ൽ ഖൈബറിൽ വെച്ച് നബി(സ)യുടെ കൂടെ കൂടി അവിടുന്ന് പരലോക പ്രാപ്തരാകുന്നതു വരെ അവിടുത്തെ ആശ്രയിച്ചു ജീവിച്ച അബൂഹുറൈറ(റ)യിൽ നിന്നാണ് മറ്റു സ്വഹാബികളേയ്ക്കാളെല്ലാം ഏറെ ഹദീസുകൾ(5374 എണ്ണം) സമാഹാരങ്ങളിൽ ഉദ്ധരിക്കപ്പെട്ടു കാണുന്നത്. ഇദ്ദേഹം ബഹ്റൈനിയുടെയും മദീനയുടെയും ഗവർണർ പദവിയും മക്കയിൽ ജഡ്ജ് പദവും അലങ്കരിച്ചിട്ടുണ്ട്. ഹിജ്റ 59ൽ അന്തരിച്ചു.

38. ബുഖാരി എന്നറിയപ്പെടുന്ന മുഹമ്മദ് ഇബ്നു ഇസ്മായീൽ (ഹി. 194-256) ഹദീസ് നിവേദകനും ചരിത്രകാരനും കർമശാസ്ത്ര പണ്ഡിതനുമാണ്. ബുഖാറയിൽ ജനിച്ച ഇദ്ദേഹം ഹദീസു തേടി വിവിധ നാടുകളിൽ സഞ്ചരിച്ചു. സമർഖന്ദിലെ ഖർതങ്കിൽ വെച്ചാണ് അന്തരിച്ചത്. സത്യസന്ധമെന്നു തെളിഞ്ഞ ഹദീസുകൾ മാത്രം രേഖപ്പെടുത്തിയ ഗ്രന്ഥത്തിനാണ് 'സ്വഹീഹ്' എന്നു പറയുന്നത്. ബുഖാരിയുടെ 'അൽ ജാമിഉസ്സ്വഹീഹ്', മുസ്‌ലിമിന്റെ 'അസ്സ്വഹീഹ്' എന്നിവയുടെ കൂടെ അബൂദാവൂദിന്റെ 'സുനൻ', തിർമുദിയുടെ 'ജാമിഅ്', നസാഇയുടെ 'സുനൻ', ഇബ്നുമാജയുടെ 'സുനൻ' എന്നീ ഹദീസ് സമാഹാരങ്ങൾ ഉൾപ്പെടുത്തി 'അസ്സ്വിഹാഹുസ്സിത്ത' അഥവാ 'ആറ് സ്വഹീഹുകൾ' എന്നു പറയുന്നു.

39. ജിഹാദ് മതത്തിന്റെയും മനുഷ്യത്വത്തിന്റെയും നിലനിൽപ്പിനെയും വളർച്ചയെയുമാണ് ലക്ഷ്യമാക്കുന്നത്. സത്യം നിലനിൽക്കേണ്ടതിനാണ് അതൊഴിച്ചുകൂടാതായി വരുന്നത്. അതിനാൽ അതാവശ്യമായി വരുന്ന ഘട്ടത്തിൽ സത്യവിശ്വാസത്തിനു (ഈമാൻ) ശേഷം അതിനു തന്നെയാണ് പ്രഥമ സ്ഥാനം. എല്ലാ ആരാധനകളുടെയും അനുഷ്ഠാനങ്ങളുടെയും മൗലികമായ ചൈതന്യം അതിൽ ഒത്തുചേരുന്നുണ്ട്. ദേഹേച്ഛയും ലൗകികമായ ആസക്തിയും വെടിയലും ദേഹവും ധനവും നാടും വീടും മറ്റും ത്യജിച്ച് അല്ലാഹുവിലേക്ക് പ്രയാണം ചെയ്യലുമാണത്.

40. മതത്തിന്റെ താൽപര്യാർത്ഥം നടത്തുന്ന സായുധമായ ഏറ്റുമുട്ടൽ മാത്രമാണ് ഈ വാക്യത്തിൽ ജിഹാദ് കൊണ്ടുള്ള ഉദ്ദേശ്യം. അതുകൊണ്ടാണ് അതിനിവിടെ വിശുദ്ധയുദ്ധമെന്നു പരിഭാഷ നൽകിയത്. അത് ജിഹാദിന്റെ കൃത്യമായ പരിഭാഷയായതുകൊണ്ടല്ല.

41. ഈയർത്ഥത്തിലുള്ള ഒരു വാക്യം ബുഖാരിയുടെ സ്വഹീഹിലുണ്ട്. ചില യുദ്ധങ്ങളിൽ തിരുമേനി(സ) നേരിട്ടു പങ്കെടുക്കാതെ അനുയായികളിൽ യോഗ്യരായ ആരുടെയെങ്കിലും നായകത്വത്തിൽ സൈന്യത്തെ അയയ്ക്കുകയാണ് ചെയ്തിരുന്നത്. അതിന്റെ കാരണമാണ് ഈ വാക്യത്തിൽ വ്യക്തമാക്കിയിരിക്കുന്നത്. സർവ്വോൽകൃഷ്ടമായ പ്രവാചകത്വ പദവി സിദ്ധിച്ച വ്യക്തിയായിട്ടും അവിടുന്ന് രക്തസാക്ഷിത്വ പദവിക്കുവേണ്ടി അഭിലഷിക്കുന്നു.

42. ജിഹാദിനു തുല്യം എന്താണുള്ളത് എന്ന ഒരു ചോദ്യത്തിന്റെ മറുപടിയിൽ അതിനു തുല്യമായ ഒന്ന് നിങ്ങൾക്കു കണ്ടെത്താനാവില്ലെന്ന് മൂന്ന് പ്രാവശ്യം ആവർത്തി

ച്ചതിനു ശേഷമാണ് തിരുദൂതർ(സ) മേൽ കൊടുത്ത പ്രകാരം പറഞ്ഞത്. യുദ്ധത്തിനു പോയി മടങ്ങിയെത്തുന്നതിനിടയിൽ പോരാളി അനുഷ്ഠിക്കുന്ന നമസ്കാരാദി കർമങ്ങളുടെ പ്രതിഫലം വേറെത്തന്നെ അയാൾക്കു ലഭിക്കുമെന്നു കൂടി മനസ്സിലാക്കണം.

43. 'ബുഖാരി'യിലും അഹ്മദി(റ)ന്റെ 'മുസ്നദി'ലും ഈയർത്ഥത്തിലുള്ള വാക്യങ്ങൾ കാണാം. കസ്തൂരിയുടെ മണമുള്ള ചോരയെന്നത് തികച്ചും അതിഭൗതികമായ പ്രയോഗമാകുന്നു. രക്തസാക്ഷിത്വത്തിന്റെ മഹത്വം ആ രക്തത്തെ പവിത്രവും അമൂല്യവും ആക്കുന്നു.

44. അബൂഹംസ അൽ അൻസാരി എന്ന അനസ് ഇബ്നു മാലിക്(റ) ഹിജ്റയ്ക്കു 10 വർഷം മുമ്പ് ജനിച്ചു. ഹിജ്റ മുതൽ പ്രവാചകന്റെ (സ) ജീവിതാവസാനം വരെ അവിടുത്തെ സേവകനായി ജീവിച്ച അനസ്(റ) ധാരാളം ഹദീസുകൾ (1286) നിവേദനം ചെയ്തിട്ടുണ്ട്. ഹദീസ് എഴുതിവെക്കാൻ അദ്ദേഹം തന്റെ മക്കളെ ഉപദേശിച്ചിരുന്നു. 'എഴുതപ്പെടാത്ത അറിവിന് വില കൽപ്പിക്കപ്പെടുകയില്ല' എന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. ഹിജ്റ 93ൽ ബസ്വറയിൽ വെച്ച് അന്തരിച്ചു.

45. ഈ വാക്യം ഇബ്നു മാജ(റ)യുടെ 'സുനനി'ലുണ്ട്. ദൈവമാർഗ്ഗത്തിൽ (ഫീ സബീലില്ലാഹ്) എന്നതിന്റെ വിവക്ഷ ജിഹാദാണ്. ഒരു പ്രഭാതമോ ഒരു പ്രദോഷമോ ജിഹാദിലായിക്കൊണ്ട് ചെലവഴിക്കുന്നതിന്റെ പുണ്യമാണിപ്പറഞ്ഞത്.

46. ഈ വാക്യം ബുഖാരിയുടെ 'സ്വഹീഹി'ൽ കാണാം. രക്തസാക്ഷിത്വത്തിന്റെ മീതെ മനുഷ്യന് ആർജിക്കാൻ കഴിയുന്ന പുണ്യമോ പദവിയോ ഇല്ലെന്ന് ഒരു നബിവചനത്തിൽ വന്നിട്ടുണ്ട്. ഒരാൾ താൻ ഏറ്റവുമധികം വിലമതിക്കുന്ന ജീവൻ തന്റെ ഉന്നതമായ ലക്ഷ്യത്തിനുവേണ്ടി ബലി നൽകുന്നതാണ് രക്തസാക്ഷിത്വം. ഏറ്റവും വിലപ്പെട്ടത് നൽകിയവൻ തന്നെയാവണമല്ലോ ഏറ്റവും പുണ്യവാൻ. ഏതൊരു സമൂഹത്തിനും ജനക്കൂട്ടത്തിനും അവരവരുടെ രക്തസാക്ഷി ഏറ്റവും പ്രിയപ്പെട്ടവനാകുന്നതും ഇതുകൊണ്ടാണ്.

47. ജാബിർ ഇബ്നു അബ്ദില്ലാ ഇബ്നു അംറ് അസ്സുലമി(റ)യോ, ജാബിർ ഇബ്നു അബ്ദില്ലാ അൽ ബജലി(റ)യോ, ജാബിർ ഇബ്നു സമുറ ഇബ്നു ജുനാദ അൽ ആമിരി(റ)യോ ഇവിടെ ഉദ്ദേശ്യമെന്നത് വ്യക്തമല്ല. ബജലി ഉഹ്ദ് യുദ്ധത്തിൽ പങ്കെടുത്തിട്ടില്ല. ആമിരിയിൽ നിന്ന് അധികം ഹദീസുകൾ ഉദ്ധരിക്കപ്പെട്ടിട്ടില്ല. 146 ഹദീസുകളേയുള്ളൂ. ഇദ്ദേഹം 70 വയസ്സു കഴിഞ്ഞ് മദീനയിൽ വെച്ചാണ് മരിച്ചത്. നബി(സ)യുടെ കൂടെ 17 യുദ്ധങ്ങളിൽ ഇദ്ദേഹം പങ്കെടുത്തിട്ടുണ്ട്.

48. ഹിജ്റ മൂന്നാം വർഷം റസൂൽ തിരുമേനി(സ)യും മക്കയിലെ ബഹുദൈവ വാദികളും തമ്മിൽ മദീനയിൽ നിന്നു മൂന്ന് നാഴിക വിട്ട് സ്ഥിതി ചെയ്യുന്ന ഉഹ്ദ് കുന്നിൽ വെച്ചുണ്ടായ യുദ്ധമാണ് ഉഹ്ദ് യുദ്ധം.

49. സഹ്ൽ ഇബ്നു സഅദ് അൽ സാഇദി(റ) എന്ന സ്വഹാബി ഹിജ്റയ്ക്കു ഒമ്പത് വർഷം മുമ്പ് ജനിച്ചു. മരിച്ചത് ഹിജ്റ 91ൽ.

50. ഈ വാക്യം ബുഖാരിയുടെ 'സ്വഹീഹിൽ' കാണാം. അതിർത്തിയിൽ കാവലിരിക്കുന്നവരുടെ ഉത്തരവാദിത്വം വലുതും പ്രതിസന്ധി നിറഞ്ഞതുമായതിനാൽ അതിനു തയ്യാറാകുന്നവരുടെ മഹത്വവും അതിനനുസരണമായി വലുതാണ്.

51. അബൂമൂസാ അൽ അശ്അരി എന്നറിയപ്പെടുന്ന അബ്ദുല്ലാ ഇബ്നുഖൈസ്(റ) പ്രസിദ്ധനായ ഒരു സ്വഹാബിയാണ്. ഹിജ്റ 37ൽ സിഫ്ഫീൻ യുദ്ധത്തിൽ നാലാം ഖലീഫ ഹസ്രത്ത് അലി(റ)യും മുആവിയ്യ(റ)യും തമ്മിൽ ഒത്തുതീർപ്പിലെത്താൻ വേണ്ടിയുണ്ടായ സന്ധി സംഭാഷണത്തിൽ അലി(റ)ക്കു പ്രതിനിധിയായത് ഇദ്ദേഹമാണ്. ഹിജ്റ 44ൽ കൂഫയിൽ വെച്ച് അന്തരിച്ചു.

52. ഈ വാക്യം അബൂദാവൂദിന്റെ 'സുനനി'ലുണ്ട്. ലൗകികമായ പ്രചോദനങ്ങളാൽ യുദ്ധം ചെയ്യുന്നവൻ പ്രത്യക്ഷത്തിൽ ഇസ്ലാമിക സേനയിലാണുള്ളതെങ്കിലും അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള പടയാളിയാവില്ല. പ്രശസ്തി മോഹിച്ച് പൊരുതി മരിച്ചവനെ പരലോകത്തിൽ ഹാജരാക്കിയിട്ട് വിചാരണയ്ക്കു ശേഷം നരകത്തിലേക്കു തള്ളുമെന്ന ഒരു നബിവാക്യം അബൂഹുറൈറ(റ)യിൽ നിന്ന് മുസ്ലിം ഉദ്ധരിച്ചിട്ടുണ്ട്. ഒരാളുടെ ഉദ്ദേശ്യലക്ഷ്യങ്ങളാണ് പരലോകത്ത് അയാളുടെ കർമ്മത്തെയും ത്യാഗത്തെയുമെല്ലാം മൂല്യവത്താക്കുന്നത്.

53. അബൂസഈദുൽ ഖുദ്രി എന്ന സഅദ് ഇബ്നു മാലിക് അൽ ഖസ്റജി(റ) ഹദീസുകൾ ധാരാളം ഹൃദിസ്ഥമാക്കിയിരുന്ന ഒരു പ്രമുഖ സ്വഹാബിയും വലിയ പണ്ഡിതനുമാണ്. 1170 ഹദീസുകളാണ് ഇദ്ദേഹത്തിൽ നിന്നുദ്ധരിക്കപ്പെട്ടിരിക്കുന്നത്. പ്രമുഖ സ്വഹാബിയും ഖുർആൻ വ്യാഖ്യാതാവുമായിരുന്ന അബ്ദുല്ലാ ഇബ്നു അബ്ബാസി(റ)ന്റെ ഒരു മതവിധി (ഫത്വ) ഇദ്ദേഹം തിരുത്തിച്ചിട്ടുണ്ട്. ഹിജ്റ 74ൽ മദീനയിൽ വെച്ച് അന്തരിച്ചു.

54. അല്ലാമാ അലാഉദ്ദീൻ അലി അൽ മുത്തഖി ഇബ്നു ഹുസാമുദ്ദീൻ അൽ ഹിന്ദിയുടെ 'കൻസുൽ ഉമ്മാൽ ഫീ സുനനിൽ അഫ്ആലി വൽ അഖ്വാൽ' എന്ന ഹദീസ് സമാഹാരത്തിൽ ഇവിടെയുദ്ധരിച്ച ഹദീസ് കാണാം. ഹദീസിന്റെ ഒരു ഭാഗമേ ഇവിടെ കൊടുത്തിട്ടുള്ളൂ. ജനങ്ങളിൽ ഉത്തമൻ ആർ? അധമൻ ആർ? എന്നീ ചോദ്യങ്ങളും അവയ്ക്കുള്ള ഉത്തരങ്ങളും ഉൾക്കൊള്ളുന്നതാണ് ഹദീസ്.

55. ഈ വാക്യം ബുഖാരിയുടെ സ്വഹീഹിൽ രേഖപ്പെടുത്തിയിരിക്കുന്നു. 'ഫിർദൗസ്' പറുദീസയുടെ അറബി രൂപമാണ്. ഖുർആൻ 18:107ലും 23:11ലും ഇപ്പദം വന്നിട്ടുണ്ട്.

56. അബൂ അബസ് ഇബ്നു ജബർ(റ) എന്ന പ്രമുഖ സ്വഹാബിയുടെ യഥാർത്ഥ പേര് അബ്ദുറഹ്മാൻ. ഔസ് ഗോത്രക്കാരനാണ്. ബദറുൽപ്പെടെ നബി(സ)യുടെ കാലത്തെ എല്ലാ യുദ്ധങ്ങളിലും പങ്കെടുത്തു. ഇദ്ദേഹമാണ് ഉസ്മാൻ ഇബ്നു അഫ്ഫാന്റെ (റ) ജനാസ നമസ്കാരത്തിനു നേതൃത്വം കൊടുത്തത്. ഹിജ്റ 34ൽ 70ാമത്തെ വയസ്സിൽ അന്തരിച്ചു.

57. ബുഖാരിയിലും നസാഇയുടെ 'സുനനി'ലും ഈയർത്ഥത്തിലുള്ള വാക്യങ്ങളുണ്ട്.

58. ഇവിടെ പറഞ്ഞ സഅദ്, ഇബ്നു മുആദോ(റ) ഇബ്നു ഉബാദ(റ)യോ ഇബ്നു ഉബൈദോ(റ) ഇബ്നു അബീവഖ്ഖാസോ(റ) എന്ന് ഗ്രന്ഥകർത്താവ് വ്യക്തമാക്കിയിട്ടില്ല. ഇസ്ലാമിലെ ആദ്യയുദ്ധം ബദറാണ്. ഈ യുദ്ധത്തിൽ സഅദ് ഇബ്നു മുആദ് സജീവമായി പങ്കെടുത്തിട്ടുണ്ട്. ഇദ്ദേഹം ഖന്ദഖ് യുദ്ധത്തിൽ അമ്പേറ്റ് പരിക്ക് പറ്റിയതിനെത്തുടർന്ന് രക്തസാക്ഷിയായി. മൂന്നാമത്തെയും നാലാമത്തെയും സഅദുമാരും ബദറിൽ പങ്കെടുത്തവരാണ്. സഅദ് ഇബ്നു ഉബാദ ബദറിൽ പങ്കെടുത്തോ എന്ന കാര്യത്തിൽ അഭിപ്രായ വ്യത്യാസമുണ്ട്. എങ്കിലും സഅദ്

ഇബ്നു അബീവഖാസാണ് വലിയ അമ്പെയ്ത്തു വിദഗ്ധൻ എന്നതിനാൽ ഇവിടെ പറഞ്ഞത് അദ്ദേഹമായിരിക്കും. അപ്രകാരം തന്നെ, സഅദിനെ കേട്ട അബൂ ഖൈസും ഏതെന്ന് ഗ്രന്ഥകാരൻ തെളിച്ചു പറഞ്ഞിട്ടില്ല. അബൂഖൈസ് ഇബ്നു സിർമ(റ)യോ, അബൂഖൈസ് ഇബ്നു മുഅല്ല(റ)യോ, അബൂഖൈസ് ജുഹനി(റ)യോ അബൂഖൈസ് ഇബ്നു ഫാരിസോ(റ), അബൂഖൈസ് അൻസാരി(റ)യോ മറ്റേതെങ്കിലും അബൂഖൈസോ?

59. ഈ വിവരണം ബുഖാരിയും മുസ്ലിമും ഉദ്ധരിച്ചിട്ടുണ്ട്.

60. ബുഖാരി ഉദ്ധരിച്ചിട്ടുള്ള ഈ വാക്യത്തിൽ, അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യുന്നതിനുപയോഗിക്കപ്പെടുന്ന വസ്തുക്കളുടെ നിസ്സാരവും മ്ലേച്ഛവുമായ അവശിഷ്ടങ്ങൾ പോലും യോദ്ധാവിന്റെ പുണ്യം വർദ്ധിപ്പിക്കുന്നതിൽ പങ്കുവഹിക്കുന്നതാണ് സൂചിപ്പിക്കുന്നത്.

61. ഇതേ വാക്യം അബൂദാവൂദിന്റെ 'സുനനി'ലുമുണ്ട്. യുദ്ധത്തിന്റെ സാഹചര്യത്തിൽ അതിൽ പങ്കെടുക്കുകയോ പങ്കെടുക്കാനാഗ്രഹിക്കുകയോ കഴിയാതെ വരികയാണെങ്കിൽ അതിൽ ഖേദിക്കുകയോ ചെയ്യാത്ത വ്യക്തി ആദർശ വിശ്വാസങ്ങളിൽ സത്യസന്ധനാണെന്നെങ്ങനെ തെളിയും? ക്ലേശകരമായ പരീക്ഷണം വഴി വേണം കാപട്യവും ആത്മാർത്ഥതയും വേർതിരിച്ചെടുക്കാൻ. "നിങ്ങളിൽ യോദ്ധാക്കളും ക്ഷമാലുക്കളും ആരെന്നറിയുന്നതു വരെ നിങ്ങളെ നാം പരീക്ഷിക്കുമെ"ന്നു ഖുർ ആൻ 31:7ൽ കാണുന്നതിന്റെ അർത്ഥവും ഇതാണ്.

62. ഇവിടെയുദ്ധരിച്ച ഹദീസ് 'കൻസുൽ ഉമ്മാൽ' എന്ന സമാഹാരത്തിൽ കാണാം. വിശ്വാസികളും അവിശ്വാസികളും തമ്മിൽ യുദ്ധത്തിന്റെ അന്തരീക്ഷം നിലനിൽക്കുന്നിടത്ത് വിശ്വാസികളെ സമരോത്സുകരാക്കി രംഗത്തിറക്കാൻ സഹായകമാകേണ്ട ഇത്തരം വാക്യങ്ങൾക്ക് ഏതവസ്ഥയിലും അവിശ്വാസികളെ വധിച്ച് നേരെ അല്ലാഹുവിനെ സമീപിച്ചാൽ സ്വർഗ്ഗത്തിൽ കടത്തിവിടുമെന്നർത്ഥം കൽപ്പിക്കുന്നത് ഇസ്ലാമിനെ അപഹസിക്കലാണ്.

63. അഹ്മദിന്റെ 'മുസ്നദി'ലും 'കൻസുൽ ഉമ്മാലി'ലും ഈ വാക്യം രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ ആദ്യഭാഗം കുതിരപ്പടയാളിയുടെ ജീവിതത്തെ പുകഴ്ത്തുന്നു. അവസാന ഭാഗം സമൂഹത്തിൽ നിന്നുള്ള വിട്ടുനിൽപ്പിനെ പ്രോത്സാഹിപ്പിക്കുന്നതായി പ്രത്യക്ഷത്തിൽ തോന്നാം. എന്നാൽ പ്രവാചകന്മാരും ഭൂരിപക്ഷം സ്വഹാബികളും പണ്ഡിത ശ്രേഷ്ഠരുമൊക്കെ ജനങ്ങളുമായി ചേർന്നും താദാത്മ്യപ്പെട്ടും കഴിഞ്ഞവരാണ്. അല്ലാഹുവിനെയോർത്ത് സത്യത്തിനും സമൂഹത്തിനും വേണ്ടി സ്വശരീരത്തെ വെടിയാൻ വെമ്പുന്നവനാണ് സത്യത്തിന്റെ പടയാളി. രണ്ടാമത്തെ വ്യക്തി സത്യത്തിനുവേണ്ടി ജനങ്ങളെ വെടിയുന്നവനാണ്. രണ്ടു പേരെയും രണ്ടു മേഖലയിലും രണ്ടു സാഹചര്യത്തിലും വെച്ച് കണ്ടുകൊണ്ടുള്ള സമഗ്രമായ ഒരു മനസ്സിലാക്കലിലൂടെയാണ് ഈ വാക്യത്തിന്റെ പൊരുൾ വ്യക്തമാവുക.

64. ജാബിർ ഇബ്നു സമുറ ഇബ്നു ജുനാദ അൽ ആമിരി(റ) സഅദ് ഇബ്നു അബീവഖാസി(റ)ന്റെ സഹോദരീപുത്രനാണ്. പ്രമുഖനായ ഈ സ്വഹാബിയിൽ നിന്ന് 146 ഹദീസുകൾ സ്വഹീഹുകളിൽ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഹിജ്റ 74ൽ 70ാം വയസ്സിൽ കൂഫയിൽ വെച്ച് അന്തരിച്ചു.

65. ഇതൊരു ചരിത്ര യാഥാർത്ഥ്യമാണ്. ഇസ്ലാമിനുവേണ്ടി പൊരുതാൻ എക്കാ

ലത്തും ആളുണ്ടായിരുന്നിട്ടുണ്ട്. ഒരു ചെറിയ സമര സംഘമെങ്കിലും ഇല്ലാതിരുന്ന ഘട്ടമില്ല.

66. ഇറാനിലെ ഇസ്ഫഹാനിൽ ഒരുന്നത കുടുംബത്തിൽ ജനിച്ച സൽമാൻ(റ) പ്രവാചകരു(സ)ടെ ഉറ്റ തോഴരിൽ ഒരാളാണ്. “സൽമാൻ എന്റെ കുടുംബ(അഹ്ലുൽ ബൈത്ത്)മാണെ”ന്നുവരെ അവിടുന്ന് പ്രസ്താവിച്ചിട്ടുണ്ട്. അദ്ധ്യാനശീലനും ധർമ്മിഷ്ഠനുമായിരുന്ന സൽമാൻ വലിയ യുദ്ധതന്ത്രശാലി കൂടിയായിരുന്നു. പ്രമുഖ സ്വഹാബികളായ അബൂഹുറൈറ(റ)യും ഇബ്നു അബ്ബാസും(റ) ഇദ്ദേഹത്തിൽ നിന്നു ഹദീസുകൾ ഉദ്ധരിക്കുകയുണ്ടായി. ഹിജ്റ 35ൽ സൽമാൻ അന്തരിച്ചു.

67. ഈ ഹദീസ് മുസ്ലിം ഉദ്ധരിച്ചിട്ടുള്ളതാണ്. കാവലിരിക്കുന്നവർ മരണപ്പെട്ടാൽ അയാൾക്കു വിഭവം സുനിശ്ചിതമാണെന്നു പറഞ്ഞതിന്നർത്ഥം അല്ലാഹുവിന്റെയടുക്കൽ ഭക്ഷണം കിട്ടി ജീവിക്കുന്ന രക്തസാക്ഷിയാണ് അയാളെന്നാണ്. ഖബറിലോ മറ്റോ ഒരു വിഷമവും അയാൾക്കുണ്ടാവില്ലെന്നാണ് ഒടുവിലെ വാചകത്തിന്റെ പൊരുൾ.

68. ഉഖ്ബത്ത് ഇബ്നു ആമിർ(റ) ഖസ്റജ് ഗോത്രക്കാരനായ പ്രസിദ്ധ സ്വഹാബിയാണ്. ഈജിപ്തിൽ ഗവർണറായിരുന്ന ഇദ്ദേഹത്തിന്റെ ഖബർ കയ്റോയ്ക്കടുത്ത അൽമുവത്തം കുന്നിലാണ്.

69. ഇവിടെയുദ്ധരിച്ച രണ്ടു ഹദീസുകളും മുസ്ലിമിലും കൻസുൽ ഉമ്മാലിലുമുണ്ട്. ‘നിങ്ങൾ ശത്രുക്കൾക്കെതിരിൽ കഴിവിൻ പടി ശക്തി സജ്ജീകരണങ്ങൾ ചെയ്യുക’ എന്ന ‘അൽ അൻഫാൽ’ 60ാം വാക്യം ഓതിയ ശേഷം അതിന്റെ വിശദീകരണമായാണ് ആദ്യ ഹദീസിൽ അസ്ത്ര വിദ്യയുടെ പ്രാധാന്യം എടുത്തു പറഞ്ഞിരിക്കുന്നത്. അസ്ത്ര വിദ്യയെയും കായിക പരിശീലനത്തെയും കുതിരയോട്ടത്തെയും തിരുദൂതർ (സ) അങ്ങേയറ്റം പ്രോത്സാഹിപ്പിച്ചിരുന്നു. “കേവല വിനോദത്തിനുള്ളതെല്ലാം നിരർത്ഥകമാണ്. അമ്പെയ്ത്തും കുതിരയോട്ട പരിശീലനവും ഭാര്യാഭർത്തൃ ക്രീഡയും അർത്ഥമുള്ളതാണ്” എന്ന് അവിടുന്ന് പറഞ്ഞിട്ടുണ്ട്. അസ്ത്ര വിദ്യയും ആയുധ പരിശീലനവും മുസ്ലിംകൾക്ക് സാമൂഹികമായ ബാദ്ധ്യത (ഫർസ് കിഫായ)യായിട്ടാണ് ഇസ്ലാം നിശ്ചയിച്ചിരിക്കുന്നത്. പക്ഷേ, ഏതൊരു പഠിപ്പും പരിശീലനവും ദൈവികമായ നിബന്ധനകൾ പാലിച്ചുകൊണ്ട് സൂക്ഷ്മതയോടു കൂടിയേ പ്രയോഗിക്കാവൂ എന്ന ഇസ്ലാമിന്റെ പാഠം മുഖ്യമാണ്. ‘ദൈവിക മാർഗം’ എന്ന പരമപ്രധാനമായ നിബന്ധനയിൽ ഇതെല്ലാം അടങ്ങിയിട്ടുണ്ട്. വ്യക്തിപരമായ വൈരാഗ്യത്തിന്റെയോ സ്വാർത്ഥ താൽപര്യങ്ങളുടെയോ അരാജകത്വത്തിന്റെയോ മാർഗ്ഗം ദൈവികമല്ലെന്നു നിശ്ചയം. മാനവികതയുടെയും സാമൂഹികമായ സുരക്ഷയുടെയും മാർഗ്ഗം ദൈവിക മാർഗ്ഗമാണ്.

70. ഉഖ്ബത്ത് ഇബ്നു അംറ് അൽ ബദ്രി (റ) എന്ന സ്വഹാബിയാണ് അബൂമസ്ഊദ് അൽ അൻസാരി എന്നറിയപ്പെടുന്നത്. ഇദ്ദേഹത്തിന്റെ മരണവർഷം ഏതെന്ന് കൃത്യമായറിയില്ല. ചരിത്രകാരന്മാർക്കിടയിൽ അക്കാര്യത്തിൽ അഭിപ്രായൈക്യമില്ല.

71. ഈ ഹദീസ് ദാരിമിയുടെ ‘സുനനി’ൽ കാണാം. ഹിജ്റ വർഷം 255ൽ അന്തരിച്ച ഹദീസ്പണ്ഡിതനായ ദാരിമിയുടെ മുഴുവൻ പേര് അബ്ദുല്ലാ അബൂമുഹമ്മദ് അത്തമീമി. സമർഖന്ദിലാണ് ജനനം. തിർമുദിയും അബൂദാവൂദും നസാഇയും ഇദ്ദേഹ

ത്തിന്റെ ശിഷ്യരാണ്. ഇദ്ദേഹത്തിന്റെ 'അൽ മുസ്നദ്' ആണ് 'സുനനുദ്ദാരിമി' എന്ന റിയപ്പെടുന്നത്. അല്ലാഹുവിന്റെ മാർഗ്ഗത്തിലുള്ള യുദ്ധത്തിനുവേണ്ടി ഒരാൾ ചെല വഴിക്കുന്ന എന്തിനും എഴുനൂറിരട്ടി പ്രതിഫലമാണ് പരലോകത്ത് ലഭിക്കുകയെ ന്നാണ് ഹദീസിന്റെ സാരം.

72. മക്കയിൽ ഇസ്‌ലാം മതം സ്വീകരിച്ചവരിൽ ആറാമനാണ് അബ്ദുല്ലാ ഇബ്നു മസ് ഊദ് അൽ ഹുദലി(റ). മാതാവിന്റെ പേർ ഉമ്മു അബ്ദ്. ആദ്യം ഖുർആൻ ഉച്ചത്തിൽ പാരായണം ചെയ്ത വ്യക്തി അബ്ദുല്ലയാണ്. ഇതിന്റെ പേരിൽ മക്കയിൽ ബഹു ദൈവവാദികൾ അദ്ദേഹത്തെ അടിച്ചു ചോരയൊലിപ്പിച്ചു. ഉത്ബത്ത് ഇബ്നു അബീ മുഐത്തിന്റെ ആട്ടിടയനായിരുന്ന ഇബ്നു മസ്ഊദ് ഇസ്‌ലാമിൽ വന്നതി നെത്തുടർന്ന് ഖുർആൻ പാരായണ കലയുടെ ആചാര്യനായി. എത്യോപ്യയി ലേക്കും മദീനയിലേക്കും പലായനം ചെയ്ത ഇദ്ദേഹമാണ് ഇസ്‌ലാമിന്റെയും പ്രവാ ചകരു(സ)ടെയും ഒന്നാം ശത്രുവായിരുന്ന അബൂജഹലിനെ ബദ്റിൽ വധിച്ചത്. പ്രവാചകരെ(സ) ജീവിതാന്ത്യം വരെ സേവിച്ച ഇബ്നു മസ്ഊദ്(റ) ഹസ്രത്ത് ഉമറി(റ)ന്റെ കാലത്ത് കൂഫയുടെ ഗവർണറായി. ഹിജ്റ 30ലോ 32ലോ ആണ് ഇഹലോകവാസം വെടിഞ്ഞത്- ഏതാണ്ട് 60നോടടുത്ത പ്രായത്തിൽ.

73. മസ്റൂഖ് ഇബ്നു അജ്ദഅ് (അബൂ ആയിശ) ഇസ്‌ലാമിൽ വന്നപ്പോൾ അബ്ദുറ ഹ്മാൻ എന്ന നാമം സ്വീകരിച്ചു. ഇദ്ദേഹം യമൻകാരനാണ്. നബി(സ)യുടെ കാലത്ത് ജീവിച്ചെങ്കിലും അബൂബക്കറി(റ)ന്റെ കാലത്താണ് (?) ഇസ്‌ലാമിൽ പ്രവേശിച്ച ത്. അതിനാൽ സ്വഹാബിയല്ല. മരണം ഹിജ്റ 63ൽ.

74. ഈ വിവരണം ഇബ്നുമാജയുടെയും ദാരിമിയുടെയും 'മുസ്നദു'കളിൽ കാണാം. ദൈവിക സിംഹാസനത്തോളം ഉയർന്നുചെല്ലുന്ന രക്തസാക്ഷികളുടെ മഹിതാ വസ്ഥ ഇവിടെ വർണ്ണിച്ചിരിക്കുന്നു. അല്ലാഹു പ്രത്യക്ഷപ്പെടുന്നതും അപ്രത്യക്ഷ നാകുന്നതും അതീന്ദ്രിയമായ അനുഭൂതിയാകുന്നു. ജഡികമായ കാഴ്ചയാവണമെ ന്നില്ല. അഭൗതികമായ ലോകത്തുവെച്ചുണ്ടാകുന്ന അനുഭവമാണല്ലോ വിവരിക്കു ന്നത്.

75. പ്രസിദ്ധ അറബി പടത്തലവനും സ്വഹാബിയുമായിരുന്ന അംറ് ഇബ്നുൽ ആസി(റ)ന്റെ പുത്രനായ അബ്ദുല്ല(റ)യുടെ മാതാവിന്റെ പേർ റബ്ത്ത. ഹിജ്റയ്ക്കു 27 വർഷം മുമ്പ് ജനിച്ച ഇദ്ദേഹം പിതാവിന്റെ മുമ്പ് ഇസ്‌ലാം സ്വീക രിക്കുകയുണ്ടായി. ഹീബ്രുഭാഷയിൽ നല്ല പാണ്ഡിത്യമുണ്ടായിരുന്നു അബ്ദുല്ല യ്ക്ക്. 'അസ്സ്വഹീഫ അസ്സ്വദീഖ' എന്ന പേരിൽ ഇദ്ദേഹത്തിന്റേതായി ഒരു ഗ്രന്ഥമു ണ്ട്. ഹസ്രത്ത് ഉമറി(റ)ന്റെ നിയമ വിധികൾ(ഫത്‌വകൾ) ഇദ്ദേഹം ക്രോഡീകരി ച്ചിരുന്നു. അന്തരിച്ചത് ഈജിപ്തിലോ ത്വാഇഫിലോ മക്കയിലോ വെച്ചാണ്. കാലം ഹിജ്റ 63ഓ 65ഓ എന്നതിലും അഭിപ്രായവ്യത്യാസമുണ്ട്.

76. അഹ്മദിന്റെ 'മുസ്നദി'ൽ ഈ വാക്യം കാണാം. കടം മനുഷ്യർ തമ്മിലുള്ള ബാദ്ധ്യ തയായതുകൊണ്ട് അതിൽ നിന്ന് അധർമണ്ണനു വിമുക്തി നൽകാനുള്ള അവകാശം ഉത്തമർണ്ണനിൽ നിക്ഷിപ്തമാണ്.

77. ഖുർആൻ 'ആലു ഇംറാൻ' സൂറ 133ൽ സ്വർഗ്ഗം ആകാശഭൂമികളോളം വിസ്തൃത മാണെന്നുണ്ട്. പ്രപഞ്ചത്തോളം വിസ്തൃതമെന്നർത്ഥം. സ്വർഗ്ഗത്തിന്റെ വിശാലത യെക്കുറിക്കുന്നതാണീ പ്രസ്താവം. വിശാലത ആശ്വാസവും സുഖവുമാണ്.

ഇടുക്കം പ്രയാസവും ബുദ്ധിമുട്ടുമാണ്. ഈയർത്ഥത്തിലല്ല മേൽ വാചകം മനസ്സി ലാക്കുന്നതെങ്കിൽ, സ്വർഗ്ഗം പ്രപഞ്ചത്തോളം വിസ്തൃതമാണെങ്കിൽ നരകമെവിടെ എന്ന ചോദ്യം പ്രസക്തമാകും.

78. ഈ വിവരണം നസാഇയുടെ 'സുനനി'ലുണ്ട്. 'ഇവരെന്നെ കൊല്ലാൻ വൈകുന്ന താണ് എനിക്ക് സ്വർഗ്ഗത്തിലെത്തുന്നതിനുള്ള തടസ്സം' എന്നും ഉമൈർ(റ) പറഞ്ഞ തായി ചരിത്രത്തിൽ കാണാം. ഉമൈർ ഇബ്നു ഹുമാം ഇബ്നുൽ ജമൂഹ് ഇബ്നു ഹറാം ആണ് ഇത്. അൻസാരികളിൽ നിന്ന് ആദ്യം കൊല്ലപ്പെട്ടത് ഇദ്ദേഹമാണ ത്രെ. ഇദ്ദേഹത്തിനു പിൻമുറയില്ല.

79. ഫുളാല ഇബ്നു ഉബൈദ്(റ) പ്രമുഖ സ്വഹാബിയും ഖുർആൻ പാരായണ കല യിൽ വിദഗ്ധനുമായിരുന്നു.

80. അബൂ ഉമാമ സുദാഅ് ഇബ്നു അജലാൻ (റ) ഹിജ്റയ്ക്ക് 10 വർഷം മുമ്പ് ജനി ച്ചു. പ്രമുഖനായ സ്വഹാബിയും യോദ്ധാവുമായിരുന്ന ഇദ്ദേഹം സ്വിഫ്ഫീൻ യുദ്ധ ത്തിൽ അലി(റ)യുടെ കൂടെ നിന്നു പൊരുതി. ഹിജ്റ 81ലോ 91ലോ ആയിരുന്നു മരണം.

81. യുദ്ധം ഇസ്ലാമിക സമൂഹത്തിന്റെ ജീവൽപ്രശ്നമായിത്തീരുന്ന ഘട്ടത്തിൽ അതിൽ ഒരു വിധത്തിലും പങ്കുവഹിക്കാതെ സുഖലോലുപതയോ സ്വാർത്ഥതയോ വലുതായി ഗണിച്ച് മാറിനിൽക്കുന്ന വ്യക്തി ഇഹത്തിൽ വെച്ചുതന്നെ ദൈവ കോപം അർഹിക്കുന്നുവെന്നാണ് ഈ വചനം പഠിപ്പിക്കുന്നത്.

82. ഖൈബർ യുദ്ധം നടന്ന വർഷത്തിലാണ് ഇമ്രാൻ ഇബ്നു ഹുസൈൻ അബൂന ജീദ് അൽഖുസാഇ(റ) മുസ്ലിമായത്. ബസ്വറാ നിവാസികളെ മതനിയമങ്ങൾ പഠിപ്പിക്കാൻ ഹസ്രത്ത് ഉമർ(റ) ഇദ്ദേഹത്തെയാണ് അയച്ചത്. ബസ്വറയിൽ ഇദ്ദേഹം ന്യായാധിപനായി. രാഷ്ട്രീയത്തിൽ കലഹിക്കുന്നതിനേക്കാൾ മലയിൽ പോയി ആടുകളെ മേയ്ച്ച് ആരാധനാനിരതമായ ജീവിതം നയിക്കുന്നതാണ് നല്ല തെന്ന അഭിപ്രായക്കാരനായി ഒടുവിൽ ഇമ്രാൻ. ഹസ്രത്ത് അലി(റ)യും മുആവി യ(റ)യും തമ്മിലുണ്ടായ സംഘർഷത്തിൽ ഇദ്ദേഹം ഒരു പക്ഷത്തും ചേരാതെ മാറിനിൽക്കുകയാണ് ചെയ്തത്. ഹിജ്റ 52ൽ ബസ്വറയിൽ വെച്ചായിരുന്നു അന്ത്യം.

83. ഈയുദ്ധരിച്ച ഹദീസ് അബൂദാവൂദിന്റെ 'സുനനി'ൽ കാണാം. ദജ്ജാൽ ഒരു വൻ ദുശ്ശക്തിയാണ്. ഹസ്രത്ത് ഈസാ (അ) ഈ ദുശ്ശക്തിയുടെ അന്തകനായി അവ സാന കാലത്ത് പ്രത്യക്ഷപ്പെടുമെന്നാണ് മുസ്ലിംകളുടെ പൊതുവായ വിശ്വാസം. ഈ ദുർമൂർത്തിയെ ലക്ഷണ സഹിതം പ്രതിപാദിക്കുന്ന നബിവചനങ്ങളുണ്ട്.

84. പ്രവാചകരു(സ)ടെ പിതൃവ്യനായ അബ്ബാസി(റ)ന്റെ പുത്രൻ അബ്ദുല്ല(റ) ഹിജ്റ യുടെ മൂന്ന് വർഷംമുമ്പ് ജനിച്ചു. ജിജ്ഞാസുവും കുശാഗ്ര ബുദ്ധിയുമായിരുന്ന അബ്ദുല്ല(റ) അത്യുഷ്ണവും അതിശൈത്യവും വകവെക്കാതെ വിജ്ഞാനത്തി നുവേണ്ടി തന്നേയ്ക്കാൾ പ്രായം കൂടുതലുള്ള സ്വഹാബികളുടെ വാതിൽക്കൽ എത്തുമായിരുന്നു. ഇദ്ദേഹം വിശുദ്ധ ഖുർആന് വ്യാഖ്യാനം നൽകിയിട്ടുണ്ട്. എല്ലാ വിഷയങ്ങളിലും നല്ല പ്രാവീണ്യമുണ്ടായിരുന്ന ഇബ്നു അബ്ബാസിന്റെയടുക്കൽ ഹജ്ജ് വേളകളിൽ പലേടങ്ങളിൽ നിന്നെത്തുന്ന ആളുകൾ അറിവിനുവേണ്ടി സമ്മേ ളിക്കാറുണ്ടായിരുന്നു. സ്വിഫ്ഫീൻ യുദ്ധത്തിൽ ഇദ്ദേഹം അലി(റ)യുടെ കൂടെ

യായിരുന്നു. അലി(റ)യുടെ നിയമ വിധികൾ(ഫത്വകൾ) സമാഹരിച്ചതിന്റെ ഒരു കോപ്പി ഇദ്ദേഹം ശിഷ്യന്മാർക്കു പകർത്താൻ കൊടുക്കുകയുണ്ടായി. ഇദ്ദേഹത്തിൽ നിന്ന് 2660 ഹദീസുകൾ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ഹി. 68ൽ അന്തരിച്ചു.

85. ഈ വചനം 'നൈലുൽ ഔത്താർ' ഏഴാം ഭാഗത്തിലുണ്ട്.

86. ഹാക്കിമിന്റെ 'അൽ മുസ്തദ്റകി'ൽ ഈയർത്ഥത്തിലുള്ള ഒരു വചനം ഉദ്ധരിച്ചിട്ടുണ്ട്. സാമൂഹിക ജീവിതത്തിലാണ് തിന്മക്കെതിരിലുള്ള സമരത്തിന് അവസരമുള്ളത്. ഒറ്റപ്പെട്ട ജീവിതത്തിൽ വ്യക്തിപരമായ ഉൽക്കർഷത്തിന് പറ്റിയ സന്ദർഭമുണ്ട്. സാമൂഹികമായ കടപ്പാടുകളിലൂടെ പുരോഗമിക്കുന്നതിനുള്ള സന്ദർഭം അവിടെ നഷ്ടപ്പെടുകയാണ്.

87. രക്തസാക്ഷിത്വത്തെ സാമോദം പുൽകുന്ന വ്യക്തിക്ക് സ്വർഗ്ഗീയാനുഭവങ്ങളെക്കുറിച്ചുള്ള സ്വപ്നത്തിന്റെ ഉന്മാദത്തിൽ മരണവേദന ലഘുവാകുന്നു.

88. ഹറാം ഇബ്നു ഹാക്കിം ഇബ്നു ഖാലിദ് ഇബ്നു സഅദ് ഇബ്നുൽ ഹക്കം എന്ന അൻസാരി സ്വഹാബിയായിരിക്കാം ഇത്.

89. ഈ വാക്യം 'മുസ്തദ്റക്കുസ്സ്വഹീഹൈനി'യിൽ കാണാം.

90. പ്രവാചകരു(സ)ടെ പിതൃവ്യൻ അബൂത്വാലിബിന്റെ പുത്രനും അവിടുത്തെ പുത്രി ഹസ്രത്ത് ഫാത്തിമാ സഹ്റാ(റ)യുടെ ഭർത്താവുമായ ഹസ്രത്ത് അലി(റ) ഹിജ്റയുടെ 23 വർഷം മുമ്പ് മക്കയിൽ ജനിച്ചു. മാതാവിന്റെ പേർ ഫാത്തിമാ ബിൻതു അസദ്. പ്രവാചകരുടെ(സ) സംരക്ഷണത്തിൽ വളർന്ന അലി(റ) ബാല്യത്തിലേ ഇസ്ലാം സ്വീകരിച്ചു. തനിക്കു ലഭിക്കുന്ന ദൈവിക വെളിപാടുകൾ എഴുതിവയ്ക്കാൻ പ്രവാചകർ(സ) നിയമിച്ച ഒരു വ്യക്തി അലി(റ) ആയിരുന്നു. ശൗര്യത്തിലും ബുദ്ധി സാമർത്ഥ്യത്തിലും വാഗ് വൈഭവത്തിലും പാണ്ഡിത്യത്തിലും കിടയറ്റ അലി(റ) നാലാം ഖലീഫയായിട്ടാണ് ചരിത്രത്തിൽ അറിയപ്പെടുന്നത്. ഹിജ്റ 40ൽ റമസാൻ 19ന് കൂഫയിലെ പള്ളിയിൽ സുബ്ഹ് നമസ്കാരത്തിന് നേതൃത്വം നൽകിക്കൊണ്ടിരിക്കെ അബ്ദുർറഹ്മാൻ ഇബ്നു മുൽജിം മുറാദി എന്ന 'ഖാരിജി'യുടെ വെട്ടേറ്റ അലി(റ) റംസാൻ 21ന് രക്ത്സാക്ഷിയായി. അന്നേരം അദ്ദേഹം പറഞ്ഞ വാക്ക് ചരിത്രത്തിൽ പ്രസിദ്ധമാണ്. "കഅബയുടെ നാഥനാണ് സത്യം, ഞാൻ വിജയിച്ചു." 'നഹ്ജുൽ ബലാഗ' എന്ന ഉൽകൃഷ്ടമായ ഗ്രന്ഥം ഇദ്ദേഹത്തിന്റെ വാക്കും എഴുത്തും ക്രോഡീകരിച്ചതാണ്. 536 ഹദീസുകൾ അലി(റ)യിൽ നിന്ന് സ്വഹീഹുകളിൽ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്.

91. അബൂദ്ദർദാഅ് എന്നറിയപ്പെടുന്ന ഉവൈമിർ(റ) ഖസ്റജ് ഗോത്രക്കാരനായ സ്വഹാബിയാണ്. പിതാവ് മാലിക്ക്. മാതാവ് മഹബ്ബ. ഖുർആൻപണ്ഡിതനും ഹദീസ് നിവേദകനുമായിരുന്ന ഇദ്ദേഹം ഹസ്രത്ത് ഉസ്മാന്റെ(റ) ഭരണത്തിൽ, സിറിയയുടെ തലസ്ഥാനമായ ഡമാസ്കസിൽ ഇമാമും ന്യായാധിപനുമായിരുന്നിട്ടുണ്ട്. ഹി. 32ലോ 33ലോ ആണ് മരണപ്പെട്ടത്.

92. രണ്ടാം ഖലീഫ ഉമർ ഇബ്നു ഖത്താബി (റ)ന്റെ പുത്രൻ അബ്ദുല്ല(റ) ഹിജ്റയ്ക്കു 10 വർഷം മുമ്പ് ജനിച്ചു. മാതാവ് സൈനബ്. പരമ ഭക്തനായിരുന്ന ഈ സ്വഹാബി നബി(സ)യിൽ നിന്ന് 2630 ഹദീസുകൾ ഉദ്ധരിച്ചിട്ടുണ്ട്. പ്രവാചകരു(സ)ടെ വാക്കുകൾക്ക് അർത്ഥഭേദം വരുത്താത്ത വ്യത്യാസം പോലും കൂടാതെ അപ്പടി ഉദ്ധരി

ക്കുന്നതിൽ വലിയ ശ്രദ്ധയായിരുന്നു ഇബ്നു ഉമറി(റ)ന്. പ്രതിസന്ധി ഘട്ടങ്ങളിൽ ഇദ്ദേഹം രാഷ്ട്രീയത്തിൽ ഇടപെടാതെ മാറിനിന്നു.എങ്കിലും ഒരിക്കൽ ആയിരക്കണക്കിന് ആളുകളുടെ മുമ്പിൽ വെച്ച് ഉമയ്യിദ് ഭരണാധികാരി ഹജ്ജാജിനെ ഇദ്ദേഹം ശാസിക്കുകയുണ്ടായി. ഹിജ്റ 73ൽ മക്കയിലായിരുന്നു ഇദ്ദേഹത്തിന്റെ മരണം. ഹജ്ജാജിന്റെ കൽപ്പന പ്രകാരം ഒരാൾ ജനത്തിരക്കിൽ കാലിൽ വിഷം പുരട്ടിയ കുന്തമുന വെച്ചതാണ് ഇബ്നു ഉമറി(റ)ന്റെ മരണ കാരണമെന്ന് പറയപ്പെടുന്നു.

93. ഇബ്നു മാജയുടെയും നസാഇയുടെയും 'സുനനു'കളിൽ ഈ വാക്യം രേഖപ്പെടുത്തീട്ടുണ്ട്. പ്രവാചകർ (സ) ഓതിയതായി ഇതിൽ ഉദ്ധരിച്ചിരിക്കുന്നത് ഖുർആനിലെ അൽബഖറ സൂറ 261ാം വാക്യമാണ്.

94. ഇതുപോലൊരു ഹദീസ് അബൂദാവൂദിന്റെ 'സുനനി'ൽ കാണാം. ആലു ഇമ്രാൻ സൂറ 169ാണ് ഇതിൽ പറഞ്ഞിരിക്കുന്ന ഖുർആൻ വാക്യം.

95. ഈ വാക്യം ബുഖാരിയിലും കാണാം. വാൾ ആയുധത്തിന്റെ പ്രതീകമായിട്ടാണിവിടെ എടുക്കേണ്ടത്. കാലാകാലങ്ങളിൽ ഉപയോഗിക്കപ്പെടുന്ന ആയുധങ്ങളാണ് വിവക്ഷിതം. ആയുധം അക്രമത്തിനും അക്രമം തടയുന്നതിനും ഉപയോഗിക്കും. ആയുധം കൂടാതെയുള്ള ചെറുത്തുനിൽപ്പും പ്രതിരോധവും ഫലപ്പെടാത്തിടത്ത് ആയുധം കൂടിയേ തീരൂ. ആയുധമെടുക്കേണ്ടിടത്ത് അതെടുക്കാതിരിക്കുകയോ ആയുധം കണ്ട് ഭയന്നോടുകയോ ചെയ്യുന്ന ഭീരുക്കൾക്ക് എങ്ങനെ സ്വർഗ്ഗത്തിൽ പ്രവേശിക്കാനാകും?

96. ഹാക്കിം എന്നറിയപ്പെടുന്ന മുഹമ്മദ് ഇബ്നു മുഹമ്മദ് ഇബ്നു അഹ്മദ് ഇബ്നു ഇസ്ഹാഖ് ഇറാനിലെ ഖുറാസാൻ പ്രവിശ്യയുടെ തലസ്ഥാനമായ നീസാപൂരിൽ ഹി. 290ൽ ജനിച്ചു. ഇദ്ദേഹം വിജ്ഞാനസാഗരം(ബഹ്റുൽ ഉലൂം) എന്ന പേരിൽ പ്രസിദ്ധനാണ്. ഇദ്ദേഹത്തിന്റെ 'അൽ മുസ്തദ്റക്ക്' ധാരാളം ഹദീസുകളുള്ള ഒരു സമാഹാരമാണ്. ഹി. 378ൽ നിര്യാതനായി.

97. ത്വബ്റാനി എന്നറിയപ്പെടുന്ന സുലൈമാൻ ഇബ്നു അഹ്മദ് ഇബ്നു അയ്യൂബ് അബുൽ ഖാസിം അല്ലഖ്മി ഹി. 260ൽ ഫലസ്തീനിലെ അക്കയിൽ ജനിച്ചു. 'ദലാ യിലുന്നുബുവ്വ', 'കിത്താബുൽ അവായിൽ', 'മുഖ്തസറു മകാരിമുൽ അഖ്ലാഖ്', 'അൽ ഔസത്ത്' എന്നീ ഗ്രന്ഥങ്ങൾ പ്രസിദ്ധങ്ങളാണ്. മരണം ഹി. 360ൽ.

98. ഇത് വായില ഇബ്നു മാസിൻ സഅ്സഅ (റ)യോ വായില ഇബ്നു അംറ് ഇബ്നു ശൈബാൻ അൽ ഫിഹ്രി(റ)യോ വായില ഇബ്നു ത്വംസാൻ ഇബ്നു ഔദോ(റ) ആവാം. ആരെന്ന് ഗ്രന്ഥകർത്താവ് വ്യക്തമാക്കിയിട്ടില്ല.

99. 'കൻസുൽ ഉമ്മാലി'ലും നസാഇയുടെയും ഇബ്നു മാജയുടെയും 'സുനനു'കളിലും ഈ വചനം കാണാം. കരയിൽ യുദ്ധം ചെയ്യുന്നതിനേക്കാൾ പ്രയാസം നിറഞ്ഞതും ധീരത ആവശ്യമുള്ളതുമാണ് കടലിൽ യുദ്ധം ചെയ്യുന്നത്. പ്രവാചകരു(സ)ടെ കൂടെ നിന്ന് യുദ്ധം ചെയ്യാൻ അവസരം കിട്ടിയവന് ലഭിക്കുന്ന പുണ്യം അവിടുത്തെ അസാന്നിധ്യത്തിൽ കടലിൽ യുദ്ധം ചെയ്യുന്നവന് ലഭിക്കും. ഇതാണീ വാക്യത്തിന്റെ അർത്ഥം. കരയിലെ രണ്ടു രക്തസാക്ഷിക്കു തുല്യനാണ് കടലിലെ ഒരു രക്തസാക്ഷിയെന്നും കടലിൽ രക്തസാക്ഷിത്വം വരിച്ചവന് കടം പോലും പൊറുത്തുകിട്ടുമെന്നും വേറെ നബിവാക്യങ്ങളിൽ വന്നിട്ടുണ്ട്.

100. ദൈലം ഇറാനിലെ ജീലാൻ പ്രദേശങ്ങളിൽപ്പെട്ട പർവ്വത ഭാഗമാണ്. ഹദീസ് പണ്ഡിതനായ അഹ്മദ് ഇബ്നു ശീറവയ്ഹി ഇബ്നു ശഹർദാർ ഇബ്നു ശീറവയ്ഹി അബൂമുസ്‌ലിം ഹമദാനി എന്ന ദൈലമി ഈ പ്രദേശത്തിന്റെ പേരിലാണ് അറിയപ്പെടുന്നത്. ഹി. 625ലാണ് ഇദ്ദേഹത്തിന്റെ മരണം.

101. തൃശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിലുള്ള കൊടുങ്ങല്ലൂർ പട്ടണം മുചിര, മുസിരിസ്, മഹോദയപുരം എന്നീ പേരുകളിൽ വിളിക്കപ്പെട്ടിരുന്നു. മൂലത്തിൽ എഴുതിയിരിക്കുന്നത് കൊടുങ്ങല്ലൂർ എന്നു തന്നെ. ജൂതരും ക്രൈസ്തവരും കൊടുങ്ങല്ലൂരിൽ വന്നത് ഒരു സംഭവമല്ല, വ്യത്യസ്ത കാലഘട്ടങ്ങളിൽ നടന്ന രണ്ടു സംഭവങ്ങൾ ഗ്രന്ഥകർത്താവ് ഒരുമിച്ചു പ്രതിപാദിച്ചിരിക്കയാണ്. ജെറൂസലേമിന്റെ പതനത്തെത്തുടർന്ന് ഏതാനും ജൂത അഭയാർഥികൾ ജോസഫ് റബ്ബാന്റെ നേതൃത്വത്തിൽ കേരളത്തിൽ എത്തിയതും അവർക്കിവിടെ ഇടം കിട്ടിയതും ചരിത്രത്തിലുണ്ട്. എന്നാൽ ജൂതർ ആദ്യമായി ഇങ്ങോട്ടു വന്നു പാർത്തത് എന്നെന്നോ എവിടെ നിന്നെന്നോ ഉള്ളതിൽ ചരിത്രകാരന്മാർ പല അഭിപ്രായക്കാരാണ്. ചിലർ സുലൈമാൻ നബി(അ)യുടെ കാലത്താണെന്നു പറയുന്നു. ക്രൈസ്തവർ ആദ്യമായി കേരളത്തിലെത്തിയത് ക്രി.വ. 52ലാണെന്ന് തെളിയിക്കുന്ന രേഖകളുണ്ട്. യേശുവിന്റെ ശിഷ്യനായ സെയിന്റ് തോമസ് പ്രസ്തുത വർഷത്തിൽ ഒരു കച്ചവടക്കപ്പലിൽ കൊടുങ്ങല്ലൂരിൽ വന്നിറങ്ങി ഇന്ത്യയിൽ ഒന്നാമതായി ക്രിസ്തുമതം പ്രചരിപ്പിച്ചു തുടങ്ങിയെന്നാണ് ചരിത്രം. എങ്കിലും സെയിന്റ് തോമായുടെ കാലവും മറ്റും അഭിപ്രായാന്തരങ്ങൾക്കതീതമല്ല. പള്ളി ബാണപ്പെരുമാൾ സെയിന്റ് തോമസിന് മതപ്രചരണത്തിനും പള്ളി നിർമ്മാണത്തിനും അനുമതി നൽകിയത്രെ.

102. സമുദ്രനിരപ്പിൽ നിന്ന് 7260 അടി ഉയർന്നു നിൽക്കുന്ന ആദം മലയുടെ കൊടുമുടിയിൽ 4 അടി നീളമുള്ള മനുഷ്യപാദത്തിന്റെ ഒരു അടയാളമുണ്ട്. ഇത് മനുഷ്യപിതാവായ ആദമി(അ)ന്റേതാണെന്നാണ് മുസ്‌ലിംകൾ വിശ്വസിക്കുന്നത്. ആദം (അ) ആദ്യമായി ഇറങ്ങിയത് ഇന്ത്യൻ മണ്ണിലാണെന്നു നബിവചനത്തിലുണ്ട്. പുരാതന ഇന്ത്യ സിലോൺ ഉൾപ്പെട്ടതായിരുന്നല്ലോ. എന്നാൽ ഈ കാൽപാട് ബുദ്ധന്റേതാണെന്നു ബുദ്ധ മതക്കാരും ശിവന്റേതാണെന്നു ഹിന്ദുക്കളും സെയിന്റ് തോമസിന്റേതാണെന്ന് ക്രിസ്ത്യാനികളും അഭിപ്രായപ്പെടുന്നുണ്ട്. തന്നിമിത്തം മേൽപറഞ്ഞ കൊടുമുടി ഈ മതസ്ഥർക്കെല്ലാം തീർത്ഥാടന സ്ഥലമാണ്.

103. ഹിജ്റയ്ക്കു മുമ്പ് 5ാം വർഷം ദുൽഹജ്ജ് മാസം 14ന് മക്കയിൽ അവിശ്വാസികളുടെ വെല്ലുവിളി നേരിട്ടുകൊണ്ട് നബിതിരുമേനി(സ) കാണിച്ച ഒരത്ഭുതമായിരുന്നു ചന്ദ്രൻ പിളർന്ന സംഭവം. ഖുർആനിലെ 'അൽഖമർ' സൂറ ഒന്നാം സൂക്തത്തിൽ ഇതിനെ സംബന്ധിച്ച് പ്രസ്താവിച്ചിട്ടുണ്ട്. പ്രസ്തുത സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ മേൽ സംഭവത്തെക്കുറിച്ചുള്ള വിശ്വാസയോഗ്യമായ ധാരാളം വിവരണങ്ങൾ ഇബ്നു കസീർ തന്റെ 'തഫ്സീറി'ൽ എടുത്തു ചേർത്തിരിക്കുന്നതു കാണാം.

104. ചേരമാൻ പെരുമാളെന്ന പ്രശസ്ത ചക്രവർത്തിയാണിത്. പ്രജകളുടെ ക്ഷേമത്തിൽ അത്യധികം ശ്രദ്ധിച്ചിരുന്ന നല്ലൊരു രാഷ്ട്ര തന്ത്രജ്ഞനായി ഇദ്ദേഹം കേരള ചരിത്രത്തിൽ വാഴ്ത്തപ്പെടുന്നു.

105. കൊയിലാണ്ടിക്കടുത്ത പന്തലായിനിക്കൊല്ലം. പ്രാചീന കേരളത്തിലെ പ്രസിദ്ധ തുറമുഖം. അറബി മൂലത്തിൽ 'ഫൻദറീന.'

106. തലശ്ശേരിക്കടുത്ത് അഞ്ചരക്കണ്ടിപ്പുഴയുടെയും അഴിമുഖത്തു പുഴയുടെയും രണ്ടു കൈവഴികൾക്കിടയിലുള്ള ധർമ്മപട്ടണം. മൂലത്തിൽ 'ദഹ്ഫത്തൻ'.

107. ഇന്ത്യാ സമുദ്രത്തിന്റെ തീരത്ത് യമനോടടുത്തു സ്ഥിതി ചെയ്യുന്ന ഒരു പുരാതന പട്ടണമാണ് ശഹർമുഖല്ല. ഇപ്പോൾ സലാല സംസ്ഥാനത്തിൽ.

108. പ്രവാചകരെ (സ) കാണാൻ മക്കയിലേക്കു പോകുന്ന വഴിക്കാണ് ശഹർമുഖല്ലായിൽ രാജാവ് ദീർഘമായി താമസിച്ചതെന്നാണ് ഇത് വായിച്ചാൽ തോന്നുക. കണ്ടു മടങ്ങുമ്പോഴാണ് ഇതെന്നാണ് 'മലയാളത്തിലെ മാപ്പിളമാർ' എന്ന കൃതിയിൽ നിന്നു മനസ്സിലാകുന്നത്. അതായിരിക്കും ശരി. പ്രവാചകരെ (സ) കാണാൻ ആകാംക്ഷാപൂർവ്വം പോകുമ്പോൾ വഴിക്ക് നിർബന്ധിതമായെങ്കിലല്ലാതെ അധികം തങ്ങുകയില്ലല്ലോ.

109. തന്റെ രോഗം അല്ലെങ്കിൽ വിയോഗം മറച്ചുവെക്കാൻ രാജാവ് കൽപ്പിച്ചതെന്തിന്? താൻ ആരോഗ്യത്തോടു കൂടി ജീവിച്ചിരിക്കുന്നുണ്ടെന്ന ധാരണ നിലനിർത്തിയെങ്കിലേ തന്റെ എഴുത്ത് വിലമതിക്കപ്പെടുകയുള്ളൂവെന്ന് അദ്ദേഹം ധരിച്ചോ, എന്തോ?

110. ഹി. വർഷം 10ലാണ് (ക്രി.വ. 632) പെരുമാൾ ശഹർമുഖല്ലായിൽ അന്തരിച്ചത്.

111. മേൽപ്പറഞ്ഞ യാത്രാസംഘം കൊടുങ്ങല്ലൂരിൽ കപ്പലിറങ്ങിയത് ഹി.21 റജബ് മാസത്തിലാണ്. പെരുമാളിന്റെ നിര്യാണം മൂലം അവർ യാത്ര നീട്ടിവെയ്ക്കുകയാണുണ്ടായത്. മാലിക്ക് ഇബ്നു ദീനാറിന്റെ ഈ യാത്രാ സംഘം 22 മതപണ്ഡിതന്മാർ ഉൾപ്പെട്ടതായിരുന്നു.

112. ഇത് കൊച്ചി രാജവംശത്തിൽ പെട്ട ഏതെങ്കിലും രാജാവായിരിക്കും.

113. ഇവർ കൊടുങ്ങല്ലൂരിൽ പണിത പള്ളി ഇന്ത്യയിലെ ആദ്യത്തെ മുസ്ലിം പള്ളിയാണ്. ഇതിന്റെ നിർമ്മാണത്തിനാവശ്യമായ കല്ലും മരവും നൽകിയതും വിദഗ്ധരായ ജോലിക്കാരെയും മേൽനോട്ടക്കാരെയും അയച്ചുകൊടുത്തതും കൊട്ടാരം വക നേരിട്ടായിരുന്നു. ചേരമാൻ മസ്ജിദ് എന്നറിയപ്പെടുന്ന ഈ പള്ളിയുടെ നിർമ്മാണത്തീയതി ഹി. 21 റജബ് 11 തിങ്കളാഴ്ച എന്നാണ് റാവു ബഹദൂർ സി. ഗോപാലൻ നായരുടെ 'മലയാളത്തിലെ മാപ്പിളമാർ' എന്ന കൃതിയിൽ കാണുന്നത്. പള്ളിയിലെ ഖാസിയായി നിയമിക്കപ്പെട്ടത് മുഹമ്മദ് ഇബ്നു മാലിക്ക്.

114. കേരളത്തിലെ ഇസ്ലാം മത പ്രചാരണത്തിൽ മുഖ്യപങ്ക് വഹിച്ചിട്ടുള്ളത് മാലിക്ക് ഇബ്നു ഹബീബാണ്. അതിനുള്ള ആസൂത്രിത പദ്ധതിയുമായി അദ്ദേഹം നാനാ ഭാഗങ്ങളിൽ സഞ്ചരിച്ചു.

115. കണ്ണൂരിൽ നിന്ന് 25 കി.മീ. വടക്ക് കടൽക്കരയിൽ 855 അടി ഉയർന്നുനിൽക്കുന്ന മലനിരയാണ് ഏഴിമല. മൂലത്തിൽ ഹീലിമാറാവി. വാസ്കോദഗാമയുടെ നാവികർ കേരളത്തിലേക്കു തിരിക്കുന്നതിനു മുമ്പുതന്നെ ഈ മലനിരയെക്കുറിച്ചു അദ്ദേഹത്തോട് പറഞ്ഞിരുന്നുവെന്ന് ലോഗൻ മലബാർ മാന്വലിൽ എഴുതിയിട്ടുണ്ട്. ഏഴിമല പള്ളിയുടെ നിർമ്മാണം പൂർത്തിയായത് ഹിജ്റ 21 ദുൽഹജ്ജ് 10 വ്യാഴാഴ്ച. അബ്ദുർറഹ്മാൻ ബിൻ മാലിക്കായിരുന്നു അവിടെ ഖാസിയായി നിയമിക്കപ്പെട്ടത്.

116. വടക്കൻ കർണാടകത്തിലെ ബർക്കൂർ ആണ് ഇന്നത്തെ ബട്ക്കൽ. മൂലത്തിൽ ഫാക്കനൂർ. ഹി. 22 റബീഉൽ അവ്വൽ 10 വ്യാഴാഴ്ചയാണ് ഈ പ്രദേശത്തെ പള്ളിയുടെ പണി പൂർത്തിയായത്. ഖാസിയായി നിയമിക്കപ്പെട്ടത് ഇബ്രാഹീം ഇബ്നു മാലിക്ക്.

117. കർണാടകത്തിലെ മംഗലാപുരം. മൂലത്തിൽ മഞ്ചലൂർ. ഹി. 22 ജമാദുൽ അവ്വൽ 27 വെള്ളിയാഴ്ചയാണ് ഇവിടത്തെ പള്ളിയുടെ പണി തീർത്തത്. മൂസ ഇബ്നു മാലിക്കായിരുന്നു ഖാസി.

118. കേരളത്തിന്റെ വടക്കേയറ്റത്തുള്ള കാസർക്കോഡ്. മൂലത്തിൽ കാഞ്ചർക്കൂത്ത്. ഹി. 22 റജബ് 18 തിങ്കളാഴ്ചയാണ് ഇവിടെ പള്ളി പണികഴിപ്പിച്ചത്. ഖാസിയായി നിയമിതനായത് മാലിക്ക് ഇബ്നു മുഹമ്മദ്.

119. ശ്രീകണ്ഠപുരത്തിന് മൂലത്തിൽ കൊടുത്തിരിക്കുന്ന നാമം ജുർഫത്തൻ. ഏഴിമലയ്ക്കും ശ്രീകണ്ഠപുരത്തിനുമിടയിൽ ഏതാണ്ട് 13 കിലോമീറ്റർ അകലമുണ്ട്. ഹി. 22 ശഅബാൻ 12 വ്യാഴാഴ്ചയാണ് ഇവിടത്തെ പള്ളി നിർമ്മിച്ചുകഴിഞ്ഞത്. ശിഹാബുദ്ദീൻ ഉമർ ഇബ്നു മുഹമ്മദ് ഇബ്നു മാലിക്ക് എന്നയാളെ ഇവിടെ ഖാസിയായി നിയമിച്ചു. ധർമ്മടത്തെ പള്ളി ഹി. 22 ശഅബാൻ 29 വ്യാഴാഴ്ചയും പന്തലായിനിയിലെ പള്ളി അതേ കൊല്ലം ശവ്വാൽ 21 വ്യാഴാഴ്ചയുമാണ് എടുപ്പിച്ചത്. ഹുസൈൻ ഇബ്നു മുഹമ്മദ് ഇബ്നു മാലിക്ക് ധർമ്മടത്തും സൈനുദ്ദീൻ ഇബ്നു മാലിക്ക് പന്തലായിനിയിലും ഖാസിമാരായി നിയമിക്കപ്പെട്ടു. കോഴിക്കോട് ജില്ലയിലെ ബേപ്പൂരിനടുത്താണ് ചാലിയം. മൂലത്തിൽ ശാലിയാത്ത്. ചാലിയം പുഴക്കരപ്പള്ളി എന്ന പേരിലുള്ള നിസ്കാര പള്ളിയാണ് മാലിക്ക് ഇബ്നു ഹബീബ് നിർമ്മിച്ചതെന്നു പറയപ്പെടുന്നു. സൈനുദ്ദീൻ ഇബ്നു മുഹമ്മദ് ഇബ്നു മാലിക്കിനെയാണ് ഈ പള്ളിയിൽ ഖാസിയായി നിയമിച്ചത്.

120. ഇറാന്റെ വടക്കു കിഴക്കായി സ്ഥിതി ചെയ്യുന്ന ഒരു സംസ്ഥാനമാണ് ഖുറാസാൻ. പഴയ ഖുറാസാൻ വിപുലമായ ഭൂപ്രദേശങ്ങൾ ഉൾപ്പെട്ടതായിരുന്നു. അലക്സാണ്ടർ ഖുറാസാൻ വഴിക്കാണ് ഇന്ത്യയിലേയ്ക്ക് വന്നത്.

121. ഇവരുടെയിരുവരുടെയും ഖബറുകൾ കൊടുങ്ങല്ലൂരിൽ ചേരമാൻ ജുമാ മസ്ജിദിന്റെ തെക്കേ ചെരുവിലാണുള്ളത്.

122. ഈ ധാരണ ശരിയായിരിക്കാനുള്ള സാധ്യത സലക്ഷ്യം കാണുന്ന ചരിത്രകാരന്മാരുണ്ട്. ജിദ്ദയിൽ വെച്ച് പെരുമാളും നബി(സ)യും തമ്മിൽ ഒരു ശവ്വാൽ 27ന് വ്യാഴാഴ്ച പകൽ 9 മണിക്ക് കണ്ടതും നബി(സ) പെരുമാളിന് കലിമ ചൊല്ലിക്കൊടുത്തതും താജുദ്ദീൻ സുൽത്താൻ എന്നു പേരുമാറ്റിയിട്ടതും അഞ്ചു വർഷം പെരുമാൾ അവിടെ കഴിഞ്ഞതും മടങ്ങുമ്പോൾ ശഹർമുഖല്ലായിൽ അന്തരിച്ചതും ദിവാൻ റാവു ബഹാദൂർ സി. ഗോപാലൻ നായർ 'മലയാളത്തിലെ മാപ്പിളമാർ' എന്ന ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നു(കോഴിക്കോട് വലിയ ഖാസിയായിരുന്ന രാജമാന്യരാജ സയ്യിദ് ഹുസൈൻ ഇബ്നു മുഹമ്മദ് ഇബ്നു അലി ശിഹാബുദ്ദീൻ ബാ അലവി എന്ന മുല്ലക്കോയ തങ്ങളവർകൾ തന്റെ കൈവശമുണ്ടായിരുന്ന അറബി ഗ്രന്ഥത്തിൽ നിന്ന് തർജമ ചെയ്തുകൊടുത്ത ചരിത്രത്തെ ആധാരമാക്കിയാണ് ശ്രീ. നായർ ഈ പുസ്തകം രചിച്ചത്). അറബി ചരിത്രകാരൻമാരുടെ വിവരണങ്ങളിൽ നിന്നും ഇക്കാര്യം സ്പഷ്ടമാണ്. പ്രസിദ്ധ ഹദീസ് പണ്ഡി

തനായ ഹാക്കിമിന്റെ 'അൽ മുസ്തദ്റകി'ൽ നിന്ന് "ഒരു ഇന്ത്യക്കാരൻ ചക്രവർത്തി നബി(സ)ക്ക് ഒരു ഭരണിയിൽ ഇഞ്ചി നൽകുകയും അവിടുന്ന് അതിൽനിന്ന് ഓരോ കഷ്ണമെടുത്ത് അനുചരന്മാർക്ക് തിന്നാൻ കൊടുക്കുകയും ചെയ്തു"വെന്നുള്ള ഒരു വിവരണം മൗലാനാ അത്ഹർ മുബാറക് പൂരി തന്റെ 'ഖിലാഫത്തെ റാശിദ ഔർ ഹിന്ദുസ്താൻ' എന്ന ഗ്രന്ഥത്തിൽ ഉദ്ധരിച്ചിട്ടുണ്ട്. പ്രസ്തുത ചക്രവർത്തി കേരളത്തിൽ നിന്നുള്ള പെരുമാളാകാനാണ് വഴി. കേരളവുമായിട്ടാണ് അന്ന് അറബികൾക്ക് ഇന്ത്യയിൽ അടുത്ത ഇടപാടും ബന്ധവുമുണ്ടായിരുന്നത്. ഇഞ്ചി കൃഷിക്ക് കേളികേട്ട നാടും കേരളമാണ്. ഇത് കൂടാതെയും ധാരാളം തെളിവുകൾ മേൽധാരണയ്ക്കനുകൂലമായി ഉണ്ട്. അറയ്ക്കൽ രാജകുടുംബവുമായി ബന്ധപ്പെട്ട രേഖകൾ ഉദാഹരണം. പെരുമാളുടെ സഹോദരി ശ്രീദേവിയുടെ പുത്രൻ മുഹമ്മദാലിയുടെ പേര് മുമ്പ് മഹാബലിയായിരുന്നു. ഹി. 64ലാണ് ഇദ്ദേഹം ഇസ്ലാം സ്വീകരിച്ച് മുഹമ്മദാലിയായത്. ധർമടത്തായിരുന്നു ഈ രാജകുടുംബത്തിന്റെ ആസ്ഥാനം. ഹി. 200ാം ആണ്ടിനു വളരെ മുമ്പേ ഇസ്ലാം ഇവിടെയെത്തി സ്ഥാനം പിടിച്ചുകഴിഞ്ഞിട്ടുണ്ടെന്നാണല്ലോ ഇതിന്റെ അർത്ഥം.

പെരുമാളിന്റെ ഇസ്ലാംമത സ്വീകരണം പ്രവാചകരു(സ)ടെ കാലത്തായിരിക്കാനുള്ള സാധ്യതയിൽ ഗ്രന്ഥകർത്താവ് വിശ്വസിക്കാത്തതിനു കാരണം ചേരമാൻ പെരുമാളിന്റെ കാലത്തെക്കുറിച്ചുള്ള നിഗമനമായിരിക്കണം. എന്നാൽ പ്രവാചകരെ കണ്ടു ഇസ്ലാം സ്വീകരിച്ച പെരുമാൾ പള്ളി ബാണപ്പെരുമാളാണെന്നാണ് ഒരു വിഭാഗം പണ്ഡിതർ പറയുന്നത്. അങ്ങനെയാണെങ്കിൽ കാലവ്യത്യാസം പ്രശ്നമാവില്ല. ഡോ. ഗുണ്ടർട്ടിന്റെ 'കേരളോൽപത്തി'യിലും പറയുന്നത് പെരുമാളിന്റെ മതം മാറ്റം നടന്നത് പ്രവാചകരു(സ) ടെ കാലത്താണെന്നാണ്. പ്രവാചകരു(സ)ടെ 57ാം വയസ്സിലായിരുന്നു അതെന്ന് മുഹമ്മദ് ഖാസിം ഫെരിശ്ത്തയുടെ ചരിത്രഗ്രന്ഥത്തിൽ (താരീഖെ ഫെരിശ്ത്ത) പറയുന്നുണ്ട്. പ്രവാചകർ (സ) വിവിധ രാജ്യങ്ങളിലെ രാജാക്കന്മാരെ ഇസ്ലാമിലേക്കു ക്ഷണിച്ചുകൊണ്ട് കത്തയച്ചത് പ്രസിദ്ധമാണ്. മലബാറുമായി അറേബ്യക്കുണ്ടായിരുന്ന പുരാതന ബന്ധം കണക്കിലെടുക്കുമ്പോൾ ഇവിടത്തെ അന്നത്തെ രാജാവ് അതിൽ നിന്നൊഴിവാകാനിടയില്ല.

123. സഫാർ യമന്റെ തലസ്ഥാനമായ സൻആയുടെ അടുത്ത് സ്ഥിതി ചെയ്യുന്നു. അബ്ദുറഹ്മാൻ സാമൂരി എന്നെഴുതിയ സഫാറിലെ ഖബർ പിൽക്കാലത്ത് സാമൂതിരി വംശത്തിൽ നിന്ന് ഹസ്രത്ത് മുഗീറത്തി(റ)ന്റെ പ്രബോധന ഫലമായി ഇസ്ലാം സ്വീകരിച്ച രാജാവിന്റേതായിരിക്കാമെന്ന് അനുമാനിക്കപ്പെടുന്നു. പെരുമാൾ ശഹർ മുഖല്ലയിലാണ് അന്തരിച്ചതെന്നാണ് ചരിത്രകാരനും സൂഫിവര്യനും 'റിഹ്ലത്തുൽ മുലൂക്ക്' എന്ന പ്രസിദ്ധ ഗ്രന്ഥത്തിന്റെ കർത്താവുമായ ഉമറിബ്നു മുഹമ്മദ് സുഹ്റവർദി പറയുന്നത്.

124. 'നിങ്ങൾ ചത്തും കൊന്നും അടരാടിക്കൊൾക' എന്ന ഉപദേശത്തോടെ പെരുമാൾ സാമൂതിരിക്കു നൽകിയ വാളിന്റെ ചിത്രം ലോഗൻ 'മലബാർ മാന്വലി'ന്റെ ആമുഖമായി കൊടുത്തിട്ടുണ്ട്.

125. തിരുവടി എന്നാൽ തൃപ്പാദം, വേണാട് (പഴയ തിരുവിതാംകൂർ) രാജാക്കന്മാരുടെ സ്ഥാനപ്പേരായിരുന്നു ഇത്.

126. എടക്കാട് കണ്ണൂരിനടുത്ത് തെക്കുഭാഗത്തായി ചേലോറ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു.

127. മക്കത്ത് പോയ പെരുമാളുടെ പ്രതിനിധിയെന്ന നിലയിൽ ഭരിക്കുമെന്നാണ് സാമൂതിരി സ്ഥാനാരോഹണ വേളയിൽ, പ്രതിജ്ഞയെടുക്കേണ്ടിയിരുന്നത്. ചിലേടങ്ങളിൽ സാമൂതിരിയെ സ്വീകരിക്കുന്നവരുടെ കൂട്ടത്തിൽ പള്ളിയിലെ ഖാസിയും മുസ്ലിയാരും വേണമായിരുന്നുവത്രെ.

128. കേരളത്തിൽ അക്കാലത്തുണ്ടായിരുന്ന ചാവേറ്റു പടയായിരിക്കാം ഇവിടെ പരാമർശിക്കപ്പെട്ടത്. 'കൊല്ലുക, അല്ലെങ്കിൽ ചാവുക' എന്നതാണ് ചാവേറ്റു പടയുടെ ധർമം. കൗടില്യന്റെ അർത്ഥശാസ്ത്രത്തിൽ ഇത്തരം ചാവേർപ്പടയെക്കുറിച്ച് പറയുന്നുണ്ട്. ഇതിന് ഗരുഢ സമ്പ്രദായമെന്നും പറയുന്നു. 'ചാവേർപടപ്പാട്ട്' പ്രസിദ്ധമാണ്. പ്രത്യേക ലക്ഷ്യത്തിനുവേണ്ടി സംഘടിക്കുന്ന ചാവേർപ്പട (സൂയ്സൈഡ് സ്ക്വാഡ്) ഇന്നും ലോകത്തിന്റെ പല ഭാഗങ്ങളിലുമുണ്ട്.

129. ഈ സ്ഥിതി ഇപ്പോൾ മതപരമായ ഉൽബുദ്ധതയെത്തുടർന്ന് മുസ്ലിംകൾക്കിടയിൽ മിക്കവാറും ഇല്ലാതായിട്ടുണ്ടെന്നാണറിയുന്നത്.

130. താലികെട്ടു കല്യാണമാണിത്. ഇപ്പോൾ ഇത് നിലവിലില്ല.

131. പാണ്ഡവാചാരം എന്നു പറയുന്ന ഈ വിവാഹ സമ്പ്രദായം ഇപ്പോൾ അപ്രത്യക്ഷമായിട്ടുണ്ടെന്നു തന്നെ പറയാം. ഒറ്റപ്പെട്ട വല്ല സംഭവവും എവിടെയെങ്കിലുമുണ്ടോ എന്നറിയില്ല. 1963ൽ ഇത്തരം കുടുംബങ്ങളെ കണ്ടെത്തിയതായി ചില റിപ്പോർട്ടുകളിൽ പറയുന്നുണ്ട്.

132. നമ്പൂതിരിസ്ത്രീകളെ അന്തർജനങ്ങൾ എന്നാണ് പറയുന്നത്. ഉൾനാടൻ പ്രദേശങ്ങളിൽ ആത്തോല് (അകത്തുള്ളവർ). അവർ പുറത്തിറങ്ങി നടക്കാത്തതുകൊണ്ടുണ്ടായതാണിത്.

133. നമ്പൂതിരി, എമ്പ്രാൻ, പട്ടർ, സാരസ്വതബ്രാഹ്മണർ എന്നിങ്ങനെ ഇവിടത്തെ ബ്രാഹ്മണർ നാല് തരമാണ് പൊതുവിൽ. യാഗം ചെയ്യുക, ചെയ്യിക്കുക, വേദം പഠിക്കുക, പഠിപ്പിക്കുക, ദാനം നൽകുക, പ്രതിഗ്രഹം വാങ്ങുക എന്നിവ ബ്രാഹ്മണന്റെ ധർമങ്ങളാണ്.

134. യോദ്ധാക്കളും തൊഴിലാളികളും ജന്മിമാരും ഭൂവുടമകളുമെന്നിങ്ങനെ തുടങ്ങി വിവിധ വിഭാഗങ്ങളുൾക്കൊള്ളുന്നവരാണ് നായന്മാർ. ഇവരിൽ താഴ്ന്നവരും ഉയർന്നവരുമുണ്ട്. ഈ വിഭാഗങ്ങൾ തമ്മിൽ വിവാഹ ബന്ധമില്ല.

135. മണ്ണാപ്പേടി, പുലപ്പേടി എന്നിങ്ങനെ പറയപ്പെടുന്ന ഒരാചാരമാണിത്. ഈയാചാരത്തിന്റെ ആവിർഭാവത്തെപ്പറ്റി ചരിത്രകാരന്മാർ വിവിധ അഭിപ്രായക്കാരാണ്. ഇതിന്റെ പേരിൽ കർക്കിടക മാസങ്ങളിൽ വിശേഷിച്ചും പുലയരും മറ്റും വലിയ പീഡനങ്ങൾക്കിരയാവാറുണ്ടായിരുന്നു. കനത്തുകുങ്കിച്ചി രാത്രിയിൽ പഴുക്കടക്കയുടെ ഏറുകൊള്ളുകയാൽ കുടുംബഭ്രഷ്ടായി വരികയും തന്റെ കുടിയാനായ കല്ലുമ്മക്കല്ലേരി മമ്മിയുടെ ഭാര്യയാവുകയും ചെയ്യുന്ന എം.സി. അപ്പുണ്ണി നമ്പ്യാരുടെ ഒരു വടക്കൻ പാട്ട് ഇവിടെ ഓർമിക്കണം(എം.സി. അപ്പുണ്ണി നമ്പ്യാർ, വടക്കൻ പാട്ടുകൾ, കോട്ടയം 1983, പേ: 173-81). എ.ഡി. 1696ൽ തിരുവിതാംകൂറിൽ ഉമയമ്മറാണി അവരുടെ ഉപദേഷ്ടാവായിരുന്ന കോട്ടയം കേരള വർമയുടെ നിർദ്ദേശ പ്രകാരം ഈയാചാരം നിർത്തലാക്കി.

136. നമ്പൂതിരിമാർക്കിടയിലുണ്ടായിരുന്ന ഈ സമ്പ്രദായത്തെ സംബന്ധം എന്നാണ് വിളിച്ചുവന്നിരുന്നത്. 20ാം നൂറ്റാണ്ടിന്റെ ആദ്യം വരെ ഇത് നിലനിന്നു. പിന്നീടിതിനെതിരിൽ നായർ-നമ്പൂതിരി സമുദായങ്ങൾ പ്രതികരിച്ചു.

137. കോഴിക്കോട്ട് നിന്ന് 15 കിലോമീറ്റർ വടക്ക് കൊയിലാണ്ടി താലൂക്കിലെ ചേമഞ്ചേരി പഞ്ചായത്തിൽപ്പെട്ട കാപ്പാട്ടാണ് പോർച്ചുഗീസുകാരനായ വാസ്ക്കോദഗാമയും സംഘവും വന്നിറങ്ങിയത്. ഇത് 1498 മെയ് 17നാണെന്നാണ് ഒരഭിപ്രായം. 11നെന്നും 20നെന്നും മറ്റുമുള്ള അഭിപ്രായങ്ങളുമുണ്ട്. സാൻ റാഫേൽ, സാൻ ഗബ്രിയേൽ, സാൻ മീഗെൽ എന്നിവയായിരുന്നു ഗാമയും സംഘവും വന്ന മൂന്ന് കപ്പലുകൾ. ഗാമ വന്നതിന്റെ സ്മാരകം കാപ്പാട് കടപ്പുറത്തുണ്ട്.

138. ഗാമയെയും സംഘത്തെയും സാദരം സ്വീകരിക്കുവാൻ കോഴിക്കോടിന്റെ ഭരണാധികാരി സാമൂതിരി സന്നദ്ധനായി. എന്നാൽ പോർച്ചുഗലുമായി വ്യാപാരബന്ധം സ്ഥാപിക്കുന്നതിനെക്കുറിച്ച് പിന്നീട് ആലോചിക്കാമെന്നു പറഞ്ഞു തൽക്കാലം അവരെ തിരിച്ചയക്കുകയാണദ്ദേഹം ചെയ്തത്. ഇത് ഗാമയെ വിഷമിപ്പിച്ചു. താൻ കൊണ്ടുവന്ന ചരക്കുകൾ ഇവിടെ വിറ്റഴിയാതിരുന്നത് അദ്ദേഹത്തെ കൂടുതൽ കുണ്ഠിതനാക്കി. തന്റെ താൽപര്യങ്ങൾക്കു എതിരുനിൽക്കുന്നതും സാമൂതിരിയെ തനിക്കെതിരാക്കുന്നതും മുസ്ലിംകളാണെന്നയാൾ വിശ്വസിച്ചു. മുസ്ലിംകളെ തകർക്കലും മലബാറും അറേബ്യയും തമ്മിലുള്ള വ്യാപാരം മുടക്കലും അയാളുടെ ലക്ഷ്യമായിരുന്നു. അതിനുവേണ്ടി ഒരുങ്ങിവരാനാണ് ഇത്തവണ അവർ സ്വദേശത്തേയ്ക്കു മടങ്ങിയത്. 1498 ആഗസ്റ്റ് 29ന് ഗാമയും സംഘവും കോഴിക്കോട് വിട്ടു. കണ്ണൂരിലിറങ്ങി കോലത്തിരിയുമായി ബന്ധം സ്ഥാപിച്ചതിനുശേഷം അതേ വർഷം നവംബർ 20നാണ് അവർ സ്വദേശത്തേയ്ക്ക് തിരിച്ചത്.

139. ക്രി.വ. 1500 സെപ്റ്റംബർ 13ന് കോഴിക്കോട്ടെത്തിയ ജനറൽ പെഡ്രോ അൽവാരിസ് കബ്രാളിന്റെ നേതൃത്വത്തിലുള്ള പോർച്ചുഗീസ് സംഘമാണ് ഇവിടെ പരാമർശിക്കപ്പെട്ടിരിക്കുന്നത്. 33 കപ്പലുകളിൽ 1500 പേരാണ് പുറപ്പെടുമ്പോൾ കബ്രാളിന്റെ സംഘത്തിലുണ്ടായിരുന്നതെങ്കിലും മലബാറിൽ വെറും 6 കപ്പലുകളേ എത്തിയുള്ളൂ(പറങ്കിമാങ്ങ, കൈതച്ചക്ക, ആത്തച്ചക്ക, പേരക്ക, കപ്പൽമുളക് എന്നിവ കേരളത്തിൽ കൊണ്ടുവന്നത് കബ്രാളും സംഘവുമാണത്രെ. കൂട്ടത്തിൽ പറയട്ടെ പങ്കിപ്പുണ്ണും-സിലിഫിസ്). സെപ്തംബർ 18ന് കബ്രാളും സാമൂതിരിയും തമ്മിൽ സംഭാഷണം നടത്തിയെങ്കിലും തെറ്റിപ്പിരിഞ്ഞു. പിന്നീട് കബ്രാളിന്റെ പ്രതിനിധി കൊറിയയും സാമൂതിരിയുടെ ഉദ്യോഗസ്ഥരും തമ്മിൽ ദീർഘമായി നടത്തിയ ചർച്ച വഴിയാണ് പോർച്ചുഗീസുകാർക്ക് കോഴിക്കോട് ഒരു ഫാക്ടറി നിർമ്മിക്കാൻ അവകാശം കിട്ടിയത്. പക്ഷേ, പോർച്ചുഗീസുകാരുടെ ധിക്കാരവും സമുദ്രത്തിന്റെ മേലുള്ള അവകാശവാദവും മുസ്ലിംകൾക്കെതിരിൽ അവർ നടത്തിയ കൈയേറ്റങ്ങളും അവരെ കോഴിക്കോട് വിട്ട് കൊച്ചിയിലേയ്ക്ക് പോകേണ്ട സ്ഥിതിയിലേയ്ക്ക് നയിച്ചു. ക്രി.വ. 1500 ഡിസംബർ 24ന് കബ്രാളും സംഘവും കൊച്ചിയിലെത്തി. ഉണ്ണിഗോദവർമ തിരുമുൽപാടായിരുന്നു അന്ന് കൊച്ചിരാജാവ്. കോഴിക്കോടുമായി വിരോധമുണ്ടായിരുന്ന അദ്ദേഹം കബ്രാളിനെയും സംഘത്തെയും സ്വീകരിച്ചു. അദ്ദേഹമവർക്കവിടെ കോട്ടയുണ്ടാക്കുന്നതിന് അനുവാദം കൊടുത്തു. 1503 സെപ്തംബർ 26ന് ശിലാസ്ഥാപനം നടന്ന മാനുവൽ കോട്ട അതാണ്.

140. സാമൂതിരിയുടെ നാവികപ്പട കൊച്ചിയെ ലക്ഷ്യമാക്കി വരുന്നതുകണ്ട് ഭയന്ന

കബ്രാൾ കണ്ണൂരിലേക്ക് കടന്നുകളഞ്ഞതാണ്. ഇന്നത്തെ കണ്ണൂർ നഗരത്തിന്റെ തെക്കുഭാഗം മുതൽ നീലേശ്വരം പുഴ വരെയുള്ള പ്രദേശങ്ങളടങ്ങിയ കോലത്തുനാട് ഭരിച്ചിരുന്ന കോലത്തിരിയുമായി കബ്രാൾ ഉടമ്പടിയുണ്ടാക്കി. സ്വദേശത്തേയ്ക്ക് തിരിക്കുമ്പോൾ അഞ്ചു കപ്പലുകളാണ് കബ്രാളിന് കൂടെ കൊണ്ടുപോകാൻ കഴിഞ്ഞത്. ഇങ്ങോട്ടു പുറപ്പെട്ടതോ 33 കപ്പലുകളുമായി. നാട്ടിൽ തിരിച്ചെത്തിയ കബ്രാളിനെ പിന്നീടൊരുദ്യോഗത്തിലും നിയമിക്കുകയുണ്ടായില്ലത്രെ.

141. ജാവോ ദ നോവ എന്ന കപ്പിത്താൻ നേതൃത്വം നൽകിയ സൈനിക പര്യടനത്തെക്കുറിച്ചാവണം ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്.

142. വാസ്കോദ ഗാമയുടെ പുനരാഗമനമായിരുന്നു ഇത്. ഗാമയെ ഇന്ത്യ, പേർഷ്യ, അറേബ്യ എന്നിവിടങ്ങളിലേയ്ക്കുള്ള അഡ്മിറലായി പോർച്ചുഗീസ് രാജാവ് നിയമിച്ചിരിക്കുകയായിരുന്നു. ലൂയിസ്കുട്ടിൻഹൊ, ഫ്രാൻസെസ്കോദകുഞ്ഞ, റയിസാകാസ്റ്റിനാട, ജാവോ ലോപ്പ്സ് ഫെറിസ്റ്റില്ലോ, അഫോൺസോദ അഗ്വിയാർ, ഡയാഗോഫെർണാണ്ടസ്കൊറിയ, അന്റോണിയോ ദ കാംപൊ എന്നീ പടത്തലവന്മാരുമുണ്ടായിരുന്നു ഗാമയുടെ കൂടെ. 1502 ഫെബ്രുവരി 10നാണ് ഗാമയും സൈന്യവും പുറപ്പെട്ടത്-15 കപ്പലുകളിലായി. പിന്നീട് സ്റ്റീഫൻ ദ ഗാമ 5 കപ്പലുമായെത്തുകയും ചെയ്തു. മാർഗമദ്ധ്യേ കൊള്ളയും കൊലയും നടത്തിയാണവർ മലബാറിലെത്തിയത്. ഗാമയുടെ ചെയ്തികളെ 'മനുഷ്യരൂപം ധരിച്ച പിശാചി'ന്റെതായി മലബാർ മാന്വലിന്റെ കർത്താവ് ലോഗൻ വിശേഷിപ്പിച്ചിരിക്കുന്നു. മക്കയിൽ നിന്ന് 400 തീർത്ഥാടകരും സ്ത്രീകളും കുട്ടികളും സഹിതം കോഴിക്കോട്ടേയ്ക്കു മടങ്ങുകയായിരുന്ന ഒരു കപ്പൽ കൊള്ളയടിച്ചതിന് ശേഷം യാത്രക്കാരെ ഉള്ളിലിരുത്തി തീ കൊടുക്കാൻ കൽപ്പിച്ച കമാൻഡറാണ് ഗാമ. ഇതയാളുടെ നിഷ്ഠൂരതകളിൽ ഒന്നു മാത്രമാണ്. കണ്ണൂർ വഴി കോഴിക്കോട്ടെത്തിയ ഗാമ മുസ്ലിംകളെ നഗരത്തിൽ നിന്നു പുറത്താക്കണമെന്നാവശ്യപ്പെട്ടപ്പോൾ സാമൂതിരി സമ്മതിക്കാത്തതിനെത്തുടർന്ന് നഗരത്തെ ആക്രമിച്ചു. കോഴിക്കോട്ടെത്തിയ 24 അരിക്കപ്പലുകൾ കൊള്ളയടിച്ച് അവയിലുണ്ടായിരുന്ന 800 നാവികരെ പിടിച്ച് അംഗഛേദം ചെയ്ത് കടലിൽ തള്ളുകയും, സാമൂതിരിയുടെ ദൂതനായ തലപ്പണ്ണ നമ്പൂതിരിയെ കൈയും മൂക്കും ചെവിയും ചെത്തി കഴുത്തിൽ മാലയാക്കിയിട്ടു അത് കറിവെച്ച് തിന്നാൻ ഒരു കുറിപ്പുമെഴുതി സാമൂതിരിക്കു കൊടുത്തയക്കുകയും ചെയ്തു. ഗാമയുടെ നടപടിയിൽ കുപിതനായ സാമൂതിരി രാജ്യം മുഴുവൻ പോയാലും പോർച്ചുഗീസുകാരോട് പൊരുതുമെന്ന് പ്രതിജ്ഞയെടുത്തു. അങ്ങനെയാണ് ഖാജാ ഖാസിമിന്റെ നാവികപ്പട കടലിലിറങ്ങിയത്. അതോടെ ഗാമ കൊച്ചിയിലേക്ക് പിന്തിരിഞ്ഞു. ഉണ്ണിരാമവർമ രാജാവുമായി കരാറുണ്ടാക്കി കപ്പലുകൾ നിറയെ കുരുമുളകും ഏലക്കായും മറ്റും കയറ്റിയ ഗാമ സാമൂതിരിയുടെ പട കൊച്ചിയെ ആക്രമിക്കാൻ വരുന്നതറിഞ്ഞു കൊറിയയുടെ നേതൃത്വത്തിൽ 200 പോർച്ചുഗീസുകാരെ കൊച്ചിയിൽ നിറുത്തി പോർച്ചുഗലിലേക്ക് രക്ഷപ്പെട്ടു. ഇല്ലെങ്കിൽ ഖാജാ അമ്പറിന്റെയും ഖാജാ ഖാസിമിന്റെയും നേതൃത്വത്തിലുള്ള പടയെയാണ് അയാൾക്ക് നേരിടേണ്ടിവരുമായിരുന്നത്. പിന്നീട് 1503 മാർച്ച് 1ന് സാമൂതിരി ഇടപ്പള്ളി വഴി കൊച്ചിയെ ആക്രമിച്ചു. പരാജിതനായ കൊച്ചി രാജാവ് ഉണ്ണിരാമ വർമ പോർച്ചുഗീസ് ഭടന്മാരെയും കൊണ്ട് ഒരമ്പലത്തിൽ അഭയം തേടി.

143. കേണൽ ഡുറാത്തോ പച്ചിക്കോ ആയിരുന്നു ഇത്തവണ പോർച്ചുഗീസ് പടനായകൻ. കൊച്ചിയെ സാമൂതിരിയിൽ നിന്ന് രക്ഷിച്ചത് പച്ചിക്കോ ആണ്. കൊച്ചിയിലെ

പോർച്ചുഗീസ് കോട്ടയുടെ ചുമതല ഇദ്ദേഹത്തിനായിരുന്നു. സാമൂതിരിയുമായുള്ള ഈ യുദ്ധം കഴിഞ്ഞതിനുശേഷം പച്ചിക്കോ കൊച്ചിക്കടുത്തുള്ള നമ്പൂതിരിമാരുടെ ഇല്ലങ്ങൾ ചുടുകയും അവരുടെ ഭൂമി ക്രിസ്ത്യാനികൾക്ക് പതിച്ചുനൽകുകയും ചെയ്യുകയുണ്ടായി.

144. ക്രി.വ. 1458 മുതൽ 1511 വരെ ഗുജറാത്ത് ഭരിച്ചിരുന്ന സുൽത്താനാണ് മഹ്മൂദ് ശാ ഒന്നാമൻ. ഇവിടെ പറഞ്ഞ ആദിൽ ശാ ക്രി.വ. 1510 മുതൽ 1534 വരെ ആദിൽശാഹിവാഴ്ചയിൽ ബീജാപൂരിന്റെ ഭരണാധികാരിയായിരുന്ന ഇസ്മായീൽ ആദിൽശായാണ്.

145. ഈജിപ്തിലെ അടിമ വംശ രാജാക്കന്മാരിൽ അവസാനത്തെയാളാണ് സുൽത്താൻ ഖാനിസുൽഗൗരി. ക്രി.വ. 1510 മുതൽ 1516 വരെയാണ് ഇദ്ദേഹത്തിന്റെ ഭരണകാലം. ഉസ്മാനിയ്യാ കോൺസ്റ്റാന്റിനോപ്പിളിന്റെ സുൽത്താനായിരുന്ന സലീം ശാ ഒന്നാമനുമായുണ്ടായ യുദ്ധത്തിൽ ഇദ്ദേഹം കൊല്ലപ്പെട്ടതോടെയാണ് അടിമരാജവംശം അവസാനിച്ചത്.

149. 1509 ഫെബ്രുവരി 3ന് നടന്ന ഈ യുദ്ധത്തിനു വൈസ്രോയി അൽമെയ്ദ തന്നെയാണ് നേതൃത്വം നൽകിയത്. മലിക് അയാസ് പെട്ടെന്നു പിൻമാറിയതാണ് പോർച്ചുഗീസുകാരുടെ വിജയത്തിനു സഹായകമായതത്രെ. മതം മാറി ഗുജറാത്ത് സുൽത്താന്റെ കീഴിൽ ഡ്യൂവിൽ ഗവർണർ പദവി അലങ്കരിച്ചുവന്ന ഈ റഷ്യക്കാരനെ അൽമെയ്ദ പണം കൊടുത്ത് പാട്ടിലാക്കിയതാണെന്നു പറയപ്പെടുന്നു. ഏതായാലും ഈ വിജയത്തോടെ അറബിക്കടലിന്റെ മേലുള്ള ആധിപത്യം പോർച്ചുഗീസുകാർക്ക് ഉറപ്പിച്ചുനിറുത്താൻ കഴിഞ്ഞുവെന്നതാണ് കാര്യം.

150. ചെങ്കടലിൽ ദക്ഷിണ യമനോടനുബന്ധിച്ച് സ്ഥിതി ചെയ്യുന്ന ഒരു ദ്വീപാണ് കമറാൻ.

151. 1504 മുതൽ ഹിജാസ് ഭരിച്ച ഭരണാധികാരി ശരീഫ് ബറക്കാത്ത്. തുർക്കികൾ ഒരുവേള ഇദ്ദേഹത്തെ പിടിച്ച് ഈജിപ്തിലേയ്ക്കു കൊണ്ടുപോയി. പിന്നീട് നാട്ടിൽ മടങ്ങിയെത്തിയ ബറക്കാത്ത് മരണം വരെ ഭരണാധികാരിയായി തുടർന്നു.

152. 1516ൽ സുൽത്താൻ ഖാനിസുൽഗൗരിയെ വധിച്ച് അടിമ രാജാക്കന്മാരുടെ ഭരണം അവസാനിപ്പിച്ച ശേഷം 1519 വരെ ഇദ്ദേഹം ഈജിപ്ത് ഭരിച്ചു.

153. ക്രി.വ. 1510 ജനുവരിയിൽ അൽഫോൻസോദ അൽബുക്കർക്കിന്റെ നേതൃത്വത്തിലായിരുന്നു ഇത്. ഗുജറാത്ത് മുതൽ കന്യാകുമാരി വരെയുള്ള പ്രദേശങ്ങളുടെ വൈസ്രോയിയായിരുന്നു അൽ ബുക്കർക്ക്. ഗുഡ്ഹോപ് മുനമ്പിന്റെയും ഗുജറാത്തിന്റെയുമിടയിലുള്ള പ്രദേശങ്ങൾ ജോർജ് ദ അഗിയാറുടെയും കന്യാകുമാരിയുടെ കിഴക്കുഭാഗങ്ങൾ ഡയാഗോലോപെസ്ദസെക്വീറയുടെയും മേൽനോട്ടത്തിലായിരുന്നു. 1509 മാർച്ച് 8നാണ് അൽബുക്കർക്ക് വൈസ്രോയി പദവി ഏറ്റെടുക്കുന്നതെങ്കിലും 1503 ൽ ജനറൽ കബ്രാളിന്റെ കീഴിലും പിന്നീട് 1506ലും അദ്ദേഹം കൊച്ചിയിൽ വന്നിട്ടുണ്ടായിരുന്നു. ഇസ്‌ലാമിനെയും അറബികളെയും നശിപ്പിക്കുകയെന്ന ലക്ഷ്യം രക്തത്തിൽ ഊട്ടപ്പെട്ട ഇയാൾ അത്യന്തം ക്രൂരനും ദുഷ്ടനും അതോടൊപ്പം ബുദ്ധിമാനും അനുഭവ സമ്പന്നനുമായിരുന്നു.

154. നാഖുദാ എന്ന പേഴ്സ്യൻ വാക്കിനർത്ഥം കപ്പിത്താൻ. നാഖുദാ മിസ്ക്കാൽ എന്ന

അറബി നിർമ്മിച്ച പള്ളിയുടെ മാറ്റിപ്പണിത രൂപമാണ് കുറ്റിച്ചിറയിൽ കാണുന്ന മിസ്ക്കാൽ പള്ളി.

155. 1510 ജനുവരി 4ന് ആരംഭിച്ച ഈ യുദ്ധത്തിന് മാർഷൽ ഡോം ഫെർഡിനാണ്ടോ കുട്ടിൻഹോ ആണ് മുൻകൈയെടുത്തത്. അൽബുക്കർക്കിന്റെ പദ്ധതി സാമൂതിരിയെ അനുനയത്തിൽ വശത്താക്കുകയായിരുന്നു. പക്ഷേ, കുട്ടിൻഹോ യുദ്ധത്തിന് നിർബന്ധിച്ചു. കോഴിക്കോടിനെ ചുട്ടു നശിപ്പിക്കുകയെന്ന രാജകീയ കൽപ്പനയുമായിട്ടാണ് കുട്ടിൻ ഹോ പോർച്ചുഗലിൽ നിന്ന് എത്തിയിരുന്നത്. സാമൂതിരി ചേറ്റുവായ്ക്കടുത്ത് ഒരു യുദ്ധത്തിനുപോയ തക്കം നോക്കി ഇരുവരും ഇരുസംഘം പട്ടാളക്കാരുമായി ഇറങ്ങി കോട്ട വളഞ്ഞു കൊള്ളയടിച്ചു. എന്നാൽ അമ്പും കുന്തവുമുപയോഗിച്ച് എതിരിട്ട നായർ പടയുടെ മുമ്പിൽ ഇരുവർക്കും പരാജയപ്പെട്ടു പിന്തിരിഞ്ഞോടേണ്ടിവന്നു. കുട്ടിൻഹോ കൊല്ലപ്പെട്ടു. അൽബുക്കർക്ക് വെടിയുണ്ടയും കല്ലുമേറ്റ് ബോധമറ്റു വീണു. കേപ്റ്റൻ റെബല്ലോവിന്റെ നേതൃത്വത്തിൽ കപ്പലിൽ നിന്നു കരയിലേയ്ക്കുതിർത്ത വെടിയുണ്ടകളുടെ മറവിലാണ് അൽബുക്കർക്കിന് രക്ഷപ്പെടാനായത്. നേരത്തെ ഗാമയെ ചരക്കുകൾ വിറ്റഴിക്കാൻ സഹായിച്ചിരുന്ന കോഴിക്കോട്ടെ കോയപ്പക്കി ഈ യുദ്ധമൊഴിവാക്കാൻ പോർച്ചുഗീസുകാരോട് സംസാരിക്കാൻ ചെന്നപ്പോൾ അവരദ്ദേഹത്തെ തടവിലിടുകയാണ് ചെയ്തത്. അതോടെ കോയപ്പക്കി അവരുടെ ശത്രുവായി.

156. അറേബ്യൻ ഉപദ്വീപിന്റെ തെക്കുഭാഗത്ത് സ്ഥിതി ചെയ്യുന്ന യമന്റെ തലസ്ഥാനമാണ് ഏദൻ. അറബിയിൽ അദൻ. 1512 സെപ്റ്റംബറിൽ അൽബുക്കർക്ക് മലബാറിൽ നിന്ന് ഗോവയിലേക്ക് പോയി. അവിടെ നിന്നാണ് ഏദനിലേയ്ക്കുള്ള പുറപ്പാടുണ്ടായത്. ഏദന്നെതിരിൽ നടത്തിയ ആക്രമണം പരാജയപ്പെട്ടതിനെത്തുടർന്ന് 1513 ആഗസ്റ്റിൽ അൽബുക്കർക്ക് കൊച്ചിയിൽ തിരിച്ചെത്തി.

157. അൽ അമീർ മർജാൻ അൽ ആമിരി.

158. നേരത്തെ കൊല്ലത്തെ റാണി തന്റെ രാജ്യത്ത് പാണ്ടികശാലയുണ്ടാക്കാൻ വാസ്കോദ ഗാമയെ ക്ഷണിച്ചിരുന്നു. റാണിയായിരുന്നു പോർച്ചുഗീസുകാർക്ക് കൊള്ള നടത്താൻ കൊല്ലത്തെ സജ്ജമാക്കിക്കൊടുത്തത്. അവിടെയും മുസ്ലിംകൾക്കെതിരായ നീക്കങ്ങൾ പോർച്ചുഗീസുകാർ നിർബാധം തുടർന്നു.

159. ഇന്ത്യയുടെ പടിഞ്ഞാറെ തീരത്ത് കർണാടകം, മഹാരാഷ്ട്ര എന്നിവയ്ക്കിടയ്ക്കായി സ്ഥിതി ചെയ്യുന്ന ഗോവ ഇപ്പോൾ ഇന്ത്യയിലെ ഒരു സംസ്ഥാനമാണ്. തലസ്ഥാനം പനാജി.

160. 1510 ഒക്ടോബർ 3നാണ് അൽബുക്കർക്ക് ഗോവ ആക്രമിക്കാൻ കണ്ണൂരിൽ നിന്നു പുറപ്പെട്ടത്. ആദിൽഖാൻ സ്ഥലത്തില്ലാത്ത സമയത്താണ് അയാൾ ഗോവ കയ്യടക്കിയത്. ബീജാപൂർ സുൽത്താൻ ഇസ്മായിൽ ആദിൽശാ രണ്ടു മാസത്തിനകം ഗോവ മടക്കിപ്പിടിച്ചു. അധികം വൈകാതെ പോർച്ചുഗീസുകാർ വീണ്ടും അത് കൈവശമാക്കി. 1535ൽ അവർ ഡ്യൂവും പിടിച്ചടക്കി. അന്നുമുതൽ 1961 ഡിസംബർ 19 വരെ ഗോവ പോർച്ചുഗീസുകാരുടെ അധീനത്തിലാണ്. പ്രസ്തുത തിയ്യതിയാണ് ഗോവ സ്വതന്ത്രമാക്കപ്പെട്ടതും ഇന്ത്യയുടെ ഭാഗമാക്കപ്പെട്ടതും.

161. പശ്ചിമ ഘട്ടത്തിനു സമീപമായി വടക്ക് ഡാമൻ മുതൽ തെക്ക് ഗോവ വരെയുള്ള

ഒരു തീര സമതലമാണ് കൊങ്കൻ.

162. ഖുർആനിലെ അത്തൗബ സൂറ 32ാം വാക്യമാണിത്. ഒരാളുടെ വായയ്ക്കു പ്രാപിക്കാവുന്ന ദൂരത്തിലുള്ളതും ശക്തി കുറഞ്ഞതുമായ വെളിച്ചമേ അയാൾക്ക് ഊതിക്കെടുത്താനാവുകയുള്ളൂ. എന്നാൽ ഇസ്‌ലാം സർവ്വശക്തനായ അല്ലാഹു കൊളുത്തിയ മഹത്തായ പ്രകാശമാണ്. അത് തങ്ങളുടെ ദുർബലമായ വായകൊണ്ടൂതിയണക്കാനുള്ള എതിരാളികളുടെ ശ്രമം വിഡ്ഢിത്തവും വിഫലവുമാണ്.

163. 1500ൽ കബ്രാളിനെതിരിൽ തുടങ്ങിയ പോരാട്ടം ഇപ്പോൾ 14ഓ 15ഓ വർഷം നീണ്ടു. പോർച്ചുഗീസുകാർ അന്നത്തെ ലോകത്തിൽ മേത്തരം ആയുധങ്ങളുള്ള വൻ ശക്തിയായിരുന്നു. മുസ്‌ലിംകളാകട്ടെ, ദുർബലരും മുന്തിയ ആയുധമില്ലാത്തവരും.

164. അൽബുക്കർക്ക് സാമൂതിരിയുമായി അടുക്കാൻ വളരെയേറെ ശ്രമിച്ചുനോക്കിയെങ്കിലും ഫലമുണ്ടായില്ല. പോർച്ചുഗീസുകാരുടെ കുതന്ത്രങ്ങളും അവരിവിടെ അധിനിവേശമുറപ്പിക്കുന്നതിന്റെ പ്രത്യാഘാതങ്ങളും സംബന്ധിച്ച തികഞ്ഞ ബോധം സാമൂതിരിക്കുണ്ടായിരുന്നു. ഒടുവിൽ അൽബുക്കർക്കിന്റെ പ്രേരണയാൽ ഏറനാട് എളങ്കൂർ നമ്പ്യാതിരി തിരുമുൽപാട് സാമൂതിരിയെ വിഷം കൊടുത്തു കൊന്നു. അങ്ങനെ നമ്പ്യാതിരിയായി പുതിയ സാമൂതിരി. അൽബുക്കർക്ക് പുതിയ സാമൂതിരിയുമായി ഉടമ്പടിയുണ്ടാക്കി. 1513 ഡിസംബർ 24ന് കണ്ണൂരിൽ ഒപ്പുവെച്ച ഉടമ്പടിയിലെ വ്യവസ്ഥകൾ എല്ലാ വിധത്തിലും പോർച്ചുഗീസുകാർക്കനുകൂലമായിരുന്നു. അൽബുക്കർക്കിന്റെ ഭാഗിനേയൻ ഡോം ഗാർഷ്യ ദ നൊറോനയാണ് പോർച്ചുഗീസ് പക്ഷത്ത് വിലപേശലുകൾക്ക് നേതൃത്വം കൊടുത്തിരുന്നത്.

165. കോഴിക്കോട് നഗരത്തിന്റെ തെക്കേ അതിർത്തിയിൽ കല്ലായിപ്പുഴയുടെ വടക്കേ കരയിലാണ് കോട്ട നിർമ്മിച്ചത്. തോമസ് ഫെർണാണ്ടസിനായിരുന്നു നിർമ്മാണച്ചുമതല.

166. ഗ്രന്ഥകർത്താവിന്റെ ഈ പ്രസ്താവന പൂർണമായി ശരിയല്ല. ഇവിടെ വന്ന പോർച്ചുഗീസ് തലവന്മാർക്കിടയിൽ എമ്പാടും വഴക്കുണ്ടായിട്ടുണ്ട്. അൽബുക്കർക്ക് വൈസ്രോയിയായി വരുമ്പോൾ ഇവിടെ വൈസ്രോയിയായി നിലവിലുണ്ടായിരുന്ന അൽമെയ്ദ അൽബുക്കർക്കിനെ അംഗീകരിച്ചില്ലെന്നു മാത്രമല്ല, തടവിലാക്കി. ഒടുവിൽ കുട്ടിൻഹോ എത്തുകയും കൊച്ചി രാജാവ് അൽബുക്കർക്കുമായിട്ടേ ഇനി ഇടപാടുള്ളൂവെന്നു വ്യക്തമാക്കുകയും ചെയ്തതിനുശേഷമേ അൽമെയ്ദ ഒഴിഞ്ഞുകൊടുത്തുള്ളൂ. വൈസ്രോയിസ്ഥാനം നഷ്ടപ്പെട്ട് യൂറോപ്പിലേക്ക് മടങ്ങുംവഴി ഒരാഫ്രിക്കൻ ഗ്രാമം കവർച്ച ചെയ്യുമ്പോൾ അൽമെയ്ദ കൊല്ലപ്പെട്ടു. ഇതുപോലെ മസ്ക്കരനെസ്സും സാംപിയോവും തമ്മിലും, സാംപിയോവും നൂനോ ദ അക്കുനെയും തമ്മിലുമുണ്ടായ വഴക്കുകളും മറ്റും ഗ്രന്ഥകർത്താവിന്റെ അറിവിൽ പെട്ടുകാണില്ല. എങ്കിലും മുസ്‌ലിം നേതാക്കൾക്കും അമീറുമാർക്കുമിടയിലെ ഭിന്നിപ്പുകളെ അപേക്ഷിച്ച് അവരുടെയിടയിലെ ഭിന്നിപ്പുകൾ നിസ്സാരമായിരുന്നു. ഭിന്നിപ്പുള്ളതോടൊപ്പം തന്നെ മുസ്‌ലിംകൾക്കെതിരിൽ അവരെല്ലാം ഒറ്റക്കെട്ടുമായിരുന്നു. ഗ്രന്ഥകർത്താവിന്റെ പ്രസ്താവനയുടെ മർമ്മം അതാണ്.

167. സാമൂതിരിയെ വധിക്കാനുള്ള ഈ ഗൂഢശ്രമം നടന്നത് ക്രി.വ. 1517ലാണ്. സാമൂതിരിയുമായി പോർച്ചുഗീസ്കാർ ഏർപ്പെട്ട ഉടമ്പടിയിൽ അതൃപ്തി പൂണ്ട കൊച്ചി രാജാവ് ഇരുപക്ഷത്തെയും തമ്മിൽ തെറ്റിക്കാൻ നിരന്തരമായി ശ്രമിച്ചതിന്റെ

ഫലവും കൂടിയായിരുന്നുവത്രെ ഈ വധശ്രമം. ഇത് നടക്കുമ്പോൾ അൽബുക്കർക്ക് ജീവിച്ചിരിപ്പില്ല. അദ്ദേഹം 1515ൽ ഹൃദയാഘാതത്തെത്തുടർന്ന് അന്തരിച്ചിരുന്നു. ലോപോ സൊയറസ് ആണ് അദ്ദേഹത്തിനുശേഷം വൈസ്രോയിയായത്.

168. കണ്ണൂർ ജില്ലയിലെ കക്കാട്. മൂലത്തിൽ കബ്ക്കാദ്.

169. കോഴിക്കോട് ജില്ലയിലെ തിക്കോടി. മൂലത്തിൽ തിർക്കുദി.

170. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി. മൂലത്തിൽ പർപുറങ്ങാടി.

171. മലപ്പുറം ജില്ലയിലെ തിരൂരങ്ങാടി. മൂലത്തിൽ തിരുവരങ്കാട്

172. മലപ്പുറം ജില്ലയിലെ താനൂർ. മൂലത്തിലും താനൂർ.

173. മലപ്പുറം ജില്ലയിലെ തിരൂരിനടുത്തുള്ള പറവണ്ണ. മൂലത്തിൽ പറവണ്ണൂർ.

174. മലപ്പുറം ജില്ലയിലെ പൊന്നാനി ഒരു പഴയ തുറമുഖമാണ്. ഭാരതപ്പുഴ അറബിക്കടലിൽ ചേരുന്നതിവിടെയാണ്. ഈ പട്ടണത്തിന് അറബികളുമായുള്ള ബന്ധം ചിരപുരാതനമാണ്. മൂലത്തിൽ ഫൊന്നാൻ.

175. മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിൽ പെട്ട വെളിയങ്കോട് പ്രദേശം. മഹാ പണ്ഡിതനും കവിയും കടുത്ത സാമ്രാജ്യത്വ വിരോധിയുമായിരുന്ന ഉമർ ഖാസിയുടെ ഖബറിടം ഇവിടെയാണ്. മൂലത്തിൽ ബലിയങ്കൂത്ത്.

176. വടക്കേ മലബാറിലെ ചിരപുരാതനമായ കണ്ണൂർ പട്ടണം. പ്ലിനി, ടോളമി എന്നീ സഞ്ചാരികൾ ഈ പട്ടണത്തെക്കുറിച്ച് തങ്ങളുടെ കൃതികളിൽ പരാമർശിച്ചിട്ടുണ്ട്. മൂലത്തിൽ 'കനന്നൂർ'.

177. കണ്ണൂർ ജില്ലയിൽ തലശ്ശേരി മുനിസിപ്പാലിറ്റിക്കുള്ളിലെ തിരുവങ്ങാട്.

178. കാസർക്കോട് ജില്ലയിലെ കാസർക്കോട് താലൂക്കിൽ സ്ഥിതി ചെയ്യുന്ന ചെംനാടായിരിക്കുമിത്. ചെംനാട് ഒരു പഞ്ചായത്താണ്. മൂലത്തിൽ 'ചെമ്മനയ' എന്നാണെഴുതിക്കാണുന്നത്.

179. പോർച്ചുഗീസുകാർ കേരളത്തിൽ വരുമ്പോൾ ഇവിടെ വ്യാപാര രംഗത്ത് ഉയർന്നു നിന്നിരുന്ന കുടുംബമാണ് മരയ്ക്കാർമാരുടേത്. ഇവർ കേരളത്തിൽ വന്നു വസിച്ച അറബികളുടെ പിന്മുറക്കാരാണെന്ന് അഭിപ്രായപ്പെടുന്നവരുണ്ട്. പക്ഷേ, പ്രസിദ്ധരായ മരയ്ക്കാർമാരുടെയെല്ലാം പേരുകളിൽ കാണുന്ന മലയാളച്ചുവയിൽ നിന്ന് ഇവർ തനി മലയാളി മാപ്പിളമാരാകാനുള്ള സാധ്യത കാണുന്നവരാണ് പ്രമുഖ പക്ഷം. ഏതായാലും മരയ്ക്കാർമാർ കൊച്ചിയിൽ നിന്ന് കോഴിക്കോട്ടേയ്ക്കും പൊന്നാനിയിലേയ്ക്കും മാറിയതിനുശേഷമാണ് യുദ്ധരംഗത്ത് അറിയപ്പെടുന്നത്. പിന്നീട് ഏഷ്യയിലാകെ സാമൂതിരിയുടെ ഈ നാവികസേനാ നായകന്മാർ പോർച്ചുഗീസുകാരുടെ ഏറ്റവും വലിയ പേടി സ്വപ്നങ്ങളായി മാറുകയുണ്ടായി. പോർച്ചുഗീസുകാർക്കെതിരിലുള്ള മലബാറിന്റെ ചെറുത്തുനിൽപ്പ് ഒരു വഴിത്തിരിവ് കാണുകയാണിവരുടെ വരവോടെ. പാശ്ചാത്യ ചരിത്രകാരന്മാർ വിരോധം മൂലം ഇവരെ കടൽക്കൊള്ളക്കാരായിട്ടാണ് വിശേഷിപ്പിച്ചിട്ടുള്ളത്.

180. ഡോം ഹെന്റിക് ദ മെനിസസ്സ് ആണ് ഈ യുദ്ധത്തിന് പോർച്ചുഗീസ് പക്ഷത്ത്

നേതൃത്വം നൽകിയത്. അൽബുക്കർക്കിനു ശേഷം ലോപോ സൊയാറസ്, ഡയാഗോ ലോപെസ് സെക്വീറ എന്നിവർ ഇദ്ദേഹത്തിനു മുമ്പ് ഇവിടെ പോർച്ചുഗീസ് വൈസ്രോയിമാരായിരുന്നിട്ടുണ്ട്. അക്രമത്തിലും ക്രൂരതയിലും ഇവരിലൊരാൾ മറ്റൊരാളുടെ പിന്നിലായിരുന്നില്ല. 1523 ജനുവരിയിലാണ് മെനിസസ്സ് പോർച്ചുഗീസ് വൈസ്രോയി ആയി കോഴിക്കോട്ടെത്തിയത്. മലബാറിൽ സമാധാനം സ്ഥാപിക്കുകയും ക്രിസ്തുമതം പ്രചരിപ്പിക്കുകയുമായിരുന്നുവത്രെ അദ്ദേഹത്തിന്റെ ലക്ഷ്യം. എന്നാൽ ഇവിടെ വന്നപ്പോൾ അയാൾ മുൻഗാമികളേക്കാൾ അക്രമിയായി മാറുന്നതാണ് കണ്ടത്. പൊന്നാനി യുദ്ധത്തിൽ പോർച്ചുഗീസുകാർക്ക് ചെമ്പകശ്ശേരി രാജാവി(അമ്പലപ്പുഴ രാജ വംശം)ന്റെ നാവികസേനാ നായകനായിരുന്ന പുറക്കാട്ട് അരയന്റെ പിന്തുണയുണ്ടായിരുന്നു. യുദ്ധം നടക്കുന്നതിനിടയിൽ ദ മെനിസസ്സ് അരയന് യുദ്ധം ചെയ്യുന്നതിലേറെ സ്വത്ത് കൊള്ളയടിക്കുന്നതിലാണ് താൽപര്യമെന്ന് സംശയിക്കുകയും അരയനെ തട്ടിക്കളയാൻ ഉത്തരവിടുകയും ചെയ്തു. അരയൻ പരിക്കോടെ രക്ഷപ്പെടുകയാണുണ്ടായത്.

ഗാമ 20 വർഷത്തെ വിശ്രമത്തിനുശേഷം വൈസ്രോയിയായി വീണ്ടും കേരളത്തിലെത്തുന്നത് ഈ സന്ദർഭത്തിലാണ്. 1524 സെപ്തംബറിലായിരുന്നു ഗാമയുടെ വരവ്. പക്ഷേ, ഗാമയുടെ അന്ത്യമടുത്തിരുന്നു അപ്പോഴത്തേയ്ക്ക്. 1524 ഡിസംബർ 24ന് ഗാമ അന്തരിച്ചു. ഫോർട്ടുകൊച്ചിയിലെ സെന്റ് ആന്റണീസ് പള്ളിയിലാണദ്ദേഹത്തെ സംസ്കരിച്ചത്. സാമൂതിരിയെയും മുസ്ലിംകളെയും സംബന്ധിച്ചിടത്തോളമാകട്ടെ കുഞ്ഞാലി ഒന്നാമന്റെ(കുട്ട്യാലി) അത്ഭുതകരമായ രണപാടവം കൊണ്ട് കരുത്തു ലഭിച്ച ഘട്ടവുമായിരുന്നു അത്.

181. കേപ്ടൻ ഡോം ജാവോ ദ ലിമയുടെ നേതൃത്വത്തിലായിരുന്നു പോർച്ചുഗീസ് പട കോഴിക്കോട് യുദ്ധത്തിനു സംഘടിച്ചിരുന്നത്. സാമൂതിരിയുടെ പക്ഷത്ത് യുദ്ധം ചെയ്യാൻ തേനഞ്ചേരി ഇളയതിനു പുറമേ കുറുമ്പ്രനാട് രാജാവും സൈന്യത്തെ കോഴിക്കോട്ട് അണിനിരത്തി. മുസ്ലിംകൾക്കു നായകത്വം നൽകിയത് ക്രിസ്തുമതത്തിൽ നിന്ന് ഇസ്ലാമിലേയ്ക്ക് മാറിയ ഒരു യൂറോപ്യൻ എഞ്ചിനിയറായിരുന്നുവെന്നാണ് ലോഗൻ മലബാർ മാന്വലിൽ പറയുന്നത്. ഏതായാലും കുട്ട്യാലിയുടെ സമർത്ഥമായ പ്രവർത്തനമാണ് പോർച്ചുഗീസുകാർ കോട്ട ഉപേക്ഷിച്ചു പോകുന്നതിലേയ്ക്കെത്തിച്ചതെന്നതിൽ സംശയമില്ല. സാമൂതിരി ഈ യുദ്ധത്തിലേയ്ക്ക് സൈന്യവുമായി നേരിട്ടു വരുന്നത് 1525 ജൂൺ 15നാണ്.

182. പോർച്ചുഗീസ് വൈസ്രോയി ഹെന്റിക് മെനിസസ്സിന്റെ നേതൃത്വത്തിലായിരുന്നു മുസ്ലിം കപ്പലുകൾക്കെതിരിലുള്ള ഈ വേട്ട. ഇതിനിടയിൽ ബേപ്പൂരിനടുത്തു ചില നാടൻ ബോട്ടുകളിലായി നടന്ന ഏറ്റുമുട്ടലിൽ മെനിസസ്സിന്റെ കാലിനു മുറിവേറ്റു. മാഹിക്കടുത്തുവെച്ചുണ്ടായ മറ്റൊരു ഏറ്റുമുട്ടലിൽ അയാളുടെ നില കൂടുതൽ വഷളായി. 1526 ഫെബ്രുവരി 23ന് മെനിസസ്സ് കണ്ണൂരിൽവെച്ച് അന്തരിച്ചു. അവിടെത്തന്നെയാണ് മറവു ചെയ്തത്. തുടർന്ന് ലോപെസ്‌വാസ് ദ സാംപിയോ വെസ്രോയിയായി.

183. ഈ ഘട്ടത്തിൽ ജനറൽ സാംപിയോ ആണ് ഇന്ത്യയിൽ പോർച്ചുഗീസ് വൈസ്രോയി. 1529 ഒക്ടോബറിലാണ് ഇദ്ദേഹത്തെ പുറന്തള്ളി നൂനോ ദ അക്കുന വൈസ്രോയിസ്ഥാനത്തേയ്ക്കു വന്നത്.

184. പൊന്നാനി തന്ത്രപ്രധാനമാണ്. അറബികളുമായി വാണിജ്യ ബന്ധമുണ്ടായിരുന്ന

ഈ തുറമുഖമാണ് പോർച്ചുഗീസുകാരുമായി യുദ്ധം ചെയ്യാൻ കൊച്ചിയിൽ നിന്നി റങ്ങിത്തിരിച്ച മരയ്ക്കാർ കുടുംബം ആദ്യം തങ്ങളുടെ താവളമാക്കിയത്. പോർച്ചു ഗീസുകാർ 1524ൽ പൊന്നാനിയെ ആക്രമിച്ചതിനെത്തുടർന്നാണ് മരയ്ക്കാർമാർ താവളം പുതുപ്പട്ടണത്തേയ്ക്കു മാറ്റിയത്.

185. സൂറത്ത് ഗുജറാത്തിലെ ഒരു ജില്ലയും ജില്ലാ ആസ്ഥാനവുമാണ്. പടിഞ്ഞാറ് കാംബെ കടലിനും കിഴക്ക് പശ്ചിമ ഘട്ടത്തിനുമിടയ്ക്കാണിതിന്റെ കിടപ്പ്. ബോംബെയിൽ നിന്ന് 260 കി.മീ വടക്കാണിത്. ജൂജാറി ബോമ്പെയുടെ തെക്കു ഭാഗത്തുള്ള ജാൻജിറ തുറമുഖമായിരിക്കാം.

186. തന്ത്രശാലിയായ ഈ പോർച്ചുഗീസ് നേതാവ് ഡയാഗോ ദ സിൽവീരയായിരിക്ക ണം. നൂനോ ദ അക്കുന വൈസ്രോയിയായി വന്നതു മുതൽ അന്നത്തെ സാമൂ തിരി അദ്ദേഹവുമായി ഉടമ്പടിയുണ്ടാക്കാൻ തിടുക്കം കാട്ടിയതായി ലോഗൻ മല ബാർ മാന്വലിൽ പറയുന്നുണ്ട്. ചാലിയം വളരെ തന്ത്രപ്രധാനമായ സ്ഥലമായതി നാൽ അവിടെ പോർച്ചുഗീസുകാർക്ക് ശക്തമായ ഒരു കോട്ടയുണ്ടായിക്കഴിഞ്ഞാൽ കോഴിക്കോടും അറേബ്യയും തമ്മിലുള്ള വ്യാപാരത്തിന്റെ ഗതിവിഗതികൾ അവർക്ക് മനസ്സിലാക്കാൻ കഴിയും. ചാലിയത്തിന് സൈനിക - വ്യാപാര മണ്ഡല ങ്ങളിലുള്ള പ്രാധാന്യം പോർച്ചുഗീസുകാർ കണ്ടെത്തി. സാമൂതിരി അവരുടെ കുരു ക്കിൽ വീഴുകയും ചെയ്തു. ഈ കോട്ട നിർമ്മാണത്തിന് സാമൂതിരിയെ സമ്മതി പ്പിച്ചതിൽ താനൂർ രാജാവിന്റെ പങ്ക് വലുതായിരുന്നു. നാലു ദശാബ്ദങ്ങൾക്കു ശേഷമേ പിന്നീട് കോഴിക്കോട് ഭരണാധികാരിക്ക് ചാലിയം കോട്ട തകർക്കാനാ യുള്ളൂ.

187. കേരളത്തിൽ മാലിക്ക് ഇബ്നുദീനാർ നിർമിച്ച ഏഴു പള്ളികളിലൊന്നായ ചാലിയം പുഴക്കര പള്ളി.

188. വൈസ്രോയി നൂനോദ അക്കുനയാണ് മുസ്‌ലിംകളുടെ ആവലാതി കേട്ടതും മേൽ പറഞ്ഞതുപ്രകാരം പ്രതികരിച്ചതും. പള്ളിയും സ്ഥലവും മുസ്‌ലിം മുക്രിയാണ് പോർച്ചുഗീസുകാർക്ക് വിറ്റതെന്നും സാമൂതിരി അതിനയാൾക്കെതിരിൽ നടപടി കൈക്കൊണ്ടുവെന്നുമാണ് ലോഗൻ മലബാർ മാന്വലിൽ എഴുതിയിട്ടുള്ളത്. ശൈഖ് സൈനുദ്ദീൻ സാമൂതിരിയടക്കമുള്ള രാജാക്കന്മാർക്ക് അറബിയിലുപയോഗിച്ചിട്ടുള്ള റാഇ(ഭരണാധികാരി) എന്ന പദമാണിവിടെയും ഉപയോഗിച്ചിരിക്കുന്നത്. അതിനാ ലാണ് പരിഭാഷയിൽ രാജാവ് എന്നെഴുതിയിരിക്കുന്നത്.)

189. സാമൂതിരി മലബാറിലെ തന്നേക്കാൾ ശക്തി കുറഞ്ഞ ഏതെങ്കിലും രാജാവിനോട് എന്തെങ്കിലും കാരണത്താൽ ഏറ്റുമുട്ടിയാൽ പാരമ്പര്യമനുസരിച്ച് അവർ സന്ധി യിലെത്തേണ്ടത് പ്രസ്തുത രാജാവ് സാമൂതിരിക്ക് ധനമോ രാജ്യം തന്നെയോ കൊടുത്തുകൊണ്ടായിരിക്കുമെന്ന് ഭാഗം രണ്ടിൽ വിവരിച്ചിട്ടുണ്ട്.

190. യമനിലെ ഒരു തുറമുഖ പട്ടണമാണ് മുഖ്ഖാ. വ്യാപാരവൃത്തികൾ ഏദനിലേയ്ക്കു നീങ്ങിയതോടെ മുഖ്ഖായുടെ പ്രശസ്തി മങ്ങി.

191. ഖാൻറൂമി, ഖാജ എന്നീ പേരുകളിൽ അറിയപ്പെടുന്ന അമീർ മുസ്തഫ ഇബ്നു ഹറാം അർറൂമി ഗുജറാത്തിൽ ബഹാദൂർശായുടെ പടനായകനായിരുന്നു. ഇദ്ദേഹം മുഗൾ ചക്രവർത്തി ഹുമയൂണിനു വേണ്ടി ബഹാദൂർശായെ വഞ്ചിച്ചു. തന്മൂലമാണ് ഹുമയൂണിന് ഗുജറാത്ത് കൈവശപ്പെടുത്താൻ കഴിഞ്ഞത്.

192. വൈസ്രോയി നൂനോ ദ അക്കുനയാണ് ഇവിടെ പറഞ്ഞ പോർച്ചുഗീസ് നേതാവ്.

193. കടൽ യുദ്ധത്തിൽ പോർച്ചുഗീസുകാരെ തോൽപ്പിക്കാൻ മലബാറുകാർ, വിശേഷിച്ച് മരയ്ക്കാർമാർ തന്നെ വേണമെന്നുള്ളതുകൊണ്ടാണ് ബഹാദൂർശാ സാമൂതിരിയോട് ഇങ്ങനെ ആവശ്യപ്പെട്ടത്.

194. ഇന്ത്യയിലെ മുഗൾ രാജവംശത്തിന്റെ സ്ഥാപകനായ സഹീറുദ്ദീൻ മുഹമ്മദ് ബാബർ (1483–1530)ക്ക് കാബൂളിൽ വെച്ചു ജനിച്ച പുത്രനായ ഹുമയൂൺ മുഗൾ വംശത്തിലെ ശക്തനായ ഭരണാധികാരിയായിരുന്നു. പിതാവിൽ നിന്ന് അനന്തരാവകാശമായിട്ടാണ് ഇദ്ദേഹത്തിന് ആധിപത്യം കിട്ടിയത്. പേർസ്യനും തുർക്കിയും നന്നായറിഞ്ഞിരുന്ന ഹുമയൂൺ പണ്ഡിതനും കവിയുമായിരുന്നു.

195. ബോംബെ നഗരത്തിന്റെ വടയ്ക്കുള്ള ഒരു സ്ഥലമാണ് മാഹിം. വസ്സി മാഹിമിന്റെ വടക്കാണ്.

196. ബഹാദൂർശായ്ക്കു തന്റെ ഈ നടപടിയിൽ പിന്നീട് ഖേദം തോന്നി. താൻ നഷ്ടപ്പെടുത്തിയ സ്ഥലങ്ങൾ വീണ്ടെടുക്കാനുള്ള വഴി അദ്ദേഹം ആലോചിക്കുകയും ചെയ്തു. ഇത് മനസ്സിലാക്കിയ പോർച്ചുഗീസ് വൈസ്രോയി നൂനോ സുൽത്താനെ ഡ്യൂവിലേക്കു ക്ഷണിക്കുകയും സംഭാഷണം കഴിഞ്ഞ് മടങ്ങുമ്പോൾ അദ്ദേഹത്തെ കൊലപ്പെടുത്താൻ ഏർപ്പാട് ചെയ്യുകയുമാണുണ്ടായത്. പോർച്ചുഗീസുകാർ സുൽത്താനെ കൊന്ന് കടലിലെറിഞ്ഞു.

197. അലി ഇബ്രാഹീം മരയ്ക്കാരുടെ ഭാഗിനേയനായിരുന്നു കുട്ടി ഇബ്രാഹീം മരയ്ക്കാർ.

198. തമിഴ്നാട്ടിലെ തിരുനൽവേലിയിൽ താമ്രപർണി നദീതീരത്ത് സ്ഥിതി ചെയ്യുന്ന ചരിത്രപ്രസിദ്ധമായ ഒരു സ്ഥലമാണ് കായൽപട്ടണം. മാർക്കോ പോളോ വന്നതും സൂഫിവര്യനായ ശൈഖ് അബ്ദുൽ ഖാദിർ ജീവിച്ചതും ഇവിടെയാണ്. പറവരും മുസ്ലിംകളും തമ്മിൽ മീൻപിടുത്തം സംബന്ധിച്ചുണ്ടായ ഒരു തർക്കത്തിൽ പോർച്ചുഗീസുകാർ പറവർക്കനുകൂലമായി ഇടപെടുകയും പറവർ ക്രിസ്തുമതം സ്വീകരിക്കാൻ തയ്യാറാവുകയും ചെയ്ത ഒരു സംഭവമുണ്ടായി കായൽ പട്ടണത്ത്. ഈ പശ്ചാത്തലത്തിൽ കായൽപട്ടണത്തെ മുസ്ലിംകളെ പോർച്ചുഗീസുകാർക്കെതിരിൽ സഹായിക്കാനാണ് അലി ഇബ്രാഹീം മരയ്ക്കാരും മറ്റും പോയത്.

199. അറബി മൂലത്തിൽ ബീത്താല. കായൽ പട്ടണത്തു നിന്ന് തെക്കോട്ട് സഞ്ചരിച്ചാൽ പുട്ടലത്തെത്തും.

200. പഴയ കൊച്ചി സംസ്ഥാനത്തിലെ നല്ലെപ്പിള്ളിയാണ് സ്ഥലം. യുദ്ധത്തിൽ പരിക്കേറ്റതിനെത്തുടർന്ന് മടക്കയാത്രയ്ക്കിടയിൽ ഒരു പള്ളിയിൽ വെച്ചായിരുന്നു അലി ഇബ്രാഹീം മരയ്ക്കാരുടെ അന്ത്യം.

201. മുസ്ലിം സൈനിക ശക്തിയെ നശിപ്പിക്കാൻ പോർച്ചുഗീസു പടത്തലവനായ മാർട്ടിൻ ഡിസൂസ മുഴുവൻ ശക്തിയും സംഭരിച്ചൊരുങ്ങിയ ഘട്ടത്തിലാണ് ഈജിപ്തിലെ തുർക്കി ഗവർണർ സുലൈമാൻ പാശയെ അവരെ നേരിടാൻ രംഗത്തിറക്കിയത്. സാമൂതിരിയുടെ അഭ്യർത്ഥനയനുസരിച്ചായിരുന്നു ഇത്.

202. യമനിൽ ഭരണം നടത്തിയ ബനൂതാഹിർ വംശത്തിലെ അവസാനത്തെ സുൽത്താ

നായിരുന്നു ആമിർ ഇബ്നു ദാവൂദ്. ജനക്ഷേമ തൽപരനും ഉദാരമതിയുമായിരുന്ന ഈ യുവരാജാവിനെ എല്ലാവരും ഇഷ്ടപ്പെട്ടിരുന്നു. അതിനാൽ അദ്ദേഹത്തെ വധിച്ചതിൽ എല്ലാവർക്കും സുലൈമാൻ പാശയോട് അമർഷമുണ്ടായി. ആമിറിന് പോർച്ചുഗീസുകാരുമായി അടുപ്പമുണ്ടെന്ന ധാരണയാണ് അദ്ദേഹത്തെ വധിക്കാൻ സുലൈമാൻ പാശയെ പ്രേരിപ്പിച്ചതെന്നു പറയപ്പെടുന്നുണ്ട്.

203. വമ്പിച്ച ഒരുക്കത്തോടു കൂടി പോർച്ചുഗീസുകാരെ നേരിടാൻ വന്ന സുലൈമാൻ പാശ യുദ്ധം ചെയ്യാതെ മടങ്ങിയതെന്തുകൊണ്ട്? ഈജിപ്ഷ്യൻ പടയുടെ പ്രകടനം കണ്ടു ഭയന്ന പോർച്ചുഗീസുകാർ രംഗത്തുനിന്ന് മാറിയതിനാലായിരുന്നു അതെന്നു പറയുന്നവരുണ്ട്. എന്നാൽ നല്ലവനായ ആമിർ ഇബ്നുദാവൂദിനെ വധിക്കുകയും ഏദൻ കൊള്ളയടിക്കുകയും ചെയ്ത സുലൈമാൻ പാശയെ അന്നാട്ടുകാർ വെറുക്കുകയും യുദ്ധത്തിൽ അദ്ദേഹവുമായി സഹകരിക്കുവാൻ അവർ വിസമ്മതിക്കുകയും ചെയ്തതാണ് യഥാർത്ഥ കാരണം. എന്തു തന്നെയായാലും സുലൈമാൻ പാശയുടെ തിരിച്ചുപോക്ക് സാമൂതിരിക്കും കേരളത്തിനും ഇന്ത്യക്കു തന്നെയും ഒരു വലിയ പ്രഹരമായി. സാമൂതിരി പോർച്ചുഗീസുകാരുമായി അനുരഞ്ജനത്തിനു തയ്യാറാവേണ്ടിവന്നിടത്തോളം പ്രത്യാഘാതം ആ സംഭവത്തിനുണ്ടായി.

204. സിലോണിലെ കച്ചവടക്കാർ പോർച്ചുഗീസുകാരെ ചെറുക്കാൻ സാമൂതിരിയുടെ സഹായം തേടിയതിനെത്തുടർന്നാണ് ഈ സംഘം സിലോണിലേയ്ക്ക് പുറപ്പെട്ടത്. കുഞ്ഞാലി മരയ്ക്കാർ കൊല്ലപ്പെട്ടതെങ്ങനെയെന്നതിൽ പക്ഷാന്തരമുണ്ട്. മെഗൽഫെറീനയുടെ പെട്ടെന്നുള്ള ആക്രമണത്തിലായിരുന്നു അതെന്നാണ് ഒരു പക്ഷം. സിലോൺ രാജാവിന്റെ സഹോദരൻ മായദണ്ഡെ ചതിച്ചുകൊന്നവരിൽ കുഞ്ഞാലിയും ഉൾപ്പെട്ടിരുന്നുവെന്നാണ് മറ്റൊരു പക്ഷം.

205. ക്രി.വ. 1540 ജനുവരി 12നാണ് ഈ സന്ധി ഒപ്പിട്ടത്. ബലഹീനനായിക്കഴിഞ്ഞ സാമൂതിരി താനൂർ രാജാവിന്റെയും കൊടുങ്ങല്ലൂർ രാജാവിന്റെയും പ്രേരണയ്ക്കു വഴങ്ങി. യുദ്ധക്കപ്പലുകളോ ആയുധധാരികളെ വഹിച്ചുകൊണ്ടുള്ള ബോട്ടുകളോ കടലിലിറക്കുകയില്ലെന്നും അറബികളുമായി വ്യാപാരം നടത്തുകയില്ലെന്നും സാമൂതിരി പോർച്ചുഗീസുകാർക്കുറപ്പുകൊടുത്തു. നൂനോ ദ അക്കുനയുടെ പിൻഗാമി ഗാർഷ്യ ദ നൊരാനയായിരുന്നു ഈ സന്ധി ഒപ്പുവെയ്ക്കുമ്പോൾ പോർച്ചുഗീസ് വൈസ്രോയി. സാമൂതിരിക്ക് അപമാനവും മുസ്‌ലിംകൾക്ക് അപകടവുമായിരുന്നു ഈ സന്ധി. പോർച്ചുഗീസുകാരുടെ സമ്മതമില്ലാതെ മുസ്‌ലിംകൾക്ക് കച്ചവടത്തിന് പോകാൻ വയ്യാതായി. കുഞ്ഞാലി രണ്ടാമൻ പോർച്ചുഗീസുകാരുമായുള്ള ഒളി യുദ്ധത്തിന് വാശിയും ശക്തിയും കൂട്ടിക്കൊണ്ട് സന്ധിയെ വെല്ലുവിളിച്ചു.

206. പ്രസിദ്ധനായ മമ്മാലി മരയ്ക്കാരുടെ മരുമകൻ കൂടിയായിരുന്നു അബൂബക്കർ അലി.

207. വടക്കുംകൂർ രാജാവായിരിക്കാം ഇത്. ഏറ്റുമാനൂർ, വൈക്കം, മീനച്ചൽ, തൊടുപുഴ, മൂവ്വാറ്റുപുഴ എന്നിവയാണ് ഈ രാജവംശത്തിന്റെ ഭരണത്തിലുണ്ടായിരുന്ന പ്രദേശങ്ങൾ.

208. പന്തലായിനി കൊല്ലത്തു വസിച്ചിരുന്നവരിൽ മൂന്നിലൊന്നു രക്തസാക്ഷികളായതായിട്ടാണ് ലോഗന്റെ മാന്വലിൽ കാണുന്നത്.

209. കീളക്കര തമിഴ്നാട്ടിലാണ്. അറബി മൂലത്തിൽ 'കിറകറ' എന്നാണെഴുതിയിരിക്കുന്നത്.

210. ഇന്ത്യയുടെ തെക്കേ അറ്റത്തുനിന്നും സിലോണിൽ നിന്നും തെക്കു പടിഞ്ഞാറായി സ്ഥിതി ചെയ്യുന്ന 2000ത്തിലധികം ചെറുദ്വീപുകളുടെ സമൂഹമാണ് മാൽദ്വീപ്. ഇപ്പോൾ വിനോദ സഞ്ചാര കേന്ദ്രമാണ്. ഭാഷ മഹൽ. മാനുവൽ റോഡ്രിഗ്സിന്റെ കീഴിലിരുന്ന പുന്നക്കായൽ സാമൂതിരിയുടെ സൈന്യം ആക്രമിച്ചുപിടിച്ചത് ഇപ്പറഞ്ഞ തുർക്കിക്കാരനായ യൂസുഫിന്റെ സഹായത്തോടെയാണ്.

211. പോർച്ചുഗീസുകാർക്കെതിരായ ആക്രമണത്തിൽ ഈ പീരങ്കികൾ സാമൂതിരിക്ക് ഏറെ പ്രയോജനപ്പെട്ടു.

212. പോർച്ചുഗീസുകാരുടെ പാസ് വാങ്ങിയിട്ടേ സാമൂതിരിപ്രജകൾ കച്ചവടയാത്ര ചെയ്യാവൂ എന്ന സാമൂതിരി-പോർച്ചുഗീസ് ഉടമ്പടിയിലെ വ്യവസ്ഥയെ മുസ്‌ലിംകൾ വെല്ലുവിളിച്ചതാണ് മത്സരകാരണം.

213. കേരളത്തിലെ ഏക മുസ്‌ലിം രാജവംശമായ അറയ്ക്കൽ രാജവംശത്തിലെ രാജാക്കന്മാരെല്ലാം തങ്ങളുടെ പേരിന്റെ കൂടെ ആലിരാജ എന്നു ചേർത്തിരുന്നു. ഇവരുടെ പരമ്പരയിലെ 29 രാജാക്കന്മാരുടെ പേരുകൾ ലോഗൻ മലബാർ മാന്വലിലെഴുതിയിട്ടുണ്ട്. ഈ വംശത്തിന്റെ സ്ഥാപകനായ മുഹമ്മദാലിയുടെ പേരിൽ നിന്നാവണം ആലി എന്നതിന്റെ ഉത്ഭവം.

214. അറബിക്കടലിലെ ലക്ഷദ്വീപു സമൂഹത്തെയാണിവിടെയുദ്ദേശിക്കുന്നത്. 1787 വരെ ഇതിലെ വടക്കൻ ദ്വീപുകളുടെ ഭരണം അറയ്ക്കൽ ആലി രാജാക്കന്മാർക്കായിരുന്നു. 1973 നവംബർ 1നാണ് ഈ ദ്വീപുകൾക്ക് ലക്ഷദ്വീപ് എന്ന് ഔദ്യോഗികമായി നാമകരണം ചെയ്യപ്പെട്ടത്.

215. 36 ചെറുദ്വീപുകളുടെ സമൂഹമായ ലക്ഷദ്വീപിൽ 10 എണ്ണത്തിലാണ് ജനവാസമുള്ളത്. കൊച്ചിയിൽ നിന്നു 220 മുതൽ 440ഓളം കി.മീ. ദൂരം വരെയാണിത് കിടക്കുന്നത്. ഗ്രന്ഥകർത്താവ് 9 ദ്വീപുകളുടെ പേരേ പറഞ്ഞിട്ടുള്ളൂ. മൂലത്തിൽ പേരുകൾ ഇങ്ങനെയാണ്. അമ്മീനി, കുർദീബ്, അന്ത്രൂത്ത്, കൽപീനി, മിലുക്കി, അഗത്തി, കഞ്ചമൻഹൽ, കൽത്തൻ, ശീതിലാകം.

216. ഹോർമുസ് കടലിടുക്കിലുള്ള ഒരിറാനിയൻ ദ്വീപാണ് ഹോർമുസ്. പേഴ്സ്യൻ ഉൾക്കടലിനെ ഉമ്മാൻ കടലുമായി ഇത് ബന്ധപ്പെടുത്തുന്നു. മസ്ക്കത്ത് ഇന്നത്തെ ഒമാന്റെ തലസ്ഥാനമാണ്. വളരെ പുരാതനമായിത്തന്നെ ഇന്ത്യയുമായി കച്ചവട ബന്ധമുള്ള മസ്ക്കത്ത് പോർച്ചുഗീസുകാർ കൈവശപ്പെടുത്തിയതോടെ കൂടുതൽ പ്രസിദ്ധമായി. 1658 വരെ ഇവിടം പോർച്ചുഗീസ് അധീനത്തിലായിരുന്നു. പിന്നീട് സുൽത്താൻ നാസിറുദ്ദീൻ ഇബ്നുമുർശിദ് മസ്ക്കത്ത് ജയിച്ചടക്കി. മലേഷ്യൻ ഉപദ്വീപിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്തുള്ള ഇന്തോനേഷ്യയിലെ ഒരു വലിയ ദ്വീപാണ് സുമാത്ര. മലാക്ക ഉപദ്വീപിന്റെ തെക്കു പടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന ഒരു വലിയ മലേഷ്യൻ തീരമാണ് മലാക്ക. ഡച്ച് ഈസ്റ്റിൻഡീസിലെ ഒരു ദ്വീപാണ് മൊളോക്ക. കോറമണ്ഡൽ ഇന്ത്യൻ മഹാസമുദ്രത്തിന്റെ തീരത്ത് സിലോണിനു നേരെയിക്കരെ കായൽപട്ടണത്തിന്റെ തെക്കാണ്. അറബി മൂലത്തിൽ ശൗൽമൻദൽ(ചോളമണ്ഡൽ). ഇത് പഴയ 'മഅ്ബറാ'ണ്. നാഗപട്ടണം തമിഴ്നാട്ടിലെ തഞ്ചാവൂർ ജില്ലയിൽ, ബംഗാൾ ഉൾക്കടലിന്റെ തീരത്തുള്ള ഒരു തുറമുഖ പട്ടണമാണ്. ഈ പട്ടണത്തിൽ നിന്ന് 6 കിലോമീറ്റർ വടക്കാണ് പ്രസിദ്ധമായ നാഗൂർ മുസ്‌ലിം പള്ളിയും അനുബന്ധ തീർത്ഥാടന കേന്ദ്രവും. മൈലാപ്പൂർ കോറമണ്ഡലത്തിന്റെ കിഴക്കും പോണ്ടിച്ചേരിയുടെ വടക്കുമായിട്ടാണുള്ളത്.

217. അശിൻ സുമാത്രയുടെ വടക്കു ഭാഗമാവാനിടയുണ്ട്. ദനാസരി ഫിലിപ്പൈൻസിലെ ദനാവോ ആയിരിക്കാം.

218. കർണാടകത്തിലെ വടക്കൻ കനറാ ജില്ലയിലാണ് ഹൊന്നാവരം. അറബി മൂലത്തിൽ ഹന്നൂർ.

219. സുമാത്ര ദ്വീപിന്റെ വടക്കേ അറ്റത്തുള്ള ഒരു രാജ്യമാണ് ആശി. അവിടത്തെ ആദ്യത്തെ മുസ്‌ലിം ചക്രവർത്തിയായിരുന്നു അൽ കാമിൽ എന്ന അലി മുഗായിത്ത്ശാ. അറബികളും ഇന്ത്യക്കാരുമായ കച്ചവടക്കാർ വഴിയാണ് ആശിയിലേയ്ക്കു ഇസ്‌ലാം എത്തിയത്.

220. പോർച്ചുഗീസു നാവികൻ ഡിമന്റെസോവിന്റെ ഒരു ദൈനംദിന വിനോദമായിരുന്നുവത്രെ ആളുകളെ ശിരച്ഛേദം ചെയ്ത് പായിൽകെട്ടി കടലിൽ വലിച്ചെറിയുന്നത്.

221. കുഞ്ഞാലി മരയ്ക്കാർ രണ്ടാമനാണ് കുട്ടിപ്പോക്കർ.

222. ആന്ധ്രാപ്രദേശിലെ ഹൈദരാബാദ് ആസ്ഥാനമാക്കി ഭരണം നടത്തിയിരുന്ന നിസാം ശാഹി വംശത്തിൽപ്പെട്ട ഒരു ചക്രവർത്തിയാണ് നിസാംശാ(നൈസാം). നിസാംശാഹികൾ ഡെക്കാൻ ചക്രവർത്തിമാർ എന്നും അറിയപ്പെടുന്നു. അഹമ്മദ് നഗരം ഇപ്പോൾ മഹാരാഷ്ട്രയിലെ ഒരു ജില്ലയും അതിന്റെ ആസ്ഥാനവുമാണ്. അഹ്മദ് നിസാം ശായാണ് ഈ നഗരത്തിന്റെ ജനയിതാവ്.

223. കുട്ടിപ്പോക്കരുടെ രക്തസാക്ഷിത്വത്തിൽ കലാശിച്ച പടപ്പുറപ്പാട് ആദിൽശായുടെ ഈ സഹായാഭ്യർത്ഥനയെത്തുടർന്നായിരുന്നു. ചാലിയം യുദ്ധത്തിന്റെ കാര്യമായിരുന്നു തദവസരം സാമൂതിരിയെ അലട്ടിക്കൊണ്ടിരുന്നത്. അതിനാൽ ആദിൽശായ്ക്കു സമയത്തിന് സഹായമെത്തിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല. കുട്ടിപ്പോക്കരുടെ സൈന്യം ചൗളിലെത്തി 20 ദിവസം കാത്തിരുന്നു മടങ്ങുകയാണുണ്ടായത്. മടക്കത്തിൽ തങ്ങളെ അഭിമുഖീകരിച്ച 15 കപ്പലടങ്ങുന്ന പോർച്ചുഗീസ് സൈന്യത്തെ കണ്ണൂരിനടുത്തുവെച്ച് നേരിടുന്നതിനിടയിൽ കുട്ടിപ്പോക്കർ രക്തസാക്ഷിയായി.

224. 1531ൽ പോർച്ചുഗീസ് ഗവർണർ നൂനോ ദ അക്കുന ചാലിയത്ത് പണിയിച്ച കോട്ട നിന്ന സ്ഥലവും പരിസരവും 1571ലാണ് സാമൂതിരി പരപ്പനാട്ടു രാജാവ് എന്ന ചാലിയം രാജാവിനെ ഏൽപ്പിച്ചത്. നാലു മാസത്തെ നിരന്തര യുദ്ധം വേണ്ടി വന്നു ഈ കോട്ടയിൽ നിന്നവരെയൊഴിപ്പിക്കാൻ. പട്ടുമരയ്ക്കാർ എന്ന കുഞ്ഞാലി മൂന്നാമനാണ് ഈ യുദ്ധത്തിൽ സാമൂതിരിയെ വിജയത്തിലെത്തിക്കുന്നതിനു വേണ്ടി മുന്നിൽ നിന്ന് പ്രവർത്തിച്ച പോരാളി. തുടർന്ന് കുഞ്ഞാലിക്ക് പുതുപട്ടണത്ത് ഒരു കോട്ട കെട്ടാൻ സാമൂതിരി അനുവാദം നൽകി. കുഞ്ഞാലി പോർച്ചുഗീസുകാർക്കെതിരെ മുമ്പത്തേയ്ക്കാൾ ജാഗ്രത പുലർത്തിക്കൊണ്ട് തീരപ്രദേശങ്ങളിൽ കൂടുതൽ സൈന്യങ്ങളെ സ്വരൂപിച്ചുനിർത്തി. കാരണം പോർച്ചുഗീസുകാരുടെ പ്രതികാരത്തെക്കുറിച്ച് അദ്ദേഹം സദാ ബോധവാനായിരുന്നു.

225. കർണാടകത്തിലെ രാമനാട് ജില്ലയിലാണ് തലൈമന്നാർ.

226. സ്പെയിനിന്റെ വടക്കു പടിഞ്ഞാറെ കോണിലുള്ള ഹാലീസ്യ(ഗാലീസ്യ) എന്ന പ്രദേശമായിരിക്കാം ഇത്. ലാക്കോർണ, ലൂഗൊ, ഓറൻസെ, പോണ്ടുവെഡ്ര എന്നീ പ്രദേശങ്ങളുൾപ്പെട്ടതായിരുന്നു മുമ്പ് ഹാലീസ്യ. പോർച്ചുഗൽ സ്പെയിനിന്റെ പടി

ഞ്ഞാറെ അതിർത്തിയായതിനാൽ ഇരു രാജ്യങ്ങളും തമ്മിലുള്ള ബന്ധം മനസ്സിലാക്കാവുന്നതേയുള്ളൂ. 1580ൽ പോർച്ചുഗലും സ്പെയിനും സംയോജിപ്പിക്കപ്പെടുകയുമുണ്ടായി. 15ാം നൂറ്റാണ്ടിന്റെ മുക്കാൽ ഭാഗം വരെ സ്പെയിൻ മുസ്ലിം സ്വാധീനത്തിലായിരുന്നുവല്ലോ. മുസ്ലിംകൾ പോർച്ചുഗലിനെതിരായ പോരാട്ടത്തിന് ഹാലീസ്യയെ താവളമാക്കിയിരുന്നുവത്രെ. നാട്ടിൽ സ്വാധീനം നഷ്ടപ്പെട്ട് ജീവൻ പോലും അപകടപ്പെട്ടുകൊണ്ടിരുന്ന സാഹചര്യത്തിൽ ഹാലീസ്യയിൽ നിന്നുള്ള മുസ്ലിംകൾ പോർച്ചുഗീസ് വിരുദ്ധ സമരം ശക്തിപ്പെട്ട മലബാറിലേക്ക് എത്തിയിരിക്കാൻ എമ്പാടും സാധ്യതയുണ്ട്.

227. ഖുർആൻ 'അ ഇൻശിറാഹ്' സൂറ 5ഉം 6ഉം സൂക്തങ്ങളിലാണിതുള്ളത്.

228. ക്രി.വ. 1542നും 1608നുമിടയിൽ ജീവിച്ച ഇന്ത്യയിലെ പ്രസിദ്ധ മുഗൾ ചക്രവർത്തി അബുൽ ഫത്തഹ് ജലാലുദ്ദീൻ മുഹമ്മദാണ് ഇപ്പറഞ്ഞ അക്ബർ പാദ്ശാ. ഇദ്ദേഹം ഹുമയൂണിന്റെ പുത്രനാണ്.

229. ആദിലാബാദ് ഇപ്പോഴത്തെ ആന്ധ്രാപ്രദേശിലാണ്.

230. ദാബൂൾ അഥവാ ദാഭോൽ എന്ന പുരാതന പട്ടണം ബോംബെയ്ക്കു തെക്കാണ് സ്ഥിതി ചെയ്യുന്നത്. ചൗൾ തുറമുഖത്തിനു തെക്കും സിന്താപ്പൂരിനു വടക്കുമായിട്ടാണിതുള്ളത്. രത്നഗിരി ജില്ലയിൽ വസിഷ്ഠാനദിയുടെ വടക്കേക്കരയിൽ.

231. ഖുർആൻ അന്നിസാഅ് സൂറ: 75ാം വാക്യത്തിലുള്ളതാണ് ഈ ഭാഗം. ഇതിന്റെ ആദ്യ ഭാഗം 32ാം നമ്പർ കുറിപ്പിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്.

232. പോർച്ചുഗീസ് വൈസ്രോയി ഫ്രാൻസിസ്കോ മസ്ക്കാരനസുമായി സാമൂതിരി ഏർപ്പെട്ട സന്ധിയാണിത്. ക്രി.വ. 1580ൽ പോർച്ചുഗൽ സ്പെയിനിന്റെ അധീനത്തിൽ വന്നതിനെത്തുടർന്ന് സ്പെയിൻ ചക്രവർത്തി ഫിലിപ്പിൽ നിന്നാണ് മസ്ക്കാരനസിനു നിയമനം ലഭിച്ചത്.

233. ഈ ഉടമ്പടി മുസ്ലിംകൾക്ക് തൽക്കാലം ആശ്വാസം നൽകുന്നതായിരുന്നെങ്കിലും സ്വാർത്ഥികളും വഞ്ചകരുമായ പോർച്ചുഗീസുകാർ അതിൽ ഒളിപ്പിച്ചുവച്ചിരുന്ന കുതന്ത്രങ്ങൾ കണ്ടറിഞ്ഞ കുഞ്ഞാലി മൂന്നാമൻ ഇതംഗീകരിച്ചില്ല. അദ്ദേഹവും അനുയായികളും പോർച്ചുഗീസുകാർക്കെതിരിൽ സമരം തുടർന്നു. സാമൂതിരിയുമായി സന്ധിയിലായിരിക്കുമ്പോഴും മുസ്ലിംകൾക്കെതിരായ അക്രമം പോർച്ചുഗീസുകാരും തുടർന്നു. 1580ൽ കുഞ്ഞാലിയും പോർച്ചുഗീസുകാരും തമ്മിൽ യുദ്ധം നടന്നു. തുടർന്ന് കുഞ്ഞാലിയുടെ മരുമകൻ ഖാജാ മൂസാ പോർച്ചുഗീസുകാർ പുതുതായി കടലിലിറക്കിയ എല്ലാ കപ്പലുകളും പിടിച്ചടക്കി. കുഞ്ഞാലിയോട് എതിർത്തു ജയിക്കാൻ കഴിയാതായപ്പോൾ പോർച്ചുഗീസുകാർ 1591ൽ വീണ്ടും സാമൂതിരിയോട് സന്ധിയായി. പിന്നെയും അവർ ഉടമ്പടി ലംഘിച്ചപ്പോൾ കുഞ്ഞാലിയും യുദ്ധത്തിനിറങ്ങി. പക്ഷേ, വാർദ്ധക്യം മൂലം അധികം വൈകാതെ അദ്ദേഹത്തിന് മരുമകനായ മുഹമ്മദലിയെ ചുമതലയേൽപ്പിച്ചു മാറി നിൽക്കേണ്ടിവന്നു. 1595ൽ കുഞ്ഞാലി മൂന്നാമൻ അന്തരിക്കുകയും മുഹമ്മദലി കുഞ്ഞാലി നാലാമനായി സാമൂതിരിയുടെ പടനായകത്വമേറ്റെടുത്ത് രംഗത്തിറങ്ങുകയും ചെയ്തു. പുതുപ്പട്ടണം കോട്ട കൂടുതൽ വിദഗ്ധമായി പുതുക്കി സംവിധാനിക്കുകയെന്നതായിരുന്നു കുഞ്ഞാലി നാലാമന്റെ ആദ്യ പരിപാടി. ഈ ഘട്ടത്തിൽ ദുർബ്ബലചിത്തനായ സാമൂതിരിയെ പോർച്ചുഗീസുകാർ തന്ത്രപൂർവ്വം വശത്താക്കി. കുഞ്ഞാലിയുടെ പുതുപ്പ

ട്ടണം കോട്ട പിടിച്ചടക്കിയില്ലെങ്കിൽ കുഞ്ഞാലി അങ്ങയുടെ ഭരണം കൈവശപ്പെടുത്തി നാടുവാഴുമെന്നവർ സാമൂതിരിയെ പറഞ്ഞുഭയപ്പെടുത്തി. അങ്ങനെ പോർച്ചുഗീസുകാരും സാമൂതിരിയും ചേർന്ന് കുഞ്ഞാലിയെ നേരിട്ടു. ആദ്യം അവർക്ക് കുഞ്ഞാലിയോടു ജയിക്കാനായില്ല. 1599ൽ ഗോവയിൽ നിന്ന് വമ്പിച്ച സന്നാഹങ്ങളോടെയെത്തിയ പോർച്ചുഗീസ് പടയും സാമൂതിരിയുടെ സൈന്യവും ചേർന്ന് കടലിൽ നിന്നും കരയിൽ നിന്നും ഒരുമിച്ചെതിർത്തപ്പോൾ കുഞ്ഞാലിക്ക് ഗത്യന്തരമില്ലാതായി. തന്റെയും അനുയായികളുടെയും ജീവൻ അപകടപ്പെടുത്താതിരിക്കുകയും തങ്ങളെ സ്വതന്ത്രരാക്കുകയും ചെയ്യണമെന്ന വ്യവസ്ഥയിൽ ക്രി.വ. 1600 മാർച്ച് 16ന് കുഞ്ഞാലി സാമൂതിരിക്കു കീഴടങ്ങി. പോർച്ചുഗീസ് തലവൻ ഫെർട്ടാഡൊ കൈപിടിച്ചപ്പോൾ കുഞ്ഞാലി അയാളെ തള്ളി വീഴ്ത്തിയത്രെ. ഒടുവിൽ ഉടമ്പടിക്കു വിരുദ്ധമായി കുഞ്ഞാലിയെയും മരുമകനെയും അനുയായികളെയും പോർച്ചുഗീസുകാർ ഗോവയിലേക്ക് കൊണ്ടുപോയി വധിക്കുകയാണ് ചെയ്തത്. കുഞ്ഞാലിയുടെ മൃതദേഹം നാലാക്കി ചീന്തി കടപ്പുറത്തു പ്രദർശിപ്പിക്കുകയും തല ഉപ്പിട്ടുണക്കി കണ്ണൂർക്കയക്കുകയും ചെയ്തു.

നാലു കുഞ്ഞാലിമാരുടെയും തിരോധനം സംഭവിച്ചതോടെ പോർച്ചുഗീസുകാർക്ക് തങ്ങളുടെ വഴി സുഗമമായിക്കിട്ടിയെങ്കിലും അപ്പോഴത്തേയ്ക്കും മറ്റു യൂറോപ്യൻ ശക്തികളുടെ മലബാറിലേയ്ക്കുള്ള വരവു കാരണം പോർച്ചുഗീസുകാർക്കവരെ നേരിടേണ്ടി വന്നു. 1663ൽ ഡച്ചുക്കാരുടെ രംഗപ്രവേശനമാണ് മലബാറിൽ വർഷങ്ങൾ നീണ്ട പോർച്ചുഗീസ് അധിനിവേശത്തെ തകർത്തത്. കുഞ്ഞാലി വധിക്കപ്പെട്ട് നാല് വർഷം കഴിഞ്ഞതേയുള്ളൂ, പോർച്ചുഗീസുകാരെ തന്റെ കീഴിലുള്ള ഭരണപ്രദേശത്തിൽ നിന്നു മാത്രമല്ല, ഇന്ത്യയിൽ നിന്നാകെയും പുറത്താക്കാനുള്ള ഒരുടമ്പടിയിൽ സാമൂതിരി ഡച്ചുകാരുമായി ഏർപ്പെട്ടു.

കുഞ്ഞാലിമരയ്ക്കാരുടെ വീട്(കോട്ടക്കൽ)

കൊടുങ്ങല്ലൂർ ചേരമാൻ ജുമാ മസ്ജിദ്



സാവോ-ഗബ്രിയൽ



കുഞ്ഞാലിമരയ്ക്കാർ പള്ളി കോട്ടക്കൽ

അനുബന്ധം -1

കേരള വർത്തമാനം - ഒരു വാമൊഴി ചരിത്ര രേഖ

ഡോ. കെ.കെ.എൻ. കുറുപ്പ്, കെ. വിജയകുമാർ

കേരളത്തിലെ പോർച്ചുഗീസ് ആഗമനത്തെക്കുറിച്ച് ഒരു വാമൊഴി ചരിത്രരേഖ 1793ൽ കോഴിക്കോട് വലിയ ഖാസിയിൽ നിന്ന് ബ്രിട്ടീഷുകാർ ശേഖരിക്കാനിടയായി. ലണ്ടനിലെ ഇന്ത്യാ ഓഫീസ് ലൈബ്രറി ആൻഡ് റെക്കോർഡ്സിൽ കേരള വർത്തമാനം, നമ്പർ 11 ആയി സൂക്ഷിച്ചിരിക്കുന്ന പ്രസ്തുത രേഖ പൂർണ രൂപത്തിൽ ഇവിടെ ചേർത്തിരിക്കുന്നു. ഡോ.കെ.കെ.എൻ. കുറുപ്പ് മലബാറിലെ കോളനി ബന്ധങ്ങളെക്കുറിച്ചുള്ള പഠനത്തിനിടയ്ക്ക് 1978ൽ ലണ്ടനിൽ നിന്ന് ശേഖരിച്ച ഈ രേഖ ചരിത്രവിദ്യാർഥികളെ സംബന്ധിച്ച് പുതുമയുള്ളതാണ്. 1498 മുതൽ 91 വർഷത്തെ ചരിത്ര സംഭവങ്ങൾ വിവരിക്കുന്ന രേഖയിൽ ഹിജ്റ വർഷവും തുടർന്ന് കൊല്ലവർഷവും കൊടുത്തിരിക്കുന്നത് വായനക്കാരുടെ സൗകര്യാർത്ഥം ഇംഗ്ലീഷ് വർഷമാക്കി മാറ്റിയാണ് ഇവിടെ രേഖപ്പെടുത്തുന്നത്. ഭാഷ നവീകരിച്ചിട്ടില്ല.

കേരള വർത്തമാനം

ഹരി: കേരളത്തിലെ വർത്തമാനങ്ങൾ ഇനിയും പറയുന്നു. ശക്രവൃത്തി എന്ന പെരുമാള മക്കത്തേക്ക് പോവാൻ തക്കവണ്ണം പുറ

പ്പാടായപ്പോൾ മലയാളത്തിൽ തന്റെ നാടുകൾ ഒക്കെയും അതാത് രാജാക്കന്മാർക്കു പകുത്തുകൊടുത്തു. അന്ന് താമൂതിരി എന്ന രാജാവ് ദൂരത്താകകൊണ്ട് ആ രാജാവിനെ അപ്പോൾ നാട കൊടുപ്പാൻ സംഗതി വന്നതും ഇല്ല. പിന്നെ താമൂതിരി എന്ന രാജാവ വന്നാറെ പെരുമാള താമൂതിരി രാജാവിന തന്റെ മുദ്രവാള കൊടുത്ത രാജാവിനോട പറഞ്ഞു. രംവാളുകൊണ്ട രാജ്യങ്ങൾ വെട്ടിമടക്കിക്കൊള്ളുകയെ വെണ്ടു. എന്ന പെരുമാള കൽപ്പിച്ചതുപോലെ തന്നെ കുറഞ്ഞൊരു കാലം താമൂതിരി രാജാവ പ്രെയത്നം ചെയ്ത ഇരുന്നതിന്റെ ശെഷം കൊഴിക്കോട്ടു രാജ്യം താമൂതിരിക്കായി ആകയും ചൈതു. അന്ന ആ രാജാവിനെ വന്ന കണ്ട ഇസ്സലായ്മ ആയിട്ടുള്ള വര കൊഴിക്കോട്ട് കുടിയിരിക്കുകയും ചൈതു. അന്ന കൊഴിക്കോട്ടേക്ക പല ദിക്കുകളിൽ നിന്നും കച്ചൊടക്കാരും പല പണിക്കാരും വന്ന പാർത്ത കച്ചൊടവും തൊരങ്ങളും കൊഴിക്കൊട്ട വലുതായി തുടങ്ങി. അന്ന മലയാളത്തിൽ ഉള്ള രാജ്യങ്ങളിൽ കൊഴിക്കൊട്ട രാജ്യവും നഗരവും പ്രധാനമായീ തീരുകയും ചൈതു. പിന്നെ ഇസ്സലായ്മ ആയിട്ട ഉള്ളവര കൊഴിക്കോട്ടെക്ക പല ദിക്കുകളിലും നിന്ന വന്ന ഒരുമിച്ച കൂടിയാറെ മലയാളത്തിലുള്ള രാജാക്കന്മാരിൽ താമൂതിരി എന്ന രാജാവിന്റെ ശക്തി എല്ലാ ദിക്കുകളിലും പ്രധാനമാകയും ചൈതു. അന്ന മലയാളത്തിൽ രാജാക്കന്മാരിൽ ബലം ഉള്ളവരും ബലം ഇല്ലാത്തവരും ഉണ്ട. അവര തങ്ങളിൽ വെച്ചിട്ട ഉള്ള അതിര കവിഞ്ഞ നടക്കുമാറില്ല. അത പെരുമാള കൽപിച്ച വെച്ച പോയിട്ട ഉള്ള കൽപന പ്രമാണിച്ചിട്ടത്രെ ആകുന്നതു. ആ രാജാക്കന്മാർക്ക ഒരു കാതം രാജ്യം ഉള്ളവരും അതിൽ ഏറ്റം ഉള്ളവരും ഉണ്ട. അവർക്കു നൂറ ആള് ഉള്ളവരും ഇരുന്നൂറ ആള് ഉള്ളവരും മുന്നൂറ ആള് ഉള്ളവരും ആയിരം ആള് ഉള്ളവരും അയ്യായിരത്തോളം ഉള്ളവരും പതിനായിരം ആള് ഉള്ളവരും മുപ്പതിനായിരം ആള് ഉള്ളവരും നൂറായിരം ആള് ഉള്ളവരും അതിൽ അപ്പുറം ആള് ഉള്ളവരും ഉണ്ട. ചില നാട്ടിൽ രണ്ട രാജാക്കന്മാര കൂറായിട്ടകൂടി ഉള്ള രാജ്യങ്ങളും ഉണ്ട. ഒരു രാജ്യത്ത മൂന്ന രാജാക്കന്മാരും അതിൽ ഏറ്റം ഉള്ള രാജാക്കന്മാരും ഉണ്ട. രണ്ട രാജാക്കന്മാര കൂറായിട്ടുള്ള രാജ്യങ്ങളിൽ ഒരു രാജാവിൽ ബലം ഏറെയുണ്ട എന്നു വരികിലും തങ്ങളിൽ പിണങ്ങി രാജ്യം കവിഞ്ഞു നടക്കുമാറും ഇല്ല. കൂറായിട്ടുള്ള രാജാക്കന്മാര വല്ല കാരിയങ്ങൾക്കും എടങ്ങുപോയി എന്നു വരികിലും തങ്ങളിലുള്ള ഒരുമക്ക ഭെദം വരി

കയും ഇല്ല. പിന്നെ രാജാക്കന്മാരിൽ പുരുഷാരം ഏറെയുള്ള രാജാവ തെക്കും കൊല്ലം മുതൽ കന്യാകുമാരി എട അടക്കിവാഴുന്ന രാജാവ ആകുന്നത. അന്ന ആ രാജാവിനെ തിരുവതി എന്നു പേരാകുന്നത. പിന്നെ പുരുഷാരം ഏറിയിട്ടുള്ള രാജാവ മാടായിയും വളപട്ടണവും കണ്ണൂർക്ക ചുറ്റും എടെക്കാടും ധർമ്മാവും ഉടെയ രാജാവ കോലത്തിരി രാജാവ ആയിരിക്കുന്നത. ഈ രാജാക്കന്മാരിൽ ഒക്കേയും കരിശനം ഏറീട്ടും ബലം ഏറീട്ടും രാജ്യത്തിങ്കൽ കെളി പെരുതായിട്ടും മറു രാജ്യങ്ങളിൽ കീർത്തി ഉണ്ടായിട്ടും താമൂതിരി രാജാവ ആകുന്നത. ശെഷം മലയാളത്തിൽ ഉള്ള രാജാക്കന്മാരുടെ ഇടയിൽ ഒക്കെയും സ്ഥാനമാനങ്ങളും ബഹുമാനങ്ങളും താമൂതിരി രാജാവിന്ന ഉണ്ട. അത എന്തുകൊണ്ട ശക്രവൃത്തി പെരുമാള ഇസ്സലായ്മ വിശ്വസിച്ച മുദ്രവാള കൊടുത്ത പൊയതിൽ പിന്നെ ഇസ്സലായ്മ ആയിട്ടു ഉള്ളവരെ തന്റെ രാജ്യത്തിങ്കൽ ഇരുത്തി വിശ്വസിക്ക കൊണ്ടും അവരെ ഉള്ള സ്നേഹം കൊണ്ടും മറുരാജ്യത്തിങ്കൽ നിന്ന വരുന്ന പരദേശികളെയും കപ്പക്കാരെയും ബഹുമാനിച്ച പ്രീതിയാക്കി അമെക്കുകകൊണ്ടും അത്രെ ആകുന്നത. താമൂതിരി രാജാവ് യുദ്ധത്തിന്ന എങ്കിലും വലുതായിട്ടുള്ള കാര്യങ്ങൾക്ക എങ്കിലും ഒരടത്തെക്ക എഴുന്നെള്ളുംപൊൾ പെരുമാള കൊടുത്ത മുദ്രവാള മുമ്പിൽ എഴുന്നെള്ളിക്കുകയും ചെയ്യും. താമൂതിരി എന്ന രാജാവ ശെഷം മലയാളത്തിൽ ഉള്ള രാജാക്കന്മാരൊട ഒര ഹെതു ചൊല്ലി പടയുണ്ടായി എന്ന വരികിൽ ഏതാനും ദ്രവ്യം എങ്കിലും ഒരു രാജ്യം എങ്കിലും കൊടുത്ത സമാധാനം പറഞ്ഞാൽ അവരെ നല്ലവണ്ണം ഇരുത്തി ഒഴിഞ്ഞ പൊരികയും ചെയ്യും. ദ്രവ്യം എങ്കിലും രാജ്യമെങ്കിലും കൊടുക്കാതെ ഒരു രാജാവ ഇരുന്നാലും തന്റെ ബലം കൊണ്ട ആ രാജാവിന്റെ നാട നശിപ്പിക്കുകയും ഇല്ല. ഏറക്കാലം ആ രാജ്യത്തിങ്കലെ അതൃത്തലെക്കൽ പാർത്തിട്ട എങ്കിലും രാജ്യമെങ്കിലും ദ്രവ്യമെങ്കിലും വാങ്ങി ഒഴിഞ്ഞ പൊരുമാറത്രെ ആകുന്നത. അത കിഴുമരിയാത സൂക്ഷിച്ച പണ്ടത്തെ നടപ്പപൊല അല്ലാതെ ഒന്നും ചെയ്യരുത് എല്ലൊ എന്ന വെച്ചിട്ടത്രെ ആകുന്നത. താമൂതിരി രാജാവ അല്ലാതെ മലയാളത്തിലെ മറ്റ ഉള്ള രാജാക്കന്മാര തങ്ങളിൽ എടഞ്ഞ യുദ്ധം ഉണ്ടായി എന്ന വരികിൽ തങ്ങളിൽ വെട്ടി ചാകയും നാട നശിപ്പിക്കയും എത്രെ ആകുന്നത. മലയാളത്തിൽ പറുങ്കി വന്ന വർത്തമാനം: 1498ൽ പന്തറാണി കൊല്ലത്ത പറങ്കീടെ മൂന്ന കപ്പല വന്ന മൊശം തെറ്റുക കൊണ്ട അവിടെ

ക്കാവിന്ന ഇരുപത്തെട്ട കപ്പല വന്ന ചുക്കും മുളകും മറ്റും ചില ചരക്കുകളും കൊണ്ട അവര പിന്നെയും അങ്ങോട്ടു തന്നെ പൊകയും ചെതു. അന്ന താമൂതിരി എന്ന രാജാവ കൊച്ചിക്ക നെരെ ബലവും കൊണ്ട ചെന്ന കൊച്ചിക്കോവിലകം പിടിച്ചു. അന്ന പടയുടെ എടയിൽ കൊച്ചിയിൽ രാജാക്കന്മാര മൂന്നാളപായം വരികയും ചെതു. താമൂതിരി രാജാവ കൊച്ചിയിൽ നാട ജയിച്ച കൊഴിക്കൊട്ടെക്ക പൊരികയും ചെതു. അതിന്റെ ശെഷം ഒന്നര കൊല്ലം കഴിഞ്ഞാറെ പത്ത കപ്പല വന്നതിൽ ഏഴ പുതിയ കപ്പലും മൂന്ന കപ്പല മുമ്പിന്നാൽ ഇരിവത്തെട്ട കപ്പല വന്നതിൽ ഉള്ളതും കൂടി പത്ത കപ്പല വന്നു. ആ മൂന്ന കപ്പല മുന്നാൽ ഇരിവത്തെട്ട കപ്പല വന്നതും പൊകുമ്പോൾ വഴിക്കനിന്നിരുന്ന കപ്പല ആകുന്നത. ശെഷം പുതിയ കപ്പല ഏഴും കൊച്ചിയിൽ നിന്ന ചരക്കുകൾ കയറ്റി പൊകയും ചെതു. ആ വർത്തമാനം താമൂതിരി രാജാവ കെട്ടാറെ ആ കപ്പല പിടിപ്പാനായി കൊണ്ട ആറായിരം നായരൊട കൂടെയും വളരെ മാപ്പിളമാരൊട കൂടെയും കൊച്ചിക്ക ചെന്നാറെ വലിയ വെടി ഏറ്റം വെക്കുകയും കൊണ്ട അന്ന കൊച്ചിയിൽ കടപ്പാൻ സംഗതി വന്നതും ഇല്ല. അതിന്റെ ശെഷം പൊന്നാനി വായ്കാര മാപ്പിളമാരെ മൂന്ന ഉരുവിൽ കയറ്റി കപ്പല നിൽക്കുന്നതിന്ന നെരെ ചെന്ന വെടി വെച്ചാറെ അങ്ങൊട്ടും ഇങ്ങൊട്ടും വെടി ഉണ്ടായടത്ത മാപ്പിളമാര ഏറെ മരിച്ചാറെ ശെഷം ഉള്ളവര പിന്നൊക്കം തന്നെ പൊരികയും ചെതു. അതിന്റെ ശെഷം പൊന്നാനി വായ്ക്കരെയും വെളിയംകൊട്ടകാരെയും കൂടി നാല ഉരുവിൽ കൂടി കാപ്പാട്ടക്കാരെയും കൊല്ലത്തകാരെയും കൂടി മൂന്ന ഉരുവിലും കൂടി ഏഴ് ഉരുവിൽ മാപ്പിളമാരെ കയറ്റി പറങ്കിയുമായിട്ട വലുതായിട്ടുള്ള പട ഉണ്ടായെടുത്ത. അവ ജയം മാപ്പിളമാർക്ക വന്നതും ഇല്ല. അക്കാലം വർഷം അടുത്ത വരികകൊണ്ട കൊഴിക്കൊട്ടക്ക തന്നെ പൊരികയും ചെതു. അതിന്റെ ശെഷം 1509 ആമതിൽ കൊഴിക്കൊട്ട പിടിപ്പാനായി കൊണ്ട തന്നെ പറുങ്കി വന്ന കൊഴിക്കൊട്ട ഇറങ്ങി മിസ്കാലപള്ളി ചുട്ടു. താമൂതിരികോവിലകത്ത കയറി ഇരിക്കുയും ചെതു. അന്ന താമൂതിരി രാജാവ ദൂരത്ത ഒരു രാജ്യത്ത പടക്ക പോയിരിക്ക ആകുന്നത. അപ്പൊൾ കൊഴിക്കൊട്ട ഉള്ള നായന്മാരെ എല്ലാവരും കൂടി ഒന്നിച്ച പറുങ്കിയുമായി പട ഉണ്ടായി. കൊഴിക്കൊട്ട കോവിലകത്ത നിന്ന പറുങ്കിയെ നീക്കുകയും ചെതു. അന്നത്തെ പടക്ക പറുങ്കിയുടെ ആള അഞ്ഞൂറ ആള മരിക്കുകയും ചെതു.

ശെഷം ഉള്ളവര ഒക്കെയും കപ്പലിൽ കയറി പൊകയും ചെതു. ൨൦ പറഞ്ഞ താലീഹിന്റെയും സംബരത്തിന്റെയും മുമ്പെ ഒരിക്കൽ പറങ്കി പൊന്നാനി വായ്ക്കൽ എറങ്ങി കരക്ക കയറ്റിവെച്ചിരിക്കുന്ന ഉരുവിൽ അമ്പത ഉരു ചുട്ട മാപ്പിളമാരിൽ എഴുവതാളെ വെട്ടിക്കൊല്ലുകയും ചെതു. അതിന്റെ ശെഷം തെക്കും കൊല്ലത്ത രാജാവിനെ പറുങ്കി ചെന്നു കണ്ട നല്ലവണ്ണം പറഞ്ഞ അവിടെ ഒരു കൊട്ട ഇടുകയും ചെതു. തെക്കും കൊല്ലത്തും കൊച്ചിയിലും എറങ്ങുന്ന മുളകപൊലെ പിന്നെ ഒരെടത്തും എറങ്ങുകയും ഇല്ല. അതുകൊണ്ട് എത്രെ അവിട കൊട്ട ഇട്ടത. അതിന്റെ ശെഷം പറങ്കി ഗൊവയിൽ ചെന്ന പടവെട്ടി ഗൊവ പിടിക്കുകയും ചെതു. അന്ന ഗൊവ ആദിരിശാ എന്ന സുൽത്താന ഉള്ളത ആകുന്നത. അതിന്റെ ശെഷം പറുങ്കി ഗൊവയിൽ ഇരുന്ന അവിടത്തെ മുഖമാക്കിവെച്ചു. മലയാളത്തിലെ കാര്യങ്ങൾ പറുങ്കിക്ക ഉള്ളത ഒക്കെയും പറുങ്കിയുമായി പടവെട്ടി ആദിരിശാ എന്ന സുൽത്താന്തന്നെ ഗൊവ പിടിക്കുകയും ചെതു. പിന്നെയും പറുങ്കി രണ്ടാമതും പെരുമ്പലവും കൊണ്ടു ചെന്ന ആദിരിശാ എന്ന സുൽത്താനുമായി പടവെട്ടി പറുങ്കിതന്നെ ഗൊവ പിടിക്കുകയും ചെതു. ൨൦ നാട്ടിൽ വളരെ കൊട്ട ഇട്ട ബലം തികച്ച നൃത്തുകയും ചെതു. അന്ന പറുങ്കിയുടെ ബലം ദിവസം ദിവസം വർദ്ധന ആകുന്നത. അങ്ങിനെ ഇരിക്കുന്ന സമയത്ത താമൂതിരി രാജാവും പറുങ്കിയുമായിട്ട നല്ലവണ്ണം ആയി. തങ്ങളിൽ എണങ്ങി സമാധാനമാകയും ചെതു. അതിന്റെ ഹെതുവാകുന്നത തങ്ങളിൽ എടഞ്ഞ ദിവസം പഴുതാകകൊണ്ടും മാപ്പിളമാരുടെ കച്ചൊടം ചുരുങ്ങി വരികകൊണ്ടും അന്ന ഉണ്ടായിരുന്ന താമൂതിരി രാജാവ തീപ്പെട്ടപൊക കൊണ്ടും എളയ രാജാവ പിന്നെ താമൂതിരി രാജാവ ആയി. താൻ നിരൂപിച്ച നൊക്കിയാറെ പറുങ്കിയൊട എണങ്ങി ഇരിക്കുക നല്ലതല്ല എന്ന നിരൂപിക്കുക ആയത. അത തന്റെ നഗരവും മാപ്പിളമാരുടെ കച്ചൊടവും നന്നായി വരണമെന്ന നിരൂപിച്ചിട്ടും കൊച്ചീലും കണ്ണൂരും കച്ചൊടപ്പാടുകൾ നല്ലവണ്ണം ഉണ്ട എന്ന കെൾക്ക കൊണ്ടും പറങ്കിയുമായിട്ട എണങ്ങിയാൽ കൊഴിക്കൊട്ടും നന്നായി വരുമല്ലൊ എന്ന നിരൂപിച്ച തങ്ങളിൽ എണങ്ങി കൊഴിക്കൊട്ട ഒര കൊട്ട ഇടുവാൻ സമ്മതിക്കുകയും ചെതു. അപ്പോൾ പറുങ്കിയുമായിട്ട ഒരു കാര്യം പറഞ്ഞ വെച്ചിട്ടെത്രെ സമ്മതിച്ച ഇരിക്കുന്നത. ആ കാര്യം നമ്മുടെ കുടിപതികളായിട്ട ഉള്ള മാപ്പിളമാരെ കാലം തൊറും നാല കപ്പല ചുക്കും

മുളകും കയറ്റി മക്കത്തക്ക ഓടിക്കുന്നത നീയ്യ വിരോധിക്കരുതെന്ന എത്ര ആകുന്നത. അത പറുങ്കി സമ്മതിച്ചിട്ടും ഉണ്ട. അന്ന പറുങ്കി കൊട്ടപ്പണി തുടങ്ങി ഇരിക്കുംപൊൾ മാപ്പിളമാർ അറവിക്കരെക്ക ചുക്കും മുളകും നാല കപ്പലിൽ കയറ്റി ഓടിപ്പാനും തുടങ്ങി. പറു ങ്കിയുടെ കത്തും കൊടിയും വാങ്ങി ഓടിക്കയും ചൈതു. അന്ന 1514 ആകുന്നത. മക്കത്തെക്ക ഓടിച്ച കപ്പല ചരക്ക വിറ്റ കൊഴി ക്കൊട്ടെക്ക എത്തുകയും ചൈതു. പറുങ്കിയുടെ കൊട്ടപ്പണിയും തീരുകയും ചൈതു. അതിന്റെ ശെഷം പറുങ്കി മക്കത്തെക്ക ചുക്കും മുളകും കയറ്റി ഓടിപ്പാൻ സമ്മതിക്ക ഇല്ല എന്ന പറഞ്ഞു. ചുക്കും മുളകും മറ്റൊരുത്തരെ കച്ചൊടം ചെയ്യരുതെന്ന വിരോധിച്ച താൻ തന്നെ ചെയ്തു തുടങ്ങുകയും മറ്റ ഒരുത്തരെ ഒരു കണ്ടം ചുക്കും എങ്കിലും ഒരു കുരുമുളക എങ്കിലും ഒര ഉരുവിൽ കയറ്റി അവൻ കണ്ടാൽ ആ ചരക്കും അതിലുള്ള മുതലും അവൻ അടക്കം എടുത്ത തുടങ്ങുകയും താമൂതിരി രാജാവിനെ പിടിച്ച കൊണ്ട പോവാൻ ഭാവിക്കയും ചെയ്തപ്പോൾ അന്ന രാജാവ അവന്റെ ചതി യിൽ അകപ്പെട്ടതും ഇല്ല. പറുങ്കിയുടെ കൊട്ട കുടി ഒറച്ചാറെ ആ കൊട്ടയുടെ അരിയത്ത ഒര വീട രാജാവിന ഇരിപ്പാൻ തക്കവണ്ണം ഉണ്ടാക്കി ആ വീട്ടിലെക്ക രാജാവ വരണമെന്നും പൊറത്തിക്കാവ രാജാവ ഒരു ബഹുമാനം കൊടുത്തയച്ചിട്ട ഉണ്ട എന്നും പറങ്കി രാജാവിനൊട ചെന്നു പറഞ്ഞു. ആ രാജാവ രം വീട്ടിലേക്കയെഴു ന്നള്ളി അവിടെ ഇരിക്കുംപൊൾ ഇത ചതിപ്പാൻ ഉള്ള വഴി ആകു ന്നത എന്ന അതിൽ ഒരു പറുങ്കിതന്നെ രാജാവിനൊട അപ്പൊൾ പറഞ്ഞു. അത കെട്ടു കൂടുമ്പോൾ രാജാവ കുളങ്ങരെപ്പോയി വരട്ടെ എന്ന പറഞ്ഞ അവിടെ നിന്ന എഴുന്നെറ്റ എഴുന്നള്ളുകയും ചൈതു. ആ രാജാവിനൊട ആ വർത്തമാനം പറഞ്ഞ പറുങ്കിയെയും അവന്റെ കൂട്ടത്തിൽ ഉള്ളവരെയും അപ്പൊൾ തന്നെ പറുങ്കി കൊഴി ക്കൊട്ടെ നിന്ന നീക്കി കണ്ണൂര ആക്കുകയും ചൈതു. അതിന്റെ ശെഷം നായന്മാരെ വെട്ടിക്കൊല്ലുകയും മാപ്പിളമാരെ കുടി പൊറ പ്പെടിച്ച പൊകയും ചെയ്ക കൊണ്ട താണ വീതിയിൽ ഉള്ള മാപ്പി ളമാരെ ഒക്കെയും കെഴക്കും തീലക്കലെക്ക വാങ്ങി ഒരുമിച്ച കൂടു കയും കൊച്ചിയിൽ ഇരിക്കുന്ന മാപ്പിളമാരിൽ മൂപ്പന്മാരിൽ അഹമ്മ തമരെക്കാരും കുഞ്ഞാലി മരെക്കാരും ആലിമരെക്കാരും അവരൊട കൂടി ഉള്ള ആളുകളും കൂടി കൊച്ചിയിൽ നിന്ന പുറപ്പെട്ട കൊഴി ക്കൊട്ട വന്ന രാജാവിനെ വന്ന കാണുകയും ചെയ്താറെ പറങ്കി

നിരൂപിച്ച മാപ്പിള്ളമാരിൽ ഏറെ കുറെ ആളുകളും താമൂതിരി രാജാവും നമുക്ക വിരോധം ആയി എന്ന ഒറെക്കയും ചൈതു. അന്ന പറുങ്കി വെണ്ടുന്ന വസ്തുക്കൾ ഒക്കെയും കൂട്ടി കൊച്ചിയിൽ നിന്ന പുറപ്പെട്ട പൊന്നാനി വായ്ക്കൽ വന്നിറങ്ങി വീടുകളും തെരുവും പള്ളികളിൽ ചിലതും ചുടുകയും കടലിന്റെ വക്കത്തു നിൽക്കുന്ന തെങ്ങുകൾ മുറിക്കുകയും ചൈതു. അവിടുന്ന ചിലര ഒക്കെയും മരിക്കുകയും ചൈതു. അതിന്റെ ശെഷം ഒരു ദിവസം അവിടെ പാർത്ത പിറ്റെ ദിവസം രാക്കൂറിൽ കപ്പല ഓടിച്ച പന്ത്രാണി കൊല്ലത്ത ചെന്ന അവിടെക്ക കച്ചൊടത്തിന്ന വന്നിട്ട ഉള്ളവരുടെയും അവിടത്ത ആയിട്ടും നാല്പത ഉരു പിടിച്ചപ്പോൾ അവിടെയും ചിലര മരിക്കുകയും ചൈതു. ഠം വണ്ണം നാടുകൾ ഒക്കെയും നാനാവിധമായി പ്രജകൾക്ക പൊറുതി കെട ആയപ്പൊൾ താമൂതിരി രാജാവ് അവനൊട പടക്ക തക്കവണ്ണം കരുതുകയും ചൈതു. അന്ന താമൂതിരി രാജാവ കൊഴിക്കൊട്ട അല്ല കൊണ്ട പറുങ്കിയൊടു പടകൊടുപ്പാന്തക്കവണ്ണം തന്റെ കാരിയക്കാരൻ എളയതിന തിരുവെഴുത്ത എഴുതി അയെക്കുകയും ആ തിരുവെഴുത്തുകണ്ടാറെ എളയത പടക്കെ വെണ്ടുന്ന വട്ടങ്ങൾ ഒക്കെയും കൂട്ടുമ്പോൾ പല നാടുകളിൽ നിന്നും മാപ്പിള്ളമാര കൊഴിക്കൊട്ടരികത്ത എത്തുകയും ചൈതു. അപ്പൊഴെക്ക താമൂതിരി രാജാവ കൊഴിക്കൊട്ടക്ക എഴുന്നെള്ളുകയും ചൈതു. എഴുന്നെള്ളത്ത എത്തി കുടുംപൊൾ പട തുടങ്ങി പല ദിവസവും കഴിഞ്ഞാറെ പറുങ്കിക്ക കൊട്ടയിൽ കൊറ്റും കൊളും മുടക്കുകയും പുറത്തു നിന്ന ഒരുത്തരെ കൊണ്ടു വന്ന തരുവാൻ ഇല്ല എന്ന ഒറെക്കുകയും കൊണ്ടും കൊട്ടയിൽ ഉള്ള മുതലുകൾ ഒക്കെയും എടുത്തു കപ്പലിൽ കയറ്റി കൊട്ട നാനാവിധം വരുത്തി പുറത്തുള്ളവരെ അറിയാതെ കപ്പലിൽ കയറി പൊകയും ചൈതു. അന്ന 1571(?) ആകുന്നത. ആ പടെക്ക മാപ്പിളമാരുടെ വകയിലും നായന്മാരുടെ വകയിലും കൂടി രണ്ടായിരത്തിൽ ചില്ലുവാനം ആളു മരിച്ചിട്ടും ഉണ്ട. അതിന്റെ ശെഷം രാജാവൊടും മാപ്പിളമാരെടത്തും പറുങ്കിക്ക ഏറ്റവും ദ്വെക്ഷിയം ആയി. കുറെ കാലം കഴിഞ്ഞാറെ മാപ്പിളമാര ചില ഉരുക്കൾ ഒക്കെയും നന്നായി ചുക്കും മുളകും മറ്റും പല ചരക്കുകളും കയറ്റി കഞ്ചിരാത്തി എന്ന നാട്ടിലെക്കും ശെഷം ഉള്ള രാജ്യങ്ങളെക്കും നിറച്ച കത്തും കൊടിയും ഇല്ലാതെ ഒടിക്കുംപൊൾ ചില ഉരുക്കൾ ഒക്കെയും പറുങ്കി പിടിച്ചുകൊണ്ട പൊകയും ചിലത വെടിവെച്ച കരെക്കടുപ്പിക്കയും ചില രാജ്യങ്ങ

ളിൽ ചെന്ന കച്ചൊടം ചൈത കൊഴക്കം കൂടാതെ എത്തുകയും ചെയ്യും. അക്കാലത്ത മൊശം തീർന്നാറെ ധർമ പട്ടണത്തെ ഉള്ള മാപ്പിളമാരും അവരുടെ സമീപത്ത ഉള്ളവരും പറങ്കിയുമായി എണ ങ്ങി കത്തും കൊടിയും ഒടിച്ച തുടങ്ങുകയും ചൈതു. ആ കാലത്ത താമൂതിരി രാജാവും ആ രാജ്യത്ത ഉള്ള കുടിപതികളും ശെഷം ഉള്ളവരും പറുങ്കിയുമായിട്ട വളരെക്കാലം എടങ്ങു തന്നെ ഇരുന്ന ത. അക്കാലം 1578ൽ പറുങ്കിയുടെ ഒരു കപ്പല താനൂര വന്ന അടി ഞ്ഞാറെ അവിടെ എത്തി താനൂര രാജാവിനെ ചെന്ന കണ്ട പാർത്താറെ ആ വർത്തമാനം താമൂതിരി രാജാവ കെട്ടാറെ കപ്പ ലിൽ ഉള്ള മുതലുകളും ആളുകളെയും കൊടത്തയക്കണമെന്നും വെച്ച താനൂര രാജാവിന തിരുവെഴുത്ത എഴുതി അയച്ചാറെ ആ മുതലുകളും ആളുകളെയും ഇങ്ങോട്ട അയച്ചതും ഇല്ല. അപ്പോൾ പറുങ്കിയും താനൂര രാജാവും ആയിട്ട ഏറ്റവും വിശ്വാസം ആകയും ചൈതു. അപ്പോൾ അവര തങ്ങളിൽ നിരൂപിച്ച താമൂതിരി രാജാ വിനെ ഉപദ്രവിപ്പാനായിട്ടും മാപ്പിളമാരെ നശിപ്പിപ്പാനായിട്ടും പൊന്നാനി വായ്ക്കൽ മുടിപ്പാൻ ആയിട്ടും പൊന്നാനി വായ്ക്കൽ അഴിയുടെ എടത്ത ഭാഗത്ത ഒരു കൊട്ട ഇടുവാൻ ഭാവിച്ച അതിന്ന വേണ്ടുന്ന കല്ലും കുമ്മായവും മറ്റും വെണ്ട പദാർഥങ്ങളും ഉരു കയറ്റി പൊന്നാനി വായ്ക്കൽ സമീപത്ത കപ്പൽ എത്തിയപ്പൊൾ വലുതായിട്ടുള്ള ഒരു കാറ്റടിച്ചു. അതിൽ ചെറിയൊരു പാലകപ്പല ഒഴികെ മറ്റ ഒക്കെയും കരക്ക അടിഞ്ഞ പൊളിഞ്ഞു പൊയാറെ അതിൽ ഏതാനും ആളുകൾ വെള്ളത്തിൽ മരിച്ചുപൊകയും ചിലര കരെക്ക ചെന്നവരെ പിടിക്കുകയും ചൈതു. ആ കപ്പലിൽ ഉണ്ടാ യിരുന്ന വലിയ തൊക്കുകൾ താമൂതിരി രാജാവിന കിട്ടുകയും ചൈതു. അന്ന പൊന്നാനി വായ്ക്കൽ കൊട്ട ഇടുവാൻ സംഗതി വന്നതും ഇല്ല. അതിന്റെ ശെഷം പറുങ്കി താമൂതിരി രാജാവുമായി ചെന്ന ചാലിയത്ത കൊട്ടയിട്ട പ്രകാരങ്ങൾ പറയുന്നു. കൊച്ചി യിൽ നിന്ന ഒരു കപ്പിത്താൻ രാജാവുമായി സമാധാനം ചെയ്യണ മെന്ന വെച്ച പൊന്നാനി വായ്ക്ക വന്ന പാർത്തു. അവൻ അമ്പെ കൊഴിക്കൊട്ടും പൊന്നാനി വായ്ക്കലും കൂടി ഇരുന്ന വർത്തമാനം അറിഞ്ഞിട്ടുള്ളവൻ. പൊന്നാനി വായ്ക്കൽ നിന്ന പൊന്ന താനൂര രാജാവിനെ വന്ന കണ്ടു. അതു താമൂതിരി രാജാവും പറുങ്കിയുമാ യിട്ടും എണക്കെണ്ടുന്നതിന്ന താനൂര രാജാവ പ്രയത്നം ചെയ്യണ മെന്ന വെച്ചിട്ടത്രെ ആകുന്നത. അന്ന കൊഴിക്കൊട്ട പറുങ്കിയുടെ

കൊട്ട പിടിച്ച രാജാവ തന്നെ ആകുന്നത. താനൂരെ രാജാവ കൊഴിക്കൊട്ട വന്ന താമൂതിരി രാജാവിനെ കണ്ട പറുങ്കിയുമായിട്ട ഉള്ള എടച്ചില തീർത്ത പറുങ്കിക്ക ചാലിയത്ത കൊട്ട എടുവാൻ സമ്മതിച്ച കൊടുക്കുകയും ചെതു. ആ സമ്മതിച്ച കൊടുത്ത ദിക്കു രാജാക്കന്മാരുടെ എഴുനെള്ളത്തും കെട്ടിമാറി നടക്കുന്നവരുടെ വഴിയും ആകുന്നതു എന്ന അറിഞ്ഞിട്ടും കൊഴിക്കൊട്ട നിന്ന ഉരുവുകൾ കയറ്റി അറവിക്കരെ ഉള്ള വഴി മുട്ടിപ്പൊകുമെന്നും അറിഞ്ഞിരിക്ക എത്രെ ചാലിയത്ത കൊട്ട എടുവാൻ അനുവദിച്ച കൊടുത്തത. അക്കാലം പറുങ്കി കൊട്ട കെട്ടേണ്ടുന്നതിന്ന വെണ്ടുന്ന വട്ടങ്ങൾ ഒക്കെയും കൂടി ചാലിയത്തഴിക്കകത്ത വന്ന എറങ്ങി. അന്ന 1582ആമത. അന്ന ചാലിയത്ത പറുങ്കി ഇട്ട കൊട്ടയുടെ വലിപ്പവും അതിശയങ്ങളും വിശെഷമായിട്ടെത്രെ തീർത്തത. അന്ന കൊട്ടയിടുന്നതിന്റെ ഇടയിൽ ഒരു പറുങ്കി മാലിക്കിഹിബിനി ദീനാറ ഉണ്ടാക്കിയ പള്ളിയിൽ നിന്ന ഒരു കല്ലു പൊളിച്ച കൊണ്ട പൊയാറെ അവിടെ ഉള്ള മാപ്പിളമാര എല്ലാവരും കൂടി ആ കൊട്ടയിൽ ഉള്ള കപ്പിത്താനെ ചെന്ന കണ്ട അന്യായം പറഞ്ഞപ്പൊൾ ആ കപ്പിത്താനും ആളുകളും കൂടി കല്ലും കുമ്മായവും എടുത്ത കൊണ്ട പള്ളിക്കൽ ചെന്ന പൊളിച്ച ഭാഗം നന്നാക്കുകയും ചെതു. അപ്പൊൾ മാപ്പിളമാർക്ക് സന്തോഷം ആകയും ചെതു. അതിന്റെ പിറ്റെ ദിവസം പറുങ്കിയിൽ പലരും കൂടി പള്ളിക്കൽ ചെന്ന പള്ളിയുടെ കല്ലും ഒക്കെയും പൊളിച്ചു കൊണ്ടുപൊയപ്പോൾ പിന്നെയും മാപ്പിളമാരെല്ലാവരും കൂടി ചെന്ന കപ്പിത്താനൊട അന്യായം പറഞ്ഞപ്പൊൾ നിങ്ങടെ രാജാവ ആ പള്ളിയും നിലവും ഇനിക്ക തന്നിരിക്ക കൊണ്ട ഞാൻ പൊളിക്കുക എന്ന പറുങ്കി പറകയും ചെതു. അപ്പൊൾ മാപ്പിളമാര എല്ലാരും ബദ്ധമടങ്ങിപ്പൊന്ന അവിടെ നിന്ന കുറയെ ദൂരത്തെ ഒരു പള്ളി ഉണ്ടാക്കുകയും ചെതു. അതിന്റെ ശെഷം പറുങ്കി മാപ്പിളമാരെ മറ ചെയ്ത കല്ല പൊളിച്ചു കൊണ്ട വന്ന കൊട്ടപ്പണി ചെകയും ചെതു. ആ കൊട്ടപ്പണി തീരുന്നതിന്റെ മുമ്പെ ആ കൊല്ലത്തിൽ തന്നെ താമൂതിരി രാജാവ തീപ്പെടുകയും ചെതു. അതിന്റെ ശെഷം എളയ രാജാവ താമൂതിരി രാജാവായി പട്ടം കൊടുത്തയാറെ ചാലിയത്തെ രാജാവുമായി പട തുടങ്ങി നാട നശിപ്പാൻ ഭാവിച്ചപ്പൊൾ താമൂതിരി രാജാവ പറയും വണ്ണം കെൾക്കൊണ്ടുന്ന ചാലിയത്ത രാജാവ താണു പറഞ്ഞാറെ പട വാങ്ങുകയും ചെതു. അതിന്റെ ശെഷം താമൂതിരി രാജാവ താനൂർ

രാജാവിനൊട പടക്ക പൊയി. അവിടെ ചെന്ന പടക്ക ഭാവിച്ചപ്പൊൾ കറുകൻ തിരുത്തിയും പൊന്നാനിയും താമൂതിരി രാജാവിന കൊടുത്ത നല്ലവണ്ണം പറഞ്ഞപ്പൊൾ സമ്മതിച്ച പൊരികയും ചൈതു. അതിന്റെ ശെഷം 1568ആമതിൽ തൃക്കൊടിയും പന്ത്രാണ്ടികൊല്ലവും പൊന്നാനി വായ്ക്കലും പറുങ്കി ചുട്ടുകളകയും ചൈതു. അതിന്റെ ശെഷം 1557(?)ആമതിൽ പറുങ്കിയും രാജാവും ആയിട്ട എണങ്ങുകയും ചൈതു. അതിന്റെ ശെഷം 1571ആമതിൽ പിന്നെയും രിക്കളിൽ എടഞ്ഞു. അതിന്റെ ശെഷം എത്രെ പറങ്കി മങ്ങലപുരത്തും വാകിനൂരും കൊട്ടി ഇട്ടിരിക്കുന്നത. പിന്നെ 1574ആമതിൽ മാപ്പിളമാരിൽ കുട്ടിപൊക്കര മരെക്കാര പറുങ്കിയുടെ ഒര കപ്പല പിടിക്കുകയും ചൈതു. അതിന്റെ ശെഷം 1568ആമതിൽ താമൂതിരി രാജാവ കൊച്ചിക്ക പടെക്കായി പൊകയും ചൈതു. അന്ന വഴിയിൽ തന്നെ രണ്ട മാസം പാർത്താറെ ആളുകൾക്ക വെള്ളത്തിൽ മരുന്നുകൾ കലക്കുക കൊണ്ട രണ്ടായിരത്തോളം ആളുകൾ അപായം വന്നാറെ താമൂതിരി രാജാവ പാലൊളിക്ക വാങ്ങി പാർത്ര. താമൂതിരി ഇരുന്നിരുന്ന ദിക്കിൽ താനൂര രാജാവിനെയാക്കി താൻ വാങ്ങി വന്ന അറിയാതെ ഇരിക്കുംപൊൾ താമൂതിരി രാജാവിനെ പിടിപ്പാനായിട്ടു പറുങ്കി ചെന്ന താനൂര രാജാവിനെ പിടിച്ചു കൊണ്ടുപൊകയും ചെയ്യും. താനൂര രാജാവ അവിടെ പാർത്തീല എന്ന വരികിൽ താമൂതിരി രാജാവിനെ കൊണ്ടുപൊകയും ചെയ്യും. അതിന്റെ ശെഷം 1572ആമതിൽ താമൂതിരി രാജാവ ചാലിയത്ത പറുങ്കിയുടെ കൊട്ട പിടിക്കുകയും അതിന്റെ ശെഷം 1585ആമതിൽ പൊന്നാനി വായ്ക്കൽ കൊട്ടയിടെണമെന്ന വെച്ച പറുങ്കിയും രാജാവും ആയിട്ടെണങ്ങുകയും ചൈതു. 1588ആമതിൽ കടലിൽ നിന്ന രാജാവിന്റെ കപ്പല ഒന്ന പറുങ്കി പിടിക്കകൊണ്ട രാജാവും പറുങ്കിയും ആയിട്ട പിന്നെയും എടെകയും ചൈതു. ൟ വർത്തമാനം പറുങ്കിയുടെയും രാജാവിന്റെയും ആകുന്നത. ശ്രീ ഗുരുഭ്യോ നമഃ ശുഭമസ്തുഃ ൟ വർത്തമാനം എ.ഡി. 1792ന്നു കൊഴിക്കൊട്ട കാത്രിയാരുടെ കിസ്സാവിൽ നിന്നു പറഞ്ഞു എഴുതിപ്പതത്രെ.

അധിക വായനയ്ക്ക്

1. അഹ്മദ് മൗലവി, സി.എൻ., അബ്ദുൽ കരീം, കെ.കെ. മഹത്തായ മാപ്പിള സാഹിത്യ പാരമ്പര്യം, കോഴിക്കോട്, 1978.

2. അബ്ദുൽ കരീം, കെ.കെ., മുഹമ്മദ്, ചേരമാൻ പെരുമാൾ, സി.എച്ച്. മുഹമ്മദ് ആന്റ് സൺസ്, തിരൂരങ്ങാടി, 1971.

3. കരീം, സി.കെ, ചരിത്ര പഠനങ്ങൾ, ചരിത്രം പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1984.

4. കേരള ഹിസ്റ്ററി അസോസിയേഷൻ, കേരള ചരിത്രം(രണ്ടു ഭാഗങ്ങൾ), 1973.

5. ഖാസി മുഹമ്മദ്, ഫത്ത്ഹുൽ മുബീൻ (പരി: കെ.കെ. മുഹമ്മദ് അബ്ദുൽ കരീം) പേർഷ്യൻ പ്രിന്റേഴ്സ്,വിയ്യൂർ, 1982.

6. നമ്പ്യാർ ഒ.കെ, പോർച്ചുഗീസ് കടൽക്കള്ളന്മാരും ഇന്ത്യൻ നാവികരും, മനോരമ, കോട്ടയം, 1962.

7. പുന്നൻ. പി.ഐ., പോർച്ചുഗീസുകാരുടെ അന്ത്യകാലം.

8. മേനോൻ കെ.പി.പി., കൊച്ചിരാജ്യ ചരിത്രം.

9. വില്യം ലോഗൻ, ലോഗന്റെ മലബാർ മാന്വൽ, മാതൃഭൂമി, 1985.

10. സയ്യിദ് സുലൈമാൻ നദ്‌വി, അറബികളുടെ കപ്പലോട്ടം(പരി: കെ.കെ. മുഹമ്മദ് അബ്ദുൽ കരീം), ഹിലാൽ ബുക്ക് ഹൗസ്, തിരൂർക്കാട്, 1973.

11. സെയ്തുമുഹമ്മദ്, പി.എ., കേരള മുസ്‌ലിം ചരിത്രം, അൽഹുദാ ബുക്ക് സ്റ്റാൾ, കോഴിക്കോട്, 1988.

12. -------- കേരള മുസ്‌ലിം ഡയരക്ടറി, 1954.

13. ഹെർമൻ ഗുണ്ടർട്ട്, കേരളപ്പഴമ, ഇടമറുക് ബാലൻ പ്രസിദ്ധീകരണം, തിരുവനന്തപുരം, 1961.

14. -------- കേരളോൽപത്തി, കോട്ടയം, 1950.

15. Achyutha Menon. C., Cochin State Manual, Ernakulam, 1911.

16. Albert Gray (trans. And ed.) The Voyages of F. Pyrard de Laval, London, 1890.

17. Genevieve Bouchon (trans. And ed. by Louise Shakley) Regent of the Sea: Cannanore's Response to Portuguese Expansion, 1507-1528, Delhi, 1988.

18. Correia, Gaspar, The Three Voyages of Vasdco da Gama and his Viceroyalty, (trans. and ed.), Hon. H.E.J. Stanley, London, 1863.

19. Danvers, F.G., The Portuguese in India, London, 1894.

20. Dale, Stephen Frederic, The Mappilas of Malabar: 1498-1922, Oxford, 1980.

21. Day, Francis, The Land of the Perumals, Madras, 1863.

22. Father Ferroli, D. The Jesuits in Malabar, Bangalore, 1939.

23. Ferishtha, Mohammed Qasim, Thareekh-e-Ferishtha, Lucknow, 1864.

24. Ibrahim Kunj A.P., Mappila Muslims of Kerala, Sandhya Publications, Trivandrum, 1989.

25. Dr. A.P. Ibrhim Kunj, Studies in medieval Kerala History, Kerala History Society, Trivandrum, 1975.

26. Jayne, K.G., Vasco Da Gama and his Successors, New York, 1970.

27. Krishna Iyyar, K.V, The Zamorins of Calicut, Calicut, 1934.

28. Kurup, K.K.N., The Ali Rajas of Cannanore, College Book House, Trivandrum., 1975.

29. Major R.H., (ed.) India in the 15th Century, Delhi, 1974.

30. Mohamed Koya S.M., Mappilas of Malabar, Sandhya Publications, Calicut University, 1983.

31. Nambiar O.K., The Kunjalis: Admirals of Calicut, Bombay, 1963.

32. Narayanan, M.G.S. (ed.), Malabar, Malabar Mahotsave Committee, Calicut, 1993.

33. Panikkar, K.M., A History of Kerala, Annamalai Nagar, 1960.

34. Panikkar, K.M, Malabar and the Portuguese, Bombay, 1923.

35. Roland Miller, Mappila Muslims of Kerala, Orient Longmans of Madras, 1976.

36. Shah, Syed Mohideen, Islam in Kerala, Trichur, 1974.

37. Shamsullah Qadiri, Malabar, Muslim University Press, Aligarh, 1930.

38. Sreedhara Menon A., A Social and Cultural History of Kerala, Sterling Publishing Ltd., New Delhi, 1979.

39. Souza, Faria, Y., Portuguese Asia, London, 1924.

40. Whiteway (R.S) The Rise of Portuguese Power in India, 1498-1550, London, 1899.